UC 2002



# images

THE MIRROR OF AN ERA




The Federal Vidya Loan from Federal Bank. It's the best way to secure your child's career. And the surest way to give him an education of his choice.

FedNet
Internet banking at its best

▪ Loan amounts from Rs. 50,000 to Rs. 5 lacs (In India) ▪ From Rs. 2 lacs to Rs. 10 lacs (Abroad) ▪ Repayment to start after the period of the course ▪ Interest on diminishing balance.

THE FEDERAL BANK LIMITED
YOUR PERFECT BANKING PARTNER
www.federalbank.co.in

# സമർപ്പണം

കലാപത്തീമഴയിൽ
എരിഞ്ഞൊടുങ്ങിയ
നിരപരാധികൾക്ക്
പിറവിപോലും
നിഷേധിക്കപ്പെട്ട
കുഞ്ഞുങ്ങൾക്ക്
കാരുണ്യത്തിൻ
കാലൊച്ച
കാതോർത്തിരിക്കുന്ന
നിരാലംബർക്ക്...

# Tribute To Prof. Anantharaman

As the founder professor of the Department of Chemistry, Prof. Anantharaman served the college with distinction from 1926 to 1962. He threw his lot with the founders of the college in building up the college. He developed the Chemistry Department in the best possible way in spite of the financial constraints. He was able to get the Department upgraded to the B. Sc. level in 1953. His lectures and demonstration experiments were quite inspiring. He had the exceptional gift of making Chemistry teaching not only interesting, but exciting and thrilling too. Thorough knowledge of the subject matter and clarity of expression in flawless English were the twin characteristics of his lectures. His readiness to work hard was coupled with his readiness to appreciate hard work wherever it was found. Pursuit of excellence has been his aim in everything he undertook to do. As an exceptional teacher, Prof. Anantharaman inspired generations of students, several of whom became outstanding achievers in the field of science, particularly Chemistry. Even after his retirement, he used to visit the college occasionally. He was an ardent admirer of the founder professors, particularly Mr. K. C. Chacko. Outside the college he was a great promoter of fine arts. The Alwaye Sangeetha Sabha is a standing monument to his great love of arts.



The departure of Prof. T. R. Anantharaman has removed from our midst a teacher of principled leadership, one who led a life of action.

The Standing Council of the Union Christian College Association placed on record its deep sense of sorrow at the demise of Prof. T.R. Anantharaman on November 25, 2001 in U.S.A. at the age of 99.

P.M. Raju

# Tribute To Prof. T. B. Thomas

After securing a first class honours degree in Physics from St. Joseph's College, Thiruchirappilly, T.B. Thomas Sir took the decision to serve the lord through teaching in U.C. College. Prof. T. B.Thomas was a versatile and gifted teacher who put his heart and soul into the teaching process and commanded the affection and esteem of all his students. As a hostel warden he was eminently successful in building a genuine community life on the campus. Innumerable are the students whose lives have been touched, properly oriented and even transferred by their contacts with the magnetic personality of Prof. T. B. Thomas. He showed great skill, initiative and perseverence on the experimental side and had a great theoretical understanding of his subjects. As a U.G.C. professor during 1974-79, he devised innumerable widely acclaimed demonstration experiments in Physics. He served on various academic bodies of Kerala and Cochin University and also on the Syndicate of Kerala University. As a Professor, Head of the Dept. of Physics, warden of hostels, Bursar, Principal and Manager, he made vital contributions to the college. On Tuesday, 25th December, 2001 he died leaving his foot prints for his successors to follow. His powerful tenor voice still reverberates in the class rooms of our college.



# images
THE MIRROR OF AN ERA


## എഡിറ്റോറിയൽ ബോർഡ്

പ്രിൻസിപ്പാൾ
ഡോ. രാജു കെ. ജോൺ

സ്റ്റാഫ് എഡിറ്റേഴ്സ്
പ്രൊഫ. എ. എം. ഗീവർഗ്ഗീസ്
ശ്രീമതി മ്യൂസ് മേരി ജോർജ്ജ്

സ്റ്റുഡന്റ് എഡിറ്റർ
റിജാസ് എ. ജെ.

സബ് എഡിറ്റേഴ്സ്
ജെയ്സിൽ ജേക്കബ്
മനു കെ. സി.

കമ്മറ്റി അംഗങ്ങൾ
പ്രമോദ് റ്റി. മോഹൻ
ജയശങ്കർ റ്റി.
പൃഥ്വിരാജ്
അനൂപ് മോഹൻ
നിഷാദ് വി. എച്ച്.
ആരതി മേനോൻ
അനൂപ
സിജോ വർഗ്ഗീസ്
ദേവി പ്രസാദ്
ജുബിൻ ജെ. കെ.
രതീഷ് റ്റി. എസ്.
റിജേഷ് പി. ജി.

ഫോട്ടോസ്
അനിൽകുമാർ
ട്രെന്റ് സെറ്റേഴ്സ്, യു. സി.

കവർ ഡിസൈനിംഗ്
ഷൈൻ റാഫേൽ

ഡി.ടി.പി. കമ്പ്യൂട്ടർ ഗ്രാഫിക്സ്
സ്പേസ് ചാനൽ, ആലുവ

ലേ ഔട്ട്
ഷാജൻ സി. പി.
അജികുമാർ എം. വി.
റിജാസ് എ. ജെ.
ഗിരീഷ് കെ.

പ്രിന്റിംഗ്
കൊച്ചിൻ പ്രിന്റേഴ്സ്, മുപ്പത്തടം



## STATEMENT OF OWNERSHIP

Statement of ownership and other particulars :

| | |
|---|---|
| Place of Publication | : Aluva |
| Periodicity of Publication | : Annually |
| Printer's Name | : Dr. Raju K. John |
| Nationality | : Indian |
| Address | : Principal, U.C. College, Aluva |
| Publishers Name | : -do- |
| Editor's Name | : Rijas A. J. |
| Nationality | : Indian |
| Address | : Editor UC College, Aluva |
| Printed at | : Cochin Printers, Muppathadam. |

I, Raju K. John hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Principal.

# From Our Principal's Desk

Higher Education scene in India is witnessing spectacular changes. Quality assurance has become mandatory for UGC assistance to colleges. Industry - Education interaction is becoming more meaningful and mutually beneficial. A wide variety of courses and programmes are now available to the students to suit their needs and talents. In the area of Higher Education Kerala is lagging behind other states in South India. Celebration of mediocrity, our frog in the pond mentality and lack of visionary leadership among the partners in Education could be the main reasons for this.



Union Christian College which made path breaking initiatives in the past is now launching for the first time in the state a dual degree programme for B.A. (History) students. We hope that such efforts will go a long way in enriching our existing conventional degree programmes. A number of academicians and other dignitaries visited the college last year and the students got the opportunity to interact with them. We had commendable achievements in academic, sport and cultural activities.

Let us sink our differences and move forward unitedly. Let us rise above narrow partisan loyalties and dream great dreams for this great institution.

*Dr. Raju K. John*


UC 2002
images
THE MIRROR OF AN ERA


images
THE MIRROR OF AN ERA
ഓരോ കണ്ണാടിയും
ഓരോ പ്രതിബിംബങ്ങൾ
കരുതിവയ്ക്കുന്നു.
സൂക്ഷ്മദൃഷ്ടികൾക്കായി
പിന്നാമ്പുറകാഴ്ചകൾകൂടി
സൂക്ഷിക്കുന്നു.
വെളിപ്പെടുത്തുമ്പോൾ
ആരുടെയും മുഖം
നോക്കാറുമില്ല

അത്...
ഒരു പ്രഹേളികയുള്ളിലൊതുക്കിയ യോഗിയെപ്പോലെ;
അല്ലെങ്കിൽ നിർവ്വചിക്കാനൊരുങ്ങുന്ന ഗുരുനാഥനെപ്പോലെ,
അതുമല്ലെങ്കിൽ ദൂരേയ്ക്ക് വിരൽചൂണ്ടിനില്ക്കുന്ന
ഒരു വഴികാട്ടിയെപ്പോലെ...
അത്...
നമുക്കറിയാവുന്നത്
അല്ലെങ്കിൽ നമുക്കറിയാത്തത്...
അതുമല്ലെങ്കിൽ നമുക്കറിയാമെന്ന് നാം നടിക്കുന്നത്...
അത്...
അതങ്ങിനെയാണ്
പാതിവഴിയിൽ നിലച്ചുപോയ
പൂർത്തീകരിക്കപ്പെടാനാവാത്ത
യാത്രപോലെ നിരാശാജനകമായത്...
അല്ലെങ്കിൽ പറഞ്ഞുതീർക്കാനാവാതെ പാതിയിൽ
വിലക്കപ്പെട്ട ഉദ്വേഗജനകമായ കഥപോലെ
അതുമല്ലെങ്കിൽ..
അത്...

-എഡിറ്റർ



# അവിശുദ്ധ പ്രവാചകരുടെ സമകാലിക ചതുരംഗം -ഒരു കൊളാഷ്

ജെയ്സിൽ ജേക്കബ്
മനഃശാസ്ത്രബിരുദം ഒന്നാംവർഷം

*We dance' round in a ring and suppose But the secret sits in the middle and knows.*

*- Robert Frost*

സമകാലിക പരിസ്ഥിതിയുടെ അടിസ്ഥാനപരവും ആഴമേറിയതുമായ സങ്കീർണ്ണപ്രശ്നങ്ങൾക്ക് കേവലമായ വിശദീകരണങ്ങളും ന്യായീകരണങ്ങളും കണ്ടുമടുത്തവന് ഇനി എതിർവായ് പറയാതിരിക്കാനാവില്ല. ഞങ്ങൾക്ക് സംതൃപ്തമായ ഉത്തരങ്ങൾ ലഭിക്കുന്നില്ല, ചോദ്യം: അരിയെത്ര? ഉത്തരം : പയറഞ്ഞാഴി. ദർശനങ്ങളുടെ തകർച്ചയും ചരിത്രത്തോടും ജീവിതത്തോടുമുള്ള സമീപന രീതിയും നിർണ്ണായക ഘടകങ്ങളാണെന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് ഈ കൊളാഷിന്റെ പണിപ്പുരയിലേക്ക് കടക്കാം.

**<u>ദർശന പരിണാമങ്ങളുടെ തകർച്ച - ഒരു വലിയ പ്രതലത്തിൽ</u>**

തനിക്കുചുറ്റുമുള്ള വസ്തുക്കൾ, പ്രതിഭാസങ്ങൾ, സമൂഹം, ബന്ധങ്ങൾ, ഇവതമ്മിലുള്ള ബന്ധങ്ങൾ അതിൽവരുന്ന മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള മനുഷ്യന്റെ സമഗ്രമായ വീക്ഷണമാണ് ദർശനം. പ്രയോഗത്തിന്റെ ശാസ്ത്രമായ ദർശനം ചോദ്യങ്ങളിൽ നിന്നാണ് ആരംഭിക്കുന്നത്. മനുഷ്യസമൂഹത്തിന്റെ അടിസ്ഥാന ആവശ്യങ്ങളെ നിറവേറ്റുന്നതിനുവേണ്ടിയുള്ള ദർശനങ്ങളെല്ലാം തന്നെ നമ്മുടെ പൂർവ്വികർ ആർജ്ജിച്ച എല്ലാറ്റിന്റേയും ചരിത്രപരമായ പരിണാമങ്ങളിലൂടെയാണ് ഉരുത്തിരിഞ്ഞിട്ടുള്ളത്. മനുഷ്യവികാസത്തിന്റെ പരിണിതമായി, കാലാനുസൃതമായ തിരിച്ചറിവുകളുടെ അടയാളങ്ങൾ എന്ന നിലയിൽ അടിസ്ഥാന ആവശ്യങ്ങൾ വർദ്ധിക്കുകയും ഇതിന്റെ തുടർച്ചയായി ദർശനങ്ങളുടെ ജനിമൃതികൾ ഉണ്ടാവുകയും ചെയ്തു. ദർശന പരിണാമ പ്രക്രിയയിൽ ഹോസെ ഓർത്തി പറഞ്ഞതുപോലെ ഇന്നത്തെ സമൂഹത്തിന്റെ സ്വപ്നങ്ങൾ നാളത്തെ യാഥാർത്ഥ്യങ്ങളായി തീരുകയായിരുന്നു.

ഇന്ന് ദർശനങ്ങളുടെ പരിണാമം മരണത്തിലെത്തിയിരിക്കുന്നു. കഴിഞ്ഞ കാലത്തിന്റെ നല്ലതും ചീത്തയുമായ ദർശനങ്ങളെല്ലാം തന്നെ സമൂഹത്തിന്റെ ആവശ്യങ്ങളെപ്രതിയായിരുന്നു. സാമൂഹിക പരിണാമപ്രക്രിയയുടെ സമകാലിക ഉൽപ്പന്നമായ ആഗോളവൽക്കരണത്തിൽ എത്തിനിൽക്കുമ്പോൾ മനുഷ്യന്റെ ചിന്തകളെല്ലാം ഒറ്റക്ക് പറക്കുന്നവന്റേതായി മാറിയിരിക്കുന്നു. ദർശന പരിണാമ പ്രക്രിയ ഇവിടെ മുറിയുന്നു. ഒറ്റലോകമെന്ന പുറംതോടിനുള്ളിൽ എന്തിനെന്നറിയാതെ, അവിശുദ്ധപ്രവാചകന്മാരാൽ നീക്കപ്പെടുന്ന കരുക്കൾ മാത്രമായി നമ്മൾ മാറിക്കഴിഞ്ഞിരിക്കുന്നു.



**'കാറൽ മാർക്സു'കൾ വീണ്ടും ജനിക്കണമോ?**

ദർശന ചരിത്രത്തിൽ, നല്ലതോ ചീത്തയോ ആയി മാർക്സിയൻ ദർശനത്തോളം മറ്റൊന്നും സ്വാധീനിക്കപ്പെട്ടിട്ടില്ല. രാഷ്ട്രീയം, സാമ്പത്തികം, ശാസ്ത്രം, തത്വചിന്ത, കല, സാഹിത്യം തുടങ്ങി സമൂഹത്തിന്റെ എല്ലാമേഖലകളെയും സ്വാധീനിച്ച ഒരു ദർശനമായിരുന്നു മാർക്സിയൻ ദർശനം. പദാർത്ഥ പ്രപഞ്ചമാണോ ആശയ പ്രപഞ്ചമാണോ പ്രാഥമികം എന്ന അടിസ്ഥാനചോദ്യം ഡയലക്റ്റിക്സ് എന്ന ഉപകരണത്തിലൂടെ മാർക്സ് വിശദീകരിച്ചപ്പോൾ തത്വചിന്തകരെ ഒന്നുകിൽ കമ്മ്യൂണിസ്റ്റുകളോ, ആന്റി കമ്മ്യൂണിസ്റ്റുകളോ കമ്മ്യൂണിസ്റ്റ് വിമതരോ ആക്കിത്തീർത്തു എന്ന രസകരമായ അവസ്ഥാവിശേഷം പഠനയോഗ്യമാണ്.

ഒന്നിനെ നിഷേധിച്ച് പുതിയത് വരുന്നു. പുതിയത് വരുമ്പോൾ അതിനെയും നിഷേധിക്കാനുള്ള ഒന്നിനെയും കൊണ്ടാണ് വരുന്നത്. പുതിയത് ആവശ്യമായവ പഴയതിൽ നിന്ന് സ്വാംശീകരിക്കുകയും ചെയ്യുന്നു. മുതലാളിത്തം വളരുമ്പോൾ നിഷേധവർഗ്ഗമായ തൊഴിലാളിയെയും കൊണ്ടാണ് വളരുന്നത്. കാറൽ മാർക്സ് എന്നത് പെട്ടെന്നുണ്ടായ ഒരു പ്രതിഭാസമല്ല. ജർമ്മനിയിലെ ക്ലാസ്സിക്കൽ ദർശനങ്ങളുടെയും ബ്രിട്ടനിലെ ക്ലാസ്സിക്കൽ അർത്ഥശാസ്ത്രങ്ങളുടെയും ഫ്രാൻസിലെ സോഷ്യലിസ്റ്റ് ചിന്തയുടേയും പരിണാമമാണ് മാർക്സിയൻ ദർശനത്തിലെത്തിച്ചേർന്നത്. അതായത് ഹെഗൽ, ഫെയർ ബാഗ്, ദെക്കാർത്ത് തുടങ്ങിയ തത്വചിന്തകരുടെ പരിണാമ രൂപമായിരുന്നു മാർക്സ്.

മാർക്സിയൻ ദർശനം ദർശനങ്ങളുടെ അവസാനവാക്കാകുന്നില്ല. എല്ലാ കാലത്തേയും എല്ലാ പ്രശ്നങ്ങളേയും അതിന് പരിഹരിക്കാനുമാവില്ല. മാർക്സിയൻ ദർശനത്തിന്റെ പ്രയോഗത്തിലോ ദർശന പ്രക്രിയയുടെ പരിണാമത്തിലോ സംഭവിച്ച വിള്ളലുകളിൽ നൂതനമായ ശാസ്ത്രീയ വീക്ഷണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ദർശന കോണുകൾ രൂപപ്പെടുന്നില്ല എന്നിടത്ത് ദർശനങ്ങളുടെ തകർച്ച പൂർണ്ണമാവുന്നു. ആഴമേറിയ ദർശനങ്ങളില്ലാത്ത ജനത ചിതറിപ്പോകുമെന്ന ചിന്ത നമുക്ക് മറക്കാതിരിക്കാം.

**ചരിത്രം പാഠമാകാതിരിക്കുമ്പോൾ**

നമ്മൾ യുദ്ധങ്ങളോ വിപ്ലവങ്ങളോ അഭയാർത്ഥിപ്രവാഹമോ ദാരിദ്ര്യമോ കണ്ടിട്ടില്ല. പെണ്ണിനും മണ്ണിനും വംശത്തിനും ദേശീയതയ്ക്കും, അധികാരത്തിനും വേണ്ടി മനുഷ്യർ നടത്തിയിട്ടുള്ള പോരാട്ടങ്ങളും ചിന്തിയ രക്തവും മാത്രമാണ് ചരിത്രമെന്ന് കരുതേണ്ടി വരുന്നത് ചരിത്രം വേണ്ട രീതിയിൽ പഠന വിഷയമാകാതിരിക്കുകയും പഠിപ്പിക്കപ്പെടുന്ന ചരിത്രം അവ്യക്തമാവുകയും ചെയ്യുമ്പോഴാണ്. അതുകൊണ്ടുതന്നെ ചരിത്രം പാഠമാകേണ്ടതിവിടെയാണ്. മനുഷ്യൻ കയറിപ്പോകുന്ന പടവുകളെല്ലാം അടുത്ത വിജയത്തിനോ പരാജയത്തിനോ മുമ്പിൽ ചരിത്രമായി മാറുമെന്നത് അടിത്തറയായി പാകിയിടേണ്ടതാണ്. ചരിത്രം തിരുത്തപ്പെടേണ്ട ഒന്നല്ല, കൂടുതൽ സുതാര്യമാകേണ്ടതാണ്.

ചരിത്രത്തിലെ ഹിന്ദു-മുസ്ലീം കടന്നുകയറ്റങ്ങളെല്ലാം തിരുത്തിവായിച്ച് പുതിയ സംഘർഷങ്ങളുണ്ടാക്കുന്ന വിഘടന വാദികളും താലിബാന്റെ ഹിന്ദുപരിഛേദം വ്യക്തതയോടെ കാണാൻ അവസരമൊരുക്കിതന്ന ഗുജറാത്തിലെ ഹിന്ദു വർഗ്ഗീയ വാദികളും നാണയത്തിന്റെ വശങ്ങളെ പ്രതിനിധീകരിക്കുന്നു. ദേശീയത ഇവിടെ ആഭ്യന്തര പ്രശ്നങ്ങളെ മറച്ചുവെക്കുന്ന ഉത്തമമുഖംമൂടിയാണ്. അഫ്ഗാനിസ്ഥാനിൽ ബുദ്ധപ്രതിമകൾ തകർത്തവരും ഗുജറാത്തിൽ മുസ്ലീം ഗസൽഗായകന്റെ പ്രതിമ തകർത്തവരും വംശശുദ്ധീകരണത്തിനും കപടദേശീയതക്കും ന്യായീകരണം ചരിത്രത്തിന്റെ അവ്യക്തഭാഗങ്ങളിൽ കണ്ടെത്തുന്നു. ചരിത്രമിവിടെ കൂരിരുൾ പാതയിലെ തകർക്കപ്പെട്ട വിളക്കുകാലുകൾ പോലെയാണ്.

**ഭരണകൂടവും വിദ്യാഭ്യാസവും ഒരേ അച്ചുതണ്ടിൽ**

ഭരണകൂടവും ഗവൺമെന്റും വ്യത്യസ്തമാണ്. ഒരു വർഗ്ഗത്തിന് എതിർവർഗ്ഗത്തെ അടിച്ചമർത്തുന്നതിനുള്ള ഉപകരണമാണ് ഭരണകൂടം. ഭരണകൂടത്തിന്റെ വർഗ്ഗനയങ്ങൾ നടപ്പിലാക്കുക എന്നതാണ് ഗവൺമെന്റിന്റെ ധർമ്മം. ഇതിൽ നിന്ന് വ്യക്തമാകുന്നത് ഇരയെ വേട്ടയാടാനുള്ള വേട്ടക്കാരന്റെ ഉപകരണമാണ് ഗവൺമെന്റ് എന്നതാണ്. അധികാര വർഗ്ഗത്തിന് ആവശ്യമുള്ള സത്യങ്ങളെ പ്രായോഗിക ബുദ്ധിയുടെ ഭാഗമാക്കി മാറ്റുന്നത് വിദ്യാഭ്യാസ പ്രക്രിയയിലൂടെയാണ്. സമൂഹത്തിന്റെ ചട്ടങ്ങൾക്കുവേണ്ടി അടിച്ചേർപ്പിക്കലിലൂടെ ഒരു കുട്ടിയെ വാർത്തെടുക്കുമ്പോൾ, ഇലിച്ച് പറഞ്ഞതുപോലെ നേടിയെടുക്കാനുള്ള കഴിവ് വിദ്യാർത്ഥിക്ക് നഷ്ടപ്പെടുന്നു. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായ സ്വാതന്ത്ര്യബോധവും തിരിച്ചറിവും നഷ്ടപ്പെടുന്നു.

ഇവിടെ നിലനിൽക്കുന്ന ദർശനങ്ങളെ മനസ്സിലാക്കാനും അവയോട് ശാസ്ത്രീയ സമീപനം വച്ചു

പുലർത്താനും തലമുറകൾക്ക് കഴിയാതെ വരുന്നു. അതെ, നിലവിലുള്ള അധികാരവർഗ്ഗം അവന്റെ ആയുധം ഫല പ്രദമായി ഉപയോഗിക്കുക തന്നെയാണ് ചെയ്യുന്നത്.

കേരളത്തിന്റെ സവിശേഷതയായിരുന്ന സ്വയംഭരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗവൺമെന്റ് നിയന്ത്രണത്തി ലാക്കുമെന്ന് വാശിപിടിക്കുമ്പോൾ അധികാരവർഗ്ഗം ബോധപൂർവ്വം ഇരയെ വേട്ടയാടാനുള്ള ആയുധം തേച്ചു മിനുക്കുകയാണെന്ന് തിരിച്ചറിയുക. ഫീസുവർദ്ധനവ്, ഏകീകൃത സർവ്വകലാശാലാനിയമം തുടങ്ങിയ പരിഷ്ക്കാരങ്ങളെല്ലാം ഇതിന്റെ ഭാഗമായിക്കാണാവുന്നതാണ്. നോർവെയും സ്വീഡനും ഫ്രാൻസുമെല്ലാം പുതിയ വഴികൾ തെളിയിച്ചത് സാർവ്വത്രികവും പരിധിവരെയുമുള്ള ധനസഹായങ്ങൾ വിദ്യാർത്ഥികൾക്ക് നൽകിക്കൊണ്ടാണ്. ഇന്ത്യയിലെ സ്ഥിതി ഇതിൽ നിന്ന് നേരെ വിപരീതമാണ്. പുതിയ ശാസ്ത്രീയചിന്തകൾക്ക് തടയിടണമെന്നുമുള്ളതുകൊണ്ടാണ് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ശുദ്ധശാസ്ത്രങ്ങൾ എടുത്തു മാറ്റാനുള്ള നീക്കങ്ങൾ നടത്തുന്നത്.

ഇരയ്ക്ക് വ്യത്യസ്തമായി ചിന്തിക്കാനും പുതുത് തേടാനും പുതുവഴികൾ കണ്ടെത്താനുമുള്ള കഴിവ് നഷ്ടപ്പെടുത്തുക എന്നതാണ് എക്കാലത്തെയും വേട്ടക്കാരന്റെ ലക്ഷ്യം.

**മതം, ദേശീയത - മരണത്തിന്റെ കണ്ണിലൂടെ**

Death is a broom searching for its dust
Death is a thread searching for its needle
- Pablo Neruda

കവിതാശകലത്തിലെ അടിച്ചുവാരിയും നൂലും പോലെ മതവും തീവ്രദേശീയതയും മരണത്തെപ്പോലെ, മനുഷ്യനുനേരെ ഏതുനിമിഷവും പുണരാനുള്ള ആവേശത്തോടെ പാഞ്ഞടുക്കുകയാണ്. മതവും അതിതീവ്രദേശീയതയും നിങ്ങളുടെ സ്വപ്നങ്ങൾക്ക് മരണശേഷം സുഖവാസം ഉറപ്പുതരുന്നു. ഇവിടെ ഒരു വികൃതിക്കുട്ടിയുടെ കയ്യിലിരിക്കുന്ന പൂമ്പാറ്റയെപ്പോലെയാണ് ദൈവത്തിന്റെ കയ്യിലിരിക്കുന്ന നമ്മളെന്ന ഷേക്സ്പിയരിയൻ വാചകം അന്വർത്ഥമാകുന്നു.

**ചലനമില്ലാത്ത സമൂഹവും ലൈംഗീക അരാജകത്വവും**

ചലനമില്ലാത്തതെന്തും ചീഞ്ഞളിയുമെന്നതും പുതുത് നേടാൻ കഴിയാത്തവന് മുരടിപ്പ് തോന്നുന്നുവെന്നതും ദർശന ദാരിദ്ര്യത്തിന്റെ അനന്തരഫലമെന്ന് നോക്കിക്കാണാം. ഇതിനുദാഹരണമാണ്, പാരീസിലെ നൈറ്റ് ക്ലബ്ബുകളിൽ നടക്കുന്ന ഭാര്യയെ വച്ചുമാറൽ സമ്പ്രദായവും (എഷഞ്ചിസ്റ്റി) പരസ്യമായ ലൈംഗിക വേഴ്ചാ സൗകര്യവും. പാരീസിന്റെ നദീതീരങ്ങളിൽ നിന്ന് മുളപൊട്ടുന്ന പുത്തൻ ചിന്തകളുടെ ആദ്യ നാമ്പുകളെ ആഗോളവൽക്കരണത്തിന്റെ വരണ്ട മേഘങ്ങൾ മൂടിക്കളഞ്ഞിരിക്കുന്നു. വിശുദ്ധ പ്രണയങ്ങളുടെ ചരിത്രഗാഥകളൊന്നും നമുക്കിനി ചരിത്രത്തിൽ രേഖപ്പെടുത്തേണ്ടിവരില്ല.

**കമ്പോളം സൗന്ദര്യശാസ്ത്രം - ആഗോളവൽകൃത സമൂഹത്തിൽ**

ഉയർന്ന നിലവാരത്തിൽ ജീവിക്കാൻ കഴിയുമെന്ന് ദരിദ്രരാജ്യങ്ങളിലെ ജനകോടികളെ വിശ്വസിപ്പിക്കുകയും കമ്പോളത്തെ ആരാധനാബിംബമായി മാറ്റുകയും ചെയ്തു. ആഗോളവൽകൃത സമൂഹത്തിന്റെ അധികാര രാഷ്ട്രീയം പരസ്യങ്ങളിലൂടെയും മറ്റു ചൂഷണമാർഗ്ഗങ്ങളിലൂടെയും നിർദ്ദേശിക്കുന്ന സംഗീതവും കലയും സാഹിത്യവും മാത്രം ആസ്വദിക്കാനുറയ്ക്കുമ്പോൾ മനുഷ്യമസ്തിഷ്കത്തിന്റെ രണ്ടർദ്ധഗോളങ്ങളെയും വിധേയത്വവൽക്കരിച്ചിരിക്കുന്നു. അധികാരവർഗ്ഗത്തിന്റെ ഗുണമായ വെളുപ്പാണ് നല്ലതെന്ന് മനുഷ്യനെ പറഞ്ഞു പഠിപ്പിക്കുന്നു. ലോകത്തിന് ദിശാബോധം നൽകിയവരെ മറികടന്ന് ലോകമാധ്യമങ്ങൾ നിങ്ങൾക്കുമുമ്പിൽ ബ്രിറ്റ്നി സ്പിയേർസിനെയും ടോം ക്രൂയിസിനെയും മാതൃകാവ്യക്തികളായി നൽകുമ്പോൾ തിരിച്ചറിവിനും സ്വാതന്ത്ര്യത്തിനും നേരെയുള്ള അവസാനത്തെ ചങ്ങലക്കണ്ണിയും വിളക്കിച്ചേർത്തു കഴിഞ്ഞിരിക്കുന്നു.

മുതലാളിത്തത്തിന്റെ വികൃത സ്വപ്നങ്ങളിലൂടെ പരിസ്ഥിതിയെയും മനുഷ്യമനസ്സിനെയും ഒരുപോലെ വികൃതമാക്കുകയാണ് കമ്പോളവൽകൃതസമൂഹം. മാനവരാശിക്ക് മുഴുവൻ വേണ്ടിയുള്ള നേട്ടങ്ങൾ മനുഷ്യമനസ്സിന് സാന്ത്വനമേകുന്നില്ലല്ലോ എന്ന ചോദ്യം ആഗോളവൽകൃത സമൂഹത്തോട് നമുക്കൊന്നിച്ച് ചോദിക്കാം.





# സ്മൃതിപഥങ്ങളിലൂടെ...

**ബിജിമോൾ സി.പി.**
ചരിത്രബിരുദം മൂന്നാംവർഷം

ഋതുക്കൾ;
ക്ഷണിക്കപ്പെടാത്ത അതിഥികളായ്.
നിനവിൽ *വൈധർമ്മ്യ വിങ്ങലുകൾ.
ആരോ പറഞ്ഞു;
പോകാൻ സമയമായ്-
പിൻവിളികളില്ലാതെ.

ഇതൊരു നാൽക്കവല
വിയോഗത്തിൻ പന്ഥാവ്.
നമുക്ക് മുൻപേ പോയവരുടെ,
വഴികൾ നടന്നു തീർത്ത്,
തലമുറകൾക്ക് വെളിച്ചമായ്,
കാലസത്യത്തിലേക്ക് നടന്നടുക്കാൻ,
ഒരു വസന്തത്തിന്റെ അന്ത്യം!

സൗഹൃദങ്ങൾ;
തുമ്പപ്പൂവിതളിന്റെ നൈർമ്മല്യവും,
മാമ്പൂവിന്റെ സുഗന്ധവും നൽകി
മഹാഗണികളോടും, കണിക്കൊന്നയോടും,
കളിപറഞ്ഞതും.
ചെമ്മണ്ണിൽ കവിതയെഴുതിയതും,
പുത്തനുടുപ്പുകൾ ക്യാമ്പസിൽ-
വർണ്ണങ്ങളായതും,
ഓർമ്മയിൽ,
വേനലിന്റെ ചൂടുപോൽ
അമാവാസിയുടെ നീറ്റലായ്...

പ്രണയം;
ആഗ്നേയ ശിലയായ്,
നെടുവീർപ്പും നിശ്വാസവുമായ്,
സന്ദേശങ്ങളുടെ കാലങ്ങൾക്ക്
അറുതി വീണു!
വേഴാമ്പലിന്റെ ഏകാന്തത.
ഒടുവിൽ
സന്ദേശമെത്തി!
ദൈന്യതയുടെ വ്യർത്ഥതയുടെ
ഉൾവിളിയുയർന്നു.
പുതിയ പ്രത്യയശാസ്ത്രങ്ങൾ ഉടലെടുത്തു.

ശിശിരം;
മൗനിയുടെ മൂടുപടമണിഞ്ഞ
നഷ്ടങ്ങളുടെ ബാക്കിപത്രം!
വിരസതയുടെ വിജനതീരത്ത്
ആയിരം കടലുകൾ ആർത്തിരമ്പി
സിരകളിലെ രക്തം കട്ടപിടിച്ചു
ശവക്കല്ലറകൾ തുറന്ന്
ഈയലുകൾ പറന്നു.
അവിചാരിതം;
**ഗണകന്റെ തത്ത ചിലച്ചു;
സ്വപ്നങ്ങൾ സഫലങ്ങളാകുമെന്ന്...

*വൈധർമ്മ്യം = വ്യത്യസ്തമായ, **ഗണകൻ = കൈനോട്ടക്കാരൻ

# വിദ്യാഭ്യാസ മേഖലയിലെ ഡിസ് ഇൻവെസ്റ്റ്മെന്റ് ഒരു നൂതന 'കേരള മാതൃക'




ഡോ. രാജൻ വറുഗീസ്
സാമ്പത്തികശാസ്ത്രവിഭാഗം

**വി**ദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളുൾപ്പെടുന്ന സാമൂഹ്യ മേഖലയുടെ വികസനമാണ് കേരളത്തെ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്ന മുഖ്യഘടകം. സാമ്പത്തിക മേഖലയുടെ വികസനവുമായി ബന്ധപ്പെടുത്തിയാണ് സമ്പ്രദായ ധനശാസ്ത്രം സാമൂഹ്യ മേഖലാ വികസനത്തെ കാണുന്നത്. വിദ്യാഭ്യാസ - ആരോഗ്യ രംഗങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന നോർവെ, സ്വീഡൻ കാനഡ യു.എസ്.എ. മുതലായ രാജ്യങ്ങൾ വരുമാനത്തിന്റെയും ഉല്പാദനത്തിന്റെയും കാര്യങ്ങളിൽ മുൻപന്തിയിൽ തന്നെയാണ്. എന്നാൽ ആഭ്യന്തര ഉല്പാദനത്തിലോ ആളോഹരി വരുമാനത്തിലോ ഇന്ത്യൻ നിലവാരമനുസരിച്ച് പോലും പിൻനിരയിലായ കേരളം, സാമൂഹ്യമേഖലയിൽ വികസിതരാജ്യങ്ങളുടേതുമായി താരതമ്യം ചെയ്യാൻ കഴിയുന്ന ഒരു നിലവാരത്തിൽ എത്തിനിൽക്കുന്നു. ഈ നേട്ടങ്ങൾ ശിശുമരണ നിരക്ക്, ആയുർദൈർഘ്യം, സാക്ഷരത എന്നീ ജീവിതഗുണനിലവാരസൂചികയുടെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. 1989-ൽ ഐക്യരാഷ്ട്രസഭയുടെ വികസന ഏജൻസി - യു.എൻ.ഡി.പി. പുറത്തിറക്കിയ റിപ്പോർട്ടാണ് മനുഷ്യ വികസന സൂചിക സാമ്പത്തിക വികസനത്തിന്റെ വരുമാനേതര അളവു കോലായി മുന്നോട്ടുവെച്ചത്. ഇത് തയ്യാറാക്കുന്നതിൽ അന്തരിച്ച പാക്കിസ്ഥാനി ധനശാസ്ത്രജ്ഞൻ മെഹബൂബ്-ഉൾ-ഹക്കും നോബൽ ജേതാവായ അമർത്യ സെന്നുമാണ് പ്രധാന പങ്കുവഹിച്ചത്. കേരള വികസനമാതൃക എന്ന ആശയം അന്തർദ്ദേശീയ തലത്തിൽ പ്രചരിപ്പിച്ചതിൽ പ്രധാനി അമർത്യസെൻ തന്നെയാണ്.

കേരളത്തിന്റെ സാമൂഹ്യ മേഖലയിലെ നേട്ടങ്ങൾക്ക് ഈ മേഖലയിലെ പൊതുനിക്ഷേപം വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. കേരളത്തിന്റെ പൊതു ധനകാര്യം വ്യക്തമാക്കുന്ന ചില വസ്തുതകളുണ്ട്. സംസ്ഥാന സർക്കാരിന്റെ മൊത്തം ചെലവുകളിൽ സാമൂഹ്യ മേഖലയിലെ ചെലവുകൾ എപ്പോഴും കൂടുതലായിരുന്നു. ഇത് കൃഷിയും വ്യവസായവും ഉൾപ്പെടുന്ന സാമ്പത്തിക മേഖല ചെലവുകളെ പരിമിതപ്പെടുത്തിയിരുന്നു. സർക്കാർ നേരിട്ടും സർക്കാർ സഹായത്തോടൊപ്പം വിവിധ ഏജൻസികൾ വിദ്യാഭ്യാസ- ആരോഗ്യരംഗത്ത് മുതൽ മുടക്കിയതിന്റെ ഫലമായി ഈ മേഖല കേരളത്തിന്റെ വികസനത്തിന് അടിത്തറപാകിയെന്ന് തന്നെ പറയാം. മലയാളിയുടെ ഭൗതിക നേട്ടങ്ങൾക്കും സാമൂഹിക ഉയർച്ചക്കും വിദ്യാഭ്യാസ മേഖലയുടെ വളർച്ചയാണ് വഴിതെളിച്ചത്. കേരളം ഉല്പാദിപ്പിക്കുന്നതും കയറ്റുമതി ചെയ്യുന്നതും മനുഷ്യ വിഭവശേഷി തന്നെയാണ്.

കേരളത്തിലെ വിദ്യാഭ്യാസ മേഖല ഇന്ന് വലിയ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുകയാണ്. ഇത് സംസ്ഥാന

ത്തിന്റെ സാമ്പത്തിക സാമൂഹ്യമേഖലകളിൽ ദൂരവ്യാപകങ്ങളായ പ്രത്യാഘാതങ്ങൾ ഉളവാക്കും. കേരളത്തിലെ വിദ്യാഭ്യാസ മേഖല ഉൾപ്പെടെയുള്ള വിവിധ രംഗങ്ങളിലെ മാറ്റങ്ങൾ, തൊണ്ണൂറുകളുടെ ആരംഭം മുതൽ ഇന്ത്യയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആഗോളവൽക്കരണ നയങ്ങളുടെ പശ്ചാത്തലത്തിൽ വേണം വിലയിരുത്തേണ്ടത്. ഒരു രീതിയിൽ പറഞ്ഞാൽ ലാഭം തേടിയുള്ള മൂലധനത്തിന്റെ അനന്തമായ പ്രയാണം സുഗമമാക്കുന്ന പ്രക്രിയയാണ് ആഗോളവൽക്കരണം. രാജ്യാന്തര കമ്പനികളുടെ സാമ്പത്തിക ഭൂപ്രദേശങ്ങളാണ് ലോകം മുഴുവനും. ഉല്പാദനത്തിന്റെയും അഭിരുചികളുടെയും രാജ്യാന്തരീകരണം ഇതിന്റെ അഭിവാജ്യ ഘടകങ്ങളാണ്. സ്വകാര്യ മൂലധനത്തോടുള്ള നമ്മുടെ മനോഭാവത്തിലെ മാറ്റം വളരെ ശ്രദ്ധേയമാണ്. സ്വകാര്യ നിക്ഷേപങ്ങൾ വഴിവിട്ട് പ്രോൽസാഹിപ്പിക്കുന്നതിനോടൊപ്പം തന്നെ സർക്കാർ സമ്പത്ത് ഘടനയിൽ നിന്ന് പിൻവാങ്ങുകയാണ്. ഇത് വലിയ കോലാഹലം കൂടാതെ നടപ്പിലാക്കാൻ കഴിയുന്നത് സാമൂഹ്യമേഖലയിലാണ്. സാമൂഹ്യമേഖലാ പരിഷ്ക്കാരങ്ങളെ സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ അംബാനി-ബിർളാ റിപ്പോർട്ട് ഇത് വ്യക്തമാക്കുന്നു.

<u>അംബാനി - ബിർളാ റിപ്പോർട്ട്</u>

വിദ്യാഭ്യാസം, ആരോഗ്യം, ഗ്രാമീണ വികസനം എന്നീ മേഖലകളിൽ സ്വകാര്യനിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായ നയരൂപീകരണം നടത്തുന്നതിലേക്കാവശ്യമായ പഠനങ്ങൾ നടത്തുന്നതിനാണ് മുകേഷ് അംബാനി കൺവീനറായും കുമാരമംഗലം ബിർള അംഗമായ ഒരു കമ്മീഷനെ കേന്ദ്രഗവൺമെന്റ് നിയമിച്ചത്. 2000 ഏപ്രിൽ മാസത്തിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ ശ്രദ്ധേയമാക്കുന്ന പല ഘടകങ്ങളുമുണ്ട്. ഒന്നാമതായി, അംബാനിയോ ബിർളയോ വിദ്യാഭ്യാസ വിചക്ഷണരല്ല, ആണെന്ന് അവർ അവകാശപ്പെടുന്നില്ല. രണ്ടാമതായി റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത് പ്രധാന മന്ത്രിയുടെ 'ട്രേഡ് ആൻഡ് ഇൻഡസ്ട്രിയൽ കൗൺസിൽ' മുമ്പാകെയാണ്; മാനവവിഭവശേഷി മന്ത്രാലയത്തിനല്ല. സർക്കാരിന്റെ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്നത് വിദ്യാഭ്യാസ വകുപ്പല്ല മറിച്ച് വാണിജ്യ - വ്യവസായ വകുപ്പാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലായിരിക്കണം ഇപ്രകാരം ചെയ്തത്. റിപ്പോർട്ടിനെ പേരെടുത്ത് പറഞ്ഞ് ഗവൺമെന്റ് അംഗീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്തിട്ടില്ല. എന്നാൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഒന്നൊന്നായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

<u>പ്രധാന ശുപാർശകൾ</u>

വിദ്യാഭ്യാസ രംഗത്ത് പരിഷ്ക്കാരങ്ങൾ മാത്രം പോരാ, ഒരു വിപ്ലവം തന്നെ ഉണ്ടാവണം എന്ന മുഖവുരയോടെയാണ് റിപ്പോർട്ട് ആരംഭിക്കുന്നത്. അംബാനിയും ബിർളയും സ്വപ്നം കാണുന്നത് മനുഷ്യമോചനത്തിന്റെ വിപ്ലവമല്ല, സ്വതന്ത്ര കമ്പോളത്തിന്റെ വികസന സാദ്ധ്യതകളാണ്. അറിവിനെ അടിസ്ഥാനമാക്കി, മത്സരത്തിലും സഹകരണത്തിലും അധിഷ്ഠിതമായ ഒരു സമൂഹത്തെ സൃഷ്ടിക്കണമെന്നാണ് റിപ്പോർട്ടിലെ കാതലായ നിർദ്ദേശം. എന്നാൽ മത്സരവും സഹകരണവും തമ്മിലുള്ള വൈരുദ്ധ്യം ചൂണ്ടിക്കാട്ടിയിട്ടില്ല. സ്വദേശത്തും വിദേശത്തും സ്വകാര്യ കുത്തകകൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചു നടത്താൻ അവസരം ഉണ്ടാക്കണമെന്ന് റിപ്പോർട്ട് വാദിക്കുന്നു. ലാഭ പ്രതീക്ഷയില്ലാതെ സ്വകാര്യ മുതൽമുടക്ക് സാദ്ധ്യമാവില്ലല്ലോ. അതിനുവേണ്ടി, കമ്പോള സാദ്ധ്യതകളുള്ള സയൻസ്, ടെക്നോളജി, മാനേജ്മെന്റ് എന്നീ മേഖലകളിൽ പണം മുടക്കാൻ സ്വകാര്യമേഖലയ്ക്ക് സ്വാഭാവികമായും താൽപര്യമുണ്ടാകും. കമ്പോള സാധ്യതയില്ലാത്ത മാനവിക വിഷയങ്ങൾ, ഭാഷ എന്നീ മേഖലകളെ സർക്കാർ ഉൾക്കൊള്ളണം. ഇത്തരം അനാകർഷക കോഴ്സുകളെ 'അസ്തമിക്കുന്ന' കോഴ്സുകളെന്നാണ് അവർ വിളിക്കുന്നത്. സാമൂഹിക നിയന്ത്രണമുള്ള സർക്കാർ ധനസഹായത്തോടുകൂടി നടത്തപ്പെടുന്ന ഉന്നതവിദ്യാഭ്യാസം കമ്പോള സാധ്യതയില്ലാത്ത മേഖലകളിലേയ്ക്കായി ചുരുക്കപ്പെടുന്നു.

> അംബാനിയും ബിർളയും സ്വപ്നം കാണുന്നത് മനുഷ്യ മോചനത്തിന്റെ വിപ്ലവമല്ല, സ്വതന്ത്ര കമ്പോളത്തിന്റെ വികസന സാദ്ധ്യതകളാണ്.

<u>നോൺമെറിറ്റ് - ഗുഡ്</u>

1997 ൽ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക കാര്യവകുപ്പ് തയ്യാറാക്കിയ 'ഗവൺമെന്റ് സബ്സിഡീസ് ഇൻ ഇന്ത്യ' എന്ന രേഖയിൽ അംബാനി - ബിർളാ റിപ്പോർട്ടിന്റെ കരടുരൂപം കാണാം. ഇതിൽ അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾക്കനുസൃതമായി സബ്സിഡികൾ നിലനിറുത്തേണ്ടതും വെട്ടിക്കുറയ്ക്കേണ്ടതുമായ മേഖലകൾ തരംതിരിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസം അതു നേടുന്നവർക്കു മാത്രമാണ് പ്രയോജനം ചെയ്യുന്നതെന്നും സമൂഹത്തിന് മൊത്തമായി പ്രയോജനം ചെയ്യില്ലെന്നും ആയതിനാൽ ഈ രംഗത്ത് സബ്സിഡികൾ ആവശ്യമില്ലെന്നും സർക്കാർ രേഖയിൽ വ്യക്തമാക്കുന്നു. വാങ്ങുന്നവർ കൊടുക്കട്ടെ എന്ന വിപണിയുടെ നിയമം ഇവിടെ വിദ്യാഭ്യാസ രംഗത്തും സർക്കാർ അംഗീകരിച്ചിരിക്കുന്നു.

<u>വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ കേരളത്തിൽ</u>

നമ്മുടെ സംസ്ഥാനത്ത് ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ സർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിന്റെയും വിവിധ കാലയളവുകളിൽ എടുത്തിട്ടുള്ള തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ

വിലയിരുത്തണം.

## 2466 സ്കൂളുകൾ അടച്ചുപൂട്ടാനുള്ള നീക്കം

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ 2466 സ്കൂളുകൾ 'അൺ ഇക്കണോമിക്' എന്ന് മുദ്രകുത്തി അടച്ചു പൂട്ടാൻ തീരുമാനിച്ചിരിക്കയാണ്. ഈ വർഷം 105 സ്കൂളുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചത് എതിർപ്പ് മൂലം 48 ആയിചുരുക്കിയിരിക്കയാണ്. ഇതിൽ സർക്കാർ സ്കൂളുകളും സ്വകാര്യ എയ്ഡഡ് സ്കൂളുകളും ഉൾപ്പെടും. സമൂഹം പടുത്തുയർത്തിയ ഈ സ്ഥാപനങ്ങൾ ഇല്ലാതാകാൻ പോവുകയാണ്. അല്ലെങ്കിൽ സ്വകാര്യ മാനേജരുടെ കൈവശം എത്തും. ഇത് വിദ്യാഭ്യാസ മേഖലയിലെ ഒരു ഡിസ് ഇൻവെസ്റ്റ്മെന്റിന് ഉദാഹരണമാണ്.

## സ്വകാര്യ സ്വാശ്രയ സ്വയംഭരണ കോളേജുകൾ

ആർട്സ് ആന്റ് സയൻസ് കോളേജുകൾക്ക് സ്വയംഭരണം നൽകി അവയെ സർക്കാരിന്റെ ധനസഹായത്തിൽ നിന്ന് മാറ്റി നിർത്തുവാനുള്ള നീക്കം വിദ്യാഭ്യാസ മേഖലയിലെ ഡിസ് ഇൻവെസ്റ്റ്മെന്റിന് മറ്റൊരുദാഹരണമാണ്. സ്വാതന്ത്രമാക്കപ്പെടുന്ന ഇത്തരം സ്ഥാപനങ്ങൾ പൂർണ്ണമായും കച്ചവട സ്ഥാപനമായി മാറുന്നതിന് അധികം കാലം വേണ്ടിവരില്ല. സമൂഹത്തിൽ നിന്നും പിരിവെടുത്തു പടുത്തുയർത്തുന്ന ഇത്തരം കോളേജുകൾ സമൂഹത്തിന് യാതൊരു പ്രതിഫലവും നൽകാതെ സ്വകാര്യ സ്വത്തായി മാറുവാൻ പോകുന്നു. ലാഭകരമല്ലാത്ത പൊതുമേഖല സ്ഥാപനങ്ങൾ വിറ്റഴിക്കുന്ന കേന്ദ്രത്തിന്റെ ഡിസ് ഇൻവെസ്റ്റ്മെന്റ് നയത്തി ലും മോശമായ ഒരു നടപടിയാണിത്. വിറ്റഴിക്കപ്പെടുന്ന യൂണിറ്റുകളുടെ യഥാർത്ഥവിലയുടെ ഒരു ചെറിയ അംശമെങ്കിലും സർക്കാരിന് ലഭിക്കുന്നു. ഇവിടെയാവട്ടെ സാമുദായിക ശക്തികൾക്ക് ഇഷ്ടദാനമായി നൽകുകയാണ്. ഇത് സ്വകാര്യവൽക്കരണത്തിന് പുതിയ ഒരു മാനം നൽകുന്നു. നിർമ്മിച്ച് ഉപയോഗിച്ച് ലാഭം എടുത്തതിന് ശേഷം സർക്കാരിന് കൈമാറുന്ന വിപണിയുടെ പുതിയ സൂത്രവാക്യമായ ബി.ഒ.ടി. യുടെ ഒരു വിപരീത പ്രക്രിയയാണ് കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ നടക്കുന്നത്.

> എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ നടത്താനുള്ള നീക്കം കോളേജുകളുടെ നിലനിൽപ്പിനെ തന്നെ അപകടപ്പെടുത്തുന്നു. വിപണിയുടെ ചാഞ്ചാട്ടങ്ങൾക്കനുസരിച്ച് കോഴ്സുകൾ തുടങ്ങാനും ഫീസ് ചുമത്താനുമുള്ള സ്വാതന്ത്ര്യം മുഖ്യധാരാ കോഴ്സുകളെ വിവിധ സ്ഥാപനങ്ങളുടെ പിന്നാമ്പുറത്തേക്ക് തള്ളിവിടുന്നു.

## അഫിലിയേറ്റിംഗ് സമ്പ്രദായത്തിന് വെല്ലുവിളി

കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളുൾപ്പെടുന്ന അഫിലിയേറ്റിംഗ് സമ്പ്രദായം അകത്തുനിന്നും പുറത്തുനിന്നും വെല്ലുവിളികൾ നേരിടുകയാണ്. എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ നടത്താനുള്ള നീക്കം ഈ കോളേജുകളുടെ നിലനിൽപ്പിനെ തന്നെ അപകടപ്പെടുത്തുന്നു. വിപണിയുടെ ചാഞ്ചാട്ടങ്ങൾക്കനുസരിച്ച് യഥേഷ്ടം കോഴ്സുകൾ തുടങ്ങാനും ഫീസ് ചുമത്താനുമുള്ള സ്വാതന്ത്ര്യം മുഖ്യധാരാ കോഴ്സുകളെ വിവിധ സ്ഥാപനങ്ങളുടെ പിന്നാമ്പുറത്തേക്ക് തള്ളിവിടുന്നു. കോളേജുകളിലെ ഭൗതിക സൗകര്യങ്ങൾ മുഴുവൻ ഇത്തരം കോഴ്സുകളുടെ നടത്തിപ്പിനായി മാറ്റിവയ്ക്കുന്നു. അടിസ്ഥാന ശാസ്ത്ര-മാനവിക വിഷയങ്ങൾ ക്രമേണ അനാകർഷകമാകുന്നു. വിദൂരവിദ്യാഭ്യാസം തേടുന്ന അസംഘടിതരായ വിദ്യാർത്ഥികളെ കറവപ്പശുക്കളാക്കിക്കൊണ്ട് സാമ്പത്തികമായി ചൂഷണം ചെയ്യാനുള്ള നീക്കത്തിന്റെ മകുടോദാഹരണമാണ് ഓഫ് ക്യാമ്പസ് സെന്ററുകൾ. ഇത് പലതും കോളേജുകൾ നേരിട്ടു നടത്തുന്നവയാണ്. പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ അനിയന്ത്രിത വ്യാപനം കൂടി നമ്മുടെ ഇപ്പോഴത്തെ കോളേജുകളും കോഴ്സുകളും 'അൺ ഇക്കണോമിക്' എന്ന ഗണത്തിൽപ്പെടുവാൻ അധിക കാലം വേണ്ടിവരില്ല. ഇതും ഫലത്തിൽ ഒരു ഡിസ് ഇൻവെസ്റ്റ്മെന്റ് തന്നെയാണ്.

## ഏകീകൃത സർവ്വകലാശാലാ നിയമം

ഇന്ത്യയിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ പരിഷ്ക്കരണ റിപ്പോർട്ടുകളിൽ ഏറ്റവും മെച്ചമെന്ന് കരുതുന്ന കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ മാതൃകയിലാണ് നമ്മുടെ സർവ്വകലാശാല നിയമങ്ങൾ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഈ നിയമങ്ങൾ പൊളിച്ചെഴുതുവാൻ തയ്യാറെടുക്കുകയാണ്. പുതിയ നിയമത്തിൽ സ്വകാര്യ വിദ്യാഭ്യാസ എജൻസികൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകാനാണ് നീക്കം. സർവ്വകലാശാലകളുട ജനാധിപത്യ സ്വഭാവം ഇല്ലാതാക്കുകയാണ് മറ്റൊരു ഉദ്ദേശ്യം. വിദ്യാഭ്യാസ രംഗത്ത് മുതൽ മുടക്കുന്നവർക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുമ്പോൾ ജനാധിപത്യ സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടും. അല്ലെങ്കിൽ, ജനാധിപത്യത്തിന്റെ യാതൊരു അംശത്തിനും സ്ഥാനമില്ലാത്ത ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർക്ക് ഓട്ടോണമി, ജനാധിപത്യ സ്ഥാപനങ്ങളുടെ ഓട്ടോണമിക്ക് പകരം സർക്കാർ നിയന്ത്രണം. ഈ നിയമ നിർമ്മാണം വിദ്യാഭ്യാസ മേഖലയിലെ ഡിസ് ഇൻവെസ്റ്റ്മെന്റിന് ആക്കം കൂട്ടും

ഉന്നത വിദ്യാഭ്യാസ രംഗത്തെ മുതൽ മുടക്ക് ഒരു ബാധ്യതയായി കാണാതെ സാമ്പത്തിക സാമൂഹിക - സാംസ്കാരിക പുരോഗതിയെ ലക്ഷ്യമാക്കിയുള്ള ദീർഘകാല നിക്ഷേപമായി അംഗീകരിച്ചുകൊണ്ട് ഈ വീക്ഷണത്തിന് അനുയോജ്യമായ സാമ്പത്തിക നയ രൂപീകരണം വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാവണം. മറിച്ചുള്ള നടപടികൾ, കേരളം ഒരു സമൂഹം എന്ന നിലയിൽ കൈവരിച്ചിട്ടുള്ള എല്ലാ നേട്ടങ്ങളെയും ഇല്ലായ്മ ചെയ്യുന്നവയാണ്.



# പ്രതിഷേധിക്കുന്നവൻ

ഞാൻ ശ്രേഷ്ഠനാണ്
എങ്കിലും ഞാൻ മനുഷ്യനല്ല.
കാതുകൾ അടച്ചുവച്ചതും
കണ്ണുകൾ മൂടിവച്ചതും
ഞാനറിയാതെയുമല്ല.
ഞാനിന്ന് കണ്ണും കാതും
തുറന്ന ദിവസമാണ്.
ഞാൻ കണ്ടത്,
കത്തിയമരുന്ന വിഗ്രഹങ്ങൾക്കുള്ളിൽ
ദൈവങ്ങൾ മരിച്ചുകഴിഞ്ഞുകഴിഞ്ഞിരിക്കുന്നു
തെരുവിന്റെ മൂലയിൽ ജീവന്റെ നെഞ്ചുപിളർന്ന്
രക്തമൊഴുകിയൊലിക്കുന്നു.
തിരിച്ചറിയാൻ കഴിയാത്ത ജഡങ്ങളിൽ
കാവൽപ്പരുന്തുകൾ വിഷം നിറച്ച
അടയാളങ്ങൾ അവശേഷിപ്പിക്കുന്നു.
ശാന്തിമന്ത്രങ്ങളുതിർക്കുന്ന നാവിൽ
കാലന്റെ സ്വപ്നങ്ങൾ തളിർക്കുന്നു.
നിറഞ്ഞ വയറിന്റെ രുചിയറിഞ്ഞ വാളുകൾ
ഉന്മത്തരായി കാഹളമൂതുന്നു.
തെരുവിന്റെ മോഹങ്ങളിൽ
കറുപ്പ് പടർന്ന് പിടിക്കുന്നു.
എനിക്കും നിനക്കും ജീവക്കണമെങ്കിൽ
നമ്മൾ പ്രതിഷേധിക്കുന്നവരാവണം.
ഞാനെന്റെ കണ്ണും കാതും കൊണ്ട്
പ്രതിഷേധിക്കുന്നു.
നിങ്ങളോ..........?

**ജയശങ്കർ റ്റി.**
മലയാളസാഹിത്യബിരുദം രണ്ടാംവർഷം

# THIS IS A STRANGE SITUATION THAT I HOPE NEVER BEFALLS TO ANY OF THE BOYS

*Many many years ago*
*when I was 23*
*I married a widow who*
*Was as pretty as could be*
*The widow had a grown up daughter*
*Who had her hair of red*
*My father fell in love with her*
*And soon the two were wed.*
*My dad became my son- in - law*
*And changed my very life*
*My daughter was my mother*
*Because she was my father's wife*
*To complicate the matter*
*Even though it brought me joy*
*I soon became the father*
*of a bouncing baby boy*
*The little boy then became*
*A brother - in - law to dad*
*And thus it was was my uncle*
*Even though it made me sad*
*And if he was my uncle*
*Then it also made him brother*
*to the windows' grown up daughter*
*who of course was my step- mother*
*So I'm My own Grand - pa*

**NISHA JACOB**
Second Year BA English Literature

കാർഗിലിൽ വച്ച് നടന്ന നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പിൽ പങ്കെടുത്ത സൂരജിന്റെ യാത്രാനുഭവക്കുറിപ്പ്.

# ദേശാഭിമാനത്തിന്റെ അനർഘനിമിഷങ്ങൾ

സൂരജ് ജോസ്
ഭൗതികശാസ്ത്ര ബിരുദം രണ്ടാം വർഷം

കാർഗിലിൽ വച്ച് നടക്കുന്ന എൻ.സി.സി.യുടെ നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പിൽ കേരളത്തെ പ്രതിനിധീകരിച്ച് പതിനഞ്ചുപേരിലൊരാളായി 2001 ആഗസ്റ്റ് 15 ന് എറണാകുളം സൗത്ത് സ്റ്റേഷനിൽനിന്നും ഡൽഹിക്ക് യാത്രതിരിക്കുമ്പോൾ അഭിമാനബോധം നിറഞ്ഞുനിന്നിരുന്നു.

19-ാം തീയതി രാവിലെ ഞങ്ങൾ ഡൽഹിയിലെ ആർമി ക്യാമ്പിലെത്തി. അന്ന് വൈകിട്ട് തന്നെ ഞങ്ങളെല്ലാവരെയും വിളിച്ചുകൂട്ടി ക്യാമ്പിന്റെ പ്ലാൻ വിവരിച്ചു. പിറ്റേന്ന് രാവിലെ അഞ്ചുമണിക്ക് 'ലേ'യിലേക്ക് പോകാനായി എയർപോട്ടിലേക്ക് കൊണ്ടുപോകുമെന്നും കൂടാതെ അവിടത്തെ കാലാവസ്ഥയെക്കുറിച്ചും എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ഞങ്ങൾക്ക് നിർദ്ദേശം ലഭിച്ചു. പിറ്റേന്ന് കാലത്ത് ഞങ്ങൾ എയർപോർട്ടിലെത്തി. ഇന്ത്യൻ എയർഫോഴ്സിന്റെ രണ്ടു വിമാനങ്ങൾ ഞങ്ങൾക്കുവേണ്ടി തയ്യാറായിരുന്നു. വിമാനം നീങ്ങിത്തുടങ്ങിയപ്പോൾ എല്ലാവരും സീറ്റിൽ നിന്ന് എഴുന്നേറ്റ് കൂവലും ബഹളവുമൊക്കെത്തുടങ്ങി. ഫോട്ടോഗ്രാഫി നിരോധിച്ചിരുന്നുവെങ്കിലും വിമാനം പറന്നു തുടങ്ങിയപ്പോൾ എല്ലാവരും ഫോട്ടോസ് എടുത്തു. ആകാശത്തുനിന്നുള്ള ആ മനോഹരകാഴ്ചകൾ ഞങ്ങൾ ശരിക്കും ആസ്വദിച്ചു. ഏതാണ്ട് ഒന്നര മണിക്കൂർ കൊണ്ട് ലേ എയർപോർട്ടിൽ ചെന്നു.

ഡോർ തുറന്ന് പുറത്തേക്കിറങ്ങിയപ്പോൾ കണ്ട കാഴ്ച വർണ്ണിക്കാൻ കഴിയാത്തതാണ്. മൂന്നുവശവും മഞ്ഞ് മൂടിയ വൻമലകളാൽ ചുറ്റപ്പെട്ടിരിക്കുന്ന അതിമനോഹരമായ സ്ഥലം. എല്ലാവരും ചാടി ഫോട്ടോസ് എടുത്തു. അപ്പോൾത്തന്നെ ഗാർഡ്സ് ഓടിയെത്തി ക്യാമറകളിലെ ഫിലിം എല്ലാം എടുത്തുകൊണ്ടുപോയി. കാരണം ഇന്ത്യയുടെ മാപ്പിൽ പോലും രേഖപ്പെടുത്താത്ത ഈ എയർപോർട്ട് ഇന്ത്യൻ എയർഫോഴ്സിന്റെ തന്ത്രപ്രധാനമായ ഒരു എയർപോർട്ടാണ്. കാർഗിൽ യുദ്ധസമയത്ത് സൈന്യം ഏറ്റവുമധികം ആശ്രയിച്ചിരുന്ന എയർപോർട്ടു കൂടിയാണ് എന്നു കൂടിയറിഞ്ഞപ്പോൾ ശരിക്കും അഭിമാനം തോന്നി. അവിടെ നിന്നും ഞങ്ങൾ ആർമിയുടെ ട്രക്കുകളിൽ ക്യാമ്പിലേക്കു പോയി.

ഡോക്ടേഴ്സിന്റെ നിർദ്ദേശം അനുസരിച്ച് ആദ്യത്തെ രണ്ടു ദിവസം മുഴുവൻ വിശ്രമമായിരുന്നു. എങ്കിലും സമുദ്രനിരപ്പിൽ നിന്ന് 11500 അടി ഉയരത്തിലായിരുന്നതിനാൽ രണ്ട് കേഡറ്റുകൾ ശ്വാസം കിട്ടാതെ തലകറങ്ങി വീണു. രാത്രിയിൽ അസഹ്യമായ തണുപ്പ് അനുഭവപ്പെട്ടു. മൂന്നാം ദിവസം മുതൽ ഞങ്ങൾ വിവിധ സ്ഥലങ്ങൾ കാണാൻ പുറപ്പെട്ടു. ആദ്യമായി ഞങ്ങൾ പോയത് തിബത്തൻ ലാമകളുടെ വാസസ്ഥലമായ ഒരു ബുദ്ധ ടെമ്പിൾ കാണാനായിരുന്നു. 2000 വർഷത്തിലധികം പഴക്കമുള്ള ആ അമ്പലം അതിമനോഹരമായിരുന്നു. പിറ്റേന്ന് രാവിലെ തന്നെ ഞങ്ങൾ മാഗ്നറ്റിക് ഹിൽ കാണാൻ പോയി. ഈ മല അടുത്തെത്തുന്ന മാഗ്നറ്റിക് വസ്തുക്കളെയെല്ലാം ആകർഷിക്കും. കൂടുതൽ അന്വേഷിച്ചപ്പോൾ മനസ്സിലായി അതുവഴിക്ക് പോകുന്ന വിമാനങ്ങളേയും ആകർഷിക്കുമെന്ന്. ഞങ്ങൾ കയറിയ വിമാനത്തിനും പാതിവഴിയിൽ ഭയങ്കര ജെർക്കിംഗ് ആയിരുന്നു. ഉച്ചയോടെ ഞങ്ങൾ ക്യാമ്പിൽ തിരിച്ചെത്തി, കൾച്ചറൽ പ്രോഗ്രാംസ് അവതരിപ്പിച്ചു. പിറ്റേന്ന് ലോകത്തിലെ ഏറ്റവും ഉയരം കൂടിയ വഴിയായ കാർത്തുങ്കിൾ പാസ്സ് കാണാൻ പോയി. 18350 ഉയരത്തിലുള്ള ഇവിടെയാണ് സിയാച്ചിൻ ഗ്ലേസിയറിന്റെ തുടക്കം. ആർമി ട്രക്ക് മാത്രം കയറിപ്പോകുന്ന ആ വഴിയുടെ മുകളിൽ ചെന്നപ്പോൾ പലരും ശ്വാസംകിട്ടാതെ നിലത്തു വീണു. അതുകൊണ്ട് തന്നെ ഒട്ടും സമയം അവിടെ നിന്നില്ല. അന്നുതന്നെ പത്തർ സാഹിബ് വീണു മരിച്ച സ്ഥലത്തെ ടെമ്പിൾ കാണാൻ പോയി. അന്ന് വൈകിട്ടത്തെ ഞങ്ങളുടെ ഡിന്നർ രാജ്യരക്ഷാമന്ത്രി



ജോർജ്ജ് ഫെർണാണ്ടസിന്റെ കൂടെയായിരുന്നു.

പിന്നീടുള്ള ദിവസങ്ങൾ ഭയവും മൂകതയും നിറഞ്ഞതായിരുന്നു. ലഡാക്കി ഫെസ്റ്റിവൽ കാണാൻ പോയ ദിവസം മറക്കാൻ കഴിയാത്തതാണ്. പരിപാടികൾ തുടങ്ങി അൽപം കഴിഞ്ഞപ്പോൾ ഞങ്ങളുടെ നേരെ ആക്രമണം ഉണ്ടായി. ഞങ്ങളെല്ലാവരും പിൻ ഡൗൺ ചെയ്തു. അതിനുശേഷം ഒരുവിധത്തിൽ എല്ലാവരും ജീവനും കൊണ്ട് വാഹനത്തിൽ മടങ്ങിയെത്തി, ക്യാമ്പിന്റെ എല്ലാ ത്രില്ലും അവിടെ അവസാനിക്കുകയായിരുന്നു. ഞങ്ങളുടെ സുരക്ഷാസംവിധാനങ്ങൾ വർദ്ധിപ്പിച്ചു. പിറ്റേന്ന് മുഴുവൻ ടെൻഡുകളിൽ കഴിയേണ്ടിവന്നു. ഒരു കാര്യവും പുറത്താകാതിരിക്കാൻ ഞങ്ങളുടെ എല്ലാ പ്രോഗ്രാമുകളും അപ്പപ്പോൾ തീരുമാനിച്ചു.

പിറ്റേന്ന്, മുഴുവൻ ആളുകളും ശ്രീനഗറിലേക്കു യാത്ര തിരിച്ചു. വെളുപ്പിന് 5 മണിക്ക് ട്രക്കുകളിൽ ലേയിൽ നിന്നും യാത്രതിരിച്ചു. എല്ലാവരുടെയും മുഖത്ത് ഭയം നിഴലിച്ചിരുന്നു. അതോറിറ്റീസിന്റെ ഓരോ നീക്കവും ആപത്തിനെ പ്രതീക്ഷിച്ചായിരുന്നു. യാത്രചെയ്ത വഴികളെല്ലാം അതിമനോഹരമായിരുന്നുവെങ്കിലും ആസ്വദിക്കാൻ കഴിഞ്ഞില്ല. അന്ന് രാത്രി ഞങ്ങളെ വിളിച്ചുകൂട്ടി, പിറ്റേന്ന് മുതൽ ഏറ്റവും പ്രശ്നബാധിതമായ പ്രദേശങ്ങളിലൂടെയാണ് പോകേണ്ടതെന്നും അതിനാൽ എക്സ്ട്രാ കെയർ എടുത്തേ മതിയാകൂ എന്നും ഞങ്ങൾക്ക് വിവരം തന്നു. ഇത് കേട്ട് കിടന്നുറങ്ങിയ ഞങ്ങൾ രാവിലെ എഴുന്നേറ്റപ്പോൾ കണ്ടത് തലേദിവസം ദ്രാസിൽ കൊല്ലപ്പെട്ട പട്ടാളക്കാരുടെ ജഡങ്ങളാണ്. എല്ലാവരിലും ഭയപ്പെടുത്തുന്ന മൂകത നിഴലിച്ചു.

ആറുമണിയായപ്പോഴേക്കും ഞങ്ങൾ യാത്ര തുടർന്നു. മൈൻ ഡിറ്റക്ട് ചെയ്യാൻ ഒരു വാനുൾപ്പടെ അത്യാധുനിക ആയുധങ്ങളുമായി പട്ടാളക്കാരുടെ ട്രക്കുകളുടെ അകമ്പടിയോടെയാണ് ഞങ്ങൾ യാത്രചെയ്തിരുന്നത്. ബസ്സിന്റെ ഷട്ടർ തുറക്കാൻ പോലും ഞങ്ങൾക്ക് അനുവാദം ഉണ്ടായിരുന്നില്ല. രാത്രിയോടെ ഞങ്ങൾ മനുഷ്യവാസമുള്ള സ്ഥലങ്ങളിൽ വച്ച് ഏറ്റവും തണുപ്പുകൂടിയ രണ്ടാമത്തെ സ്ഥലമായ മാതയം എന്ന സ്ഥലത്തെത്തി. തണുത്ത് വിറച്ചിട്ട് പല്ലുകൾ കൂട്ടിയിടിക്കുന്നു. ടെൻഡുകളിൽ ഞങ്ങൾക്ക് സ്ലീപ്പിങ് ബാഗു കിട്ടിയതിനാൽ തണുപ്പിൽ നിന്നും അൽപ്പം രക്ഷകിട്ടി. എങ്ങനെയോ നേരം വെളുപ്പിന് പുറത്തിറങ്ങിയപ്പോൾ അവിടെ ടെൻഡുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഷെല്ലിങ്ങിൽ തകർന്ന കുറെ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ അടുത്തുകിടപ്പുണ്ടായിരുന്നു. അന്വേഷിച്ചപ്പോൾ മനസ്സിലായി, സ്ഥിരമായി പാക് ഷെല്ലിങ് നടക്കുന്ന സ്ഥലമാണ് മാതയം എന്ന്. ഞങ്ങളവിടെ നിശബ്ദരായി നിൽക്കുകമാത്രമേ ചെയ്തുള്ളൂ.

എട്ടുമണിയായപ്പോഴേക്കും വീണ്ടും യാത്രയാരംഭിച്ചു. ആ യാത്രയിലാണ് ടൈഗർ ഹിൽസ്, ദ്രാസ്, കാർഗിൽ തുടങ്ങിയ സ്ഥലങ്ങൾ കണ്ടത് അവിടെയെല്ലാം തകർന്ന കെട്ടിടങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ദ്രാസ്സിൽ വച്ചുള്ള ഒരു ക്ലാസ്സിൽ കാർഗിൽ യുദ്ധത്തെക്കുറിച്ച് വിവരിച്ചുതന്നു. ഞങ്ങൾ നിൽക്കുന്ന സ്ഥലത്തിന്റെ ഭീകരതയും പ്രാധാന്യങ്ങളുമെല്ലാം ഞങ്ങൾക്കപ്പോഴാണ് പൂർണ്ണമായും മനസ്സിലായത്. അടുത്തുള്ള ഒരു മലയെ ചൂണ്ടിക്കാണിച്ച് ഇതാണ് നുഴഞ്ഞുകയറ്റക്കാർ ഏറ്റവുമാദ്യം പിടിച്ചടക്കാൻ നോക്കിയ മലയെന്നും അവിടെയിപ്പോഴും തീവ്രവാദികൾ ഉണ്ടാവാം എന്നും ഒരു മേജർ ഞങ്ങളോട് പറഞ്ഞപ്പോൾ ഞങ്ങളുടെ ഉള്ളൊന്നു പിടഞ്ഞു.

അല്പസമയത്തിന് ശേഷം ഞങ്ങൾ ഇന്ത്യയിലെ ഏറ്റവും സുന്ദരമെന്ന് വിശേഷിപ്പിക്കാവുന്ന സോണാമാർഗ് എന്ന സ്ഥലത്തെത്തി. സെക്യൂരിറ്റി പ്രശ്നങ്ങൾ കാരണം ഞങ്ങൾക്ക് അവിടത്തെ ദൃശ്യഭംഗി ആസ്വദിക്കാൻ കഴിഞ്ഞില്ല. സ്ഥിരമായി പ്രശ്നമുണ്ടാകുന്ന സ്ഥലമാണെന്നറിഞ്ഞിട്ടുകൂടി കുറച്ചുദൂരമൊക്കെ ഞങ്ങൾ ചുറ്റിനടന്നു.

പെട്ടെന്നുതന്നെ അവിടെ നിന്ന് നീങ്ങാൻ ഓർഡർ കിട്ടി. എന്തോ പ്രശ്നസാദ്ധ്യത കണ്ടതിനാൽ എന്തു സംഭവിച്ചാലും വാഹനം നിറുത്തരുതെന്ന് ഡ്രൈവർക്ക് നിർദ്ദേശം കിട്ടി. സെക്യൂരിറ്റി ഗാർഡ്സ് ഞങ്ങളുടെ വാഹനത്തിൽ കയറി. ഒരു ശബ്ദം പോലും ഉണ്ടാക്കരുതെന്ന് പ്രത്യേകം പറഞ്ഞു. അങ്ങനെ ഭീകരമായ ഒരന്തരീക്ഷത്തിൽ ഞങ്ങൾ ശ്രീനഗർ ക്യാമ്പിൽ എത്തി. ശ്രീനഗറിലും ഞങ്ങൾക്ക് കനത്ത സുരക്ഷാസംവിധാനമായിരുന്നു. ഞങ്ങളുടെ ലഗേജുകളെല്ലാം ഡിറ്റക്ടർ വച്ച് ചെക്ക് ചെയ്തു. പിറ്റേന്നുതന്നെ വിമാനത്തിൽ ഡൽഹിക്ക് തിരിച്ചു. അവിടെ നിന്നും വീട്ടിലേക്കും. ജീവൻ ശത്രുവിന്റെ തോക്കിനുമുമ്പിൽ നൽകിക്കൊണ്ട് രാജ്യത്തിനുവേണ്ടി കാവൽ നിന്നിരുന്ന ആ പട്ടാളക്കാരെക്കുറിച്ച് ഓർക്കുമ്പോൾ നിറഞ്ഞ ബഹുമാനവും ദേശാഭിമാനവും മനസ്സിൽ നിറയുന്നു.



# ഭരതൻ മാസ്റ്റർ

**ഡോ. കെ. വി. കുഞ്ഞികൃഷ്ണൻ**
കൊച്ചിൻ യൂണിവേഴ്സിറ്റി രജിസ്ട്രാർ

ഭരതൻ മാസ്റ്റർ ഇന്ന് നമ്മോടൊപ്പമില്ല. ഏതു നഷ്ടവും ഏറെക്കാലം അനുഭവപ്പെടുകയില്ലെന്ന് വിജ്ഞൻമാർ പറഞ്ഞുകേട്ടിട്ടുണ്ട്. അതിന്റെ ശരികളിൽ വിശ്വസിച്ച് നമുക്കാശ്വസിക്കാം. ഒരു തലമുറയാകമാനം ഗുരുസ്ഥാനത്ത് പ്രതിഷ്ഠിച്ചാദരിച്ച, മറ്റാർക്കുമില്ലാത്ത ഒരു പാട് പ്രത്യേകതകൾ ഉണ്ടായിരുന്ന മാഷിന്റെ സ്മരണക്കു മുമ്പിൽ പ്രണാമം.

നവോത്ഥാന ജ്ഞാനപാരമ്പര്യത്തിന്റെ അന്യം നിന്നു പൊയ്ക്കൊണ്ടിരിക്കുന്ന അവസാനത്തെ കണ്ണികളിലൊന്നു കൂടി അറ്റുപോയിരിക്കുന്നു. അറിവിനെ അളവറ്റ ആഹ്ലാദമായും, ലഹരിയായും ആഘോഷിച്ച ഇതുപോലെ മറ്റൊരാളെ കണ്ടെത്താൻ നാമിനിയെത്രനാൾ കാത്തിരിക്കണം. ഭരതൻ മാസ്റ്റർ അത്തരത്തിൽ അറിവിന്റെ നിലക്കാത്ത അന്വേഷണമായിരുന്നു. അറിവിന്റെ ഔന്നിത്യങ്ങളിൽ വിഹരിക്കുമ്പോഴും നാട്യങ്ങളേതുമില്ലാതെ അവകാശവാദങ്ങളൊന്നുമില്ലാതെ അത്യന്തം സാധാരണമായി ലളിതമായി ജീവിക്കാമെന്ന് അദ്ദേഹം നമുക്ക് കാണിച്ചുതന്നു. വെടിയുണ്ടകൾ പോലെ തെറിച്ചുവീഴുന്ന വാക്കുകൾ പ്രഭാഷണവേദികളെ കീഴടക്കാനും, സാഗരഗർജ്ജനങ്ങളെ ഓർമ്മിപ്പിക്കുംവിധം ക്ലാസ്സുമുറികളിൽ നിറഞ്ഞുനിൽക്കാനും, മാരകമായ ഫലിതങ്ങളിൽ പൊട്ടിച്ചിരിക്കാനും ഒരു കുഞ്ഞിനെപ്പോലെ നിർമ്മലനായിരിക്കാനും ഒരേസമയം അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. എവിടെയും കാണുന്ന ഏതു മനുഷ്യനെയും ഭേദമേതുമില്ലാതെ സ്നേഹിക്കാൻ കഴിഞ്ഞ ഉദാരമായ ലാളിത്യത്തിനുടമയായിരുന്നു അദ്ദേഹം. വാഴ്ത്തുപാട്ടുകൾക്കും ഉപചാരങ്ങൾക്കും സാധാരണ മനുഷ്യരുടെ സാധാരണ അച്ചടക്കങ്ങൾക്കും ഒരിക്കലും വഴങ്ങാതെ അവസാനംവരെ അദ്ദേഹം ജീവിച്ചു. 'അനാർക്കി'യെ ഇത്രമേൽ ആകർഷകവും ഉദാത്തവുമാക്കിയ മറ്റൊരാളെ കണ്ടെത്താനാവില്ല. സേതു പറഞ്ഞതുപോലെ ഓട്ടക്കലങ്ങൾ കൂട്ടിമുട്ടി ഒച്ചയുണ്ടാക്കുന്ന ഒരു കാലത്ത് ഇതുപോലൊരാൾ നമുക്കിടയിൽ ജീവിച്ചിരുന്നുവെന്ന് നമുക്കഭിമാനിക്കാം.

മാനവീകമായ എന്തിനെക്കുറിച്ചും ആധികാരികമായി പറയാൻ പ്രാപ്തനും സന്നദ്ധനുമായിരുന്നു ഭരതൻ മാസ്റ്റർ. അങ്ങിനെ അധികം പേരില്ല. എന്നാൽ അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെ അപാരത നേരിട്ടറിയുന്ന, കേട്ടറിയുന്ന വൃത്തത്തിനപ്പുറം അധികമൊന്നും അദ്ദേഹം അറിയപ്പെട്ടുമില്ല. വാമൊഴികളിൽകൂടി നാമനുഭവിച്ചറിഞ്ഞ അതുല്യ പ്രതിഭാവിലാസങ്ങൾ വരമൊഴികളിൽ ശാശ്വതമാക്കപ്പെട്ടില്ല. ഒരു തരത്തിൽ അദ്ദേഹവുമായി ബന്ധപ്പെട്ട എല്ലാവർക്കും ഇതിന്റെ ഉത്തരവാദിത്വമുണ്ട്. രാത്രിയുടെ അന്ത്യ

യാമങ്ങളിൽപോലും തന്നെ തേടിയെത്തുന്ന ശിഷ്യന്മാർക്ക് എന്താണെന്തിനെക്കുറിച്ചും ക്ലാസ്സെടുത്ത് വെളുക്കുന്നതിന് മുമ്പ് അല്പം ഉറങ്ങി എന്നുവരുത്തി വീണ്ടും കോളേജിലേക്ക് പുറപ്പെടുന്ന ദിനചര്യയിൽ വായനക്ക് സമയം കണ്ടെത്തിയത് തന്നെ അത്ഭുതം. ശിഷ്യരായെത്തുന്നവരോട് 'നൊ' എന്നൊരുവാക്ക് പറയാൻ ഒരു തലമുറയുടെ ആ മഹാഗുരുവിന് കഴിഞ്ഞിരുന്നില്ല. എഴുത്ത് അല്ലെങ്കിലും അദ്ദേഹത്തിന് ആയാസകരമായ ഒരു ശാരീരിക പ്രത്യേകതയായിരുന്നു. പേനയെ നാരായം പോലെ ഉപയോഗിച്ച് അത് തന്നെ ഒടിയുകയും കടലാസ് മുഴുവൻ കീറിപ്പോവുകയും ചെയ്യുന്ന ഒരു പ്രക്രിയയായിരുന്നു അദ്ദേഹത്തിന് എഴുത്ത് എന്ന പണി. എഴുത്തിലെ ഈ കാഠിന്യമാകാം ഒരു ധിക്കാരം പോലെ നിരവധി പരീക്ഷകൾ എഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

എന്നും പുരോഗമനപ്രസ്ഥാനങ്ങളുടെ കൂട്ടാളിയും പങ്കാളിയുമായിരുന്നു മാസ്റ്റർ. ഒരുതരം ചട്ടക്കൂടുകൾക്കും വഴങ്ങാത്ത ആ വ്യക്തിത്വം പീഢിതരുടെയും അശരണരുടെയും ഭാഗത്തായിരുന്നു എന്നും. അവഗണനകൾക്കും ക്രൂരതകൾക്കും വിധേയരാകപ്പെട്ടുവെന്ന് അദ്ദേഹം വിശ്വസിച്ച ചരിത്രപുരുഷന്മാർ അദ്ദേഹത്തന്റെ വീരനായകന്മാരായിരുന്നു. ആരാധനയോടെ അദ്ദേഹം ആവർത്തിക്കുന്ന ഒരു പേരാണ് ലിയോൺ ട്രോട്സ്കി.

സൗഹൃദത്തിലും ശത്രുതയിലും എന്നും അങ്ങേയറ്റം എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. തന്റെ ഇഷ്ടത്തിന് പാത്രമാകുന്നവരെ ഭാഷയിലെ ഏറ്റവും വിശിഷ്ടപദങ്ങൾ ഉപയോഗിച്ച് പ്രശംസിക്കാനും തനിക്ക് കോപം തോന്നുന്നവരെ ഏറ്റവും ഭീകരമായ വാക്കുകൾ ഉപയോഗിച്ച് ആക്രമിക്കാനും ഒരു നിമിഷാർദ്ധത്തിനുള്ളിൽ അദ്ദേഹത്തിന് കഴിയുമായിരുന്നു. അത്ര നിഷ്കളങ്കമായിരുന്നു ആ മനസ്സ്.

സൗഹൃദത്തിലും ശത്രുതയിലും എന്നും അങ്ങേയറ്റം എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. തന്റെ ഇഷ്ടത്തിന് പാത്രമാകുന്നവരെ ഭാഷയിലെ ഏറ്റവും വിശിഷ്ടപദങ്ങൾ ഉപയോഗിച്ച് പ്രശംസിക്കാനും തനിക്ക് കോപം തോന്നുന്നവരെ ഏറ്റവും ഭീകരമായ വാക്കുകൾ ഉപയോഗിച്ച് ആക്രമിക്കാനും ഒരു നിമിഷാർദ്ധത്തിനുള്ളിൽ അദ്ദേഹത്തിന് കഴിയുമായിരുന്നു. ആരൊടെങ്കിലും തോന്നുന്ന അനിഷ്ടങ്ങൾ ഒരിക്കലും കടുത്ത ശത്രുതയായോ വൈരാഗ്യമായോ ആ മനസ്സിൽ വളർന്നിരുന്നില്ല. ഒരു നല്ല വാക്കോ ഒരു ചിരിയോ മതി അദ്ദഹത്തിന്റെ ഈ രൗദ്രഭാവം മാറാൻ. അത്ര നിഷ്കളങ്കമായിരുന്നു ആ മനസ്സ്.

ഭരതൻ മാസ്റ്റർ ജീവിച്ചിരിക്കുമ്പോൾ തന്നെ ഒരു ലജന്റ് ആയിത്തീർന്ന വ്യക്തിത്വമാണ്. അദ്ദേഹത്തിന്റെ നിരവധി പ്രയോഗങ്ങളും പൊടിക്കൈകളും വിചിത്രസ്വഭാവങ്ങളും അനന്യമായ പ്രത്യേകതകളുള്ള പ്രതികരണരീതികളും കണ്ടും കേട്ടും വെടിവട്ടങ്ങളിൽ, സുഹൃദ്സംഗമങ്ങളിൽ ആവർത്തിച്ചും അനുകരിച്ചും നടക്കാറുള്ള ഒരാളാണീ ലേഖകൻ. സാധാരണ നിയമങ്ങളും ഉപചാരങ്ങളും അദ്ദേഹത്തിന് ബാധകമല്ലെന്ന് നമുക്കറിയാമല്ലോ. ഈ സ്വാതന്ത്ര്യം മറ്റെല്ലാവരിൽ നിന്നും വ്യത്യസ്തമായി പ്രശ്നങ്ങളെ സമീപിക്കാൻ അദ്ദേഹത്തിനെ സഹായിച്ചിരുന്നു. സ്ഥാപനവൽക്കരിക്കപ്പെട്ട ഏതു മനസ്സും നെറ്റി ചുളിക്കുന്ന പ്രതികരണങ്ങൾ നിരവധി അദ്ദേഹത്തിന്റേതായുണ്ട്. മഹാരാജാസിൽ പെൺകുട്ടികളെ ശല്യപ്പെടുത്തിയ പുറത്തുനിന്നുള്ള പൂവാലനെ സൂത്രത്തിൽ കോളേജിൽ വരുത്തി കുട്ടികളെ സംഘടിപ്പിച്ച് പിടികൂടി 'പെരുമാറി' വിടാൻ അദ്ദേഹത്തിന് നിയമങ്ങളും ചട്ടങ്ങളും തടസ്സമായില്ല. ബാബ്റി മസ്ജിദ് തകർത്തപ്പോൾ കുട്ടികളെ സംഘടിപ്പിച്ച് പ്രകടനം നടത്താനും ഈ കോളേജ് പ്രിൻസിപ്പലിന് ചട്ടങ്ങൾ തടസ്സം നിന്നില്ല.

ഭരതൻ മാസ്റ്റർ പ്രിൻസിപ്പലായി ചാർജെടുക്കുമ്പോൾ വിദ്യാർത്ഥി സംഘർഷത്തിന്റെയും സംഘട്ടനത്തിന്റെയും വേദിയായിരുന്നു മഹാരാജാസ് കോളേജ്. ഇത് പരിഹരിക്കാനുള്ള അദ്ദേഹത്തിന്റെ നടപടികൾ തുടങ്ങിയത് നാടകീയമായിട്ടായിരുന്നു. മഹാരാജാസിലെ ഒരു വിദ്യാർത്ഥി മഹാത്മാഗാന്ധി സർവ്വകലാശാലാ വിദ്യാർത്ഥി യൂണിയൻ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന് സ്വീകരണം നൽകാൻ ഭരതൻ മാസ്റ്ററുടെ നിർദേശപ്രകാരം തയ്യാറായത് എതിർ വിദ്യാർത്ഥി സംഘടന മുൻകൈ എടുത്തുകൊണ്ടായിരുന്നു. മഹാരാജാസിനെ അഭിമാനകരമായ നേട്ടങ്ങളിലേക്ക് നയിച്ചുകൊണ്ടാണ് ഈ പുതിയ പ്രവണതയ്ക്ക് അദ്ദേഹം മകുടം ചാർത്തിയത്. മഹാത്മാഗാന്ധി സർവ്വകലാശാലാ യുവജനോത്സവത്തിൽ കിരീടം ചൂടിയ മഹാരാജാസ് വിദ്യാർത്ഥികൾ പ്രിൻസിപ്പലിനെ ചുമലിലേറ്റി നഗരപ്രദക്ഷിണം നടത്തിയ കാഴ്ച അത്യപൂർവ്വമായിരുന്നു.

യൂണിയൻ ക്രിസ്ത്യൻ കോളേജ് അദ്ദേഹത്തിന്റെ ഉദാരമായ സൗഹൃദത്തിന് പാത്രമായിരുന്നു. യു.സി.യിലെ ഒട്ടനവധി വേദികൾ മാസ്റ്ററുടെ ഗംഭീരസാന്നിദ്ധ്യം കൊണ്ട് ധന്യമാക്കപ്പെട്ടിട്ടുണ്ട്. യുസിയിലെ തന്റെ അധ്യാപകരെക്കുറിച്ച് പറയുമ്പോൾ വിനീതനായ ഒരു സ്കൂൾകുട്ടിയുടെ ഭാവമായിരുന്നു എന്തിനെയും ധിക്കരിക്കാൻ ചങ്കൂറ്റമുണ്ടായിരുന്ന അദ്ദേഹത്തിന്റെ മുഖത്ത് നിറഞ്ഞ് നിന്നിരുന്നത്.

ഭരതൻ മാസ്റ്ററുടെ മരണം നമുക്ക് നഷ്ടമാക്കിയത് അത്യപൂർവ്വമായ പ്രതിഭാവിലാസവും പാണ്ഡിത്യവുമാണ്. അതിലുപരി ഏവരെയും ഒരുപോലെ കാണാൻ കഴിഞ്ഞ, ജനാധിപത്യവും സമഭാവനയും സ്വഭാവമാക്കി മാറ്റിയ ഒരു മനുഷ്യസ്നേഹിയെക്കൂടിയാണ്.

# ആദിമദ്ധ്യാന്തങ്ങളില്ലാത്ത ശുദ്ധമായ കവിത

**അജിത്കുമാർ എസ്.**
മലയാള സാഹിത്യബിരുദം മൂന്നാം വർഷം

പൂക്കളിൽ തീ പടർത്തി
ചക്രവാളച്ചെരുവിൽ
നിണമണിഞ്ഞ് വീണ്
രാത്രിയിൽ നിലാക്കുളിരുള്ള
രാഗം പാടി
ഹതാശനായിത്തളർന്നുറങ്ങി
പ്രഭാതത്തിൽ ഏറ്റവും നിശ്ശബ്ദമായ്
കടന്നുവരുവതൊരു കവിത
        കുന്നിറങ്ങി
        മഴക്കാടുകളുടെയുള്ളറതീണ്ടി
        മഞ്ഞമുളങ്കാടുകളുലച്ച്
        കിളിപ്പേച്ചിന് കാതുനല്കി
        ആറിന്നരഞ്ഞാണം കിലുക്കി
        ചിലപ്പോഴിളകിയാടി
        വട്ടം കറങ്ങി
        അത്താണിയിൽ തളർന്നിരുന്ന്
        വസന്തഋതുവിൽ
        പ്രണയസുഗന്ധിയായ്
        മഞ്ഞുവീഴ്ചയിൽ പ്രാക്കായ്
        കൊടുംവേനലിൽ കുടവുളായ്
        ഊരുചുറ്റുന്നുണ്ടൊരു കവിത

മുടിഞ്ഞ കാലത്തൊരു കടങ്കവിത
മഴപോലെ കരഞ്ഞുവീഴുന്നു.
മകുടമുടഞ്ഞ പർവ്വതങ്ങൾ,
വിറകൊള്ളുന്ന ഭൂമി,
പള്ളപൊട്ടിയ പുഴകൾ,
നിലതെറ്റിയ കടലിനെ
കാമാതുരയാം കരയേറ്റുവാങ്ങി.
ജൈവതാളസമന്വയം.
ഏകതാനം.
മൺമറഞ്ഞ മേഘങ്ങൾ
ആകാശം വിശുദ്ധമാക്കി.
        ശാന്തം.
        ഏഴാംനാൾ വിശ്രമവേളയിലവൻ
        മരണത്തെക്കാൾ ആയുസ്സുള്ള
        ജീവനേക്കാൾ ചലനാത്മകമായ
        പ്രപഞ്ചത്തെക്കാൾ പഴക്കം ചെന്ന
        വൃത്തനിബദ്ധമായ
        ആദിമദ്ധ്യാന്തങ്ങളില്ലാത്ത
        ശുദ്ധമായ കവിത
        വീണ്ടും പാരായണം ചെയ്തു തുടങ്ങി.

മനു കെ.സി.
ആംഗലേയസാഹിത്യബിരുദം മൂന്നാംവർഷം

# മഴയായ് പെയ്യുന്നത്.......

വല്ലാത്തൊരു കിതപ്പു തന്നെ മഴ വീണു തുടങ്ങുമ്പോൾ. പിടച്ചിലോടെ മായ എഴുന്നേറ്റു. കൈനീട്ടി സ്വിച്ചിൽ തൊടുമ്പോൾ കറന്റില്ല. അസുഖകരമായൊരു തണുപ്പും പച്ചില ഗന്ധവും മുറി നിറഞ്ഞു. പാതി തുറന്നുപോയ ജാലകങ്ങളിലൂടെ മഴ കറുത്ത കാവിനിലം നനച്ചിരിക്കുന്നു. നേർത്തൊരു മിന്നലിനൊപ്പം തൊടിയിലെ കമുകിൻ കൂട്ടം ഊയലാടി. പതിഞ്ഞുപതിഞ്ഞരികെയെത്തുന്ന കാലൊച്ച.

"കുട്ട്യേ - നീയെന്താ ഉറങ്ങീല്ലേ...?"

മണ്ണെണ്ണ വിളക്കിന്റെ നേർത്ത പ്രകാശത്തിൽ അമ്മയുടെ പാവം മുഖം. അവൾക്കൊന്നും പറയാൻ തോന്നിയില്ല. അമ്മുടെ തണുത്ത വിരൽത്തുമ്പ് നെറ്റിയിൽ തൊടുമ്പോൾ ഉള്ളിൽ മറ്റൊരു മഴക്കാലം.

"നെറച്ചും മഴ പെയ്തൂല്യേ-" അവൾ ചോദിച്ചു. ഒന്നും പറയാതെ വലിയൊരു സങ്കടം പോലെ അമ്മ അവളെ നോക്കിയിരുന്നു. പിന്നെ മുടിയിഴകൾക്കിടയിലൂടെ വെറുതേ വിരൽത്തുമ്പുചേർത്തു....

"വല്ല ദുഃസ്വപ്നവും കണ്ടോ എന്റെ കുട്ടി-?"

അമ്മ കരയുന്നു. അമ്മയുടെ കണ്ണിലെ അമ്പരപ്പിലേയ്ക്കു നോക്കിയിരിക്കവേ അവളോർത്തു-സ്വപ്നമായിരുന്നുവോ?

"ഈ മഴ മുഴുവൻ നനഞ്ഞ്- തല്ലിത്തിമിർത്ത്....

....പിന്നെയെവിടേയ്ക്കാണ്......" അവൾക്ക് കരച്ചിൽ വരുന്നുണ്ടായിരുന്നു. കയ്പു നിറഞ്ഞതെന്തോ വായിൽ വച്ച് അമ്മ പറയുന്നുണ്ടായിരുന്നു.

"ഓരോന്നോർത്തു കിടന്നിട്ടാ നീയിങ്ങനെ....."

"ദേവീ, അവളെന്താ ചോദിക്കണെ?"

വലിയൊരു ചുമയുടെ അകമ്പടിയോടെ ഇഴഞ്ഞുവരുന്നത് അച്ഛന്റെ തണുത്ത ശബ്ദം.

"ഒന്നൂല്യ - ഒറക്കത്തിലെന്തോകണ്ട്....."

ഒരുപാടായസപ്പെട്ട് അച്ഛൻ മൂളുന്നു.

ചാരനിറമുള്ള പഴയ കട്ടിപ്പുതപ്പ് കഴുത്തറ്റം വലിച്ചു മൂടുമ്പോൾ അമ്മ ആരോടെന്നില്ലാതെ പറഞ്ഞു - ചെറ്യോരു പനീണ്ട്..

കുറച്ചിടകൂടെ കാത്ത് അച്ഛൻ ജനാലയ്ക്കരികിലേയ്ക്ക് പോയി. തുറന്നുപോയ ജാലകപ്പാളികൾ ചേർത്തടച്ചു. പിന്നെ മേശപ്പുറത്തെ മെഴുകുതിരി കത്തിച്ചു വയ്ക്കാൻ തുടങ്ങിയപ്പോൾ മായ പറഞ്ഞു.

"വേണ്ട.... എനിക്കുറക്കം വരണില്ല."

അച്ഛൻ ഒന്നും പറയാതെ വെളിച്ചത്തിനു നേരെ കൈവീശുമ്പോൾ ഒരു ഞെട്ടലോടെ അതണഞ്ഞുപോയി.



"പ്രാർത്ഥിച്ചിട്ട് കിടക്ക്" -നെറ്റിയ്ക്കു മീതേ അച്ഛന്റെ കൈപ്പടം.

മുറിയിലെ ഇരുളിൽ അവൾക്കപ്പോൾ അച്ഛന്റെ മുഖം അവ്യക്തമായി. നോവോടെ കണ്ണുകൾ ചേർത്തടച്ചപ്പോൾ അവളോർത്തു;

അച്ഛനറിയുന്നുണ്ടാവും ഈ മഴകളിനിയൊരിക്കലും മായയക്കു സമാധാനം തരില്ലെന്ന്... ഓരോ തുള്ളിയും നെഞ്ചിൽ ഓരോ സൂചിമുനയാകുമെന്ന്.....

ഉണ്ണിക്കും മുത്തച്ഛനോടത്രയ്ക്കിഷ്ടമായിരുന്നല്ലോ.... അന്നൊക്കെ ഇടയ്ക്ക് കളിയായിട്ടാണെങ്കിലും അവൾ രവിയോട് പറയുമായിരുന്നു. "ഉണ്ണിക്ക് അച്ഛനെക്കാളും മുത്തച്ഛനോടിഷ്ടം കൂടിവരണൂട്ടോ... നിറയെ ചിരിച്ച് കൈവിരലുകൾ മടക്കിയെണ്ണിക്കൊണ്ട് രവിയപ്പോൾ പറഞ്ഞുതുടങ്ങും. "മുത്തച്ഛനെ സ്നേഹിക്കട്ടെ അവൻ- മുത്തശ്ശ്യേ-അമ്മയെ...അച്ഛനുണ്ടാവും ഒരു പങ്ക്........

എന്നാലും ഇടയ്ക്കൊക്കെ ഏതോ സങ്കടത്തിലെന്നപോലെ രവി പറയുമായിരുന്നു. തകർന്നുപോയ ബന്ധങ്ങളെക്കുറിച്ച്..... അതിനിടയിൽ വീർപ്പുമുട്ടിപ്പോയ ഒരു പാവം പയ്യനെക്കുറിച്ച്...

അപ്പൊഴൊക്കെയും ഉണ്ണിയെ ചേർത്തുവച്ചുകൊണ്ട് പറയും ന്റെ മോന് ഒരുപാടൊരുപാടു സ്നേഹം കൊടുക്കണം..... എനിക്കു നഷ്ടപ്പെട്ടതൊക്കെയും. ശബ്ദമില്ലാതെ രവി കരയുകയായിരുന്നെന്ന് അപ്പോഴൊക്കെയും അവൾക്കു തോന്നും. മഴ വലിയ ശബ്ദത്തോടെ പെയ്തു തുടങ്ങുന്നുണ്ടായിരുന്നു. വെറുതേയിങ്ങനെ മഴ കണ്ടുകൊണ്ടിരിക്കുക അവൾക്കെന്നും ഇഷ്ടമായിരുന്നു.

മഴയുടെ പച്ചപ്പുകളും കറുത്ത കുടകളും....പിന്നെ നനഞ്ഞ ചേമ്പിലകളിൽ, നീലാകാശം വീണുകിടക്കുന്ന പകലുകളിലൂടെ, മഴയിൽ വീണുലഞ്ഞു പോകുന്ന രവിയുടെ പ്രിയപ്പെട്ട ഗസലുകളിലൂടെ.... അങ്ങനെയങ്ങനെ...

ഉണ്ണിക്കിഷ്ടം ഇരുളിൽ ഒളിച്ചുകളിക്കാനെത്തുന്ന മിന്നാമിനുങ്ങുകളെയായിരുന്നു.

അതിന്റെ പിന്നിലെയ് സ്വർണ്ണബൾബാ അമ്മേ-" ഉറക്കം തലയക്കു പിടിച്ചിട്ടുണ്ടാകും എന്നാലും വെറുതേ മൂളും. രവിയാണെങ്കിൽ ഓരോന്നു പറഞ്ഞുകൊണ്ടിരിക്കും - മഴയ്ക്ക് എപ്പോഴും ഒരേ ശബ്ദമല്ലെന്നും, ചേമ്പിലകളിൽ പരുക്കൻ ശബ്ദം ....പുല്ലുകളിൽ നനുത്ത ശബ്ദം....അങ്ങിനെ ഒരുപാടുകാര്യങ്ങൾ.

അവനൊന്നും മനസ്സിലായിട്ടുണ്ടാവില്ല. എന്നാലും വെറുതേ മൂളിക്കൊണ്ടിരിക്കും.

തകർന്ന കൽപ്പടവുകളിലേയ്ക്ക് മുഖം ചേർത്തുവച്ച് അവനന്നുറങ്ങുമ്പോഴും മഴയായിരുന്നു. ഏതോ സങ്കടം പോലെ പെയ്തു തോരാതെ...ഉലയുന്ന നെഞ്ചിന്റെ തേങ്ങൽ പോലെ. വാശിപിടിച്ചെന്ന പോലെ-നിലയ്ക്കാതെ-പൊടിഞ്ഞുപോകുന്ന കിതപ്പുകൾപോലെ..

വെള്ളത്തുള്ളികൾ തട്ടിത്തെറിപ്പിച്ച് പിണക്കം തീർക്കാനായി ചെയ്യാറുണ്ടായിരുന്ന അതേ കണ്ണു ചിമ്മിച്ചിരിയോടെ അവനുണരുന്നതും കാത്തിരിക്കെ വലിയൊരു തേങ്ങൽ പോലെ ആരോ പറയുന്നുണ്ടായിരുന്നു.

"കൊളത്തില് നാലാൾടെ വെള്ളായിരുന്നില്ല്യേ...പടവിലൊക്കെ വല്ലാത്ത വഴുക്കലും...മഴകണ്ടാപ്പിന്നവൻ....."

❖❖ ❖❖❖ ❖❖

ഇടയ്ക്കെപ്പൊഴോ കണ്ണുതുറന്നപ്പോൾ ശബ്ദങ്ങൾ നിലയ്ക്കുന്നു. അരികിൽ നനഞ്ഞു കുതിർന്ന മുഖങ്ങൾ..

ഉണ്ണീ..ഉണ്ണ്യേവിടെ...?

എവിടെയൊക്കെയോ കുരുങ്ങിപ്പോകുന്ന ശബ്ദം. വിളിക്കുമ്പോൾ ആരോ നെറ്റിയിൽ തൊടുന്നു. തലവേദനയ്ക്കുമേലേ ഏതോ പെയിൻബാമിന്റെ അസ്വസ്ഥതകൾ.

നനഞ്ഞ പകലുകൾ-

ഇടയ്ക്കെപ്പൊഴോ അവൻ വന്നു തൊട്ടുവിളയ്ക്കും. നമുക്കു തോന്നീണ്ടാക്കാം. കൊടിവച്ചതൊക്കെ ഉണ്ണിയ്ക്ക്.....ന്ട്ട്...

കൈനീട്ടി തൊടും മുൻപേ കാഴ്ചകൾക്കപ്പുറം അവൻ മറയുകയായി. ആഴപ്പച്ചകളിലേയ്ക്കു വീണുപോകുമ്പോൾ കുഞ്ഞിക്കണ്ണുകളിൽ അമ്പരപ്പ്.

ഉണർച്ചകളിൽ പിന്നെയും അറിയാതെ മുഖങ്ങൾ. ഓരോ ദിവസവും മഴ പെയ്തുകൊണ്ടിരുന്നു.

മുളചീന്തും പോലെ കരയുന്നൊരു മഴ പിന്നൊരിക്കൽ ഭ്രാന്തിയെപ്പോലെ അലറുന്നൊരു മഴ.

പിന്നെയെപ്പോഴാണ് മായ ഓരോന്നും തിരിച്ചറിഞ്ഞു തുടങ്ങിയത്..?

ഭ്രന്തൻ ഇടനാഴികളെ...ഒരുപാടു മുഖങ്ങളെ...എന്നിട്ടും ഓരോ മഴ പെയ്തു തീരുമ്പോഴും വെറുതെ രവിയെ വിളിക്കും.

ഉണ്ണി വന്നോ രവീ...ഈ മഴയിലും...ഒന്നും പറയാതെ. രവി മുഖം തിരിക്കുമ്പോൾ ഒരു മുഴു ഭ്രാന്തിയെപ്പോലെ തലയറഞ്ഞു കരയുന്നതീ താൻ...

അങ്ങനെയെപ്പോഴോ മായ മഴയെ വെറുത്തു തുടങ്ങിയിരുന്നു.

വല്ലാതെ മഞ്ഞച്ചുപോയ ജാലകച്ചില്ലുകൾക്കുമീതേ- മുമ്പെന്നപോലെ - അവളെ തൊട്ടുണർത്താനായി ഓടിയണഞ്ഞുകൊണ്ടിരുന്ന ഓരോ മഴത്തുള്ളിയോടും ഒച്ചവയ്ക്കാതെ അവൾ പറഞ്ഞുകൊണ്ടിരുന്നു. - നിന്നെയെനിയ്ക്കു വെറുപ്പാണ്. നിന്റെ പച്ചപ്പുകളെ - മിന്നാമിനുങ്ങുകളെ...നിന്റേതായ എല്ലാത്തിനെയും

മച്ചിലേയ്ക്കു കണ്ണു തുറന്നു കിടക്കേ അവൾ ഒരുപാടു നോവുന്നുണ്ടായിരുന്നു. മഴയുടെ നേർത്ത ഇരമ്പം ബാക്കിയുണ്ട്.

ഓരോ നിർച്ചാലുകളിലും ഇപ്പോൾ പകലിന്റെ നനഞ്ഞ കടലാസുതോണികൾ വീണു കിടക്കുമെന്ന് വെറുതേ അവളോർത്തു.

ഏതൊക്കെയോ ഉണ്ണികൾ കടലാസു തുണ്ടുകൾ കീറിയെടുത്ത്...പിന്നെ രണ്ടായി മടക്കിച്ചേർത്ത് കൊടിവച്ച്..

ഉണ്ണീ...എന്തിനെന്നില്ലാതെ അവൾ വിളിച്ചു അടക്കിപ്പിടിച്ച തേങ്ങൽപോലെ- ദൂരെ നിന്നെങ്ങോ ഓടിയണഞ്ഞൊരു കാറ്റ് അവളെ അമ്പരപ്പിച്ചുകൊണ്ട് കഴുത്തിൽ കൈ ചുറ്റുകയും പിന്നെ കവിളുകളിൽ ഉമ്മവച്ചു നനയ്ക്കുകയും ചെയ്തു.

ഉണ്ണീ...വല്ലാത്തൊരത്ഭുതത്തോടെ വീണ്ടും വിളിക്കേ ഇരുട്ടിൽ വൃക്ഷത്തലപ്പുകൾ ഒന്നിളകി. എങ്ങുനിന്നോ വന്നൊരു നേർത്ത വെളിച്ചം മുറിനിറഞ്ഞു.

ആരോ ചേർത്തടച്ചെന്നപോലെ ജനൽപ്പാളികൾ അടഞ്ഞുനിന്നു.

ഒച്ചവയ്ക്കാതെ കാറ്റ് അവളെ വിളിച്ചുകൊണ്ട് മുറ്റത്തെ ഇരുട്ടിലേയ്ക്കോടി.

ഒരു കുട്ടിയെപ്പോലെ മഴ അപ്പോഴും ഓരോന്നു ചൊല്ലിക്കൊണ്ടിരുന്നു.

KAPL

# വന്ന വഴി മറക്കാത്ത എൻ എഫിന്, സ്നേഹപൂർവ്വം പി.എസ്.



പ്രൊഫ. എൽ. ഐ. പോൾ സുന്ദർ

ഇതൊരു നിയോഗമാണ്. നിർഭാഗ്യമാണ്. ഞാനിഷ്ടപ്പെട്ടിരുന്ന രണ്ടു പ്രശസ്തരായ പൂർവ്വ വിദ്യാർത്ഥികളുടെ ചരമക്കുറിപ്പെഴുതുക തികച്ചും നിർഭാഗ്യകരമാണ്. ദുഃഖകരമാണ്. രണ്ടു വർഷങ്ങൾക്കുമുമ്പ് സിനിമാ താരം സൈനുദ്ദീനെപ്പറ്റി ഒരനുസ്മരണം കോളേജ് മാഗസിനിൽ എഴുതേണ്ടിവന്നു. ഇപ്പോൾ എൻ. എഫ്. വർഗ്ഗീസിനെപ്പറ്റിയും. എൻ. എഫ്. വർഗ്ഗീസ് യു. സി. കോളേജിന് എന്നും അഭിമാനിക്കാവുന്ന ഒരു പൂർവ്വ വിദ്യാർത്ഥിയാണ്. ഇവിടെ പ്രീഡിഗ്രിക്കു രണ്ടു വർഷം പഠിച്ചു. അതിനുശേഷം കാലടി ശ്രീശങ്കരാ കോളേജിൽ ബി. കോമിനു ചേർന്നു.

നടുവേലിൽ ഫ്രാൻസിസിന്റെ ആറു മക്കളിലൊരാളായ വർഗ്ഗീസ് കോളേജിൽ പഠിക്കണമെന്ന അത്യാഗ്രഹം കൊണ്ടാണ് ഇവിടെ പ്രീഡിഗ്രിക്കു തേഡ് ഗ്രൂപ്പിൽ ചേർന്നത്. ഉളിയന്നൂർക്കാരൻ വർഗ്ഗീസിനു ഫീസിനത്തിൽ ഒരു മാസം കോളേജിൽ കൊടുക്കേണ്ട തുക അറുപതിൽ താഴെയാണ്. സയൻസ് വിഷയങ്ങളിൽ താല്പര്യമില്ലാത്തതുകൊണ്ടല്ല വർഗീസ് തേഡ് ഗ്രൂപ്പിൽ ചേർന്നത്. ഫീസിൽ അല്പം കുറവുണ്ടാകുമല്ലോ എന്നതായിരുന്നു ഏക പരിഗണന. സെറ്റിൽമെന്റ് ടെക്സ്റ്റയിൽസിൽ നിന്നും ഗുമസ്ത പണിക്കു ലഭിക്കുന്ന തുകയിൽ നിന്നും വേണമല്ലോ പഠിക്കാൻ. നിശ്ചയദാർഢ്യവും, കഠിന പ്രയത്നവും, അതിലുപരി സ്വന്തം കഴിവിലുള്ള ശരിയായ വിശ്വാസവും വർഗ്ഗീസിനെ യുസി കോളേജിലും ശങ്കരാ കോളേജിലും പഠിപ്പിച്ചു ഒരു ബിരുദധാരിയാക്കി. തുടർന്ന് ജീവിതത്തിലും.

പ്രീഡിഗ്രിക്കു പഠിക്കുമ്പോൾ തന്നെ വർഗ്ഗീസിനു തന്റെ കഴിവുകൾ നാടകരംഗത്താണു പ്രകടിപ്പിക്കാൻ കഴിയുക എന്ന തിരിച്ചറിവുണ്ടായിരുന്നു. അന്നു കോളേജിൽ അവതരിപ്പിച്ച നാടകങ്ങളിൽ വർഗ്ഗീസിനു മുഖ്യമായ "റോളറുകൾ" (സൈനുദ്ദീന്റെ ഭാഷ) ഉണ്ടായിരുന്നു. അനന്യസാധാരണമായ അഭിനയ പാടവമുണ്ടായിരുന്ന വർഗ്ഗീസിന് അനുകൂലമായ ഘടകമായി "ശബ്ദ"വുമുണ്ടായിരുന്നു. അനായാസകരമായി അഭിനയിക്കുവാൻ കഴിയുക, അനുയോജ്യമായ തരത്തിൽ കഥാപാത്രത്തിനു ശബ്ദം നല്കുക. ഏതൊരു അഭിനേതാവിനും ആവശ്യം വേണ്ടഗുണങ്ങളാണ്. വർഗ്ഗീസിനു അവ രണ്ടുമുണ്ടായിരുന്നു. അറിഞ്ഞോ, അറിയാതെയോ വർഗ്ഗീസിന്റെ ഈ കഴിവുകൾ കണ്ടെത്തിയ പ്രൊഫ. എൻ. സി. ചാക്കോയ്ക്കും, എനിക്കും വർഗ്ഗീസിനെ രംഗത്ത് അവതരിപ്പിക്കാൻ രണ്ടാമതൊന്നുകൂടി ആലോചിക്കേണ്ടിവന്നിട്ടില്ല. അറംപറ്റിയതുപോലെ എന്റെ പ്രവചനം ശരിയായി നിനക്കു നിന്റെ ശബ്ദം മാത്രം മതി ജീവിക്കാൻ. വർഗ്ഗീസിന്റെ ശബ്ദം, ശബ്ദമായിരുന്നു.

> **അലക്കുകാരനായാൽ അടിവസ്ത്രം പോലും അലക്കണം. അലക്കുജോലി ഭംഗിയായി ചെയ്തോ എന്നു മാത്രം ഉപഭോക്തതാവ് നോക്കിയാൽ മതി യെന്ന് ചങ്കൂറ്റത്തോടെ വിളിച്ചുപറയാൻ എൻ.എഫിനുമാത്രമേ കഴിയൂ.**

ഒരു ഫ്ളാഷ്ബാക്ക്

തിരക്കിട്ടു "എൻ ആറിന്റെ" പടികൾ കയറുമ്പോൾ ഒരു കുട്ടി ചോദിച്ചു. സാർ, പണ്ടു ആർട്സ് ക്ലബ്ബിൽ സജീവമായി പങ്കെടുത്തിരുന്നോ? അപ്രതീക്ഷിതമായി കേട്ട ആ ചോദ്യത്തിനു മുമ്പിൽ അല്പം പകച്ചുനിന്നിട്ടു തിരികെ ഞാൻ ചോദിച്ചു. തന്നോടിതാരു പറഞ്ഞ്? ഇന്നലെ എൻ. എഫ്. വർഗ്ഗീസ് ആർട്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തപ്പോൾ സാറിന്റേയും പ്രൊഫ. എൻ. സി. ചാക്കോ സാറിന്റേയും പേരുകൾ പ്രത്യേകം പറഞ്ഞു. നിങ്ങൾ രണ്ടുപേരാണു പോലും എൻ. എഫ്. വർഗ്ഗീസിനെ ഒരു നടനായി കണ്ടെത്തി പ്രോത്സാഹിപ്പിച്ചത്. തലേന്നു എൻ.എഫ്. ആർട്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്യാൻ വരുമെന്ന് അറിയാമായിരുന്നു. സാധാരണ പൂർവ്വ വിദ്യാർത്ഥികളും പൂർവ്വ സഹപ്രവർത്തകരും പങ്കെടുക്കുന്ന പരിപാടികളിൽ സംബന്ധിക്കണമെന്നു നിർബ്ബന്ധമുള്ള ഞാൻ അന്ന് ഒരത്യാവശ്യകാര്യത്തിനായി പുറത്തുപോയിരിക്കുകയായിരുന്നു. ചടങ്ങിൽ പങ്കെടുക്കാൻ കഴിയില്ല എന്നു മുമ്പേ അറിയാമായിരുന്നതുകൊണ്ട് എൻ. എഫിന്റെ സഹോദരനും, നമ്മുടെ ഓഫീസിലെ ജീവനക്കാരനുമായ എൻ. എഫ്. ജോസിനോടു വിവരം പറഞ്ഞു മുൻകൂർ ജാമ്യമെടുത്തിട്ടാണു ഞാൻ പോയത്. നേരത്തെ അടിത്തൂൺപറ്റി പിരിഞ്ഞുപോയ ഞാനും എൻ. എഫിന്റെ ചടങ്ങിൽ സംബന്ധിക്കുമെന്ന് സ്വാഭാവികമായും വർഗ്ഗീസ് പ്രതീക്ഷിച്ചിരുന്നു. സാധാരണ മനുഷ്യസ്വഭാവത്തിന് നാലുപേരറിയുന്ന വ്യക്തിയായി കഴിഞ്ഞാൽ ആ സ്ഥാനത്തിനു സഹായിച്ച വ്യക്തികളേയും, അതിനുവേണ്ടി വന്ന യാതനകളേയും ബോധപൂർവ്വം മറന്ന്, ഇതെല്ലാം സ്വന്തം കഴിവുകൊണ്ടാണു നേടിയതെന്ന ഭാവം കാണാറുണ്ട്. അതിനൊരപവാദമായിരുന്നു എൻ. എഫ്. കടന്നു വന്ന പാതയിലെ കല്ലും, മുള്ളും, എന്നും ഓർമ്മയിൽ പച്ചപിടിച്ചു നിന്നിരുന്നു. അതേ പാതയിലൂടെ സഞ്ചരിക്കുന്നവരെ അതുകൊണ്ടുതന്നെ കൈപിടിച്ചു നടത്താനും മറന്നില്ല.

എൻ. എഫ്. വർഗ്ഗീസ് എന്ന അതുല്യ നടനെ രൂപപ്പെടുത്താൻ യു. സി. കോളേജിനു കഴിഞ്ഞുവെന്നു പറയുന്നത് മൗഢ്യമാണ്. എന്നാൽ എൻ. എഫിൽ വളരെയധികം സാദ്ധ്യതകളുള്ള ഒരു വലിയ നടനുണ്ടെന്ന കാര്യം മനസ്സിലാക്കാൻ അന്നത്തെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ആർട്ട്സ് ക്ലബ്ബുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും കഴിഞ്ഞിരുന്നു. അങ്ങനെയുള്ളവരെ കഴിയുന്നത്ര പ്രോത്സാഹിപ്പിക്കാനും സാധിച്ചിരുന്നു. സൈനുദ്ദീനെപ്പറ്റിയെഴുതിയപ്പോൾ പരാമർശിച്ചതുപോലെ അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ വളരെ വളരെ അടുത്ത ഒരു ആത്മബന്ധമുണ്ടായിരുന്നു. ആ തലമുറയിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ഓർമ്മയുടെ ചെപ്പിൽ ഇന്നും അക്കാര്യങ്ങൾ ഉഷ്മളതയോടുകൂടി സൂക്ഷിക്കുന്നുണ്ട്.

ബിരുദത്തിനുശേഷം എൻ.എഫ്. ഏതു ജോലി ചെയ്യാനും തയ്യാറായിരുന്നു. സെയിൽസ്മാനായാലും, സെയിൽസ് എക്സിക്യൂട്ടിവായാലും മിമിക്രിക്കാരനായാലും, നാടക നടനായാലും, തിരക്കുള്ള സിനിമാതാരമായാലും, പരസ്യത്തിനു ശബ്ദം കൊടുക്കുന്ന വ്യക്തിയായാലും ഏറ്റ ജോലി കാര്യമായി, ഭംഗിയായി, ആത്മാർത്ഥമായി ചെയ്യുക, അതായിരുന്നു എൻ. എഫിന്റെ ഫിലോസഫി. അലക്കുകാരനായാൽ അടിവസ്ത്രംപോലും അലക്കണം. അലക്കുജോലി ഭംഗിയായി ചെയ്തോ എന്നു മാത്രം ഉപഭോക്തതാവ് നോക്കിയാൽ മതിയെന്ന് അറിയപ്പെടുന്ന സിനിമാ നടനായ ശേഷവും ധൈര്യമായി പറയാൻ എൻ. എഫിനു മാത്രമേ ചങ്കൂറ്റമുണ്ടാവൂ. സ്വന്തം അഭിപ്രായം വെട്ടിത്തുറന്നു പറയുമ്പോഴുണ്ടാവുന്ന അസ്വാരസ്യം അറിഞ്ഞുകൊണ്ടുതന്നെ ഈ ഉളിയന്നൂർക്കാരൻ ആരുടെ മുമ്പിലും തലകുനിക്കാതെ തനിക്കുള്ളതു പറയുമായിരുന്നു. പുറത്തു പരുക്കനായിരുന്നെങ്കിലും, അകത്തു വളരെ മൃദുലനായിരുന്ന വ്യക്തിയായിരുന്നു എൻ.എഫ്.

ഉളിയന്നൂരിൽ വലിയൊരു വീടു വച്ചപ്പോൾ എന്നെ അതിന്റെ ഗൃഹപ്രവേശത്തിനു ക്ഷണിക്കാൻ എൻ.എഫ്.

മറന്നില്ല. സാറെ, പുഴയുടെ കരയിൽ ചെറിയൊരു വീട് എന്നും എനിക്കൊരു സ്വപ്നമായിരുന്നു. ഇപ്പോൾ വലിയൊരു വീടു വച്ചു. വാസ്തവത്തിൽ ഇത്രയും കാശ് അതിനു ചെലവഴിക്കേണ്ടിയിരുന്നില്ല. പിന്നെ, സിനിമാതാരത്തിന്റെ വീട് എന്നു പറയണമെല്ലോ. ജനം പറയുന്ന 'ഗ്ലാമർ' വീടുപണിയെപ്പറ്റി വർഗ്ഗീസ് പറഞ്ഞതാണിത്. ഗൃഹപ്രവേശത്തിനു ഞാൻ പോയില്ല. എന്നാൽ അതിനോടു അടുത്ത ഒരു ദിവസം ആലുവ മാർക്കറ്റിൽ ഇറച്ചിക്കടയുടെ മുമ്പിൽ ഞാൻ നിൽക്കുമ്പോൾ പെട്ടെന്നൊരു ബഹളം 'വർഗ്ഗീസ്ചേട്ടൻ' ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ എൻ.എഫ്. വർഗ്ഗീസ് എന്നെ കണ്ടയുടനെ കുശലം ആരംഭിച്ചു. സാറും മാർക്കറ്റിൽ വരാറുണ്ടോ? ഇന്നെനിക്കു കുറച്ചു ബീഫും കരിമീനും വേണം. കുറച്ചു സിനിമാതാരങ്ങൾ വീട്ടിൽവരുന്നു. ഇറച്ചിക്കാരനോടും ചുറ്റും കൂടി നിന്നവരോടും വർഗ്ഗീസ് ചേട്ടൻ അവരിലൊരാളായി ഇടപഴകി. അതാണ് എൻ.എഫ്. എന്ന പച്ച മനുഷ്യൻ.

നല്ല റോളുകൾ ചെയ്യുമ്പോൾ അതിനെക്കുറിച്ച് 'നോട്ടീസ്' തരാൻ എൻ.എഫ്. മറക്കാറില്ലായിരുന്നു. പൊതുവേ സിനിമാ ഭ്രാന്തനല്ലാത്ത ഞാൻ എൻ.എഫിന്റെ ഇഷ്ടപ്പെട്ട റോളുകളെപ്പറ്റി നേരിട്ടും, ജോസുവഴിയും അറിയുമായിരുന്നു. അത്തരത്തിലുള്ള ഒരു കഥാപാത്രമായിരുന്നു. സ്ഫടികത്തിലെ പോലീസുകാരൻ. എത്ര അനായാസകരമായി മനസ്സിൽ തട്ടുന്ന വിധം ആ പോലീസുകാരന് ജീവൻ കൊടുക്കാൻ വർഗ്ഗീസിനു കഴിഞ്ഞു. പത്രത്തിലെ വില്ലൻ റോളിനെപ്പറ്റി വർഗ്ഗീസിനു തന്നെ വലിയ പ്രതീക്ഷയുണ്ടായിരുന്നു. ആ പ്രതീക്ഷ അസ്ഥാനത്തായിരുന്നില്ല.

പത്രത്തിന്റെ ഷൂട്ടിംഗ് കൊച്ചിയിൽ നടക്കുന്ന സമയം ഒരു ദിവസം രാവിലെ ഞാൻ തിരുവനന്തപുരത്തിനുപോകാൻ മാർത്താണ്ഡവർമ്മപാലത്തിനു സമീപം ബസ്സു കാത്തു നിൽക്കുന്നു. ബസ്സിന്റെ വരവും കാത്തു ആകാംക്ഷയോടുകൂടി നിൽക്കുന്ന എന്നെ അടുത്തു നിന്ന മറ്റൊരു യാത്രികൻ തോണ്ടിയിട്ടു പറഞ്ഞു സാറിനെ ദേ വണ്ടിയിലിരുന്നു എൻ.എഫ്. വർഗ്ഗീസാണെന്നു തോന്നുന്നു, വിളിക്കുന്നുണ്ട്. താഴത്തെ റോഡിൽ ഒരു വെള്ള ഓംനി വാനിൽ ഡ്രൈവറായി എൻ.എഫ്. വണ്ടി നിറയെ ആളുകൾ, സാറെന്താ ഇവിടെ ഉച്ചത്തിൽ വർഗ്ഗീസന്റെ ചോദ്യം. തിരുവനന്തപുരത്തിനു പോകാനാണെന്നു പറഞ്ഞപ്പോൾ തീവണ്ടിക്കാണെങ്കിൽ ഞാൻ സ്റ്റേഷനിൽ വിടാം. ഈ



പടയെല്ലാം സ്റ്റേഷനിലേയ്ക്കു പോവുകയാണ്. തീവണ്ടി യാത്രയ്ക്കു ഞാനില്ലെന്നു പറഞ്ഞപ്പോൾ യാത്രയും പറഞ്ഞു വർഗ്ഗീസ് വാനോടിച്ചുപോയി. ഏതാണ്ടു അരമണിക്കൂർ കഴിഞ്ഞിട്ടും ബസ്സുവരാത്ത അരിശത്തിൽ ഞാൻ നിൽക്കുമ്പോൾ തൊട്ടുമുമ്പിൽ വെളുത്ത ഓംനി വാൻ ചവിട്ടി നിർത്തിയിട്ടു എൻ.എഫ്. പറഞ്ഞു, സാറു കയറിക്കോ ഇടപ്പള്ളി ബൈപ്പാസിൽ വിടാം. നമുക്കു അതുവരെ വല്ലതും സംസാരിക്കുകയും ചെയ്യാമല്ലോ. വർഗ്ഗീസ് പത്രത്തിലെ വില്ലനെപ്പറ്റി വികാരാവേശത്തോടുകൂടി സംസാരിച്ചു. നല്ല ഒരു റോളാണത് സാർ അതു കണ്ടിട്ടു അഭിപ്രായം പറയണം. ഇടപ്പള്ളി ബൈപ്പാസിലെത്തിയപ്പോൾ ഏതായാലും സാർ വൈകിയില്ലെ, ഷൂട്ടിംഗ് കാണാൻ വരുന്നോ? ബോറടിയായിരിക്കും എന്നാലും കാണാം. സ്നേഹപൂർവ്വം വർഗ്ഗീസ് ക്ഷണിച്ചു. അതിനു കഴിയില്ല എന്നു ഞാൻ പറഞ്ഞപ്പോൾ എന്നാൽ ഞാൻ സാറിനെ എറണാകുളം ബസ്സ് സ്റ്റാൻഡിൽ കൊണ്ടുവിടാം എന്നു പറഞ്ഞു വണ്ടിതിരിച്ചു. കുറച്ചു ദൂരം പിന്നിട്ടപ്പോൾ ഒരു ടയർ പഞ്ചറായി. അല്പം അകലെ പഞ്ചറൊട്ടിക്കുന്ന ഒരു കട കണ്ടു. അതിനുമുന്നിൽ വണ്ടി നിർത്തിയിട്ടു ടയർ മാറിയിടാൻ വളരെ വിനയമായി ആവശ്യപ്പെട്ട വർഗ്ഗീസിനെ കണ്ടപ്പോൾ കടക്കാരന് അത്ഭുതം. ഇതു വർഗ്ഗീസ് സാറല്ലേ സിനിമാതാരം. ടയർ മാറ്റൽ വേഗത്തിൽ നടന്നു. സിനിമാതാരത്തിനു ഒരു സേവനം ചെയ്ത ചാരിതാർത്ഥ്യത്തിൽ ജോലിക്കൂലി നിർബ്ബന്ധിച്ചു നല്കിയിട്ടും വാങ്ങാൻ ആ കടക്കാരൻ വിസമ്മതിച്ചു. ബസ്സ് സ്റ്റാൻഡിൽ സിനിമാതാരത്തോടൊപ്പം കണ്ട എനിക്കും അർഹിക്കുന്ന അംഗീകാരം കിട്ടിയെന്നുള്ളതു രഹസ്യം. പിന്നീട് സിനിമ കണ്ട ശേഷം പത്രത്തിലെ വില്ലനെ അഭിനന്ദിക്കാൻ ഞാൻ മറന്നില്ല.

എൻ. എഫിന്റെ മകളുടെ കല്യാണം ക്ഷണിക്കാൻ വീട്ടിൽ വന്നപ്പോൾ ഞാനോ, ഭാര്യയോ സ്ഥലത്തില്ലായിരുന്നു. എന്റെ മക്കൾ മാത്രമേയുള്ളു. വർഗ്ഗീസിനെ സിനിമയിലൂടേയും, എന്റെ സംസാരത്തിലൂടേയും പരിചയമുള്ള മോൻ അങ്കിളിനെ സ്വീകരിച്ചിരുത്തി. അങ്കിൾ ഏകദേശം അരമണിക്കൂർ കുട്ടികളുമായി പഴയകാലചരിത്രം പങ്കുവച്ചു. ഏറ്റവുമൊടുവിൽ മനസ്സിൽ കൊള്ളുന്ന ഒരു ഡയലോഗ് എൻ.സിയും പി.എസുമാണ് എന്റെ ഗുരുക്കന്മാർ. അവർ കുടുംബസമേതം നിശ്ചയമായും എന്റെ മകളുടെ കല്യാണത്തിനു വരണം. ഞാൻ കുടുംബസമേതം വിവാഹ സൽക്കാരത്തിൽ പങ്കെടുത്തു. സിനിമാ താരത്തിന്റെ മകളുടെ കല്യാണം ആർഭാടപൂർവ്വമായിരുന്നു. പ്രത്യേകിച്ചും വരൻ അമേരിക്കയിലാവുമ്പോൾ 'ഗ്ലാമർ' കൂടുതൽ വേണമല്ലോ. അതിഗംഭീരമായി നടത്തിയ ആ സൽക്കാരത്തെപ്പറ്റി, അസൂയകൊണ്ടോ ഔചിത്യം കൊണ്ടോ എനിക്കെടുക്കാവുന്ന സ്വാതന്ത്ര്യത്തിൽ ഞാൻ രഹസ്യമായി വർഗ്ഗീസിനോടു ചോദിച്ചു. ഇത്രയധികം പണം ചെലവാക്കണമായിരുന്നോ? മറുപടി ഉടൻ ഞാൻ സാറിനോടു പറഞ്ഞിട്ടില്ലേ സിനിമാ താരത്തിനു പബ്ലിസിറ്റി വേണം. ജാഡവേണമെന്നെല്ലാം. ഇതെല്ലാം അതിന്റെ അനിവാര്യഘടകങ്ങളാണെന്നു മാത്രം. പച്ച മനുഷ്യനായി ശിഷ്യൻ ഗുരുവിനോടു പറഞ്ഞു. സ്വന്തം മകളുടെ കല്യാണത്തോടൊപ്പം പാവപ്പെട്ട രണ്ടു പെൺകുട്ടികളുടെ കല്യാണങ്ങൾ സ്വന്തം ചെലവിൽ നടത്തിക്കൊടുക്കാൻ എൻ.എഫ്. വർഗീസ് മറന്നില്ല. ഒരു പിതാവിന്റെ ഹൃദയം എത്ര ആർദ്രമാകണമെന്ന് രഹസ്യമായി ആ സിനിമാതാരം എന്നെ പഠിപ്പിക്കുകയായിരുന്നു.

2002 ജൂൺ 19 ബുധൻ സിനിമാ നടൻ എൻ.എഫ്. വർഗ്ഗീസ് ഹൃദയാഘാതത്തെത്തുടർന്നു അന്തരിച്ചു. കാരോത്തുകുഴി ആശുപത്രിയിലേക്കു സ്വന്തം കെ.എൽ. സെവൺ എ. സി. 1063 യൂനൊ കാർ ഓടിച്ചുകൊണ്ടുപോകുമ്പോഴായിരുന്നു അന്ത്യം. ടി.വിയിൽ കണ്ട ഞെട്ടിപ്പിച്ച വാർത്ത ടിവി. പരിപാടി കണ്ടുകൊണ്ടിരുന്ന മോൻ വിളിച്ചു പറഞ്ഞു. പപ്പാ എൻ. എഫ്. വർഗ്ഗീസങ്കിൾ മരിച്ചുപോയി. വിശ്വസിക്കാനായില്ല. ആ ദുഃഖവാർത്ത വീണ്ടും വീണ്ടും പ്രത്യക്ഷപ്പെട്ടു. വിശ്വസിക്കാൻ വിസമ്മതിച്ച ഞാൻ കോളേജിലേക്കു വിളിച്ചു. ഫോൺ അറ്റൻഡ് ചെയ്യുമ്പോൾ പറഞ്ഞു ശരിയാണു സർ വർഗ്ഗീസ് ചേട്ടൻ മരിച്ചു. നമ്മളൊക്കെ ജീവിതത്തിന്റെ അവസാന റീൽ ഓടിക്കൊണ്ടിരിക്കുകയല്ലെ സേവി, മരിക്കുന്നതിനു രണ്ടു ദിവസം മുമ്പ് ഉറ്റ സുഹൃത്തും നാടകരചയിതാവുമായ സേവ്യറിനോടു എൻ. എഫ്. പറഞ്ഞ വാചകം. അതെ. അവസാന റീൽ നാം അറിഞ്ഞില്ല. എൻ.എഫ്. അറിഞ്ഞിരുന്നു. മക്കളെ അമേരിക്കയിലേക്കു വിട്ടാൽ പെട്ടെന്നു നമ്മുടെ കാറ്റുപോയാൽ ശരീരം മൂന്നു ദിവസം പെട്ടിയിൽ കിടക്കേണ്ടി വരും യവനിക ഗോപാലകൃഷ്ണനോടു വർഗ്ഗീസ് പറഞ്ഞതാണ്. ആ ശരീരം മൂന്നുദിവസം മോർച്ചറിയിൽ കിടന്നു. എൻ. എഫിന്റെ മൃതശരീരം ഉളിയന്നൂരിലെ വസതിയിൽ കൊണ്ടുവരുന്നതിനു വളരെ മുമ്പുതന്നെ ഞാൻ അവിടെയെത്തി. തങ്ങളുടെ പ്രിയപ്പെട്ട വർഗ്ഗീസിനെ കാണാൻ ആ കര മുഴുവൻ കരഞ്ഞുകൊണ്ടു കാത്തു നിൽക്കുന്നു. ആ തിരക്കിനിടയിൽ ആരുമറിയാതെ കടന്നുചെന്ന എന്നെ ചില പൂർവ്വ വിദ്യാർത്ഥികൾ തടഞ്ഞു നിർത്തി. അവർക്കെല്ലാം എൻ. എഫ്. വർഗ്ഗീസിനെപ്പറ്റി ഒത്തിരിപറയാനുണ്ടായിരുന്നു. വീട്ടിനകത്തും പുറത്തും വലിയ ജനക്കൂട്ടം മൃതശരീരം വഹിച്ചുകൊണ്ടുള്ള വാഹനവും പ്രതീക്ഷിച്ചു അക്ഷമരായി കാത്തു നിൽക്കുന്നു. ഞാൻ ഒരു വശത്തു ആരും കാണാതെ മാറി നിന്നുകൊണ്ടു ദുഃഖമടക്കാൻ ശ്രമിക്കുമ്പോൾ പെട്ടെന്ന് ഉച്ചത്തിൽ ഒരു വിളി 'പോൾ സുന്ദർ സാറെ' എൻ. എഫ്. ജോസ് ഗദ്ഗദത്തോടുകൂടി വിളിച്ചതാണ്. ഞാൻ അടുത്തുചെന്നു. കരയുന്ന ജോസിനെ സമാധാനിപ്പിക്കാൻ കഴിയില്ലെന്നറിയാമായിരുന്ന ഞാൻ ജോസിനെ കെട്ടിപ്പിടിച്ചു നിന്നു. ജോസ് കരഞ്ഞുകൊണ്ടു പറഞ്ഞു സാറിനേയും എൻ. സി. യേയും അവന് എന്നും ഇഷ്ടമായിരുന്നു.

ഇതൊരു നിയോഗമാണ് നിർഭാഗ്യമാണ്. ഇങ്ങനെ ഒരു ചരമക്കുറിപ്പെഴുതുക. പ്രിയപ്പെട്ട എൻ.എഫ്. ഞങ്ങൾ നിന്നെ ഇഷ്ടപ്പെട്ടിരുന്നു, സ്നേഹിച്ചിരുന്നു.


**Kochin Darbar Hotel**

# അറിയാതെ അറിയുന്നു



അകലെയെങ്ങോ പെയ്തൊഴിഞ്ഞ
മഴയുടെ കുളിരായ്
എന്നെപ്പൊതിഞ്ഞു നിൻ സ്നേഹം
ഇരുളിൽ കേഴുമൊരു കുഞ്ഞുപക്ഷിയ്ക്ക്
വാർതിങ്കളായ് നിന്റെ സ്നേഹം
മങ്ങിയ മിഴികളിൽ
പ്രണയത്തിൻ നിറക്കൂട്ടുചാർത്തി,
വരണ്ടൊരെൻ നാവിൽ സപ്തസ്വരജതിയായ്,
അടഞ്ഞ കർണ്ണങ്ങൾക്ക് വീണാനാദമായ്
അജ്ഞാതമേതോ നൊമ്പരക്കനലെരിയു-
മൊരഗ്നികുണ്ഠമെന്നാത്മാവിന്
കുളിർചൊരിയും പുതുമഴയായ്,
തലോടുന്നിളം കാറ്റായ്
ആയിരം വർണ്ണങ്ങൾ പീലിവിടർത്തി
നിന്നാടിടും കോലമായ്...നിന്റെ സ്നേഹം
പിന്നെ, ദിനങ്ങൾ കൊഴിയവേ,
മഞ്ഞിൽ പുതപ്പിട്ട പുലർകാലങ്ങളിൽ
കണികണ്ടുണരുന്നു നിൻമുഖം
അകലെ, എൻ മാനസക്കോട്ടയാം
മാനത്ത് കണ്ണെത്തുമ്പോൾ
ഒരു താരകം എന്നെനോക്കി ചിരിക്കുന്നു;
നിഗൂഢമാം ഒരു പുഞ്ചിരി. എന്നിട്ട്,
എന്നോട് മന്ത്രിക്കുംപോലെ.
നിന്റെ മനസ്സിലും പ്രണയമുണ്ട്
എന്നോടുള്ള നിരന്തര സ്നേഹം
മെല്ലെ മനമൊന്ന് തിരയവേ -
അറിയാതെ അറിയുന്നു
എന്റെ മനസ്സിലും പ്രണയമുണ്ടെന്ന്
വിതുമ്പുന്നൊരാത്മാവിൻ പ്രണയം
അടക്കിപ്പിടിച്ച പ്രണയമെന്നിൽ വീർപ്പുമുട്ടുന്നു
ഒരു കനവായ്, നിനവായ്, കവിതയായ്....

**സ്റ്റെല്ല മരിയ**
മലയാള സാഹിത്യബിരുദം ഒന്നാംവർഷം



# THE MYSTERY



Do you see the angelic glow on her face?
Has the Emperor of the East obliged her
By showering his vibrant, golden rays on her
Or is it the advance of spring -
With crisp fragrance saturating the air?
Could it be the jingling stream,
Speckled by mossy green spots of rocks?
Or is it the whispering leaves
Of the nearby woods?
Where lies the mystery of her blooming face?

Something there is that lies entangled -
Between her firmly folded arms
Something that has arrested her gazing eye
Is it a jewel box, a crystal ball..
Oh !.... Its a baby child !
Now I can see it all clear;
And now I know the secret,
The secret behind her radiant face

**STELLA K. JOHN**
First Year MA English Literature



# ഞങ്ങൾ കുഴലൂതുന്നു ദൈവം നൃത്തം ചെയ്യുന്നു!

റിജാസ് എ. ജെ.
സാമ്പത്തികശാസ്ത്രബിരുദം രണ്ടാംവർഷം

വിഷനീലിമയാർന്ന മുഖം നിറയെ വസൂരിക്കലയുള്ള ആകാശം, മഞ്ഞ നിറമുള്ള ഒറ്റക്കണ്ണുതുറന്ന് വംശീയകലാപം കത്തിപ്പടരുന്ന തെരുവുകളിൽ നേർ പരതാൻ തുടങ്ങി.

ഏതുനിമിഷവും കടന്നുവന്നേക്കാവുന്ന ആക്രമണങ്ങളെപ്പറ്റിയുള്ള ചിന്തകൾക്ക് പോലും, ഒരുപക്ഷെ ഒരാളെ ഒടുക്കുവാനുള്ള ശേഷിയുണ്ട്.

അത് അമ്മയ്ക്കറിയാം.

അമ്മ വാതിൽ പാതിതുറന്നിട്ട് നിറം മങ്ങിയ ചുവർ ചാരിയിരിക്കുന്നു;

മിഴിപൂട്ടാതെ, നിശ്ശബ്ദയായി

അതൊരു കാത്തിരിപ്പാണ്.

അപ്പോൾ അമ്മയുടെ മകനോ; അവൻ തെരുവിന്റെ നിലാവെത്തപ്പെടാത്ത ഇരുണ്ട മൂലയിൽ തീവ്രവാദിയുടെ (ദൈവത്തിന്റെ സംരക്ഷണം ഏറ്റെടുത്ത മഹാൻ!) തോക്കിന് മുന്നിൽ നിശ്ചേഷ്ടനായി നിൽക്കുന്നു.

തീവ്രവാദിയുടെ വിരൽത്തുമ്പിൽ പാഞ്ഞെത്തിയ ക്രൂരനായ ദൈവം ക്ഷമയറ്റു വിറച്ചു. "എന്തിനാണിനിയും വൈകുന്നത്? ട്രിഗറിൽ വിരലമർത്തൂ". ദൈവം മുരണ്ടു. "ആ തലയോട് പൊട്ടിച്ചിതറുന്നത് കാണാൻ എനിക്ക് കൊതിയായി".

അമ്മ പ്രാർത്ഥിച്ചു. എന്റെ പരമ കാരുണികനായ ദൈവമേ ഇനിയും നിന്റെ കണ്ണുകൾ തുറക്കാത്തതെന്ത്? എന്റെ മകനെ ഈ ഭവനത്തിൽ നിന്ന് യാത്രയയക്കുമ്പോഴെല്ലാം നിന്റെ സംരക്ഷണമുണ്ടാകുമെന്നല്ലേ ഞാൻ വിശ്വസിക്കുന്നത്...

അമ്മ ഉള്ളുരുകി കരയാൻ തുടങ്ങി.

തീവ്രവാദിയുടെ വിരൽത്തുമ്പിലിരുന്ന് ദൈവമൊന്നു ഞെട്ടി. ആരോ തന്നെ വിളിക്കുന്നു. ആരാണത്? മനസ്സ് ഏകാഗ്രമാക്കി സന്ദേശത്തിന് കാത് വിടർത്തി. ഒരു സ്ത്രീയാണ്. രസാവഹമായ ഒരു നാടകം കാണാൻ ആകാംക്ഷാഭരിതമായി കാത്തിരുന്ന തന്റെ ശ്രദ്ധ തെറ്റിയിരിക്കുന്നു. ദൈവം രോക്ഷം മറച്ചുപിടിച്ചുകൊണ്ട് പ്രാർത്ഥന കേട്ടു.

മകനെ രക്ഷിക്കണമത്രേ! ആരാണ് മകൻ? ദൈവം നാടകത്തിന് അഞ്ചുനിമിഷം ഇടവേള നല്കി, അണിയറയിൽ നിന്ന് പ്രാർത്ഥനയുടെ നേർത്ത ഇടവഴിയിലൂടെ നടക്കാൻ തുടങ്ങി. അമ്മയുടെ ഹൃദയത്തിൽ കാരുണ്യമായി നിറഞ്ഞു! കണ്ണുനീരിൽ നനഞ്ഞിറങ്ങി മുറിയാകെ പരതാൻ തുടങ്ങി. ഒടുവിൽ അമ്മയുടെ പഴയ ട്രങ്കുപെട്ടിയിൽ നിന്ന് ആ ചിത്രം കണ്ടെടുത്തു. കാരുണ്യവാനായ ദൈവത്തിന്റെ മനസ്സു കലങ്ങി. പൊട്ടിത്തെറിച്ച ശിരസ്സുമായി അരങ്ങുനിറഞ്ഞു വീഴേണ്ട നായകനല്ലെ ഇവൻ. കഷ്ടം.

അമ്മ ആ ചിത്രം നെഞ്ചോടു ചേർത്തു. മനസ്സാന്നിദ്ധ്യം നഷ്ടപ്പെട്ട ദൈവത്തിന് വഴിതെറ്റി, തിരികെ പോകാനുള്ള വഴിമറന്ന ദൈവം, സ്വർണ്ണത്തേരിലെഴുന്നള്ളുന്ന രാജകുമാരൻ വാഴുന്ന ഏഴു കടലുകൾക്കപ്പുറത്തുള്ള പവിഴ ദ്വീപ് സ്വപ്നം കണ്ടുറങ്ങിയിരുന്ന (!) പെൺകുട്ടിയുടെ കിനാവിലേക്കാണ് കടന്നത്. പ്രണയദൈവം.

ദൈവസാന്നിദ്ധ്യം നഷ്ടപ്പെട്ട അതേനിമിഷം തന്നെ തീവ്രവാദിയുടെ കൈ കഴച്ചു. ഞൊടിയിടയിൽ അമ്മയുടെ മകൻ തീവ്രവാദിയുടെ തോക്ക് തട്ടിത്തെറിപ്പിക്കുകയും ചെയ്തു. നിരായുധനായ തീവ്രവാദി മകന്റെ മുന്നിൽ തൊഴുതു നിന്നു.

മകൻ പറഞ്ഞു.

ഗാന്ധിജിയുടെ മണ്ണിൽ പിറന്നവരല്ലെ നാം; സഹോദരന്മാർ, എന്തിന് നമ്മൾ പരസ്പരം കൊന്നൊടുക്കണം? ആർക്കുവേണ്ടി മരിക്കണം? മനുഷ്യസ്നേഹം തന്നെയല്ലേ ദൈവസ്നേഹം? "സമാധാനപ്രിയൻ ദൈവം" അവതരിക്കുന്നു.

തീവ്രവാദി കരഞ്ഞു. മാപ്പു പറഞ്ഞു. "കാപാലികർ ഇരുളിൽ പതിയിരുപ്പുണ്ടാവാം സൂക്ഷിക്കണം". മുന്നറിയിപ്പു നൽകി.

സ്നേഹം ദൈവമാകുന്നു.

മകൻ പറഞ്ഞു. "നന്ദിയുണ്ട് സുഹൃത്തേ"

"എന്റെ ദൈവമേ, എന്റെ ആത്മാവേ..."

പ്രണയദൈവം ഞെട്ടിയുണർന്നു. വഴിതെററിയിരിക്കുന്നു. ഏതുകടലാണ് താനിപ്പോൾ താണ്ടുന്നത്. ദൈവത്തിന്റെ കണ്ണുകൾ ചുവന്നു. പ്രാർത്ഥനയുടെ ചിറകിൽ തിരികെപ്പാഞ്ഞു. ലക്ഷ്യം മാത്രം മുന്നിൽ.

മകന്റെ കണ്ണുകൾ സംശയത്താലൊന്നു കുമ്പി. അവൻ പിന്നാലെ നിന്ന് വെടിവെച്ചാലോ..... ഇല്ല അത് സംഭവിക്കരുത്. മകൻ ചുറ്റും പരതാൻ തുടങ്ങി. തൊട്ടടുത്ത് തീവ്രവാദിയിൽ നിന്നറ്റുപോയ തോക്ക് നിലാവ് കണ്ടെടുത്തിരിക്കുന്നു. ഭാഗ്യം! ഞൊടിയിടയിൽ മകനതു കൈക്കലാക്കി. അകന്നുപോകുന്ന തീവ്രവാദിയുടെ - ഇപ്പോഴങ്ങിനെയാണോ - തലയ്ക്കു പിന്നിൽ ലക്ഷ്യം വച്ചു. ക്രൂരനായ ദൈവം വിരൽത്തുമ്പിൽ പാഞ്ഞെത്തി. സംശയിക്കരുത്, മനസ്സു പതറരുത് ഇനിയും പ്രാർത്ഥനകൾ ഉണരും മുമ്പേ അത് സംഭവിക്കണം. വൺ, ടു ... ത്രീ...

അതു സംഭവിച്ചു. കൊള്ളാം! ദൈവം ഉറഞ്ഞു ചിരിച്ചു ഒരു മണ്ടനെപ്പോലെ. അമ്മ കാത്തിരിപ്പിന്റെ ഏതോ ഒരു നിമിഷത്തിൽ മയങ്ങിപ്പോയിരുന്നു. മകൻ തെരുവിന്റെ ഏറ്റവും ഗൂഢമായ ഒരിടത്ത് വന്നുപെട്ടേക്കാവുന്നവരെ കാത്ത് നിറതോക്കുമായി കാത്തിരിപ്പ് തുടർന്നു.

രാത്രിയുടെ ഒറ്റക്കണ്ണു പൊട്ടുവോളം.

Alfa Ice Cream

This is where the roads wait to be led
Where the dreary paths are traversed in illusions of ecstasy
Try as we might, we never reach the sky
for clouds (we know!) have sharp edges
My clock stopped a long time back
I no longer hope it will tick one day
For who needs to count the days begone
And wonder, how little we changed



I have entered through the threshold of dreams
Where is the salvation I left behind
I cry at the crimson of the devilish sky!
I refuse to sail with the clouds of innocence
there is passion in my voice, though my love is dead
There is pain in my memories though my spirit is numb
It has been long enough, I am tired of this wait
Let me not remember my forgotten dreams

**RACHEL A. VARGHESE**
First Year BA Psychology



രാഷ്ട്രപതി സ്ഥാനത്തേക്ക് മത്സരിച്ച ആദ്യവനിത.

സുഭാഷ് ചന്ദ്രബോസിന്റെ ഐ.എൻ.എ.യിൽ ചേർന്നുകൊണ്ട് സ്വാതന്ത്ര്യസ്വപ്നങ്ങൾക്ക് സായുധസമര പ്രവർത്തനങ്ങൾകൊണ്ട് കരുത്തേകി.

ഐ.എൻ.എ.യിൽ ഝാൻസി റാണി റെജിമെന്റിന് നേതൃത്വം നൽകിക്കൊണ്ട് സ്ത്രൈണതയ്ക്ക് വിമോചനത്തിന്റെ നിറം പകർന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഇടതുപക്ഷ ചിന്തകളെ മുറുകെപ്പിടിച്ചുകൊണ്ട് ജനകീയ പോരാട്ടങ്ങൾ ഏറ്റെടുത്തു.

നിരവധി ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളും സ്ത്രീശരീരത്തെ ചരക്കാക്കുന്ന ഉപഭോഗ സംസ്ക്കാരത്തിനെതിരെയുള്ള നിലയ്ക്കാത്ത ശബ്ദവും ക്യാപ്റ്റൻ ലക്ഷ്മിയിൽ തിളങ്ങി നിൽക്കുന്നു.

പ്രായാധിക്യത്തെ .മറന്ന്, ഇന്നും ചൂഷണരഹിതമായ സമൂഹത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളുടെ സഹയാത്രിക...

# സമരവീര്യത്തിന്റെ ജ്വലിക്കുന്ന പ്രതീകം

## ക്യാപ്റ്റൻ ലക്ഷ്മി സൈഗാളുമായി നടത്തിയ സംഭാഷണത്തിൽ നിന്ന് മാഗസിൻ കമ്മറ്റി തയ്യാറാക്കിയത്

**സ്വാതന്ത്ര്യസമരകാലത്തും അടിയന്തരാവസ്ഥയുടെ കറുത്ത നാളുകളിലും യുവജനതക്ക് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിനും സമരങ്ങളിൽ പങ്കുചേരുന്നതിനും വ്യക്തമായ ലക്ഷ്യബോധം ഉണ്ടായിരുന്നു. ഇന്ന്, പ്രതികരിക്കേണ്ട സാഹചര്യങ്ങളും ആവശ്യകതയും ഇല്ലെന്നുള്ള കുടിക്കുഴയലുകളിൽ യുവാക്കൾ കറങ്ങി നടക്കുന്നു. സ്വാതന്ത്ര്യസമര പോരാളി എന്ന നിലയിൽ ഇതിനെ എങ്ങനെ നോക്കിക്കാണാം?**

ഇത് തെറ്റായ പ്രവണതയാണ്. സ്വാതന്ത്ര്യം കിട്ടിയാൽ അവരവരുടെ വീട്ടിൽ പോയി സുഖമായി കിടന്നുറങ്ങി ഊണുകഴിക്കാമെന്ന് ആരും വിചാരിക്കേണ്ടതില്ലെന്ന് ഐ.എൻ.എയിൽ പ്രവർത്തിക്കുന്ന സമയത്ത് നേതാജി ഞങ്ങളോട് പറയാറുണ്ട്. സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞാണ് ശരിക്കുള്ള പണി തുടങ്ങേണ്ടത്. സ്വാതന്ത്ര്യം എന്ന് പറഞ്ഞാൽ എങ്ങനെയുള്ള സ്വാതന്ത്ര്യമാണ്? സ്വാതന്ത്ര്യം എന്നുപറയുന്നത് പൊതുജനങ്ങളുടെ മൊത്തമായ സ്വാതന്ത്ര്യമാണ്. ഇന്ന് സ്വാതന്ത്ര്യം കിട്ടിയിരിക്കുന്നത് ചില മന്ത്രിമാർക്കും പൗരപ്രമാണികളെന്ന് നടിക്കുന്നവർക്കും പണക്കാർക്കും മാത്രമാണ്. അവരുടെ

ലക്ഷ്യം വീടുണ്ടാക്കണമെന്നും പണം വാരിക്കൂട്ടണമെന്നും മക്കളെ അമേരിക്കയിൽ വിട്ട് പഠിപ്പിക്കണമെന്നും മാത്രമാണ് നമ്മുടെ നാട്ടിൽ അധികവും പാവപ്പെട്ടവരാണ്. നിരക്ഷരരും തൊഴിലാളികളും സ്ത്രീകളും ജാതി-മത വ്യത്യാസങ്ങൾകൊണ്ട് തഴയപ്പെട്ടവരും - ഇങ്ങനെ എല്ലാവർക്കും ഗുണം കിട്ടുന്ന സ്വാതന്ത്ര്യമാണ് നമ്മുടെ ലക്ഷ്യം

നമുക്ക് സ്വാതന്ത്ര്യം കിട്ടിയത് വർഗ്ഗീയതയുടെ പേരിൽ രാജ്യത്തെ വിഭജിച്ചുകൊണ്ടാണ്. അങ്ങനെ സംഭവിച്ചപ്പോൾ തന്നെ നമുക്ക് കിട്ടിയ സ്വാതന്ത്ര്യത്തിന്റെ നിറം മങ്ങിപ്പോയി. അതുകൂടാതെ അന്നത്തെ കോൺഗ്രസ് നേതാക്കന്മാർ വിചാരിച്ചു, അവരുടെ ത്യാഗവും ശ്രമവും കൊണ്ടുമാത്രമാണ് ഇന്ത്യക്ക് സ്വാതന്ത്ര്യംകിട്ടിയതെന്ന്. അതുകൊണ്ട് ഗുണം നേതാക്കന്മാർക്ക് മാത്രം മതിയെന്ന് അവർ ശഠിച്ചു. പൊതുജനങ്ങൾക്ക് ഗുണം കിട്ടണമെന്നുള്ള ഉദ്ദേശ്യം തന്നെ നേതാക്കന്മാർക്ക് ഇല്ലാതായി.

എല്ലാവർക്കും വിദ്യാഭ്യാസം, ആരോഗ്യം, തുല്യമായ അധികാരങ്ങൾ ഇവയ്ക്കൊന്നും രാജ്യഭരണക്കാർ പ്രാധാന്യം കൊടുത്തില്ല.

<u>ബ്രിട്ടീഷ് സാമ്രാജ്യത്തോട് ഏറ്റുമുട്ടിയപ്പോൾ സ്വാതന്ത്ര്യസമര പോരാളികൾ ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന സ്വാതന്ത്ര്യസ്വപ്നം സ്വതന്ത്ര ഇന്ത്യയിൽ യാഥാർത്ഥ്യമായിട്ടില്ല എന്നാണോ പറയുന്നത്?</u>

അതെ, നമ്മൾ വീണ്ടുമൊരു സ്വാതന്ത്ര്യസമരത്തിന് തയ്യാറാകേണ്ട സമയമാണിത്. ആഗോള സാമ്രാജ്യത്തിന്റെ ചൂഷണത്തോടുള്ള ഗവൺമെന്റുകളുടെ വിധേയത്വമനോഭാവത്തോടും ഭൂരിപക്ഷ - ന്യൂനപക്ഷ വർഗ്ഗീയതകൾക്കെതിരായും സമരം ചെയ്യേണ്ട നിർണ്ണായക കാലഘട്ടമാണിത്.

വിദ്യാർത്ഥികൾക്കാണെങ്കിൽ വിദ്യാഭ്യാസം കച്ചവടവൽക്കരിക്കുന്നതിനെതിരെയും വർഗ്ഗീയ വൽക്കരിക്കുന്നതിനെതിരെയും പ്രതികരിച്ചില്ലെങ്കിൽ സ്വതന്ത്രമായ വിദ്യാഭ്യാസ സമ്പ്രദായം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാവും. വിദ്യാഭ്യാസമെന്നത് വരും തലമുറക്ക് കൊടുക്കാവുന്ന ഏറ്റവും വലിയ സ്വത്താണ്. അതുകൊണ്ട് ഇതിനെതിരെ നടക്കുന്ന എല്ലാ ദുഷ്പ്രവണതകൾക്കുമെതിരെ വിദ്യാർത്ഥികൾ മാത്രമല്ല, സമസ്ത മേഖലകളിലെയും ആളുകൾ പ്രതികരിക്കേണ്ടതാണ്. വലതുപക്ഷക്കാർ എല്ലാ കാലത്തും പറയുന്നത് വിദ്യാർത്ഥികൾക്ക് രാജ്യഭരണത്തിൽ കാര്യമില്ല എന്നാണ്. എന്നാൽ ഇതിന്റെ മറുവശം നമ്മൾ കാണേണ്ടതാണ്. വലതു പക്ഷനേതാക്കളായ ആന്റണിയടക്കമുള്ള നേതാക്കൾ രാഷ്ട്രീയത്തിൽ പ്രവേശിച്ചത് വിദ്യാർത്ഥി രാഷ്ട്രീയ പ്രസ്ഥാനത്തിലൂടെയാണ് നിങ്ങൾ അദ്ധ്യാപകരോടും സമരങ്ങളിൽ പങ്കെടുക്കാത്ത വിദ്യാർത്ഥികളോടും

പറയൂ രാജ്യത്തിന്റെ സ്ഥിതി വഷളാണെന്നും നിങ്ങൾ പ്രതികരിച്ചില്ലെങ്കിൽ ഇവിടെ കാട്ടുനീതി വന്നെത്തുമെന്നും. ഇവിടെ ജാതി-മത സാമ്പത്തികഭേദം കൂടാതെ എല്ലാവർക്കും തുല്യനീതിയോടെ പഠിക്കാനുള്ള അവസരം വേണം.

<u>ബ്രിട്ടീഷുകാരുടെ ഭരണകാലത്തും തുടർന്ന് സ്വതന്ത്ര ഇന്ത്യയിൽ വിഭജനത്തോടൊപ്പവും ഇപ്പോൾ ഗുജറാത്തിൽ ബ്രിട്ടീഷ് ഭരണകാലത്തെ അനുസ്മരിപ്പിക്കുന്ന വിധം അതിഭയാനകമായ രീതിയിലും വർഗ്ഗീയ കലാപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രപതി സ്ഥാനാർത്ഥിയായി മത്സരിച്ചപ്പോൾ പ്രചരണത്തിനുപയോഗിച്ച ഏറ്റവും മൂർച്ചയേറിയ ആയുധം എന്ന നിലയിൽ ഈ വർഗ്ഗീയ കലാപങ്ങളെ ഏതു രീതിയിലാണ് കാണുന്നത്?</u>

ബ്രിട്ടീഷുകാർ ഇന്ത്യയെ ഭരിച്ചത് ഡിവൈഡ് ആന്റ് റൂൾ എന്ന നയത്തിലൂടെയാണല്ലോ. അവർ ഇന്ത്യൻ ജനതയെ ഹിന്ദു-മുസ്ലീം എന്നിങ്ങനെ വേർതിരിച്ച് മതവികാരങ്ങളെ വ്രണപ്പെടുത്തി, കൃത്രിമമായി ഉണ്ടാക്കിയ വർഗ്ഗീയ കലാപങ്ങളിലൂടെ രാജ്യത്തെ ഭംഗിയായി വിഭജിച്ചു ഭരിച്ചു. എന്നാൽ സ്വതന്ത്ര ഇന്ത്യയിലെ കോൺഗ്രസ് നേതാക്കന്മാരും തുടർന്ന് ഇപ്പോഴുള്ള ബി.ജെ.പി ഗവൺമെന്റും രാജ്യത്തെ ഭരിക്കുന്നത് ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ, സിക്ക് എന്നിങ്ങനെ എല്ലാ മതങ്ങൾ തമ്മിലും ജാതികൾ തമ്മിലും കഴിയാവുന്നത്ര വൈരം വളർത്തിയും ഫാസിസ്റ്റ് ആശയങ്ങൾ ഇന്ത്യയിലെ ഭൂരിഭാഗം വരുന്ന നിരക്ഷരരുടെ തലച്ചോറിൽ കുത്തിവച്ചുകൊണ്ടുമാണ്. ഈ അവസ്ഥ തുടർന്നാൽ ഇന്ത്യൻ ജനത നേടിയെടുത്ത സ്വാതന്ത്ര്യം നമ്മൾ ഫാസിസ്റ്റ് വർഗ്ഗീയ ശക്തികളുടെ മുമ്പിൽ അടിയറവെക്കുന്ന ദയനീയ അവസ്ഥ വന്നുചേരും. ഇതിനെതിരെയുള്ള ആശയം അറിയിക്കാൻ വേണ്ടികൂടിയാണ് ഞാൻ രാഷ്ട്രപതി സ്ഥാനത്തേക്ക് മത്സരിക്കാൻ തീരുമാനിച്ചത്. ഹിന്ദു വർഗ്ഗീയ വാദികൾ ഗുജറാത്തിനെ ഒരു ലബോറട്ടറിയായിട്ടാണ് കാണുന്നത്. കാരണം ഈ പരീക്ഷണത്തിന്റെ ഫലം ആശാവഹമാണെങ്കിൽ ഇന്ത്യയിലൊട്ടാകെ നടപ്പിലാക്കണമമെന്ന് അവർ വിചാരിക്കുന്നു.





**അടുത്തയിടെ ചില പത്രക്കുറിപ്പുകളിൽ ഗുജറാത്തിൽ നടത്തിയ വർഗ്ഗീയ കലാപങ്ങളുടെ മറവിൽ അവിടെയുള്ള ഭൂരിപക്ഷത്തെ പ്രീണിപ്പിച്ച് കപട ഹിന്ദുത്വവാദികൾ നിയമസഭാ ഇലക്ഷനിൽ ജയിക്കുമെന്നും ഇതിന്റെ തുടർച്ചയിൽ ഒരു വർഷത്തിനകം കേന്ദ്രഗവൺമെന്റ് പിരിച്ചുവിട്ട് ഇലക്ഷൻ നടത്തി വിജയിക്കുമെന്നുള്ള പ്രവചനം നടത്തിയിട്ടുണ്ട്. ഈ പ്രവചനത്തിന്റെ സാദ്ധ്യത എത്രത്തോളമാണ്? രാഷ്ട്രീയ സംഘടന എന്ന നിലയിൽ താങ്കൾ വിശ്വസിക്കുന്ന ഇടതുപക്ഷ പാർട്ടികൾക്ക് ഇതിൽ എന്തു ചെയ്യാൻ കഴിയും?**

മതങ്ങളെ പ്രീണിപ്പിച്ച് വോട്ടുബാങ്കുകൾ നേടുന്നവരെ സർവ്വശക്തിയുമെടുത്ത് എതിർത്തില്ലെങ്കിൽ ഈ പ്രവചനത്തിനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. ഹിന്ദുത്വവർഗ്ഗീയവാദികൾ വിചാരിക്കുന്നു, അവർ ഹിന്ദുധർമ്മത്തെ രക്ഷിക്കുകയാണെന്ന്. എന്നാൽ അവർ ഹിന്ദുധർമ്മത്തെ പൊളിക്കുകയാണ് ചെയ്യുന്നത്. ഹിന്ദുധർമ്മത്തിൽ ഒരിക്കലും പറഞ്ഞിട്ടില്ല മറ്റു ധർമ്മങ്ങൾ സ്വീകരിക്കുന്നവർക്ക് യാതൊരു അധികാരവുമില്ലെന്നും അവരെ കൊന്നൊടുക്കണമെന്നും. മറ്റു മതങ്ങളും സംസ്കാരങ്ങളും ഇന്ത്യയിൽ വന്നത് ഇന്ത്യയിലെ രാജാക്കന്മാരും ആളുകളും മറ്റു മതങ്ങളുടെയും ആശയങ്ങളുടെയും നല്ല വശങ്ങളെ സ്വീകരിക്കുന്നവരും അവർക്ക് അഭയം കൊടുക്കുന്നവരുമായതുകൊണ്ടാണ്. ജൂതന്മാർക്കുപോലും സിനഗോഗ് പണിയുവാനുള്ള സാഹചര്യം ഇവിടത്തെ ജനങ്ങൾ ചെയ്തു കൊടുത്തു. അങ്ങനെ സഹിഷ്ണുതയുടെ പ്രതീകമായിരുന്നു ഭാരതം. അങ്ങനെയുള്ള ഒരു സംസ്കാരത്തിന്റെ 'കപടപ്രതിനിധി' കളാണ് രാജ്യത്ത് വർഗ്ഗീയ കലാപങ്ങൾ ഉണ്ടാക്കുന്നതെന്ന് തിരിച്ചറിഞ്ഞില്ലെങ്കിൽ നമ്മുടെ രാജ്യം ഒരിക്കലും കാണാത്ത ജനാധിപത്യ വൈകൃതങ്ങളിലേക്ക് വഴുതിവീഴും. ഇടതുപക്ഷ പാർട്ടികൾക്ക് ഇതിനെതിരെ വളരെയധികം പ്രചരണ പ്രവർത്തനങ്ങളും അജണ്ടയും ഉണ്ട്. എന്നാൽ ഇടതുപക്ഷക്കാർക്കെതിരെയുള്ള ആരോപണം അവർ ദൈവവിശ്വാസികളല്ല, അവർക്കു ദേശഭക്തിയില്ല, അവർ ശരിക്കുള്ള മനുഷ്യന്മാരല്ല എന്നൊക്കെയാണ്. ഗുജറാത്തിലെ മുസ്ലീങ്ങൾക്ക് സഹായവുമായി ആദ്യമെത്തിയത് ഇടതുപാർട്ടികളാണ്. അവിടെയുള്ള ന്യൂനപക്ഷവിഭാഗങ്ങൾക്ക് ഇപ്പോൾ ഇടതുപാർട്ടികളിൽ മാത്രമാണ് വിശ്വാസമുള്ളത്.

**രാഷ്ട്രപതി സ്ഥാനാർത്ഥിത്വത്തിലൂടെ വർഗ്ഗീയകലാപങ്ങളോടും, അതുപോലെതന്നെ അമേരിക്കയ്ക്കു വാതിൽ തുറന്നുകൊടുക്കുന്ന നയത്തിനുമെതിരായി എത്രത്തോളം ഫലപ്രദമായി പ്രചരണം നടത്താൻ കഴിഞ്ഞു?**

തോൽക്കുമെന്നുറപ്പായിരുന്നിട്ടും ഈ പ്രചരണം നടത്താൻ വേണ്ടി മാത്രമാണ് ഞാൻ മത്സരിക്കാൻ തീരുമാനിച്ചത്. ഇതിലൂടെ ഇടതുപക്ഷത്തിനു മാത്രമാണ് ന്യൂനപക്ഷങ്ങളെയും, സാധുക്കളെയും, തൊഴിലാളികളെയും, സ്ത്രീകളെയും രക്ഷിക്കാനുള്ള ധാർമ്മികതയും അജണ്ടയും ഉള്ളൂ എന്ന് പരിമിതമായ സാഹചര്യത്തിൽ പ്രചരണം നടത്താൻ കഴിഞ്ഞു. ഇടതുപാർട്ടികൾക്ക് വേരുകളില്ലാത്ത സ്ഥലങ്ങളിൽപ്പോലും ഈ പ്രചരണങ്ങൾക്ക് ഗുണകരമായ പ്രതികരണങ്ങൾ, പ്രത്യേകിച്ച് യുവജനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായി. അമേരിയ്ക്കക്ക് വാതിൽ തുറന്നുകൊടുക്കുന്ന നയം മൂലം യുവാക്കൾക്ക് തൊഴിലില്ല, വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യമില്ല; അതിനുമപ്പുറം പഠിച്ചുകഴിഞ്ഞാൽ എന്ത് എന്ന ചോദ്യവും നിലനിൽക്കുന്നു. അങ്ങനെ പല കാരണങ്ങൾകൊണ്ട് സമകാലിക ഇന്ത്യയിൽ യുവജനങ്ങൾ അടിമത്വങ്ങളുടെ നടുവിൽ നട്ടം തിരിയുകയാണ്.

**കാശ്മീർ പ്രശ്നത്തിന് ഫലപ്രദമായ പരിഹാരം നിർദ്ദേശിക്കുന്നതിലേയ്ക്ക് ഇന്ത്യയിലെ ഭരണകൂടങ്ങൾക്ക് വ്യക്തമായ ഒരു മാർഗ്ഗരേഖ കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല - ഇതിനെ ഇപ്പോഴത്തെ രാഷ്ട്രീയ സാഹചര്യങ്ങളുമായി എങ്ങനെ കൂട്ടിച്ചേർത്ത് വായിക്കാം?**

കാശ്മീർ സ്വന്തം ഇഷ്ടപ്രകാരമാണ് ഇന്ത്യൻ യൂണിയനിൽ ചേരാൻ തീരുമാനിച്ചത്. അതിനാൽ കാശ്മീർ ഇന്ത്യയുടെ അവിഭാജ്യ ഘടകമാണ്. ഇന്ത്യയുടെ ആഭ്യന്തര കാര്യമായ കാശ്മീർ പ്രശ്നത്തിൽ ഒരു മധ്യസ്ഥനെയോ നിരീക്ഷകനെയോ ഇന്ത്യ അനുവദിക്കരുത്. അത് ഇന്ത്യയുടെ പരമാധികാരത്തെ ചോദ്യം ചെയ്യുന്ന പ്രവൃത്തിയാണ്. കാശ്മീരിൽ നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ അമേരിക്കയിൽ നിന്നും വന്ന കോളിൻ പവലുമായുള്ള ചർച്ചയിൽ ഇന്ത്യാ ഗവൺമെന്റെടുത്ത തീരുമാനം രസകരമാണ്. ആദ്യം പറയുന്നു, കാശ്മീരിൽ ഒരു മധ്യസ്ഥന്റെയോ, നിരീക്ഷകന്റെയോ ആവശ്യമില്ലെന്നും ആരെയും അവിടെ കാര്യകു

ത്താൻ അനുവദിക്കില്ലെന്നും. എന്നാൽ അതേ നാക്കുകൊണ്ടുതന്നെ പറയുന്നു ഇഷ്ടമനസ്സോടെ ആരെങ്കിലും വരികയാണെങ്കിൽ അവർക്കു വിസ കൊടുക്കാം. ഈ വാക്കുകളിൽ നിന്നും അമേരിക്കയോടുള്ള ഇന്ത്യാ ഗവൺമെന്റിന്റെ വിധേയത്വ മനോഭാവം മനസ്സിലാക്കാം. അമേരിക്കയിൽ നിന്ന് ആര് വന്നാലും അവർക്ക് സി.ഐ.എ. യുമായി ബന്ധമുണ്ടാകും. നിരീക്ഷകരായി വരുന്നവരെല്ലാം ഇവിടെ നടക്കുന്നതൊക്കെ സി.ഐ.എ.യ്ക്ക് റിപ്പോർട്ട് ചെയ്യും. അമേരിക്കയുടെ ഈ ചാരസംഘടനയാണ് ലോകത്ത് ഇത്രയധികം തീവ്രവാദപ്രസ്ഥാനങ്ങൾക്ക് ജന്മമെടുക്കാൻ സാഹചര്യം നൽകിയത്.

**അക്കാലത്ത്, സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ ഒരു സ്ത്രീ ചേർന്നു പ്രവർത്തിക്കുക എന്നത് തന്നെ ഒരു വലിയ സാഹസമായിരിക്കെ ഐ.എൻ.എ. എന്ന സായുധ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ ചേരാനുള്ള ഉൾക്കരുത്ത് ലഭിച്ചതെങ്ങിനെ?**

**ഇന്നത്തെ സ്ത്രീകൾ അത്തരം വിലങ്ങുകളൊന്നും ശക്തമായിട്ടില്ലാത്ത ഒരു കാലഘട്ടത്തിൽ ജീവിച്ചിട്ടുകൂടി പ്രതികരിക്കേണ്ട സാഹചര്യങ്ങളിൽ പ്രതികരിക്കുന്നില്ല. ഇന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ ഇതിന് കാരണമാണോ?**

ഞാനല്ല, അതിന്റെ റോൾ മോഡൽ കാരണം എനിക്ക് പഠിപ്പുണ്ടായിരുന്നു; ഡോക്ടറായിരുന്നു; ആവശ്യത്തിനുള്ള പണം സമാഹരിക്കുന്നതിനുള്ള ശക്തിയുണ്ടായിരുന്നു. കുട്ടിക്കാലം മുതൽ തന്നെ എന്റെ അച്ഛനുമമ്മയും സ്വതന്ത്രമായി ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനുമുള്ള ശേഷി നൽകുന്നതിന് ശ്രദ്ധിച്ചിരുന്നു. പക്ഷേ എന്റെ കൂടെ ഐ. എൻ. എ. യിൽ ചേർന്നിട്ടുള്ളവരെല്ലാം പാവപ്പെട്ടവരായിരുന്നു. റബ്ബർ തോട്ടത്തിലും പി.ഡബ്ല്യൂ.ഡിയിലുമൊക്കെയായിരുന്നു അവർ പണിയെടുത്തിരുന്നത്. ഈ തൊഴിൽ മേഖലകളിലൊക്കെ അവരുടെ ജീവിതസൗകര്യങ്ങൾ പ്രത്യേകിച്ച് സ്ത്രീകളുടെ സാഹചര്യങ്ങൾ വളരെ മോശമായിരുന്നു. എന്നിട്ടും അത്തരം സ്ത്രീകളാണ് നേതാജിയുടെ വാക്കുകളിൽ വിശ്വാസമർപ്പിച്ച് ഐ.എൻ.എയിൽ ചേർന്നത്. രാജ്യത്തിന്റെ പകുതിയിലേറെയുള്ള സ്ത്രീകളെ സ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങളിൽ പങ്കു

നിങ്ങളുടെ കയ്യിലാണ് രാജ്യത്തിന്റെ ഇനി വരാൻ പോകുന്ന ദിവസങ്ങൾ. നിങ്ങൾക്ക് വളരെയധികം ത്യാഗങ്ങളും കഷ്ടപ്പാടുകളും അനുഭവിക്കേണ്ടിവരും. ഈ ത്യാഗങ്ങളും കഷ്ടപ്പാടുകളും അനുഭവിച്ച് തെറ്റുകളെ എതിർത്താൽ മാത്രമേ നമ്മെ അടിമകളുടെ അടിമകളാക്കുന്ന ഈ ലോകത്ത് ജീവിക്കാൻ കഴിയൂ. സമരം ചെയ്താൽ മാത്രമേ ജീവിക്കാൻ കഴിയൂ.

ചേർക്കേണ്ടതിന്റെയും അധികാരങ്ങൾ കൊടുക്കേണ്ടതിന്റെയും ആവശ്യം നേതാജിക്കു ബോധ്യമായിരുന്നു. എന്നാൽ ഇന്ന് ഒളിഞ്ഞും തെളിഞ്ഞും ഫാസിസ്റ്റ് ആശയങ്ങൾ നടപ്പിലാക്കുന്നവരും, ശൂദ്രനും, സ്ത്രീക്കും അധികാരങ്ങൾ കൊടുക്കേണ്ടതില്ല എന്ന വാദം വച്ചുപുലർത്തുന്ന മനുസ്മൃതിക്കു പുറകിൽ തമ്പടിച്ചിരിക്കുന്നവരും അധികാരത്തിൽ വന്നുകൊണ്ടിരിക്കുമ്പോൾ സ്ത്രീയെ മുൻനിരയിൽ നിന്ന് പുറകോട്ടടിപ്പിക്കുന്ന പ്രവണത സ്വാഭാവികമാണ്. ഹിന്ദുത്വവർഗ്ഗീയ വാദികളും മുസ്ലീം വർഗ്ഗീയവാദികളും ഒരുപോലെ പറയുന്നത് പുരുഷന്റെ നിഴലിൽ കഴിയേണ്ടവളാണ് സ്ത്രീ എന്നാണ്.

**ഹിറ്റ്ലറുടേയും മറ്റു ഫാസിസ്റ്റുകളുടേയും സഹായത്തോടെയാണല്ലോ നേതാജി ഐ.എൻ.എ.യുടെ പ്രവർത്തനം തുടങ്ങിയത്. സ്വതന്ത്ര ഇന്ത്യ എന്ന സ്വപ്നത്തിന് വേണ്ടിയാണെങ്കിൽകൂടി ഫാസിസ്റ്റുകളോട് സന്ധി ചെയ്യുന്ന സമീപനമായിരുന്നില്ലേ അത്?**

നേതാജി പറഞ്ഞു, ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് വേണ്ടി പിശാചിനോടു പോലും ഞാൻ കൂട്ടുകൂടും. എന്നാൽ ഇതിനർത്ഥമില്ലല്ലോ, ഞാനും പിശാചാകുമെന്ന്. നേതാജിയുടെ ഹിറ്റ്ലറുമായുള്ള സംഭാഷണത്തിന്റെ വിശദാംശങ്ങൾ ജർമ്മൻ ചരിത്രരേഖകളിൽ നിന്നും വ്യക്തമാണ്. നേതാജി പറഞ്ഞു, എനിക്കു നിങ്ങളുടെ ഫാസിസത്തിലും നാസിസത്തിലും വിശ്വാസമില്ല. അതു തെറ്റാണെന്നാണ് എന്റെ അഭിപ്രായം. എന്റെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി എനിക്കു നിങ്ങളുടെ ആവശ്യമുണ്ട്. നിങ്ങളുടെ സഹായം ഞാൻ സ്വീകരിക്കുമെങ്കിലും അന്യദേശത്തുള്ള ഒരാളെയും ഞാൻ ഇന്ത്യയിൽ കാലുകുത്താൻ അനുവദിക്കില്ല. സിംഗപ്പൂരിലും മറ്റുമുള്ള ഇന്ത്യക്കാരുടെ പണവും സ്ത്രീകളുടെ സ്വർണ്ണവുമെല്ലാം സംഭാവനയായി വാങ്ങിക്കൊണ്ട്, നേതാജി ജപ്പാനിൽ നിന്നും വാങ്ങിയ കടമെല്ലാം തിരിച്ചു കൊടുത്തു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടി, നെഹ്റു ആദ്യമായി ജപ്പാനിൽ പോയപ്പോൾ നേതാജി കൊടുത്ത പണമെല്ലാം ജപ്പാൻകാർ തിരിച്ചുകൊടുത്തു. ഐ.എൻ.എയിൽ ചേർന്നിരുന്ന പാവപ്പെട്ടവരുടെ സഹായത്തിനായി ഈ പണം ചോദിച്ചപ്പോഴെല്ലാം എത്രയുണ്ട് എന്ന് പറയാൻ പോലും നെഹ്റുവോ പട്ടേലോ

തയ്യാറായില്ല.

<u>സുഭാഷ് ചന്ദ്രബോസിന്റെ മരണത്തോട് ബന്ധപ്പെട്ട ദുരൂഹതകളെക്കുറിച്ച് ....?</u>

ഇതേക്കുറിച്ചന്വേഷിച്ച കമ്മീഷനുകളൊന്നും യാതൊരു തെളിവും അവശേഷിപ്പിക്കാത്തതുകൊണ്ടാണ് പല ദുരൂഹതകളും നിലനിൽക്കുന്നുവെന്ന് ആളുകൾ പറഞ്ഞുപരത്തുന്നത്. നേതാജി എയർക്രാഷിലാണ് മരിച്ചതെന്ന് യാതൊരു സംശയവും വേണ്ട. അതിൽ യാതൊരു ദുരൂഹതകളുമില്ല.

<u>ഭരണകൂടത്തിന്റെ ഉപകരണം എന്ന നിലയിൽ വിദ്യാഭ്യാസത്തെ അടിസ്ഥാനമാക്കി ഫാസിസ്റ്റുകളെയും ഇന്ത്യയിലെ ഹിന്ദു വർഗ്ഗീയ വാദികളെയും താരതമ്യം ചെയ്യാമോ?</u>

ഫാസിസ്റ്റുകളും നാസികളും ഇറ്റലിയിലും ജർമ്മനിയിലും ചെയ്തതിൽനിന്നും ഒട്ടും കുറവല്ല ഇന്ത്യയിൽ ഹിന്ദു വർഗ്ഗീയവാദികൾ ചെയ്യുന്നത്. പുസ്തകങ്ങൾ കത്തിച്ചുകളയുക, പാഠപുസ്തകങ്ങൾ തിരുത്തുക, ചരിത്രം തിരുത്തി എഴുതുക തുടങ്ങി ഫാസിസ്റ്റുകൾ ചെയ്തതൊക്കെയും ഇന്ത്യയിലാവർത്തിക്കുകയാണ്. നാസി ക്യാമ്പുകളിൽ നടന്ന ക്രൂരകൃത്യങ്ങളെക്കാൾ ഭീകരമായിരുന്നു ഗുജറാത്തിൽ സംഭവിച്ചത്. ഗർഭസ്ഥ സ്ത്രീയുടെ വയറുകീറി കുട്ടിയെ കൊല്ലുക എന്നു പറയുമ്പോൾ മനുഷ്യൻ എത്രത്തോളം എത്തിക്കഴിഞ്ഞെന്ന് ഓരോ വിദ്യാർത്ഥിയും തിരിച്ചറിഞ്ഞ് രാജ്യഭരണകൂടങ്ങളെ നോക്കിക്കാണണം.

<u>ഹിന്ദു ഭീകരതയെക്കുറിച്ചു പറയുമ്പോൾത്തന്നെ ലോകത്താകമാനവും, ഇപ്പോൾ നമ്മുടെ നാട്ടിലും നടക്കുന്ന മുസ്ലീം ന്യൂനപക്ഷ ഭീകരതയെ കാണാതിരിക്കാൻ കഴിയില്ലല്ലോ?</u>

ന്യൂനപക്ഷത്തിന് അധികാരങ്ങൾ കുറവാണെന്നും അവർ സുരക്ഷിതരല്ലെന്നുമുള്ള ബോധത്തിൽ നിന്നാണ് ന്യൂനപക്ഷ ഭീകരത തുടങ്ങുന്നത്. ഭൂരിപക്ഷവർഗ്ഗീയതയുള്ളിടത്ത് ന്യൂനപക്ഷ വർഗ്ഗീയത പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത കൂടുതലാണ്. എങ്കിലും ന്യൂനപക്ഷഭീകരതയും, ഭൂരിപക്ഷഭീകരതയോടൊപ്പം തന്നെ എതിർക്കപ്പെടേണ്ടതാണ്.

<u>യു.സി. യിലെ വിദ്യാർത്ഥികളോടുള്ള പ്രത്യേക സന്ദേശം.....</u>

നിങ്ങളുടെ കയ്യിലാണ് രാജ്യത്തിന്റെ ഇനി വരാൻ പോകുന്ന ദിവസങ്ങൾ. നിങ്ങൾക്ക് വളരെയധികം ത്യാഗങ്ങളും കഷ്ടപ്പാടുകളും അനുഭവിക്കേണ്ടിവരും. ഈ ത്യാഗങ്ങളും കഷ്ടപ്പാടുകളും അനുഭവിച്ച് തെറ്റുകളെ എതിർത്താൽ മാത്രമേ നമ്മെ അടിമകളുടെ അടിമകളാക്കുന്ന ഈ ലോകത്ത് ജീവിക്കാൻ കഴിയൂ. സമരം ചെയ്താൽ മാത്രമേ ജീവിക്കാൻ കഴിയൂ.



# തോക്കും വാക്കും

നിന്റെ ലക്ഷ്യം എന്റെ മിടിക്കുന്ന ഹൃദയമാണെങ്കിൽ
ആശതീരാത്ത എന്റെ ജീവിതമാണെങ്കിൽ
മടിക്കേണ്ടതില്ല,
നിറയൊഴിച്ചുകൊള്ളൂ...
നിന്റെ മരണം വരെ മാത്രമേ
നിനക്ക് നിയമത്തെ ഭയക്കേണ്ടതുള്ളൂ.
കൂട്ടുകാരാ,
എന്റെ ദൈവം തന്നെയാണ് നിന്റെ വഴി
അതുകൊണ്ട് തന്നെയാണ് ഈ വഴിയിലേക്ക്
ഞാൻ നയിക്കപ്പെട്ടതും
ഈ തെരുവിൽ നാം മാത്രമേയുള്ളൂ
എന്റെ മരണം നിന്റെ ഒറ്റപ്പെടലാണ്
ഒറ്റപ്പെടൽ മരണത്തേക്കാൾ ഭയാനകം തന്നെ
എന്നാൽ ഒറ്റപ്പെടലിനെ മരണംകൊണ്ടുപോലും
ജയിക്കുവാൻ കഴിയുന്നുമില്ല
അതുകൊണ്ട്,
പുതിയൊരിര വന്നുപെടുംവരെ
നമുക്കിവിടെ
സ്നേഹത്തെക്കുറിച്ച് സംസാരിച്ചിരിക്കാം.

**എൽദോ എൻ. പി.**
സാമ്പത്തികശാസ്ത്രബിരുദം രണ്ടാംവർഷം

# UNION CABINET



Anusha D.
Vice Chairperson



Arun T. A.
Gen. Secretary



Diljith K. N.
Chairman



Abish Balan
UUC



Bavashi Ram
UUC



Rijas A. J.
Magazine Editor



Manu M. Menon
Arts Club Secretary

# UNION REPRESENTATIVES



**Arathy Menon**
Lady Rep.



**Sindhya Jacob**
Lady Rep.



**Eldho Jacob**
I DC Rep.



**Manu K. C.**
II DC Rep.



**Sibi T. B.**
III DC Rep.



**Benzeera Beegum**
I PG Rep.



**Rajesh T. R.**
II PG Rep.

# UNION NOMINEES



V. P. Markose
Union Advisor



Ashger A. A.
Gen. Captain



Shine P. V.
Cine Club Secretary



Leni Philip Thomas
Debate Club Secretary



Afsal P. K.
Quiz Club Secretary



K. S. Narayanan
Arts Advisor



Jijoy Kunjappan
Canteen Secretary



Lals Oommen
S S League

മാഗസിൻ കമ്മറ്റിയും പുഴ ഡോട്ട് കോമും
സംയുക്തമായി നടത്തിയ ലേഖനമത്സരത്തിൽ സമ്മാനാർഹമായ ലേഖനം



# എന്റെ സങ്കല്പത്തിലെ ക്യാംപസ്

ജെസ്‌വിൻ വി. കെ.
ഭൗതികശാസ്ത്രബിരുദം രണ്ടാംവർഷം

സംഭവം ഒരു മാഞ്ചിയം ഇടപാട് പോലെയാണ്. കാശു മുടക്കിയവൻ വീട്ടിലിരുന്ന് അങ്ങകലെ ഒരു മലമൂട്ടിൽ തന്റെ പേരും നെഞ്ചിൽ കൊത്തിവച്ച് ഒരു മാഞ്ചിയമങ്ങനെ വളർന്ന് തിടം വച്ച് വരുന്നത് സ്വപ്നം കണ്ടുറങ്ങുന്നു. ഒരു ദിവസം സുപ്രഭാതത്തിൽ അറിയും മാഞ്ചിയം ഒരു തട്ടിപ്പാണെന്ന്. വിദ്യാഭ്യാസത്തെപ്പറ്റിയുള്ള മേപ്പടി സംഗതി വെളിപ്പെടുത്തിയത് പ്രിയ സുഹൃത്ത് മാട്ടിയാണ്. പറഞ്ഞു വരേണ്ടത് സങ്കല്പത്തിലെ കലാലയമെന്ന ഗമണ്ടൻ സംഭവത്തെപ്പറ്റിയായതിനാൽ വിദ്യാഭ്യാസത്തെപ്പറ്റിയുള്ള ഒരു നിഷ്പക്ഷവാദിയുടെ രസികൻ വീക്ഷണം അടിക്കുറിപ്പായി ചേർത്തു എന്നു കരുതിയാൽ മതി.

ഈ സങ്കല്പ കലാലയം തീർച്ചയായും ഒരാനയാണ്, ചേനയാണ്, അഖിലാണ്ഡ പ്രതിഭാസമാണ്. ഈ അഖിലാണ്ഡ പ്രതിഭാസം ലോകത്തിന്റെ അങ്ങേ അറ്റത്തെ തുരുത്തിൽ ഭൂമിയുടെ എല്ലാ കോണുകളിലും വെളിച്ചം വീശി അഭൗമമായ ഒരു പ്രകാശഗോപുരമായി നിലകൊള്ളുന്നു. തീർച്ചയായും അതിന് വലിയ ആകാശമുണ്ടായിരിക്കും. ഹരിതാഭമായ അതിന്റെ ഭൂമിയിൽ മധുരമനോജ്ഞ മോഹനങ്ങളായ പുഷ്പങ്ങൾ നിറഞ്ഞ വൃക്ഷത്തലപ്പുകൾ തണൽ തീർത്തും, കോൺക്രീറ്റ് ബഞ്ചുകളും അതിന്മേൽ ലോകത്തെ എങ്ങനെ മറി



ക്കാമെന്ന് ചിന്തിച്ച് തല പുകയ്ക്കുന്നവരും കാണും. കുട്ടികൾ വെള്ള പൂശിയ ചുവരുകളിൽ നിറയെ നിറങ്ങൾ കോരിയിടും, കണക്കും വായനയും കലയും രാഷ്ട്രമീമാംസയും നീതിസാരവും പഠിക്കുന്നവർ അവിടെ പുതിയ കഥകൾ രചിക്കും.

ഇവിടെ എല്ലാവർക്കും യുവത്വമാണ്. വിദ്യാർത്ഥികളും ഗുരുക്കന്മാരും ഒരുപോലെ യുവത്വമുള്ളവർ. ഈ ചെറുപ്പം ഒരു പൊതു സ്വഭാവത്തെ ഉദ്ദേശിച്ച് പറഞ്ഞതാണ്. പുതുപുത്തൻ ആശയങ്ങളുടെ പിറകെ പിറകെയുള്ള കടന്നുവരവിനെയാണ് യുവത്വമെന്നുദ്ദേശിച്ചത്. അത് വൃദ്ധ വയോധികനും കിളിരമുള്ള യുവാവിനും ഒരുപോലെ ബാധകമാകുന്ന ഒരു മഹാസംഭവമാണ്. തോരാതെ പെയ്യുന്ന ഈ ആശയങ്ങളുണ്ടല്ലോ അവയുടെ വികസിതപ്രയോഗങ്ങൾ ലോകത്തിന് പുതിയ പുതിയ അത്ഭുതങ്ങൾ നല്കുന്നു. ഈ അത്ഭുതങ്ങളെ വിരിയിച്ചവർ കലാലയങ്ങളുടെ മലരിമുത്തുകളായി വാഴ്ത്തപ്പെടുകയും ചെയ്യുന്നു. മലരിമുത്തുകളെന്നത് ടി. ആർ. എൻ. കർത്താവ് സാറിൽ നിന്നും കടം കൊണ്ട പ്രയോഗമാണ്. ഇളകി മറിഞ്ഞാടുന്ന മനസ്സിന്റെ പൂന്തോപ്പിൽ നിത്യസ്മൃതിയുടെ സൂര്യശോഭകൾ വിരിയിച്ച ഉയരുന്ന പുഷ്പ മണികളാണ് മലരിമുത്തുകളെന്ന് നിർവ്വചനം. മുൻഷിസാറിനെ അറിയുമെന്ന് കരുതുന്നു. മലയാള കവിതയ്ക്ക് പാണ്ഡിത്യത്തിന്റേയും ഭക്തിയുടെയും ചന്ദനമണം നല്കിയ കവി വര്യൻ. (മേല്പറത്ത ചെറുപ്പത്തിനുടമ തന്റെ തീർത്ഥയാത്രാ കാഴ്ചകളെ ദിവ്യതീർത്ഥയാത്ര എന്ന സുഭക്തി കാവ്യസുധാഗ്രന്ഥമാക്കി മാറ്റി സാധാരണക്കാരനും ദരിദ്രനും ആസ്വാദകന് തീർത്ഥയാത്രയുടെ സായൂജ്യം അനുഭവിക്കാൻ ഇടവരുത്തിയ ഭക്തിൻ)

ആ മഹാ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ പ്രയത്നത്തിൽ ഉറുമ്പിനെയും, സ്നേഹത്തിൽ നായയെയും കണ്ടു പഠിക്കുന്നു. ജോലി ചെയ്യുക എന്നതാണ് മനസ്സിനെ ദുഷിപ്പിക്കാതിരിക്കാൻ ഏറ്റവും നല്ല മാർഗ്ഗം എന്നതാണ് ഉറുമ്പ് നൽകുന്ന പാഠം. അങ്ങനെ നോക്കുമ്പോൾ ലോകത്തിൽ അങ്ങേയറ്റം ശുദ്ധഹൃദയനായ ജീവി ഉറുമ്പത്രെ. സ്നേഹം സമ്പാദിക്കുന്ന കാര്യത്തിലാകട്ടെ നായയോളം കഴിവ് മറ്റാർക്കുമില്ല. അത് ആദ്യം പയ്യെ അടുത്തുകൂടും, പിന്നെ വാലാട്ടി ഒപ്പം പോരും. നമ്മുടെ സ്വന്തം കഴിവുകളെ എടുത്തു പിടിച്ചല്ല മറ്റുള്ളവനെ അങ്ങോട്ട് ചെന്ന് അംഗീകരിച്ചാണ് സ്നേഹം സമ്പാദിക്കേണ്ടതെന്ന വെളിപാടാണ് നായയുടെ വിജയമന്ത്രം.

മത്സരങ്ങളിൽ ആര് നല്ല കാഴ്ച വിരിയിച്ചാലും സന്തോഷിക്കുന്ന-സ്വന്തം സംഘങ്ങളുടെ പരാജയത്തിലും എതിരാളിയുടെ മികവിനെ അഭിനന്ദിക്കുന്ന നല്ല ശൈലിയുടെ വക്താക്കൾ ഒരു ചെറിയ കൂട്ടത്തിന്റെയല്ല വലിയ ലോകത്തിന്റെ പൊതുവേയുള്ള പുരോഗതിയെക്കുറിച്ചായിരിക്കും ചിന്തിക്കുക. നീണ്ടനേരത്തെ അദ്ധ്വാനത്തിനുശേഷവും തലയുയർത്തി നിന്ന് പ്രഭാതത്തിലെ കാറ്റിനെപ്പോലെ ഉന്മേഷവാനായി വിളക്കിലെ ഭൂതത്തെക്കാൾ പ്രസന്നമായ ഭാവത്തോടെ അടുത്ത ജോലി തരു എന്നു ചോദിക്കുന്ന യുവത്വം സമൂഹത്തെ എന്തുമാത്രം പുരോഗതിയിലേക്ക് നയിക്കാതിരിക്കില്ല.

ഈ സങ്കല്പ്പ കലാലയത്തിന്റെ പ്രകൃത്യാന്തരീക്ഷങ്ങളെപ്പറ്റിയല്ല അവിടുത്തെ ജീവിതങ്ങളുടെ സ്വഭാവവിശേഷങ്ങൾക്ക് ഒരു മോഴ്സ് കോഡ് നൽകുന്നതിനെപ്പറ്റിയാണ് ഈ കുറിപ്പ്. കാരണം കലാലയങ്ങളുടെ ജീവൻ അവിടുത്തെ യുവമനസ്സുകളുടെ ചെയ്തികളുടെ സൗന്ദര്യമാണ്. ആ ചെയ്തികൾ അവരുടെ തലയ്ക്കുചുറ്റും സ്നേഹത്തിന്റെ പ്രഭാപൂരം നൽകും. കിർലിയോൺ ഫോട്ടോഗ്രാഫുകളെടുത്താൽ പ്രശാന്തതയുടെ വെളുത്ത വട്ടം നൽകുന്നവർ കലാലയങ്ങളുടെ വളപ്പുകളിൽ നിന്നിറങ്ങി, ജനത്തിരക്കേറിയ നഗരവീഥികളിലേക്കിറങ്ങുമ്പോൾ ഒന്ന് രണ്ട് മൂന്നിങ്ങനെ വെളുത്തവട്ടമുള്ളവരുടെ എണ്ണം പരക്കുന്നത് നിങ്ങൾ കാണും. ഒരു വെളുത്ത നുറിതൾ പൂവ് അതിനെ സ്പർശിക്കുന്ന എല്ലാവർക്കും അതിന്റെ പൂമ്പൊടി നല്കുന്നതു പോലെ ഈ കലാലയ കുതുകികൾ തങ്ങളുടെ ജീവിത ദർശനത്തെ മറ്റുള്ളവർക്കു പകരും. ഒരു മഷിത്തുള്ളി ഒരു ഗ്ലാസ്സ് ജാറിലെങ്ങനെ മറ്റു തുള്ളികളിലേക്ക് പിന്നെയും തുള്ളികളിൽ നിന്ന് തുള്ളികളിലേക്ക് അതിന്റെ ജീവാംശത്തെ ഊതിവിട്ട് യാത്ര ചെയ്യുന്നുവോ അങ്ങനെ ഈ വെളുത്ത വട്ടമുള്ളവരും തങ്ങളുടെ ചൈതന്യങ്ങളുടെ പ്രകാശത്തെ പകർന്നു കൊണ്ട് കടന്നുപോകും. തെരുവ് വെളുത്ത വട്ടങ്ങളാൽ നിറയും. തലയ്ക്കു ചുറ്റും വിശുദ്ധിയുടെ പ്രഭാപൂരമുള്ളവർ.

സന്ദർഭവശാൽ ഒരു ഖുർ-ആൻ വചനം കൂടി കേൾക്കുക. "ഒരുവൻ വിദ്യ അന്വേഷിച്ച് പുറപ്പെട്ടാൽ മടങ്ങുംവരെ അള്ളാഹുവിന്റെ മാർഗ്ഗത്തിലാണ്"



അടഞ്ഞ വാതിലുകൾക്കകത്തെ പ്രണയം
അവസാനിച്ചിരിക്കുന്നു.

ഇന്ന്,
ഞാനും നീയും രണ്ടു രണ്ട് കണ്ണുകൾ
കണ്ണുകൾ കൂട്ടിമുട്ടുന്ന ഒരു കാലമുണ്ടെങ്കിൽ,

അന്ന്,
അടഞ്ഞ വാതിലുകളെ തകർത്തെറിഞ്ഞ്
നമ്മൾ തെരുവിൽ പ്രണയം ആഘോഷിക്കും.

ശവപ്പറമ്പിലുറങ്ങുന്ന സ്വപ്നങ്ങളിൽ നിന്ന്
ഞാനിറങ്ങി നടന്നു.

തെരുവിന്റെ നിശബ്ദ ദുഃഖങ്ങളിലേക്ക്
ചിലപ്പോഴെല്ലാമുള്ള അലോസരങ്ങളിലേക്ക്
ഉച്ചരിച്ച് വികൃതമാക്കപ്പെട്ട പലനിറമുള്ള
മുദ്രാവാക്യങ്ങളിലേക്ക്
മനംമടുക്കുന്ന പേക്കോലങ്ങളിലേക്ക്
മുഖം മാത്രം രക്ഷിച്ച്
കാലുകൾ കത്രികപ്പൂട്ടിൽ കുരുക്കിയിടുന്നവരിലേക്ക്
മരിക്കേണ്ടിവന്നാലും അഭിമാനത്തിന്റെ
അവസാനത്തെ അതിര് മുറിച്ച് കടക്കില്ലെന്ന്
ആത്മഹത്യാക്കുറിപ്പിൽ എഴുതിവച്ചവരിലേക്ക്
എന്റെ ശരീരത്തിന്റെ ആസക്തിതീർക്കാൻ
നിങ്ങൾക്ക് മുതൽമുടക്കില്ലാത്ത രതി
നൽകുമെന്ന് അടക്കം പറഞ്ഞവരിലേക്ക്
ഉറ്റവനെ ഒറ്റിക്കൊടുത്തിട്ട്,
'നിറഞ്ഞ' സൗഹൃദങ്ങൾക്കായി പത്രപരസ്യം നൽകുന്നവരിലേക്ക്

# വാതിലുകൾക്കകത്തും



എഴുതുന്നവരികളിലൊക്കെ മാദകപ്പെണ്ണിന്റെ
ശരീരശാസ്ത്രം വരച്ചുകാട്ടണമെന്ന്
നിശബ്ദമായി ആഗ്രഹിച്ച
വായനക്കാരിലേക്ക്
'ഒറ്റക്കമ്പോളം' എന്റെ ചുണ്ടിൽ നനക്കുന്നത്
ചൂടുള്ള കഞ്ഞിവെള്ളമല്ലെന്ന്
തിരിച്ചറിയാത്തവനിലേക്ക്,
മരണത്തിന് കള്ളച്ചിരികൾ നൽകികൊണ്ട്
കാഴ്ചക്കപ്പുറം നിറുത്തുന്നവരിലേക്ക്
ജീവിതത്തെ 'വെറുതെ' നിഷേധിക്കുന്നവരിലേക്ക്
ജീവിക്കാൻ വേണ്ടി 'മരിക്കാൻ' പോലും
തയ്യാറാകുന്നവരിലേക്ക്

എന്നാൽ,
എല്ലാ നിമിഷവും മരിക്കുകയും
അതേ നിമിഷം തന്നെ അറിയാതെ ജീവിക്കുകയും
ചെയ്യുന്നവനിലേക്ക്
തെരുവിന്റെ ഹൃദയദ്വാരത്തിലേക്ക്; പച്ചമനുഷ്യനിലേക്ക്
ഞാൻ യാത്ര തുടർന്നു....

ഈ തുടർച്ച 'എന്റെ' ഉള്ളിൽ ഉള്ളതിൽ
എത്തിനിന്നിട്ടും
എന്റെ പ്രണയിനിക്ക് ആ തിരിച്ചറിവ് നഷ്ടപ്പെട്ടു.
അവൾ 'ഒറ്റക്കമ്പോളത്തിൽ' എല്ലാം നഷ്ടപ്പെടുത്തിയിരു
ന്നു.
എന്റെയും നിന്റെയും കണ്ണുകൾ കൂട്ടിമുട്ടുന്നില്ല

അതുകൊണ്ടുതന്നെ,
അടഞ്ഞ വാതിലുകളെ തകർത്തെറിഞ്ഞ്
തെരുവിൽ പ്രണയമാഘോഷിക്കാൻ
ഞങ്ങൾക്ക് വിലക്കുണ്ടായി.

# പുറത്തുമുള്ള പ്രണയം

ജെയ്സിൽ ജേക്കബ്
മനശാസ്ത്രബിരുദം ഒന്നാംവർഷം



ഫോക്‌ലോർ ഡിപ്പാർട്ട്മെന്റ് റിപ്പോർട്ട്

# ഭവാനിപ്പുഴയൊഴുകുമ്പോൾ

കാലത്തിന്റെ കുത്തൊഴുക്കിൽ സ്വന്തം മണ്ണിൽ അന്യരാകുന്ന ആദിവാസികൾ. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ഒറ്റപ്പെട്ട് വറുതികളുടെയും ഇല്ലായ്മയുടെയും കാണാക്കയങ്ങളിൽ നട്ടം തിരിയുന്ന ഈ മല്ലീശ്വരന്റെ മക്കളെ മാനുഷികമൂല്യങ്ങൾക്കു വില കൽപിക്കാത്ത ആധുനികരെന്ന് ഊക്കം കൊള്ളുന്നവർക്ക് പരമ പുച്ഛമാണ്. തെളിനീരൊഴുകുന്ന ഭവാനിപ്പുഴ ഇന്ന് ഈ മണ്ണിന്റെ മക്കളുടെ കണ്ണുനീർ കലർന്ന് കലങ്ങിയിരിക്കുന്നു. ഈ അടിസ്ഥാന വർഗ്ഗത്തിന്റെ നാശോന്മുഖതയിലേക്കും അതിന്റെ കാരണങ്ങളിലേക്കും വെളിച്ചം വീശുക എന്ന ലക്ഷ്യത്തിലൂന്നിക്കൊണ്ട് അവരുടെ വിശുദ്ധിയെയും പാവനതയെയും, ശുഭപ്രതീക്ഷകളെയും, വറുതികളുടെയും ഇല്ലായ്മകളുടെയും വിഷയവൈപുല്യത്തെയും അഭ്രപാളികളിൽ പകർത്തുക എന്ന ഉദ്ദേശ്യത്തോടെ യു.സി.യിലെ ഒരു വിഭാഗം വിദ്യാർത്ഥികൾ അട്ടപ്പാടി കേന്ദ്രീകരിച്ച് പഠനം നടത്തുകയുണ്ടായി. ഭവാനിപ്പുഴയൊഴുകുമ്പോൾ എന്ന ഡോക്യുമെന്റേഷൻ ഫിലിമിന്റെ ഉത്ഭവത്തിന് ഹേതുവായത് ഇത്തരം പഠനങ്ങൾ കേവലം കലാശാലകളിൽ മാത്രം ഒതുങ്ങി തീർക്കാതെ ചുറ്റുമുള്ള സമൂഹത്തിനുകൂടി ഉപകാരപ്രദമാകണം എന്ന ആശയത്തിലൂന്നിക്കൊണ്ടാണ്. തികച്ചും ഇതൊരു അന്വേഷണമാണ്. നാം പ്രാകൃതരെന്ന് അധിക്ഷേപിക്കുന്ന ഒരു കൂട്ടം പച്ചമനുഷ്യരുടെ ജീവിതയാഥാർത്ഥ്യങ്ങളെ ബോധ്യപ്പെടുത്തുവാൻ ശ്രമിക്കുകയാണ് മലയാള വിഭാഗത്തിന് കീഴിലുള്ള ഫോക്‌ലോർ ഡിപ്പാർട്ടമെന്റ്.

അടിച്ചേൽപ്പിക്കപ്പെട്ട പുത്തൻ സാഹചര്യങ്ങളും, ഉപഭോഗ സംസ്കാരത്തിന്റെ കടന്നു കയറ്റങ്ങളും ആദിവാസികളുടെ അസ്ഥിത്വം ചോർത്തിക്കളഞ്ഞിരിക്കുന്നു. നവകൊളോണിയലസത്തിന്റെ പിറവിയോടെ സൃഷ്ടിക്കപ്പെട്ട പേറ്റന്റ് നയങ്ങളാകട്ടെ പാരമ്പര്യ സ്വത്തുക്കൾ അപഹരിച്ച് സ്വാഭാവിക താളക്രമം തട്ടിമറിക്കുന്നു. വനത്തെ ദേവതയായി ആരാധിച്ച് സൂക്ഷിച്ചുവന്ന വനവാസികൾക്ക്, അവ കുടിയേറ്റക്കാരുടെ തോട്ടങ്ങളായി മാറിയപ്പോൾ കാട്ടുകിഴങ്ങുകളും കനികളും തേനും കാട്ടിറച്ചിയും മറ്റു വന

വിഭവങ്ങളും നഷ്ടമായിക്കൊണ്ടിരിക്കുന്നു. കുടിയേറ്റ സംഘങ്ങൾക്കുപുറമെ വനം കൊള്ളക്കാരുമെല്ലാം ആദിവാസികളുടെ ജീവിതം ദുരിതമയമാക്കിത്തീർത്തിരിക്കുന്നു. കഞ്ചാവു കൃഷിയും ചാരായവാറ്റും അട്ടപ്പാടിയുടെ പാവനതയെയും വിശുദ്ധിയെയും തച്ചുടയ്ക്കുന്നു. കേവലം പത്തുവയസ്സുകാരൻ വരെ വാറ്റുചാരായത്തിന്റെയും കഞ്ചാവിന്റെയും ലഹരിയിൽ മയങ്ങിയിരിക്കുന്ന ദുരന്തചിത്രങ്ങൾ ഈ പ്രതിസന്ധിയുടെ വിഷയവൈപുല്യം നമുക്ക് വ്യക്തമാക്കിത്തരുന്നു. വരടിമലയുടെ നിറുകയിലെ പുല്ലു പോലും മുളയ്ക്കാത്ത പാറക്കൂട്ടം ആദിവാസികൾക്കായി പതിച്ചു നൽകി അവരെ ഊരുകളിൽ നിന്നു കുടിയിറക്കാൻ ശ്രമിക്കുകയാണിന്നും ഭരണകൂടം. എക്കോ-ടൂറിസ വികസനത്തിനായി ലോകബാങ്ക് ഫണ്ട് നൽകുന്നതിലേക്കായി ഉന്നയിച്ചിരിക്കുന്ന പ്രധാന വ്യവസ്ഥ ആദിവാസികളെ വനഭൂമിയിൽ നിന്നും കുടിയിറക്കുക എന്നതാണ്. ഈ കാടിന്റെ മക്കളിൽ പലർക്കും ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ച രേഖകളില്ലാത്തവരാണ്.

ആദിവാസിക്ഷേമ പദ്ധതികളെന്നു കൊട്ടിഘോഷിച്ച് ചിലവഴിച്ച കോടികൾ നേതാക്കളുടെ പ്രസ്താവനകളിൽ മുഴങ്ങുന്നതല്ലാതെ ആദിവാസികുടികളിൽ എന്തു മാറ്റം വരുത്തി എന്ന വസ്തുത ചിന്താർഹമാണ്. വികസനത്തിന്റെയും ഉന്നമനത്തിന്റെയും പേരുചൊല്ലി സ്വന്തം കീശ വീർപ്പിക്കുന്ന നരാധമൻമാരാകട്ടെ ആദിവാസി ക്ഷേമപദ്ധതികളെ തുരങ്കം വയ്ക്കുകയാണ് ചെയ്യുന്നത്. ചാരായം കൊണ്ട് ആദിവാസി വോട്ടുകൾ തട്ടിക്കൂട്ടുന്ന രാഷ്ട്രീയ പാർട്ടികളാകട്ടെ അവരുടെ രാഷ്ട്രീയബോധത്തെ ഷണ്ഡീകരിക്കുകയാണ് ചെയ്യുന്നത്. ആദിവാസികളുടെ യാതനകൾക്ക് അവരുടെ ജീവിതത്തോളം തന്നെ വിഷയ വൈപുല്യമുണ്ട്. കാൽ ലക്ഷത്തോളം വരുന്ന ഇരുളരും, മുഡുഗരും അടങ്ങിയ അട്ടപ്പാടി ആദിവാസി മേഖല ഈ ഗോത്ര സംസ്കാരത്തിന്റെ ദയനീയമുഖം വ്യക്തമാക്കിത്തരുന്നു. ഭക്ഷണം മാത്രം ശമ്പളമാക്കി ജീവിതം അടിമത്തമാക്കി മാറ്റുന്ന ധാരാളം പേർ ഇവിടെയുണ്ട്. വിവാഹിതരാകാത്ത അമ്മമാരുടെ എണ്ണവും വർദ്ധിച്ചുവരുന്നത് ഇവിടത്തെ സാംസ്കാരിക അപചയത്തിനുള്ള പ്രധാന തെളിവാണ്. ആദിവാസികളുടെ നിഷ്കളങ്കതയെയും ഹൃദയവികാരങ്ങളെയും ദുർബലതകളെയും പരമാവധി ചൂഷണം ചെയ്യുകയാണ് കയ്യേറ്റക്കാരും കാപട്യക്കാരും.

ആദിവാസിക്ഷേമ വകുപ്പു മന്ത്രി ശ്രീ. എം.എ. കുട്ടപ്പൻ ആദിവാസികളോട് ജാതി ചോദിച്ചതും അവർക്കു മുന്നിൽ ഇംഗ്ലീഷ് കവിത ചൊല്ലിയതും മാധ്യമങ്ങളിൽ വാർത്തയായ കാലം വിദൂരത്തൊന്നുമല്ല. ക്ഷേമവകുപ്പുമന്ത്രിയുടെ ഈ പരിഹാസമാകട്ടെ ആദിവാസി പ്രശ്നങ്ങളെ ഈ ഭരണകൂടം എങ്ങനെ അഭിമുഖീകരിക്കുന്നു എന്നുള്ളതിനുള്ള തെളിവാണ്. വികസനോന്മനത്തിനായി നിയുക്തരാകുന്ന ഉദ്യോഗസ്ഥർ തന്നെ നിഷ്കളങ്കരും നിസ്സഹായരുമായ ആദിവാസികളെ വഞ്ചിക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന ഈ അവസ്ഥ വേലി തന്നെ വിളവുതിന്നുക എന്ന പഴഞ്ചൊല്ലുപോലെയാണ്.

ഗോത്രജീവിതത്തിൽ നിന്നും പരിഷ്കൃത ലോകത്തേക്ക് എടുത്തെറിയപ്പെട്ട ആദിവാസികൾ പുതിയ കാലഘട്ടവുമായി ഇനിയും താദാത്മ്യം പുലർത്തിയിട്ടില്ല. ആദിവാസികൾ പുരോഗമിക്കാതിരിക്കുന്നതിനുള്ള മൂലകാരണം തന്നെ അവരുടെ അജ്ഞതയും അന്ധവിശ്വാസങ്ങളുമാണ്. ഇന്ന് അടിസ്ഥാന വിദ്യാഭ്യാസമെങ്കിലും ലഭിക്കുന്നതാവട്ടെ കേവലം മുകൾത്തട്ടിലുള്ളവർക്കുമാത്രമാണ്. ഒരു നേരത്തെ ഭക്ഷണത്തിനുപോലും വകയില്ലാത്തവരോട് നിർബന്ധമായും വിദ്യാഭ്യാസം ചെയ്തിരിക്കണമെന്നു പറയുന്നത്ര ക്രൂരത മറ്റൊന്നുമില്ല. അതുകൊണ്ടു തന്നെ ദാരിദ്ര്യനിർമ്മാർജ്ജന ക്ഷേമപദ്ധതികൾ ശരിയാംവണ്ണം നടപ്പിലാക്കുകയും അവരുടെ നൈസർഗ്ഗിക ചുറ്റുപാടിൽ സംസ്കാരത്തനിമ നിലനിർത്താൻ ശ്രമിച്ചുകൊണ്ട് ഈ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്താൽ ഈ പരിതസ്ഥിതി നമുക്ക് മെച്ചപ്പെടുത്താൻ സാധിക്കും.



ഗോത്രവർഗ്ഗങ്ങളിൽ സ്വാഭാവികമായി ഉരുത്തിരിഞ്ഞുവരുന്ന സവിശേഷതകളെ കലാരൂപങ്ങളെ അവരുടെ തനിമയുടെ അടയാളമാക്കി സംസ്കൃതിയെ തൊട്ടറിയാൻ ഇന്നും അവശേഷിക്കുന്ന കലാരൂപങ്ങൾ പരിശോധനാ വിധേയമാക്കിയാൽ മതിയാകും. ഈ മണ്ണിന്റെ മക്കളുടെ ജീവിതഗതിയുടെ താളവും അനുഭവങ്ങളുടെ പാരുഷ്യവും കണ്ണുനീരും അതിജീവനത്തിന്റെ സ്വപ്നങ്ങളും അവയിൽ നമുക്കു ദർശിക്കാൻ സാധിക്കും.

# Orwell's Animal Farm : Food for thought

GEORGE THOMAS PAYYAPPILLY
First Year MA English Literature

### GEORGE ORWELL

George Orwell, one of the greatest English literary figures, was born at Mothari in Bengal in 1903, where his father was an official in the customs department. Orwell's real name was Bric Blair. Sincerely, bias and even anger are qualities which characterise much of his writing. His "Animal Farm" is a modern example of a literary genre known as political satire.

### THE STORY IN A NUTSHELL

Animals take charge of a farm by driving out the farmer. They organize it for the benefits of all, but the control of the governemnt goes into the hands of the pigs. The chief among them are Snowball and Napoleon who quarrel with one another for the throne. By combining hypocrisy and ruthlessness they rule, with a tyranny the like of which they have replaced. The animals, particularly Boxer, a cart-horse, work hard and prove to be sincere followers of the pigs. Their pathetic lot, however, remains unaltered

### A FEW THOUGHTS

"Animal Farm" is obviously a telling satire on the Stalinistic period of history. It can also be seen as a satire on my revolution that springs from Utopian promises. In fact, many organizations in our society follow or rather claim to follow a Utopian ideology, the keynote of which is equality. In the ideology of animalism in the novel, the creed that "All animals are equal" is complemented by "but some animals are more equal than others".

Likewise most of the creeds undergo drastic changes. The only difference is that in animalism, it is openly admitted and not so in the other ideologies. We do find "Snowballs" and "Napoleons" all around us, who are "more equal" than the others in the group. The craving for power and fame culminates in the splitting of organizations premised on the same ideology. Moreover, the lure for profit shuts their eyes from the social grievances, which they are supposed to alleviate!

Are all of us then "Boxers" who blindly follow their masters? Even if we are not, we feel that we are as helpless as a little worm. However, let's not fall into the valley of despair, but cling to the rock of hope. We can play our own small, but not insignificant role to ameliorate the pathetic condition of our fellow-beings. True, we are powerless against the "Snowballs" and "Napoleons", but we can arouse the milk of human kindness in our own hearts. The words of Olive Schreiner a South African writer and crusader for human rights, serve as a source of inspiration. "This is al you can do, but do it, it is not nothing!"

# DREAMS OF THE VOICELESS



The dawn of dreams awaken
Wonder the drops of life
Still wait unpainted.
Where shall I squeeze
Stranger hen to pint....
The dusk of dreams wounded.

Tears - funeral homage to
The enlivened sins of dads,
The suffocated signs of mums,
The ambiguous sorrows of lads,
Te spoilt dreams of kids.
Now, gently close the backdoor.

Behold! wizards get on threshold !
Forget the scared breasts
Wet in the shower cold, so cold.
Wind comes as a naked saint
In the strained strings
Pathos, ya, a plaintive gazel.

At the top a chilled silence
If a stuffed sperm
Who? who's frozen?
Such an aching agony
A heart throbbing pain
In that voiceless cry.

**PRESSLY FRANCIS NIGLI**
Final Year B.A. English Literature

# കണ്ണുതുറക്കാത്ത ദൈവങ്ങളുണ്ടോ....?

## A CONFLICT AGAINST MAN

ശ്രീകേഷ്
സ്വതന്ത്രബിരുദം രണ്ടാംവർഷം

ഈ ലേഖനത്തിൽ പറയുന്ന പ്രസ്താവനകൾ MSG orMSSGIP ( Mission of Scientific Searching of Generation of Invisible Powers) യുടെ പഠനത്തിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. ഈ ലേഖനത്തിലെ മതപരമായ പരാമർശങ്ങൾ സ്വാഭാവികമല്ല തികച്ചും മനഃപൂർവ്വമാണ്. യുക്തിക്കനുയോജ്യമല്ലാത്ത ഒന്നും തന്നെ ഈ ലേഖനത്തിൽ ചേർത്തിട്ടില്ല. ലോകമെങ്ങും നടക്കുന്ന വർഗ്ഗീയവും മതപരവുമായ ദ്രോഹങ്ങൾക്കെതിരെ ചിന്തിക്കാനും ശാസ്ത്രീയമായ വസ്തുതകളെ ഉൾക്കൊള്ളാനും ലേഖനം നിങ്ങളെ സഹായിക്കട്ടെ. വർഗ്ഗീയവാദികൾ പരസ്പരം തല്ലിച്ചാവട്ടെ. മനുഷ്യൻ സ്നേഹിക്കുന്ന മനുഷ്യനെ സ്നേഹിക്കുന്ന ഒരു ജനതയാവട്ടെ മാനവലക്ഷ്യം.

ശബ്ദകോലാഹലമില്ലാതെ ശ്മശാനമൂകത നിറഞ്ഞ ഒരു ക്ലാസ്സ് റൂമിനെപ്പറ്റിച്ചിന്തിക്കാൻ നിങ്ങൾക്കാവുമോ? ദുര്യോധനനില്ലാത്ത മഹാഭാരതവും ഹിറ്റ്ലർ ഇല്ലാത്ത രണ്ടാംലോക മഹായുദ്ധവും സങ്കല്പിക്കാൻ നിങ്ങൾക്കു കഴിയുമോ?ഇല്ലെങ്കിൽ ശാന്തിയും സമാധാനവും നിറഞ്ഞ ഒരു ലോകത്തെപ്പറ്റി നിങ്ങൾ ചിന്തിക്കരുത്. എല്ലാവരും സത്യസന്ധരും, അനുസരണയുള്ളവരും, കർമ്മനിരതരും നീതിമാന്മാരുമായ ഒരു ലോകത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? അത് എളുപ്പം മടുപ്പുളവാക്കുന്നതും യാന്ത്രികവുമായ ലോകമായിരിക്കും. ഒരു ജീവിതം യുഗാന്തരങ്ങളിലേതുപോലെ അനുഭവപ്പെടും. വിശക്കുന്നവനെ വിശപ്പിന്റെ വിലയറിയൂ. ദുഃഖിക്കുന്നവനെ സന്തോഷത്തിന്റെ വിലയറിയൂ. സ്നേഹം നിഷേധിക്കപ്പെട്ടവനെ സ്നേഹത്തിന്റെ വിലയറിയൂ. അതുകൊണ്ട് ഒരു ദൈവരാജ്യം ഒരിക്കലും നിങ്ങൾ പ്രതീക്ഷിക്കരുത്. പാപമില്ലാത്ത ഒരു ലോകത്തെപ്പറ്റി ചിന്തിക്കയുമരുത്. ഇത് ഒരു നിരീശ്വരവാദിയുടെ ജല്പനങ്ങളല്ല. മറിച്ച് പ്രകൃതിയുടെ നിയമമാണ്. അർഹതയുള്ളവർ അതിജീവിക്കപ്പെടട്ടെ.

പ്രപഞ്ചരഹസ്യങ്ങൾ മനസ്സിന്റെ നിലവറയിൽ ഒരു നിധി കുംഭം പോലെ കുഴിച്ചിട്ടിരിക്കപ്പെട്ടിരിക്കുന്നു. അന്വേഷണങ്ങൾ എവിടെ ചെന്നെത്തുമെന്ന് ആർക്കും പ്രവചിക്കുക സാധ്യമല്ല. പുനർജന്മങ്ങൾക്ക് ഒരു പുതിയ മാനദണ്ഡം നൽകികൊണ്ടാണ് SSS പുനർജന്മസിദ്ധാന്തം അവതരിപ്പിച്ചത്. (Re-Orientation Therom, ROT). ഇതുപ്രകാരം ഓർഗാനിക് സംയുക്തങ്ങൾ ഇൻഓർഗാനിക് ആറ്റങ്ങളും മോളിക്യൂളുകളും ആകുകയും തിരിച്ച് ഓർഗാനിക് സംയുക്തങ്ങൾ ആകുകയും ചെയ്യുന്ന ഒരു ചാക്രിക (cyclic) പ്രവർത്തനത്തിന്റെ ഫലമായാണ് ജീവൻ നിലനിൽക്കുന്നത്. ഇപ്രകാരം ജഡമായ ജീവികളുടെയോ അല്ലാത്തതോ ആയ ആറ്റങ്ങൾ ജീവനുള്ള ശരീരത്തിലേക്ക് കുടിയേറ്റം ചെയ്യപ്പെടുന്നു. അതായത് ഭ്രൂണാവസ്ഥയിൽ നിന്ന് വാർദ്ധക്യാവസ്ഥവരെ പതിനായിരക്കണക്കിന് ജീവികളുടെ ശരീരത്തിലെ ആറ്റങ്ങളുടെയും മോളിക്യൂളുകളുടെയും ആവർത്തനമാണ് ഓരോ ജീവിയും. മറ്റൊരർത്ഥത്തിൽ ജീവികൾ പുനർജ്ജനിക്കുന്നു. എപ്പോൾ ഈ ചക്രം അവസാനിനിക്കുന്നുവോ അപ്പോൾ

ജീവൻ എന്ന പ്രതിഭാസം ഭൂമിയിൽ അപ്രത്യക്ഷമാവും. സ്ഥിതിചെയ്യാൻ സ്ഥലം ആവശ്യമാണെന്നും വസ്തുക്കളുടെ വ്യാപ്തം സ്ഥിതിചെയ്യാനുള്ള സ്ഥല (ബാഹ്യവ്യാപ്തം) ത്തെക്കാൾ കുറവാണെന്നും നമുക്കറിയാം. അതായത് വ്യാപ്തമുള്ള എന്തിനും സ്ഥിതിചെയ്യാൻ അതിൽക്കൂടുതൽ സ്ഥലം ആവശ്യമാണ്. പ്രപഞ്ചത്തിന് വ്യാപ്തമുള്ളതിനാൽ ഈ ഒരു നിയമം പ്രപഞ്ചത്തിന്റെ അതിർവരമ്പ് (Universal boundary) എന്ന സങ്കല്പത്തിന് വഴി തെളിക്കുന്നു. അതുകൊണ്ടുതന്നെ ഈ പ്രപഞ്ചത്തിന് പുറത്തുള്ളതുപോലുള്ള പ്രപഞ്ചങ്ങൾ ഉണ്ടാകുവാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

ചിന്തിക്കാൻ തുടങ്ങിയ കാലം മുതൽ തന്നെ മനുഷ്യൻ സ്രഷ്ടാവിനെ തേടി അലയാൻ തുടങ്ങിയതാണ്. എന്നാൽ ഇതിൽ നിന്നും ഉടലെടുത്ത ദൈവിക മതവിശ്വാസങ്ങൾ പലതും മനുഷ്യന്റെ അറിവിന്റെ പരിധിയിൽപ്പെട്ടതും മനസ്സിന്റെ സങ്കല്പസൃഷ്ടികളുമാണ്. ഹിന്ദു, മുസ്ലീം മതവിശ്വാസങ്ങളെ ഇവിടെ പരാമർശിക്കുന്നു.

ഹിന്ദുമത സങ്കല്പത്തിൽ 36 കോടി ദേവന്മാരുണ്ട്. ഇവരുടെ അധിപനായി 36000 ദേവന്മാരുണ്ട്. ഓരോ കൂട്ടവും ഒരു ദേവഗണമാണ്. 36 ദേവന്മാർ ഇവർക്കധിപനായുണ്ട്. 36 പേർക്കും ഓരോ ധർമ്മമുണ്ട്. അതായത് ഒരു കൊച്ചു ജനാധിപത്യം തന്നെയാണ് മതത്തിന്റെ ഘടന. എന്നാൽ ഹിന്ദുമതത്തിന്റെ മൂലാധാരം വേദങ്ങളാണ്. ഇവക്ക് ഈ ദൈവങ്ങളുമായി ഒരു ബന്ധവുമില്ല. അസൂയയും സ്വാർത്ഥതയും പരസ്പരമത്സരവും ഇവരുടെ ഇടയിലുണ്ട്. ദൈവം സർവ്വശക്തനാണ് എന്നാൽ ഇരുമ്പും ചെമ്പും കൊണ്ടുണ്ടാക്കിയ ആയുധങ്ങളിലാണ് ഇവർക്ക് വിശ്വാസം. (പുരാതന മനുഷ്യരുടെ ആയുധങ്ങളെ സൂചിപ്പിക്കുന്നു.) ദൈവപത്നികൾക്ക് സ്വർണ്ണാഭരണങ്ങളോടും പട്ടുചേലകളോടുമാണ് പ്രിയം. ആധുനിക രീതിയിൽ തീർത്ത സ്വർണ്ണാഭരണങ്ങൾ ഇവരുടെ ശരീരത്തിൽ കാണാം. ഏതു ദുഷ്ടവ്യക്തിയിലും ഒരു മനസ്സുണ്ട്. ഇവരിലെ പാപം നശിപ്പിക്കാൻ വേണ്ടി ദേഹം നശിപ്പിക്കുകയാണ് ദൈവങ്ങൾ ചെയ്യുക. ഇന്ത്യയിൽ നിലനിൽക്കുന്ന മിക്ക ക്ഷേത്രങ്ങളിലും നരബലിയും മൃഗബലിയും നിലനിന്നിരുന്നു. എന്നു മുതലാണ് ദൈവം മനുഷ്യനെയും മൃഗങ്ങളെയും സ്നേഹിക്കാൻ തുടങ്ങിയതെന്നറിയില്ല. സ്വന്തം സ്വാർത്ഥതക്കു വേണ്ടി പ്രാർത്ഥിക്കുന്ന മുനിമാരെയും ഭക്തന്മാരെയും ഇവിടെ നമുക്കു കാണാം.

കാലാന്തരത്തിൽ കടന്നുവന്ന ക്രൈസ്തവസങ്കല്പത്തിൽ ദൈവം പിതാവും പുത്രനുമായി ചുരുങ്ങുന്നു. രണ്ടാം ദിവസം ആകാശവും ഭൂമിയും നാലാം ദിവസം സൂര്യനെയും നക്ഷത്രങ്ങളെയും സൃഷ്ടിച്ചു എന്നു പറയുമ്പോൾ അനന്തമായ ഈ പ്രപഞ്ചത്തിൽ കണികാണാൻപോലും പറ്റാത്ത ഒരു കൊച്ചു ആകാശഗംഗയിലെ ഒരു ഗ്രഹത്തിലെ മനുഷ്യർക്കുവേണ്ടിയാണ് ഇതൊക്കെ സൃഷ്ടിച്ചതെന്നുതോന്നും. ഭൂമിയിൽ പകലും രാത്രിയും സൃഷ്ടിക്കുവാനും ഭൂമിയെ ചൂടാക്കാനുമാണ് സൂര്യനെ സൃഷ്ടിച്ചതെന്നാണ് സൃഷ്ടികർത്താവിന്റെ വാദം-ആകാശവും നക്ഷത്രങ്ങളെയും പറ്റി ചിന്തിച്ചാൽ ഭൂമിയുടെ "Background" കളറും ഭംഗിയും നൽകാനാണ് ഇവ സൃഷ്ടിച്ചതെന്നു തോന്നാം. ധൂമകേതുക്കളും വാൽനക്ഷത്രങ്ങളും ദൈവം കണ്ടിട്ടുണ്ടായിരുന്നില്ലേ? ഓരോ ഗ്രഹങ്ങളും ഗ്യാലക്സികളും തമ്മിലുള്ള ബന്ധവും വ്യതിയാനങ്ങളും പ്രതിപാദ്യവിഷയങ്ങളേ അല്ല. (ശാസ്ത്രീയ പുരോഗതിയില്ലാത്ത കാലത്തെ ഓർമ്മിപ്പിക്കുന്നു). മനുഷ്യൻ ദൈവത്തിന്റെ പ്രതിരൂപമാണെന്നും അതിനാൽ മറ്റു ജീവികളെക്കാൾ ശ്രേഷ്ഠനാണെന്നും ഇവർ പറയുന്നു. ഇത് മനുഷ്യന്റെ ആഢ്യനെന്ന ഭാവമാണ്. ഓരോ ജീവിക്കും അതാതിന്റെ ഗുണങ്ങളുണ്ട്. ദൈവം തന്റെ രൂപത്തിലാണെന്ന് എന്തുകൊണ്ട് ഒരു പട്ടിക്ക് ചിന്തിച്ചുകൂടാ? രാജാവും രാജ്ഞിയും ഭൃത്യൻമാരുമുള്ള ഉറുമ്പിന്റെ സാമ്രാജ്യം പുറകിലാണെന്നോ മനുഷ്യന്റെ വിചാരം. വിനിമയത്തിന് "ഫിറമോണു" ഉള്ളപ്പോൾ അവ "മൊബൈൽ" ഉണ്ടാക്കിയാലേ അംഗീകരിക്കപ്പെടുകയുള്ളോ? ഏദനിൽ ക്ഷമ പഠിക്കാത്ത ദൈവം ഇന്ന് കൊള്ളക്കാരോടും, കൊലപാതകികളോടും, വേശ്യകളോടും ക്ഷമിക്കാൻ പറയുന്നു. തെരുവിലൂടെ നടക്കുന്ന വിരോധാഭാസത്തിന്റെ നിറ



ച്ചാർത്തികൾ കാണാൻ നമുക്കു കഴിയും. പാപനാശത്തിന് അവതരിക്കപ്പെട്ട ദൈവപുത്രനാൽ ലക്ഷ്യം നിറവേറ്റാൻ സാധിച്ചില്ലന്ന് നമുക്കു മനസ്സിലാക്കാൻ കഴിയും. പകരം പരസ്പരം തല്ലിച്ചാവാൻ ഒരു മതം കൂടി ഇവിടെ സൃഷ്ടിക്കപ്പെട്ടു ( പാപം തീർക്കാൻ വന്നവനാൽ പാപം കൂടുന്നു.) ഈ മതവിഭാഗക്കാർ സ്വാർത്ഥതക്ക് പുതിയമാനം തീർക്കുന്നു. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിച്ചാലേ ദൈവം നമ്മെ അനുഗ്രഹിക്കൂ എന്ന് വിശ്വസിക്കുന്നതിനാൽ സ്വന്തം കാര്യത്തിനുവേണ്ടി ഇവർ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

ഇതിൽനിന്നെല്ലാം വളരെ വ്യത്യസ്തമാണ് ഇസ്ലാം മതസിദ്ധാന്തം. ഇവിടെ ദൈവത്തിന് മനുഷ്യരൂപമില്ല. അന്ധകാരത്തിലെ പ്രകാശമാണ്. എന്തുകൊണ്ടോ സ്ത്രീകൾക്ക് ഇവരുടെ ആരാധനാലങ്ങളിൽ പ്രവേശനമില്ല. സ്ത്രീകളെ താൻ സൃഷ്ടിച്ചതല്ലെന്നാണോ ദൈവം പറയുന്നത്.സ്ത്രീ എന്നാൽ ഉപഭോഗവസ്തു മാത്രമായിത്തീരുകയാണോ? ദൈവത്തിന്റെ അശരീരി നബി കേട്ടത് പുരുഷശബ്ദത്തിലായിരുന്നോ? പുരുഷാധിപത്യത്തിന്റെ ഒരു കാലഘട്ടത്തിനെയാണോ ഇത് ഓർമ്മിപ്പിക്കുന്നത്. മോക്ഷത്തിനു വേണ്ടിയാണ് അഞ്ചുനേരം പ്രാർത്ഥിക്കുന്നതെങ്കിൽ അതും സ്വന്തം കാര്യലാഭത്തിനുവേണ്ടിയുള്ള പ്രാർത്ഥനയല്ലെ? ദൈവം സൃഷ്ടിച്ചത് മനുഷ്യനെയാണോ ഇസ്ലാമിനെയാണോ എന്ന് ഇവർക്കുതന്നെ ഉറപ്പില്ലെന്നു തോന്നുന്നു. ഒരു മതം ഉള്ളപ്പോൾ തന്നെ ഗ്രൂപ്പ് തിരിക്കാൻ ശ്രമിക്കുന്ന മനുഷ്യരുടെ ഇടയിലേക്ക് തമ്മിൽതല്ലിന് ആക്കം കൂട്ടാൻ ഒരു മതം കൂടിച്ചേർക്കപ്പെട്ടതല്ലാതെ എന്താണ് മനുഷ്യവർഗ്ഗത്തിന് ഉപയോഗമുണ്ടായത്. പരസ്പര വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് പ്രകൃതിയും ജീവജാലങ്ങളും മുന്നോട്ട് പോകുന്നത്. എന്നാൽ അതു തകർത്താൽ ഇവിടുള്ള മതങ്ങൾക്കും ദൈവങ്ങൾക്കും അതുകൊണ്ടുണ്ടാകുന്ന തീ അണക്കാൻ കഴിയില്ല.

> ശാന്തിയും സമാധാനവുമാണ്
> എല്ലാ മതങ്ങളും ആഹ്വാനം
> ചെയ്യുന്നത്, എന്നാൽ
> എല്ലാവരും സ്വന്തം
> താല്പര്യങ്ങൾക്കുവേണ്ടി
> മതത്തെ
> ആയുധമാക്കുകയാണ്

ശാന്തിയും സമാധാനവുമാണ് ദൈവത്തിലുപരി എല്ലാ മതവേദങ്ങളും ആഹ്വാനം ചെയ്യുന്നതെങ്കിലും സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി ആയുധമാക്കുകയാണ് എല്ലാവരുടെയും ലക്ഷ്യം. മറ്റു ജീവികളെക്കാൾ ശ്രേഷ്ഠത മനുഷ്യർക്കില്ല. ശൂന്യാകാശം വരെ കയ്യടക്കി എന്നു പറയുന്ന ശ്രേഷ്ഠനായ മനുഷ്യന് സൂര്യനോട് തൊട്ടടുത്ത നക്ഷത്രത്തിലെ (Proxima Centurion) ഭൂമിക്ക് സമാനമായ അകലത്തിൽ സ്ഥിതിചെയ്യുന്ന ഗ്രഹത്തിൽ (Proxima) ജീവനുണ്ടോ എന്ന് കണ്ടുപിടിക്കാൻ പോലും കഴിഞ്ഞിട്ടില്ലന്നോർക്കണം. യൂണിറ്റ് വ്യാപ്തിയിൽ ജീവൻ കാണപ്പെടാനുള്ള സാദ്ധ്യത ഒന്നോ ശൂന്യമോ ആണെങ്കിൽ അനന്തമായ പ്രപഞ്ചത്തിനകത്തും പുറത്തും ജീവൻ കാണപ്പെടാനുള്ള സാദ്ധ്യത അനന്തമാണ്. അതായത് ഒരു ഗ്യാലക്സിയിലെ ഗ്രഹങ്ങൾ അനന്തമെങ്കിൽ പ്രപഞ്ചത്തിലെ ഗ്യാലക്സികൾ അനന്തമെങ്കിൽ പ്രപഞ്ചങ്ങൾ അനന്തമെങ്കിൽ ജീവൻ കാണപ്പെടാനുള്ള സാദ്ധ്യത അനന്തം. അങ്ങിനെയെങ്കിൽ ആ ജീവികൾ മനുഷ്യനെക്കാൾ ശ്രേഷ്ഠനാകുമോ അല്ലയോ?

ഗ്രഹങ്ങൾക്കു മുമ്പ് ബിഗ്ബാംഗ് സ്ഫോടനം നടന്നിരുന്നു എങ്കിൽ അവയ്ക്കു മുമ്പ് ആറ്റങ്ങൾ നിലനിന്നിരുന്നു എങ്കിൽ ആറ്റങ്ങൾക്കു മുമ്പ് ചാർജ്ജുകൾ നിലനിന്നിരുന്നുവെങ്കിൽ അവക്കുമുമ്പ് അന്ധകാരം നിലനിന്നിരുന്നുവെങ്കിൽ അതിനുമുമ്പ് ശൂന്യത നിലനിന്നിരുന്നെങ്കിൽ ശൂന്യതക്കു മുമ്പ് എന്തു നിലനിന്നിരുന്നെന്ന് സാമാന്യബോധമുള്ളവർക്ക് ചിന്തിച്ചാൽ ഉത്തരം കിട്ടും. എന്നാൽ അതിനുമുമ്പ് എന്തു നിലനിന്നിരുന്നെന്നറിയാൻ കുറെക്കൂടി സഞ്ചരിക്കേണ്ടിവരും.

പരസ്പരം കടിച്ചുകീറാൻ തക്കം നോക്കിയിരിക്കുന്ന മനുഷ്യർ തങ്ങൾ പരമാണുക്കളുടെ സംയോഗം കൊണ്ടുണ്ടാകുകയും വിയോഗം കൊണ്ടില്ലാതാക്കപ്പെടുകയും ചെയ്യുന്ന നിമിഷനേരത്തെ സൃഷ്ടികളാണ് എന്നോർക്കുന്നില്ല. ഇതൊരാവർത്തനം മാത്രം. ഇവിടെ സ്വർഗ്ഗങ്ങളില്ല, നരകങ്ങളില്ല. മന്ത്രങ്ങളില്ല, മോക്ഷങ്ങളില്ല. എല്ലാം വെറും യാന്ത്രിക പ്രവർത്തനം മാത്രം. സർവ്വ പ്രപഞ്ചങ്ങളിലെയും ജീവനുള്ളതും ഇല്ലാത്തതും ആയ കണങ്ങളും ഈ അനന്തവ്യാപ്തിയും ചേർന്നുണ്ടാകുന്ന ഭീമമായ ശക്തിയേതോ അതാണ് ദൈവം. ഇതിൽ നിന്ന് ഒരു കണമെങ്കിലും ഒഴിവാക്കിയാൽ അവിടെ ദൈവീകശക്തി ഉണ്ടാകുന്നില്ല. എപ്രകാരം പ്രപഞ്ചം ഈ സങ്കീർണ്ണാവസ്ഥയിൽ എത്തിയിരിക്കുന്നുവോ ഇവിടെ നിന്നും പ്രപഞ്ചത്തിന്റെ പ്രത്യേകാവസ്ഥയിൽ (Configeration) ഒരു പിൻദിശാ പ്രവർത്തനം (Backward reaction) നടക്കാനുള്ള സാദ്ധ്യതോ തള്ളിക്കളയാനാവില്ല. അതായത് ഏതുശക്തിയിൽ എന്തിനാൽ ഈ പ്രപഞ്ചം ഉണ്ടായോ, ആ അവസ്ഥയിൽ എത്തിച്ചേരാനുള്ള സാദ്ധ്യത തീർച്ചയായും ഉണ്ട്. അന്ന് മാനവരാശി ഇല്ലെങ്കിൽപോലും, ഇവിടെ മനുഷ്യനാര്? അവന്റെ സ്വാർത്ഥതക്ക് എന്തു സ്ഥാനം.

മതങ്ങളും ദൈവങ്ങളും മനുഷ്യന് ഉപയോഗമല്ല ഉപദ്രവമാണുണ്ടാക്കുന്നതെങ്കിൽ എന്തിനാണ് മതങ്ങൾ? എന്തിനാണ് ദൈവങ്ങൾ? എല്ലാം അധികാരവർഗ്ഗത്തിന്റെ പേക്കോലങ്ങൾ. കരയാനറിയാത്ത ചിരിക്കാനറിയാത്ത കരിങ്കൽ പ്രതിമകൾ.



# കാലവർഷങ്ങൾ

കാലവർഷങ്ങൾ,
കത്തിനീറുന്ന ഭ്രാന്തൻ തുള്ളികൾ-
മണ്ണിന്റെ ഗർഭം തുരന്ന്-
ഭ്രൂണം കടിച്ചു കീറി പേപിടി-
ച്ചലറുന്നു ചിന്തയിൽ.
കരഞ്ഞ് മാറത്തലക്കുന്ന തനിയെ-
നക്കിത്തുടക്കുന്നു വിഭ്രാന്തികൾ.
എൻ കണ്ണിനാൽ,
കുടിച്ചുവറ്റിച്ച മാർത്തടം
കുപ്പയിലാക്കി ചിരിക്കും അധരങ്ങൾ...
ഇതെന്റെ ചിത്തം...
ഇതെന്റെ വാക്കിന്റെ വാഴ്‌വ്..
ഇതെന്റെ ഭ്രാന്ത്...
കാലവർഷങ്ങളെയിനിയുറങ്ങുക.
മറക്കുക മൗനസ്മൃതികളെ
ഞാൻ മരിച്ചതാണിന്നലെ-
കണ്ടകിനാവിൽ
കറുത്ത മനസ്സായിയൊഴുകുക.
മാപ്പുകൾ പിറക്കുന്നയീമഴകളിൽ
കാലവർഷങ്ങളായ്...

**ഷിനു സത്യൻ കെ.**
ജന്തുശാസ്ത്രബിരുദം ഒന്നാംവർഷം



# കവിത : അച്ചടിക്കാത്തത്

അക്ഷരങ്ങളെ പിച്ചനടത്തി
ആളൊഴിഞ്ഞ മനാരത്ത്
എന്നിൽ കവിത പുനർജ്ജനി തേടി.
ബാല്യകൗമാര്യത്തിലെ സഖിയായിരുന്നിട്ടും
എന്റെയടുത്തെത്താൻ
നിനക്കാളൊഴിയേണ്ടി വന്നല്ലോ?
നഷ്ടസ്വപ്നത്തിന്റെ വിലാപത്തെ മറികടന്ന്
നീയെനിക്ക് -
മഞ്ഞുകാലത്തിന്റെ ആർദ്രത നൽകി.
ഉന്മാദത്തിന്റെ അലച്ചിലുകൾക്കൊടുവിൽ
നിത്യനിർവൃതി തന്നതും നീയായിരുന്നു.
എന്റെ കണ്ണ് പൊട്ടിത്തകർന്നത്
യാത്രയിലൊരിക്കൽ
നിന്നെ നഷ്ടപ്പെടുത്തിയപ്പോഴാണ്.
വായിക്കുന്തോറും
അമൃതതുല്യം
ഹൃദയവിള്ളലുകളിലേക്ക് നീ പെയ്തിറങ്ങുന്നു.
എനിക്കൊഴിച്ച്,
എല്ലാവർക്കും നീ അഭിസാരികയായിരുന്നു
കാരണം,
എന്റെ കവിത അച്ചടിക്കാത്തതായിരുന്നു.

സുരേഷ് ബാബു റ്റി. ആർ.
മലയാളസാഹിത്യബിരുദം മൂന്നാംവർഷം



# ഫെമിനിസം വഴിതെറ്റുന്നു.


ആരതി മേനോൻ

ഭൗതികശാസ്ത്രബിരുദം രണ്ടാംവർഷം


സ്ത്രീത്വം - ഒരു സ്ത്രീയായ് പിറന്നതിന്റെ ആഘോഷം. സൃഷ്ടികർത്താവ് കനിഞ്ഞു നൽകിയ ഏറ്റവും സുന്ദരമായ സൃഷ്ടിയാണ് സ്ത്രീ. സ്ത്രീത്വമാണ് ഒരു സ്ത്രീയുടെ ഏറ്റവും വിലപ്പെട്ട ധനം. ഒരു സ്ത്രീ പൂർണ്ണത പ്രാപിക്കുന്നത് അവൾ മകളായും, സഹോദരിയായും, സുഹൃത്തായും, കാമുകിയായും, ഭാര്യയായും, അമ്മയായും ഒക്കെ ബഹുമാനിക്കപ്പെടുമ്പോഴാണ്. എത്രയൊക്കെ അടിച്ചമർത്തപ്പെട്ടാലും എത്രയൊക്കെ നശിപ്പിക്കാൻ ശ്രമിച്ചാലും ഏതു ചാരത്തിൽ നിന്നും സ്ത്രീത്വം ഉയർത്തെഴുന്നേൽക്കുന്നു. സ്ത്രീ ജന്മത്തിന്റെ പറഞ്ഞറിയിക്കാനാവാത്ത സുഖം അനുഭവിക്കാൻ, കർത്തവ്യം നിറവേറ്റാൻ.

സാഹിത്യകാരൻ 'സൊഹൈർ കസ്സ്ഹോഗി'യുടെ അഭിപ്രായത്തിൽ ഫെമിനിസം സ്ത്രീകളെ II class പുരുഷന്മാരാക്കിയിരിക്കുന്നു. Ms എന്ന സ്ത്രീയുടെ പേരിന്റെ മുൻപിൽ ചേർക്കുന്ന വിശേഷണം തന്റെ ഭർത്താവിനും കുടുംബത്തിനും ഉപരിയായി സ്വന്തം കാര്യത്തിന് പ്രാധാന്യം കൊടുക്കുന്നതിനെ സൂചിപ്പിക്കുന്നു. എന്നാൽ 18-ാം നൂറ്റാണ്ടിൽ മേരി വോൾസ്റ്റോൺക്രാഫ്ട് മുതലായവർ തുടങ്ങിവച്ച ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന് ലക്ഷ്യങ്ങൾ പലതായിരുന്നു. സ്ത്രീകൾക്ക് ചെയ്യുന്ന ജോലിക്കനുസരിച്ച് വേതനം ലഭിക്കുക, സമ്മതിദാനാവകാശം നേടി എടുക്കുക അങ്ങനെ പലതും. പക്ഷേ, സ്ത്രീകൾ അടിച്ചമർത്തപ്പെട്ടിരുന്ന കാലത്ത് കുറച്ച് പേർ പോരാടി നേടിയെടുത്ത ആ സ്വാതന്ത്ര്യം ഇന്ന് സ്ത്രീ ദുരുപയോഗപ്പെടുത്തുന്നു. പുരുഷന്മാരെ പോലെ വസ്ത്രധാരണം ചെയ്യുക, സിഗരറ്റ്, മദ്യം തുടങ്ങിയവ ഉപയോഗിക്കുക, പുരുഷന്മാരെ കമന്റടിക്കുക - ഇവയൊക്കെയാണോ സ്വാതന്ത്ര്യം. ഇവയ്ക്കാണോ സ്ത്രീകൾ മോചനം എന്ന് പറയുന്നത്? മിക്ക സ്ത്രീകൾക്കും അറിയില്ല ശരിയേത് തെറ്റേതെന്ന്. സ്ത്രീയ്ക്ക് ആരിൽ നിന്നാണ് മോചനം വേണ്ടത്? മാർഗരറ്റ് താച്ചർ അഭിമാനത്തോടെ പറഞ്ഞു, 'ഞാൻ സ്ത്രീയാണ്, ഞാൻ സ്ത്രീകളേപ്പോലെ വസ്ത്രധരണം ചെയ്യും. അത് ഏതൊരു പുരുഷന്റെ അത്രയും തന്നെ മികച്ചതുമാണ്.' ജീവതന്ത്രപരമായും ശരീരശാസ്ത്രപരമായും ഉള്ള പഠനങ്ങൾ തെളിയിക്കുന്നത് ചില മേഖലകളിൽ സ്ത്രീകൾ അശക്തരാണെങ്കിലും ചിലതിൽ അവർ പുരുഷന്മാരേക്കാൾ ശക്തരാണ് എന്നാണ്.

'ടീനേജ് ബ്യൂട്ടി നിൻജ ഫെമിനിസ്റ്റ്' എന്നറിയപ്പെടുന്ന നവോമി വുൾഫ് അവരുടെ മാതൃത്വാനുഭവത്തിനു ശേഷം പറഞ്ഞു 'ഗർഭസ്ഥ ശിശു വെറുമൊരു മാംസപിണ്ഡമല്ല. അതും മൂല്യമുള്ളതാണ്. അതിനും ജീവിക്കാനുള്ള അവകാശമുണ്ട്' ജനിക്കാനിരിക്കുന്ന കുഞ്ഞ് പെണ്ണാണെന്നറിഞ്ഞ് അതിനെ നശിപ്പിക്കാനുള്ള സ്വാതന്ത്ര്യമാണോ നമുക്ക് വേണ്ടത്? ഒരു ഉത്തമയായ സ്ത്രീ ഒരിക്കലും അതിനനുവദിക്കില്ല. അമ്മയുടെ സ്നേഹം ഒരു കുഞ്ഞിന് വിലമതിക്കാനാവാത്തതാണ്. ആ സ്നേഹമാണ് അവന്റെ അല്ലെങ്കിൽ അവളുടെ വ്യക്തിത്വത്തിന് തറക്കല്ലിടുന്നത്. ഒരു സ്ത്രീയ്ക്ക് ഈശ്വരൻ കനിഞ്ഞു നൽകിയ അനുഗ്രഹമാണ് മാതൃത്വം.

പണ്ടു കാലത്തെ അടിച്ചമർത്തപ്പെട്ടിരുന്ന ചൂഷണം ചെയ്യപ്പെട്ടിരുന്ന സ്ഥിതിയിൽ നിന്നും സ്ത്രീ ഉൽകൃഷ്ടമായ മഹത്തായ പ്രശംസനീയാർഹമായ ഒരു പദവിയിലെത്തിയിരിക്കുന്നു. മനുസ്മൃതിയിൽ മനു സ്ത്രീയെ എപ്പോഴും ശാരീരിക പീഢനം അർഹിക്കുന്ന ഒരു മൃഗമായാണ് ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ ഇന്ന് സ്ഥിതി മാറി. സ്ത്രീ വളരെ ഉയരങ്ങളിൽ എത്തിയിരിക്കുന്നു. വിമാനം പറപ്പിക്കാൻ, മാതൃരാജ്യത്തിനു വേണ്ടി യുദ്ധം ചെയ്യാൻ, കലാ-കായിക വേദികളിൽ തിളങ്ങാൻ - എല്ലാത്തിനും സ്ത്രീ മുന്നിൽ തന്നെ. കർത്തവ്യബോധമില്ലാത്ത സ്വാതന്ത്ര്യം അപകടകാരിയായ ഒരു ഉപഹാരമാണ്. അത് ഇരുവശവും മൂർച്ചയുള്ള ഒരായുധം പോലെയാണ്. സശ്രദ്ധം ഉപയോഗിച്ചില്ലെങ്കിൽ ഉപയോഗിക്കുന്നവർക്കു തന്നെ അപകടം സുനിശ്ചയം. അതിനാൽ എത്ര സ്വാതന്ത്ര്യമുണ്ടെങ്കിലും നമ്മുടേതായ ന്യായം, സദാചാരം, ഇവയൊക്കെ മറന്ന് പ്രവർത്തിക്കുന്നത് ആത്മഹത്യാപരമാണ്. മോചനം എന്നു പറഞ്ഞാൽ നമുക്ക് പുരുഷന്മാരാകണോ? വേണ്ട. നമുക്ക് മനുഷ്യരാവണം. നമ്മുടെ എല്ലാ കഴിവുകളും, വ്യക്തിത്വവും ഒക്കെ ഈ ലോകത്തിനു വേണ്ടി സമർപ്പിക്കാൻ സ്വാതന്ത്ര്യമുള്ള മനുഷ്യർ.



# കോളേജ് യൂണിയൻ റിപ്പോർട്ട് 2001-2002

**2001** സെപ്തംബർ 20-ാം സമാധാനപരവും പ്രശാന്തവുമായ അന്തരീക്ഷത്തിൽ നടന്ന കലാലയ യൂണിയൻ തിരഞ്ഞെടുപ്പിൽ താഴെപ്പറയുന്നവർ ഭാരവാഹികളായി ചുമതലയേറ്റു.

| | |
|---|---|
| ചെയർമാൻ | - ദിൽജിത്ത് കെ.എൻ. |
| ജന. സെക്രട്ടറി | - അരുൺ റ്റി. എ. |
| ആർട്സ് ക്ലബ് സെക്രട്ടറി | - മനു എം. മേനോൻ |
| യൂണി. യൂണിയൻ കൗൺസിലേഴ്സ് | - ഭവശിറാം എൻ. വി. |
| | - അബീഷ് ബാലൻ |
| മാഗസിൻ എഡിറ്റർ | - റിജാസ് എ. ജെ. |
| വനിതാ പ്രതിനിധികൾ | - സിന്ധ്യ ജേക്കബ് |
| | - ആരതി മേനോൻ |
| ഒന്നാം വർഷ ഡിഗ്രി പ്രതിനിധി | - എൽദോ കെ. ജേക്കബ് |
| രണ്ടാം വർഷ ഡിഗ്രി പ്രതിനിധി | - മനു കെ.സി. |
| മൂന്നാം വർഷ ഡിഗ്രി പ്രതിനിധി | - സിബി ടി.ബി. |
| ഒന്നാം വർഷ പി.ജി. പ്രതിനിധി | - ബെൻസീറ ബീഗം |
| രണ്ടാം വർഷ പി.ജി. പ്രതിനിധി | - രാജേഷ് ടി.ആർ. |

താഴെപ്പറയുന്നവരെ വിവിധ സ്ഥാനങ്ങളിലേക്ക് യൂണിയൻ നാമനിർദ്ദേശം ചെയ്തു.

| | |
|---|---|
| ജനറൽ ക്യാപ്റ്റൻ | - അഷ്ഗർ എ.എ. |
| ഡിബേറ്റ് ക്ലബ്ബ് സെക്രട്ടറി | - ലെനി ഫിലിപ്പ് തോമസ് |
| സിനി ക്ലബ്ബ് സെക്രട്ടറി | - ഷൈൻ പി.വി. |
| ക്വിസ് ക്ലബ്ബ് സെക്രട്ടറി | - അഫ്സൽ പി. കെ. |
| സോഷ്യൽ സർവ്വീസ് ലീഗ് | - ലാൽസ് ഉമ്മൻ |
| പ്ലാനിംങ് ഫോറം | - മുഹമ്മദ് അൻവർഷാ |
| കാന്റീൻ സെക്രട്ടറി | - ജിജോയ് കുഞ്ഞപ്പൻ |

**സ്ഥാനാരോഹണം**

2001 സെപ്തംബർ 3-ാം തീയതി വി.എം.എ. ഹാളിൽ വച്ചു നടന്ന ലളിതമായ ചടങ്ങിൽ പ്രിൻസിപ്പാൾ ഡോ. രാജു കെ. ജോൺ സത്യവാചകം ചൊല്ലിത്തരുകയും യൂണിയൻ അംഗങ്ങൾ അത് ഏററുചൊല്ലി അവരോഹിക്കപ്പെടുകയും ചെയ്തു.

**വോയ്സ് ഓഫ് യൂ.സി.**

യൂ.സി. യുടെ പ്രതിഭകളെ കണ്ടെത്തുവാനും പ്രോത്സഹപ്പിക്കുവാനും വേണ്ടി സംഘടിപ്പിച്ച ഗാനാലാപന മത്സരം 2001 സെപ്തംബർ 9-ാം തീയതി വി.എം.എച്ച ൽ വച്ച് നടന്നു. മുന്നൂറോളം പേർ പങ്കെടുത്തു.

### കോളേജ് യൂണിയൻ ഉദ്ഘാടനം

2001 ഒക്ടോബർ 17-ാം തീയതി യു.സി. യുടെ പുതുതായി പണികഴിപ്പിച്ച ഓഡിറ്റോറിയത്തിൽ വച്ച് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ പ്രശസ്ത എഴുത്തുകാരൻ ശ്രീ. ജോർജ് ജോസഫ് കെ. കോളേജ് യൂണിയൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. തദവസരത്തിൽത്തന്നെ ആർട്സ് ക്ലബിന്റെയും സിനി ക്ലബിന്റെയും ഉദ്ഘാടനം പ്രശസ്ത കാർട്ടൂണിസ്റ്റ് ശ്രീ. സീരി മാസ്റ്റർ നിർവ്വഹിച്ചു. കാലത്തിന്റെ ചൈതന്യം ഉൾക്കൊണ്ട ശില്പി ശ്രീ. മരപ്രഭു രാമചന്ദ്രൻ കോളേജ് ക്യാംപസിൽ നിർമ്മിക്കുന്ന സഹസ്രാബ്ദ സ്മാരകത്തിൽ ആദ്യാക്ഷരം ആലേഖനം ചെയ്യുന്ന കർമ്മം മലയാള സിനിമാരംഗത്തെ സൂപ്പർ താരം ശ്രീ. ഭരത് മോഹൻലാൽ നിർവ്വഹിച്ചു. ജനറൽ സെക്രട്ടറി അരുൺ ടി. എ. സ്വാഗതം ആശംസിച്ചു. ചെയർമാൻ ശ്രീ. ദിൽജിത്ത് കെ.എൻ. അദ്ധ്യക്ഷപ്രസംഗം നടത്തുകയും ചെയ്തു. പ്രിൻസിപ്പൽ ഡോ. രാജു കെ. ജോൺ, യൂണി. യൂണിയൻ കൗൺസിലർമാരായ ഭവശിറാം എൻ. വി., അബീഷ് ബാലൻ, ശിൽപി ശ്രീ. മരപ്രഭു രാമചന്ദ്രൻ, കോളേജ് യൂണിയൻ സ്റ്റാഫ് അഡ്വൈസർ ശ്രീ. വി. പി. മർക്കോസ്, പൂർവ്വ വിദ്യാർത്ഥി സംഘടനയെ പ്രതിനിധീകരിച്ച് ശ്രീ. അയൂബ് ഖാൻ, കോളേജ് യൂണിയൻ മുൻ ചെയർമാൻ ശ്രീ. അജിത്, എൻ.എസ്. എസിനെ പ്രതിനിധീകരിച്ച് ശ്രീ. എം. ഐ. പുന്നൂസ് എന്നിവർ ചടങ്ങിന് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ആർട്സ് ക്ലബ് സെക്രട്ടറി ശ്രീ. മനു എസ്. മേനോൻ കൃതജ്ഞത രേഖപ്പെടുത്തി. ഉച്ചയ്ക്കു ശേഷം വോയ്സ് ഓഫ് യു.സി.യുടെ ശ്രുതിമധുരവും ശ്രവണസുന്ദരവുമായ ഗാനമേളയും അരങ്ങേറി.

### ചർച്ച

ഡിബേറ്റിംഗ് ക്ലബിന്റെ ആഭിമുഖ്യത്തിൽ 2001 നവംബർ 7-ാം തീയതി വി.എം. എച്ചിൽ വച്ച് അഫ്ഗാൻ യുദ്ധ പശ്ചാത്തലത്തിൽ "യുദ്ധം ആർക്കുവേണ്ടി?" എന്ന വിഷയത്തിന്മേൽ ചർച്ച സംഘടിപ്പിച്ചു. കോളേജ് യൂണിയൻ സ്റ്റാഫ് അഡ്വൈസർ ശ്രീ. വി.പി. മർക്കോസ് മോഡറേറ്ററായിരുന്നു.

### മുഖാമുഖം

2002 നവംബർ 9-ാം തീയതി വി.എം.എച്ചൽ വച്ചു നടന്നു. കോളേജ് യൂണിയന്റെ പ്രവർത്തനങ്ങളിൽ വരുത്തേണ്ട കാതലായ മാറ്റങ്ങളെക്കുറിച്ചും ക്യാംപസിൽ വിദ്യാർത്ഥികളുടെ പ്രശ്നങ്ങളിലേക്ക് നേരിട്ടറങ്ങിച്ചെല്ലുന്നതിന്റെ ഭാഗമായും വിദ്യാർത്ഥികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനവേണ്ടിയും കോളേജ് യൂണിയന്റെ ഭാഗത്തുനിന്നുള്ള ആത്മാർത്ഥമായ സമീപനത്തിന്റെ പ്രതിഫലനമായിരുന്നു യൂണിയനംഗങ്ങളുമായുള്ള മുഖാമുഖം പരിപാടി. സ്റ്റാഫ് അഡ്വൈസർ ശ്രീ. വി.പി. മർക്കോസ് മോഡറേറ്ററായിരുന്നു.

### നാടകോത്സവം - നിഴൽ 2001

അഭിനയകലയിലെ പുതിയ വസന്തങ്ങളെ കണ്ടെത്തുന്നതിന്റെ ഭാഗമായി കോളേജ് യൂണിയൻ സംഘടിപ്പിച്ച നിഴൽ 2002 നാടകോത്സവത്തിൽ 8-ഓളം വ്യത്യസ്തങ്ങളും പുതുമയാർന്നതുമായ നാടകങ്ങൾ അവതരപ്പിച്ചു. 2001 നവംബർ 15-ാം തീയതി വി.എം. എച്ച് ഹാളിൽ വച്ച് നടന്നു.

### ആർട്സ് ഫെസ്റ്റ് - തരംഗ് 2001

2001 നവംബർ 20,21 തീയതികളിൽ വി.എം. എ ഹാളിലും, പുതിയ ഓഡിറ്റോറിയത്തിലം, എൻ. ആർ - ലുമായി 60-ഓളം വിഭാഗം മത്സരങ്ങളിൽ അഞ്ഞൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു. യു.സി.യിലെ കലാകാരന്മാരുടെ കഴിവുകൾ മാറ്റുരച്ച വേദികൂടിയായിരുന്നു തരംഗ് 2001

### യൂണിവേഴ്സിറ്റി യൂണിയൻ നാടകോത്സവം

2001 ജനുവരി 25-ാം തീയതി തലയോലപ്പറമ്പിൽ വച്ചു നടന്ന യൂണിവേഴ്സിറ്റി യൂണിയൻ നാടകോത്സവത്തിൽ യു.സി.യിൽ നിന്നും "ആ മനുഷ്യൻ നീ തന്നെ" എന്ന നാടകം അവതരിപ്പിച്ചു. അവതരണഭംഗികൊണ്ടും ലളിത്യം കൊണ്ടും ശ്രദ്ധേയമായ നാടകം കാണികളുടെ മുക്തകണ്ഠ പ്രശംസ പിടിച്ചുപറ്റി.

### യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവം

2002 ഫെബ്രുവരി 11-ാം തീയതി മുതൽ 15-ാം തീയതി വരെ തൃപ്പൂണിത്തുറയിൽ വച്ചു നടന്ന കലോത്സവത്തിൽ യു.സി.യിൽ നിന്നും അനേകം പ്രതിഭകൾ പങ്കെടുത്തു. ഗ്രൂപ്പ് സോങ് വെസ്റ്റേൺ, ഫോട്ടോഗ്രാഫിയിൽ ശ്രീ. ശ്യാം ബാലകൃഷ്ണൻ എന്നിവർ യു.സി.ക്കുവേണ്ടി പ്രഥമ പുരസ്കാരം സ്വീകരിച്ചു. തിരുവാതിര, സ്കിറ്റ്, മൈം, ഗ്രൂപ്പ് സോങ് ഈസ്റ്റേൺ എന്നീ ടീമുകൾ മികവുറ്റ പ്രകടനം കാഴ്ചവച്ചു.

### സ്വകാര്യസംഘാടകരുടെ മത്സരങ്ങൾ

മാതൃഭൂമി പബ്ലിക്കേഷൻസ്, കാവേരി തുടങ്ങിയ സ്വകാര്യ സംഘാടകർ നടത്തിയ മത്സപരിപാടികളിലും കോളേജ് യൂണിയന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. മാതൃഭൂമി കലോത്സവത്തിൽ ഗ്രൂപ്പ് സോംങ് വെസ്റ്റേണിന് രണ്ടാം സ്ഥാനവും നാടോടി നൃത്തത്തിന് മൂന്നാം സ്ഥാനവും കോളേജ് ടീം കരസ്ഥമാക്കി. കാവേരി യൂത്ത് ഫെസ്റ്റിൽ എറണാകുളം ജില്ലാ തലത്തിലും, കേരള സംസ്ഥാന തലത്തിലും യു സി കോളേജ് സിനിമാറ്റിക് ഡാൻസ് ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി. കോതമംഗലം എം. എ കോളേജ് യൂണിയൻ സംഘടിപ്പിച്ച മത്സരത്തിലും യു.സി. കോളേജ് സിനിമാറ്റിക് ഡാൻസ് ടീം പുരസ്കാരം കരസ്ഥമാക്കുകയുണ്ടായി.

### സിനി ക്ലബ് പ്രവർത്തനങ്ങൾ

2002 ജനുവരി 16-ാം തീയതി മുതൽ തുടർച്ചയായ രണ്ടു ദിവസങ്ങളിൽ ആർച്ച ലൈറ്റ്സ് - 2002 എന്ന പേരിൽ സിനിമാ പ്രദർശനം സംഘടിപ്പിച്ചു. ദി ഗോഡ് മസ്റ്റ് ബി ക്രേസി, മൺസൂൺ വെഡ്ഢിംങ് തുടങ്ങിയ ചിത്രങ്ങൾ പ്രദർശിപ്പിച്ചു.

### ക്വിസ് ക്ലബ് പ്രവർത്തനങ്ങൾ

ക്വിസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ 2002 ജനുവരിയിൽ

"യാർ മുതൽവൻ" എന്ന പേരിൽ ക്വിസ് മത്സരം സംഘടിപ്പിക്കുകയുണ്ടായി. അനവധി വിദ്യാർത്ഥികൾ പങ്കെടുക്കുകയും നിരവധി സമ്മാനങ്ങൾ നേടുകയും ചെയ്തു.

**കോളേജ് ദിനാഘോഷങ്ങൾ**

2002 മാർച്ച് 25-ാം തീയതി കോളേജിന്റെ പുതിയ ഓഡിറ്റോറിയത്തിൽ വച്ച് നടക്കുകയുണ്ടായി. പ്രശസ്ത എഴുത്തുകാരനും, കേന്ദ്ര സാഹിത്യ അക്കാഡമി അവാർഡ് ജേതാവുമായ ശ്രീ. സി.വി. ശ്രീരാമൻ കോളേജ് ദിനാഘോഷങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രശസ്ത സിനിമാ താരം മിസ്. നവ്യാ നായർ ചടങ്ങിൽ വിശിഷ്ടാതിഥിയായിരുന്നു. പ്രിൻസിപ്പാൾ ഡോ. രാജു കെ. ജോൺ കോളേജിന്റെ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും അക്കാദമിക് - നോൺ അക്കാദമിക് രംഗങ്ങളിലെ പ്രതിഭകൾക്ക് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുകയും ചെയ്തു. അതിനുശേഷം 2001 -2002 വർഷങ്ങളിൽ പല വേദികളിലായി കോളേജിന്റെ യശസ്സുയർത്തിയ കലാരൂപങ്ങൾ വേദിയിൽ അവതരിപ്പിക്കുകയും ചെയ്തു. എൻ. സി. സി. റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്തു മിസ്. ശ്രീദേവി വാര്യർ, മിസ്. നിനോ തോമസ് എന്നിവർക്ക് യൂണിയനുവേണ്ടി ചെയർമാൻ ശ്രീ. ദിൽജിത് കെ. എൻ. പുരസ്കാരം നൽകി ആദരിച്ചു. യൂണിയന്റെ ഒരു വർഷത്തെ പ്രവർത്തനത്തിൽ ഏറ്റവും സജീവമായി സഹകരിക്കുകയും നയിക്കുകയും ചെയ്ത ശില്പി ശ്രീ. മരപ്രഭു രാമചന്ദ്രനെ യൂണിയൻ ജനറൽ സെക്രട്ടറി അരുൺ ടി. എ. പൊന്നാട ചാർത്തി ആദരിച്ചു. യോഗത്തിൽ ചെയർമാൻ ശ്രീ. ദിൽജിത് കെ. എൻ. അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി അരുൺ ടി.എ. പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും യു.യു.സി. മാരായ ശ്രീ. ഭവശിറാം എൻ.വി., ശ്രീ. അബീഷ് ബാലൻ, മാഗസിൻ എഡിറ്റർ ശ്രീ. റിജാസ് എ. ജെ. എന്നിവർ ആശംസകളർപ്പിക്കുകയും ആർട്സ് ക്ലബ് സെക്രട്ടറി ശ്രീ. മനു എം. മേനോൻ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

ഉച്ചയ്ക്കു ശേഷം നടന്ന ഗാനമേള ശ്രീ. നിഷാന്ത് സാഗർ ഉദ്ഘാടനം ചെയ്തു. കർണപുടങ്ങളിൽ അമൃത് വർഷിച്ച ഗാനമേളയോടെ യൂണിയന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾക്ക് തിരശ്ശീല വീണു.

**അഭിനന്ദനം**

വിവിധ കലാമത്സരങ്ങളിലെ വിജയികളായ എല്ലാവർക്കും പ്രത്യേകിച്ച്, ഗ്രൂപ്പ് സോങ് വെസ്റ്റേൺ ടീം, സിനിമാറ്റിക് ഡാൻസ് ടീം, നാടോടി നൃത്തം ടീം, ഗ്രൂപ്പ് സോങ് ഈസ്റ്റേൺ, സ്കിറ്റ്, മൈം, മറ്റ് വ്യക്തിഗത മത്സരങ്ങൾ എന്നിവയിലെല്ലാം പങ്കെടുക്കുകയും യു.സി.യുടെ യശസ്സുയർത്തുന്നതിൽ മുഖ്യപങ്കാളിയാവുകയും ചെയ്ത എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ അഭിനന്ദനം രേഖപ്പെടുത്തുന്നു. കായിക മത്സരങ്ങളിൽ സർവ്വകലാശാലാ തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോക്കി ടീമിന് അനിർവ്വചനീയമായ ഒരാനന്ദത്തിന്റെ മൗനഭാഷയിൽ അഭിനന്ദനം രേഖപ്പെടുത്തിക്കൊള്ളുന്നു.

2001-2002 വർഷത്തെ കോളേജ് യൂണിയന്റെ പ്രവർത്തനത്തിൽ സജീവ പങ്കാളികളായിരുന്ന യൂണിയൻ സമൂഹത്തിലെ ഓരോ വിദ്യാർത്ഥിക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. കർമ്മവഴിയിൽ മാതൃകാദീപം തെളിച്ചു ബഹുമാന്യനായ പ്രിൻസിപ്പാൾ ഡോ. രാജു കെ. ജോൺ, സ്റ്റാഫ് അഡ്വൈസർ വി.പി. മർക്കോസ് സർ, ആർട്സ് ക്ലബ് അഡ്വൈസർ കെ. എസ്. നാരായൺ സാർ, മറ്റ് അദ്ധ്യാപകർ, അനദ്ധ്യാപകർ, പ്രവർത്തനങ്ങളിൽ സഹകരിച്ച സുഹൃത്തുക്കൾ, സ്പോൺസർമാർ തുടങ്ങി എല്ലാവർക്കും ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു.

കർമ്മസാഗരത്തിന്റെ തീരത്താണ് നിലയുറപ്പിച്ചിരിക്കുന്നതെങ്കിലും, മുന്നിൽ അനന്തമായ ഒരു സാഗരം അലയടിക്കുന്നുണ്ടെങ്കിലും, അതിൽ നിന്ന് ഒരു മുത്തുച്ചിപ്പിയെങ്കിലും കണ്ടെടുക്കാൻ കഴിഞ്ഞെങ്കിൽ ഞങ്ങൾ അത്രത്തോളം സതീർത്ഥ്യരായി. ശിഷ്ടം, തീരുമാനിക്കേണ്ടത് നിങ്ങളാണ്.

കർമ്മങ്ങളുടെ ഈ കണക്കുപുസ്തകം നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

നന്ദിപൂർവ്വം,
അരുൺ ടി. എ.
ജനറൽ സെക്രട്ടറി




**A.M. AUTOGLASSES**

N.H. Road, Ambattukavu, Aluva-683106

Dealers in: All kinds of Vehicle, Glasses & Bus Body fittings

Wholesale & Retail

New Generation Vehicle Glasses also available

Aluminium frame works for Luxuary Buses undertaken

# നിഴൽരൂപികൾ

മൊഴിയാതെ, പൊഴിയും
വാക്കുകൾ
മനസ്സിൽ നിറയവേ,
പറയാതെ അകലുന്നു നീ-
ഉരിയാടാത്ത യാത്രമൊഴിയെ
നിനയ്ക്കുന്നു ഞാൻ



നെറുകയിൽ തലോടി
കടന്നുപോം
തെന്നൽ
മുളങ്കാട്ടിൽ കുറുകുന്നു.
അരയാൽത്തുമ്പിലുലയുന്നു.
എങ്കിലും -
മൊഴിയാത്തവാക്കു
വിതുമ്പിനിൽക്കുന്നു.
ഒരുമാത്രപറയുമെന്നോർത്തു
പദമിടറി ഞാൻ കാത്തുനിൽക്കെ-
നിഴൽചാഞ്ഞ വഴികളിലകലുന്ന
പദനിസ്വനം നിന്റെയോ -
നിഴൽ ചാരി നിൽക്കുവാൻ
മോഹിച്ചുവെങ്കിലും
മൊഴിയാത്ത വാക്കും
ഇടറുന്ന ചുവടും
മാത്രം ശേഷിപ്പൂ.

**സുമി എസ്.**
സാമ്പത്തികശാസ്ത്രബിരുദം രണ്ടാംവർഷം.


ഉൾകാ


ഴ്ചകൾ....

ഭരതൻ ഭരതവാക്യം ചൊല്ലിപ്പോയി-
വിദ്യാർത്ഥിയെ അറിഞ്ഞ
അദ്ധ്യാപകർ ചുരുക്കമാണ്
അതിൽ ഒന്നാം സ്ഥാനം
ഭരതമ്മാഷിന്.
വിദ്യാഭ്യാസത്തിന്റേയും
വിദ്യാഭാസത്തിന്റേയും
ശരിമയും പൊയ്യും അറിഞ്ഞയാൾ,
ഭരതൻ പറയുന്നു-
"വായനയാണ് അദ്ധ്യാപകനും
വിദ്യാർത്ഥിക്കും മുഖ്യം"

# ഭരതമ്മാഷ് പറഞ്ഞത്

യു.സി. കോളേജും മഹാരാജാസ് കോളേജും തമ്മിൽ പ്രകടനാത്മകമായ വ്യത്യാസമുള്ളതായി സാറ് സൂചിപ്പിച്ചല്ലോ. ഇതിന്റെ പ്രാഥമിക കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

റിസൽട്ട് ഉൽപാദിപ്പിക്കുക എന്നതിൽ കവിഞ്ഞ് പഠ്യേതരമായിട്ടുള്ള പലകാര്യങ്ങളിലും വിദ്യാർത്ഥികൾക്ക് പ്രവർത്തിക്കാനുള്ള മണ്ഡലമുണ്ടെന്നും, വിദ്യാർത്ഥികളുടെ സർഗ്ഗാത്മകവാസനകളെ പ്രോത്സാഹിപ്പിക്കണമെന്നുള്ള ഒരു അവബോധം കാലാകാലങ്ങളായിട്ട് യു.സി. കോളേജിൽ ഉള്ളതായിട്ട് എനിക്കറിയില്ല. 1954–58കളിൽ ഞാൻ യു.സി. കോളേജിലെ ഒരു വിദ്യാർത്ഥിയായിരുന്നു. ഞാൻ വളരെ ബഹുമാനിക്കുന്ന അദ്ധ്യാപകരും അവിടെ ഉണ്ടായിട്ടുണ്ട്. അന്നത്തെ വിദ്യാർത്ഥികളുടെ പഠ്യേതര

വിഷയങ്ങളിലുള്ള താത്പര്യത്തെ വളർത്താൻ പോന്നതായിരുന്നു അതോറട്ടിയുടെ ഭാഗത്ത് നിന്നുണ്ടായിരുന്ന തീരുമാനങ്ങൾ. കഴിഞ്ഞ പത്തുമാസം ഞാൻ പ്രിൻസിപ്പലായിരുന്ന കാലഘട്ടത്തിൽ എന്റെ മുന്നിലുണ്ടായിരുന്ന ഒരു പ്രത്യേക സാഹചര്യം ഇതായിരുന്നു. ഞാൻ പ്രിൻസിപ്പലായിട്ട് ചാർജെടുക്കുന്നതിനു മുൻപ് കോട്ടയത്ത് നടത്തിയ യുവജനോത്സവത്തിൽ വെറും ആറു പോയിന്റ് വ്യത്യാസത്തിൽ മഹാരാജാസ് പരാജയപ്പെട്ടിരുന്നു. പ്രിൻസിപ്പൽ സഹായിച്ചിരുന്നെങ്കിൽ ഞങ്ങൾ കഴിഞ്ഞ വർഷം തന്നെ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയേനേ എന്ന് വിദ്യാർഥികൾ എന്നോട് പറഞ്ഞു. ഈ കാര്യത്തിൽ വിദ്യാർത്ഥികളെ കാര്യമായിത്തന്നെ സഹായിക്കാൻ ഞാൻ തീരുമാനിച്ചു. വിദ്യാർത്ഥികളിൽ നിന്നും എറണാകുളത്തെ പൗരപ്രമുഖന്മാരിൽ നിന്നും പൂർവ്വവിദ്യാർത്ഥികളിൽ നിന്നും പിരിച്ചെടുത്ത ഒരു വലിയ തുകയുടെ സഹായംകൂടി ഈവർഷം മഹാരാജാസ് ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയപ്പോൾ ഉണ്ടായിരുന്നു. ഇങ്ങനെ പ്രിൻസിപ്പലിന്റെ ഭാഗത്തുനിന്നും അധ്യാപകരുടെ ഭാഗത്തുനിന്നും വിദ്യാർത്ഥികളുടെ സർഗശക്തികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമം മഹാരാജാസ് കോളേജിൽ നിലനിന്നിരുന്നു. പിന്നെ മഹാരാജാസ് കോളേജിലെ അധ്യാപകരും പ്രിൻസിപ്പലും ആരുംതന്നെ വിദ്യാർത്ഥികളുടെ രാഷ്ട്രീയ അവബോധത്തെ മറിച്ചിടാൻ ശ്രമിക്കാറില്ല. വിദ്യാർത്ഥികൾ അവരുടെ വിശ്വാസങ്ങൾ വളർത്തിക്കോട്ടെ, അവർ പ്രസംഗിച്ചോട്ടെ, ഒരു വിദ്യാർത്ഥി സംഘടനയും മറ്റൊരു വിദ്യാർത്ഥി സംഘടനയും തമ്മിൽ യാതൊരു വ്യത്യാസവും ഒരധ്യാപകൻ കല്പിക്കാൻ പാടില്ല. ആ ഒരു സമത്വബോധത്തോടുകൂടി പെരുമാറണം. പറഞ്ഞാൽ മാത്രം പോരാ, അവസരവാദപരമായ പെരുമാറ്റമായിരിക്കരുത്. ആത്മാർത്ഥമായിട്ട് വിദ്യാർത്ഥികളുടെ രാഷ്ട്രീയ ബോധത്തെ വളർത്താൻ ശ്രമിക്കണം.

വിദ്യാർത്ഥികൾ രാഷ്ട്രീയത്തിൽ പ്രവർത്തിക്കണം. രാഷ്ട്രീയമായിട്ടുള്ള സംഭവങ്ങളോട് അവർ പ്രതികരിക്കുകയും വേണം. വിദ്യാർത്ഥിയെ വിശ്വാസമുള്ള പ്രിൻസിപ്പൽമാർ ഉണ്ടെങ്കിൽ ആ പ്രിൻസിപ്പൽ പറയുന്നത് പോലെ വിദ്യാർത്ഥികൾ അനുസരിക്കും.

## കാമ്പസുകളിലെ അരാഷ്ട്രീയവത്ക്കരണം

കാമ്പസ്സുകളെ ഒരു കാരണവശാലും അരാഷ്ട്രീയവത്ക്കരിക്കരുത്, കാരണം വിദ്യാർത്ഥികൾ രാഷ്ട്രീയകാര്യങ്ങൾ മനസ്സിലാക്കുക മാത്രമല്ല അതിൽ പ്രവർത്തിച്ചുള്ള അനുഭവവും വേണം. വിദ്യാർത്ഥികളിൽ നിന്നാണ് വരുകാലത്തെ രാഷ്ട്രീയപ്രവർത്തകർ ഉയർന്നുവരുന്നത്. വിദ്യാർത്ഥികൾ കോളേജിനകത്ത് കലാപം ഉണ്ടാക്കുന്നു എന്നതൊന്നും, വിദ്യാർത്ഥികളെ രാഷ്ട്രീയത്തിൽ നിന്നും ഒഴിച്ചുനിർത്താൻ പറ്റിയ കാരണങ്ങളല്ല, വിദ്യാർത്ഥികളെ ചീത്തയാക്കുന്നതിൽ രാഷ്ട്രീയക്കാരേക്കാൾ പുതിയ പുതിയ പുസ്തകങ്ങൾ വായിക്കാത്തവരും മനോഹരമായി വിദ്യാർത്ഥികൾക്ക് അത് പറഞ്ഞുകൊടുക്കാൻ കഴിയാത്തതുമായ അധ്യാപകരും ഉത്തരവാദികളാണ്. അതാതു കാലത്തുണ്ടാകുന്ന പുതിയ പുസ്തകങ്ങൾ വായിക്കുകയും ആശയങ്ങളെ സ്വാംശീകരിക്കുകയും അത് മനോഹരമായി ക്ലാസ്സുകളിൽ അവതരിപ്പിക്കുകയും ചെയ്യുന്ന അധ്യാപകരുടെ ക്ലാസ്സിൽ വിദ്യാർത്ഥികൾ കയറും പക്ഷെ ഈ പഴഞ്ചൻ നോട്ടുകൾ മാത്രം വായിച്ച് അവരവരുടെ സബ്ജക്റ്റ് വിട്ട് വേറൊരു വിഷയത്തെപ്പറ്റി ഒരക്ഷരം പറയാൻ കഴിയാത്ത അനേകം അധ്യാപകരുണ്ട്. ഇങ്ങനെവരുമ്പോൾ ഒരു അധ്യാപകനെ സമീപിച്ച് കഴിഞ്ഞാൽ അല്ലെങ്കിൽ ക്ലാസ്സിൽ കയറിക്കഴിഞ്ഞാൽ പുതുതായി ഒന്നും ലഭിക്കാൻ സാധിക്കുകയില്ല എന്നുള്ളബോധം വിദ്യാർത്ഥികൾക്ക് ഉണ്ടായാൽ അത്തരം അധ്യാപകരെ വിദ്യാർത്ഥികൾ ബഹുമാനിക്കുകയില്ല. അവർ പറയുന്നത് കേൾക്കുകയുമില്ല. നേരെ മറിച്ച് അവനവൻ പഠിപ്പിക്കുന്ന വിഷയങ്ങളിൽ മാത്രമല്ല മറ്റുള്ള വിഷയങ്ങളിൽക്കൂടി വിവരമുള്ളവൻ കൂടിയാകണം അധ്യാപകൻ. അത് അവന് വളരെ രസകരമായി പറഞ്ഞുകൊടുക്കാൻ കഴിവുണ്ടെന്ന് മനസ്സിലാക്കി കഴിഞ്ഞാൽ ആ അധ്യാപകരെ വിദ്യാർത്ഥികൾ അനുസരിക്കുകയും അയാളുടെ ക്ലാസ്സിൽ കയറുകയും ചെയ്യും. അപ്പോൾ കഴിവുകുറഞ്ഞ അധ്യാപകർ വാസ്തവത്തിൽ രാഷ്ട്രീയക്കാരെക്കാൾ കൂടുതൽ ഈ കലാലയങ്ങളെ മലീമസമാക്കുന്നു.

വിദ്യാർത്ഥികൾ രാഷ്ട്രീയം മനസ്സിലാക്കണം രാഷ്ട്രീയത്തിൽ പ്രവർത്തിക്കണം. പ്രശ്നങ്ങളോട് വളരെ സമർത്ഥമായി പ്രതികരിക്കുകയും വേണം. ഇതെല്ലാം അറിഞ്ഞിട്ടുള്ള വിദ്യാർത്ഥികൾ യാതൊരു വിധത്തിലുള്ള പ്രശ്നങ്ങളും കാമ്പസിൽ ഉണ്ടാക്കുകയില്ല.

ചെയ്യേണ്ട അവസരങ്ങളിൽ സമരം ചെയ്യാത്തവൻ ക്രിമിനലാണ്. ഒന്നും പറഞ്ഞാൽ മനസ്സിലാവാത്ത അധികാരികൾക്കുനേരെ വിദ്യാർത്ഥികൾ സമരം ചെയ്യണം. ചില അവസരങ്ങളിൽ silence ഏറ്റവും വലിയ കുറ്റമാണ്.

വിദ്യാർത്ഥികളുടെ രാഷ്ട്രീയബോധം ഇലക്ഷന് ജയിക്കാൻ മാത്രമുള്ളതാണെന്നും ഞാൻ വിശ്വസിക്കുന്നില്ല. ഇവരുടെ രാഷ്ട്രീയ പ്രവർത്തനം പ്രത്യയശാസ്ത്രപരമായ ഒരു അടിത്തറ ഇവർക്ക് നൽകുന്നുണ്ടെന്നുതന്നെയാണ് എന്റെ അഭിപ്രായം. കെ.എസ്. യു. വിൽ പ്രവർത്തിക്കുന്ന ഒരാൾ അതിൽ എന്തുകൊണ്ടു പ്രവർത്തിക്കുന്നുവെന്നും അതിന്റെ അടിസ്ഥാനപരമായി Tendencies എന്തൊക്കെയെന്ന് വായിച്ചു മനസ്സിലാക്കിയിട്ടുണ്ടാവും. അതുപോലെതന്നെ പല എസ്. എഫ്. ഐ. പ്രവർത്തകരും മാർക്സിസത്തെക്കുറിച്ച് നല്ല അവബോധം ഉള്ളവരാണ്. ഇങ്ങനെ ഈ കലാലയരാഷ്ട്രീയപ്രവർത്തനം പല വിദ്യാർത്ഥികളിലും പ്രത്യയശാസ്ത്രപരമായ അടിത്തറ ഉണ്ടാക്കുന്നതിന് സഹായിക്കുന്നുണ്ട്. ഇലക്ഷന് ജയിക്കാനുള്ള കേവലമായ രാഷ്ട്രീയക്കളിയായി ഞാനിതിനെ കാണുന്നില്ല.

**അദ്ധ്യാപക - വിദ്യാർത്ഥി ബന്ധം**

അദ്ധ്യാപക വിദ്യാർത്ഥി ബന്ധത്തെക്കുറിച്ച് എനിക്കുള്ള കാഴ്ചപ്പാട് വളരെ ഉദാത്തമാണ്. വിദ്യാർത്ഥിയുമായി അദ്ധ്യാപകർ എല്ലാ വിധത്തിലും പൊരുത്തപ്പെടണം. എല്ലാരംഗത്തിലും അദ്ധ്യാപകൻ വിദ്യാർത്ഥിയോടൊപ്പം ജീവിക്കണം. സിഗരറ്റ് വലിക്കുന്ന ഒരു അദ്ധ്യാപകൻ തന്റെ മുന്നിൽ ഒരു വിദ്യാർത്ഥി സിഗരറ്റ് വലിച്ചാൽ അത് Tolerate ചെയ്യുന്നതിൽ യാതൊരു തെറ്റുമില്ല. പറഞ്ഞാൽപോരാ ഇതു പ്രാവർത്തികമാക്കണം. എല്ലാ തലങ്ങളിലും വിദ്യാർത്ഥികളും അദ്ധ്യാപകരും കൂടിചേർന്നാണ് ജീവിക്കേണ്ടത്. ഞാൻ 28 കൊല്ലമായി പല കോളേജുകളിലും വർക്ക് ചെയ്തിട്ടുണ്ട്. ഈ 28 കൊല്ലമായിട്ട് വെറുക്കപ്പെടേണ്ട വിദ്യാർത്ഥികളായി ഒന്നുരണ്ടുപേരേ ഞാൻ കണ്ടിട്ടുള്ളൂ. ഇതല്ലാതെ കോളേജ് വിദ്യാർത്ഥികളെകൊണ്ട് യാതൊരു ശല്യവുമില്ല.

കോളേജിൽ ആൺകുട്ടിയും പെൺകുട്ടിയും തമ്മിൽ സംസാരിച്ചെന്നിരിക്കും. ഒരാൺകുട്ടിയും പെൺകുട്ടിയും തമ്മിൽ പ്രേമിച്ചെന്നിരിക്കും. ആ സമയത്ത്ചെന്ന് അവരെ seperate ചെയ്യാൻ അദ്ധ്യാപകന് അധികാരമില്ല. അദ്ധ്യാപകൻ പോലീസുകാരനല്ല. അവരോട് സംസാരിക്കാൻ പാടില്ല എന്നു പറഞ്ഞാൽ, അവർ രഹസ്യമായി പോയി സംസാരിക്കും. അവരോട് പ്രേമിക്കാൻ പാടില്ല എന്ന് പറഞ്ഞാൽ അവർ വേറെ രീതിയിൽ പ്രേമിക്കും. അതൊക്കെ വിദ്യാർത്ഥികളുടെ സഹജവും നൈസർഗ്ഗികവുമായ വാസനകളാണ്. ചില കാലങ്ങളിൽ അതുണ്ടാകും ചില കാലങ്ങളിൽ അതു ഉണ്ടാവില്ല. കോളേജ് എന്ന് പറഞ്ഞാൽ പ്രൈമറി സ്കൂൾ പോലെ ചില അവബോധങ്ങൾ അടിച്ചേൽപിക്കേണ്ട കാലഘട്ടമല്ല. വളരെയധികം ഫ്രീഡം എല്ലാ തലങ്ങളിലും കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. അത്കൊണ്ട്തന്നെ വിദ്യാർത്ഥികൾ ആ ഫ്രീഡം നല്കുന്ന അതോറിറ്റിസിനോട് Co-operate ചെയ്യും.

ഏതെല്ലാംവിധത്തിൽ നമുക്ക് വായിക്കാൻ സാധിക്കുമോ, ആ മേഖലയിലുള്ള പുസ്തകങ്ങൾ മുഴുവൻ സമ്പാദിക്കുകയും വായിക്കുകയും വേണം. കഴിയുന്നത്ര അറിവു സമ്പാദിക്കുകയും പ്രയോഗത്തിൽ കൊണ്ടുവരികയും വേണം. എന്റെ പ്രായത്തിലുള്ള നിരവധി അദ്ധ്യാപകൻമാർ എന്നേ പുസ്തകവായന വലിച്ചെറിഞ്ഞിരിക്കുന്നു. ആ സമയത്ത് ഞാൻ വലിയ പണം കൊടുത്ത് പുസ്തകം വാങ്ങി എന്നും രാത്രിയിൽ വായിക്കുന്ന ഒരു സ്വഭാവക്കാരനാണ്. കയ്യിൽ കിട്ടുന്ന പുസ്തകം മുഴുവൻ വായിച്ച് തീർത്ത് ആർജ്ജിക്കുന്ന വിവരം ജീവിതത്തിൽ പ്രയോഗിക്കുന്നവരാണ് യഥാർത്ഥ അദ്ധ്യാപകർ. അങ്ങനെയുള്ള വിദ്യാഭ്യാസസമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്നവനാണ് ഞാൻ.

**ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ദുര്യോഗം**

ഞാൻ നേരത്തേ പറഞ്ഞ വിദ്യാഭ്യാസ സമ്പ്രദായത്തെ Encourage ചെയ്യുന്ന അവസ്ഥയല്ല ഇന്നുള്ളത്. ഇന്ന് ഫസ്റ്റ് ക്ലാസ്സോ, ഫസ്റ്റ് റാങ്കോ കിട്ടുന്ന വിദ്യാർത്ഥിയെ ജീനിയസ്സ് എന്ന് വിളിക്കുന്ന സ്വഭാവം ഞങ്ങളുടെ ഇടയിലുണ്ട്. ഇതുകൊണ്ട് മാത്രം ഒരു വിദ്യാർത്ഥിയും ജീനിയസ്സാകുന്നില്ല. ജീനിയസ്സ് എന്നുള്ളപദം ഉപയോഗിക്കുന്നത് വളരെ സൂക്ഷിച്ച് വേണം. ക്രാന്തദർശിയാണ് ജീനിയസ്സ്. പലകാര്യങ്ങളും പഠിച്ച് നല്ല ഹാന്റ് റൈറ്റിംഗിൽ എഴുതി നല്ല മാർക്ക് വാങ്ങിക്കുന്നവരാണ് ഫസ്റ്റ് ക്ലാസ്സും, റാങ്കും മേടിക്കുന്നവരിൽ ഭൂരിപക്ഷവും. ആ സമയത്ത് പ്രീഡിഗ്രിക്ക് പാസാകാൻ ബുദ്ധിമുട്ടുന്ന ചില വിദ്യാർത്ഥി

കൾ അവരേക്കാൾ പത്തിരട്ടി കൂടുതൽ വായിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നവരാണ്. നന്നായി പകർത്തി എഴുതുന്നതുകൊണ്ട് നല്ല മാർക്ക് കൊടുക്കുന്ന വിദ്യാഭ്യാസ സമ്പ്രദായമാണ് ഇന്ന് നിലനിൽക്കുന്നത്. അതുകൊണ്ട് വിദ്യാഭ്യാസത്തെക്കുറിച്ച് അത്യുദാത്തമായ ആദർശങ്ങൾ ആരെങ്കിലും വച്ച്പുലർത്തുകയുണ്ടെങ്കിൽ അതെല്ലാം പാപമായിട്ട് മാത്രമേ ഞാൻ കരുതുകയുള്ളൂ. അത് ഏട്ടിലെ പശു പുല്ല് തിന്നില്ല എന്ന് പറയുന്ന അവസ്ഥയാണ്. അത്കൊണ്ട് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ച് വളരെ ശക്തമായിട്ട് പ്രതികരിക്കേണ്ടിയിരിക്കുന്നു. പക്ഷേ അത് മാറ്റിമറിച്ച് പുതിയ വിദ്യാഭ്യാസ സമ്പ്രദായം ഏർപ്പെടുത്താൻ കഴിഞ്ഞേക്കും, അത് ഏർപ്പെടുത്തിക്കഴിഞ്ഞാൽ വിജയകരമായിരിക്കും എന്ന കാര്യത്തെക്കുറിച്ച് പറയാൻ ഞാനശക്തനാണ്. കാരണം എന്റെ അഭിപ്രായം എന്താണെന്നുവച്ചാൽ ഇവിടത്തെ വിദ്യാഭ്യാസ സമ്പ്രദായം എന്തുമായിക്കൊള്ളട്ടെ, അദ്ധ്യാപനരീതി എന്തുമായിക്കൊള്ളട്ടെ, ഇവിടത്തെ അദ്ധ്യാപകർ നാനാവിഷയങ്ങളെകുറിച്ചുള്ള പുസ്തകങ്ങൾ വായിക്കുകയും മനസ്സിലാക്കുകയും അത് പ്രയോഗത്തിൽ കൊണ്ടുവരികയും ചെയ്താൽ കുറേ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതു ഞാൻ ചെയ്യാറുള്ള സംഗതിയാണ്. അതുകൊണ്ട് ആത്മാർത്ഥമായിട്ട് എനിക്ക് പറയാൻ കഴിയും, ഞാൻ വായിച്ചതെല്ലാം വിദ്യാർത്ഥികൾക്ക് പറഞ്ഞുകൊടുക്കാറുണ്ട്. മൂന്നു മണിക്കൂർ തുടർച്ചയായി എടുത്തിരുന്ന എന്റെ ക്ലാസ്സുകളിൽ വിദ്യാർത്ഥികൾ സജീവമായി പങ്കെടുക്കാറുണ്ടായിരുന്നു. പുതിയ വിഷയങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുകയും അതിനെക്കുറിച്ച് സംവാദത്തിൽ ഏർപ്പെടുകയും ചെയ്തിരുന്നു.

സർവ്വകലാശാല തലത്തിലുള്ള മാറ്റങ്ങൾ വിദ്യാഭ്യാസത്തിന്റെ പുരോഗതിക്ക് ആവശ്യം തന്നെ. വളരെ വിശാല മനോഭാവമുള്ള ആളുകൾ, കണ്ടമാനം വായിച്ച് പാരമ്പര്യമുള്ള ആളുകൾ അധികാരസ്ഥാനങ്ങളിലേക്ക് എത്തണം. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഒരു പൂർവ്വകാല വൈസ് ചാൻസിലർ, വല്ല്യ ബുദ്ധിജീവിയായിരുന്നു, മഹാനായിരുന്നു എന്നൊക്കെയാണ് പറയുന്നത്. പക്ഷേ അദ്ദേഹത്തിന്റെ പല പ്രവൃത്തികളും അദ്ദേഹം ഇത്ര വലിയ പണ്ഡിതനാണോ എന്ന് സംശയം ജനിപ്പിക്കുന്ന രീതിയിലുള്ളതായിരുന്നു എന്ന് മാത്രമല്ല അദ്ദേഹത്തിന്റെ പ്രവർത്തികൾ പലതും വളരെ അവസരവാദപരമായിരുന്നു. വെറുതെ പേരുണ്ടാക്കാൻ വേണ്ടിയുള്ള ശ്രമങ്ങളായിരുന്നു. ഇവരെ Pseudo revolutionary വൈസ്ചാൻസലർ എന്നു പറയാം. ഇവരെക്കൊണ്ട് ഒന്നും നേടാൻ ആവില്ല. നേരെമറിച്ച് കണ്ടമാനം വായിക്കുകയും മനസ്സിലാക്കുകയും പറയുന്ന കാര്യങ്ങളിൽ ആത്മാർത്ഥയുള്ളതുമായ വൈസ് ചാൻസലർമാർക്ക് സർവ്വകലാശാല റിപ്പോർട്ടിൽ കുറെ മാറ്റങ്ങൾ ഉണ്ടക്കാൻ കഴിയുമെന്ന് എനിക്ക് വിശ്വാസമുണ്ട്.

നമ്മുടെ പരിമിതമായ സിലബസ്സുകൾ വിദ്യാഭ്യാസത്തിന് ദോഷം ചെയ്യുന്നുണ്ട് എങ്കിലും അത് വിപുലീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. കാരണം സിലബസ്സിന് ലഘുത്വം ഉണ്ടെങ്കിൽപോലും, ആ ലഘുവായിട്ടുള്ള സിലബസ്സ് അഗാധമായിട്ട് പഠിക്കുക എന്ന ചിന്താഗതി വിദ്യാർത്ഥികൾക്കില്ല. പഠിപ്പിക്കാനുള്ള ധാരണ അദ്ധ്യാപകനുമില്ല. ഇന്ന് നാം കാണുന്നത് സിലബസ്സിന്റെ കുഴപ്പം മാത്രമല്ല, സിലബസ്സിനെ വേണമെങ്കിൽ വിപുലീകരിക്കാം പക്ഷേ സിലബസ്സ് വിപുലീകരിച്ചാലും നമ്മുടെ വിദ്യാഭ്യാസത്തിന് യാതൊരു മാറ്റവും ഉണ്ടാകുകയില്ല. സിലബസ്സ് വിപുലീകരിച്ചത് കൊണ്ട് വിദ്യാർത്ഥിയുടെ ബോധമണ്ഡലത്തിന് ഉയർച്ചയുണ്ടാകും എന്നഭിപ്രായം എനിക്കില്ല. മറിച്ച് കൂടുതൽ വായിക്കാനുള്ള പ്രേരണ അവനുകൊടുക്കുക. വിദ്യാർത്ഥിയെ വായനയുടെ Internal assesment അടിസ്ഥാനമാക്കി മാർക്കിടുക. അതുപോലെതന്നെ ക്ലാസ്സ്മുറിക്കകത്ത് ചർച്ച നടത്തുക. വായനമാത്രം നോക്കിയാൽ പോരാ വിദ്യാർത്ഥികളെകൊണ്ട് പ്ലാറ്റ്ഫോറത്തിൽ കയറി പ്രസംഗിപ്പിക്കുക. അങ്ങനെ Total performance നോക്കി വേണം മൊത്തം മാർക്കിന്റെ പകുതി മാർക്കും കൊടുക്കാൻ.

### എഴുപതുകളിലെ കാമ്പസ്സ് സജീവമായിരുന്നോ?

എഴുപതുകളിലെ കാമ്പസ്സ് സജീവമായിരുന്നു. കാമ്പസ്സുകളൊക്കെ ആക്റ്റീവ് ആയിരുന്നു എന്നു പറയുന്നതിനോടു ഞാൻ ഭാഗികമായി യോജിക്കുന്നു. അന്നത്തെ കാമ്പസ്സുകളുടെ സജീവതയുടെ പുറകിലുണ്ടായിരുന്നത് Psedo Intellectuals പ്രകടനബുദ്ധിപരത്യ ആയിരുന്നു. അന്ന് അതിവിപ്ലവ പ്രസ്ഥാനങ്ങൾ കേരളത്തിലും ഇന്ത്യയുടെ പല ഭാഗങ്ങ

ളിലും ഉയർന്നുവന്ന അവസരത്തിൽ അതിവിപ്ലവകാരികൾ എന്നു സ്വയം വിശേഷിപ്പിക്കാൻ വേണ്ടി, എന്ന് പോസ് ചെയ്യാൻ വേണ്ടി, പല കോളേജുകളിലും സമ്പന്നവർഗ്ഗത്തിൽപ്പെട്ട ആളുകൾ അതിവിപ്ലവചിന്താഗതികളിൽ ഏർപ്പെട്ടിരുന്നു. അവർ കോളേജുകളിൽ വലിയ സർഗ്ഗാത്മ ചിന്താഗതികൾ പുലർത്തുന്ന ആളുകളാണെന്ന് ഭാവിച്ചിരുന്നു. കോളേജുകളിൽ കലാപത്തിന്റെ വിത്തുവാരിവിതച്ചിരുന്നു. അങ്ങനെ വളരെ സജീവമാണ് കലാലയ രാഷ്ട്രീയം എന്ന അവബോധം സൃഷ്ടിക്കാൻ അവർക്ക് കഴിഞ്ഞിരുന്നു. പക്ഷെ അതിന്റെ പുറകിലുണ്ടായിരുന്നത് മുഴുവൻ Psedo IntellectualsDw Pseudo Revelutionamies യും ആയിരുന്നു. മഹാരാജാസ് കോളേജിൽ ഇത്തരത്തിലുണ്ടായിരുന്ന പല നേതാക്കൻമാരും പിൽക്കാലത്ത് ഐ. എ. എസ്. ഓഫീസർമാരായി. Establishment ന്റെ ഏറ്റവും വലിയ ശത്രുക്കളാണ് ഞങ്ങളെന്ന് പറയുകയും അതിനെതിരായി സമരം ചെയ്യുകയും ചെയ്തവർ അതിന്റെ തന്നെ ഭാഗമായി മാറുകയാണ് ചെയ്തത്. മഹാരാജാസ് കോളേജിലും മറ്റു കോളേജുകളിലും പഠിച്ചിരുന്ന പട്ടിണിപ്പാവങ്ങളായ അടിസ്ഥാന വർഗ്ഗത്തിൽപ്പെട്ട ഹരിജൻ വിദ്യാർത്ഥികളെ അവർ Establishment ന്റെ പേര് പറഞ്ഞ് മുന്നോട്ട് ചാടിച്ച് ഇടികൊള്ളിച്ചു ക്ഷയരോഗികളാക്കിമാറ്റി. അന്നത്തെ കാമ്പസ്സുകളിൽ വിപ്ലവകാരികൾ എന്നു പറയുന്നവർക്ക് വിപ്ലവപ്രതിബദ്ധത ഉണ്ടായിരുന്നില്ല. അവർ പോസ് ചെയ്തിരുന്നത് പോലെ ആശയതലത്തിലുള്ള വളർച്ച ഉണ്ടായിരുന്നില്ല. അവരുടെ Revolutionary Insight എന്ന് പറഞ്ഞാൽ വെറും പേരെടുക്കാൻ വേണ്ടി മാത്രമുള്ള അതിവിപ്ലവകാഴ്ചപ്പാടായിരുന്നു. ഇവർ ചെയ്തിരുന്നത് വ്യക്തികളുടെ പ്രാമാണ്യം സ്ഥാപിക്കാനുള്ള ശ്രമംമാത്രമായിരുന്നു. അവർ ഒരുകാലം കഴിഞ്ഞ് എലിവാണം പോലെ എരിഞ്ഞുവീഴുകയും ചെയ്തു. കലാലയ രാഷ്ട്രീയം സർഗ്ഗാത്മകമായി ഇന്നാണ് സജീവമായതെന്നാണ് എന്റെയഭിപ്രായം. അതായത് മുൻകാലത്തെപോലെ ഈ പ്രകടനവിപ്ലവകാർക്ക് വിദ്യാർത്ഥികളെ സ്വാധീനിക്കുവാനും അവരുടെ മേൽ ആധിപത്യം ചെലുത്താനുമുള്ള ശ്രമം ഇന്ന് വിലപ്പോവില്ല. ഇന്നത്തെ വിദ്യാർത്ഥി സംഘടനകളിൽ Pseudo Revolutions ആരുമില്ല.

മതിലുകൾ മുഴുവൻ വിപ്ലവസൂക്തങ്ങൾ എഴുതിവയ്ക്കുകയും അന്നത്തെ വിപ്ലവപ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്ത് വിദ്യാർത്ഥികളുടെ ആരാധനാപാത്രമായ ഒരു മനുഷ്യൻ ഇന്ന് ഒരു കപട സന്യാസിയുടെ ശിഷ്യനായി അധഃപതിച്ചിരിക്കുന്നു. ഇത് ഒരേ തരത്തിൽ വ്യക്തിയുടെയും പ്രത്യയശാസ്ത്രത്തിന്റേയും പരാജയമാണ്.

**അദ്ധ്യാപനത്തോടുള്ള പ്രിയം**

എനിക്ക് ലോകത്തിലേറ്റവും ഇഷ്ടമുള്ള ജോലി ഇതാണ്. അദ്ധ്യാപനം, വിദ്യാർത്ഥിയെ പഠിപ്പിക്കുക. മൊത്തത്തിൽ പറയുന്ന കാര്യങ്ങൾ വളരെ രസകരമായിട്ട് എടുക്കാൻ സാധിക്കും. നമ്മൾ എടുക്കുന്ന ക്ലാസ്സിനെക്കുറിച്ച് ഒരു വിദ്യാർത്ഥി വളരെ രസകരമായ ഒരഭിപ്രായം പറയുക എന്നുവെച്ചാൽ ഒരദ്ധ്യാപകനുള്ള സംതൃപ്തി വേറൊരു സ്ഥലത്തുനിന്നു ഉണ്ടാവില്ല എന്നു വിശ്വസിക്കുന്നവനാണ് ഞാൻ. എന്റെ സംതൃപ്തിക്കുവേണ്ടി അദ്ധ്യാപനം തുടരുന്നു. അത്രമാത്രം

**MYSTERIOUS MEMORY**

എനിക്ക് എന്റെ കുട്ടിക്കാലത്ത് ചെയ്ത ഓരോ സംഭവങ്ങളും നല്ല ഓർമ്മയാണ്. ഇത് വളരെ Mysterious ആയി എനിക്ക് തോന്നിയിട്ടുണ്ട്. ഞാൻ കണ്ട വ്യക്തികൾ, അവരുമായി ഇടപഴകിയ സന്ദർഭങ്ങളുടെ സൂക്ഷ്മവശങ്ങൾ, കുട്ടിക്കാലത്ത് വരെകണ്ട സിനിമകൾ ഇവയെല്ലാം എനിക്ക് നന്നായി ഓർക്കാൻ കഴിയും. പ്രസംഗവേളയിൽ പറയേണ്ട കാര്യങ്ങൾ എന്റെ മനസ്സിലേക്ക് കടന്നുവരും. പക്ഷെ എന്റെ ശമ്പളനിരക്കിനെക്കുറിച്ച് എനിക്ക് ഒരിക്കലും നല്ല പിടിയില്ലായിരുന്നു.

അവലംബം : 'ഉയിര്' യു.സി. കോളേജ് മാഗസിൻ 1992



# തീക്കനൽ

വിജിൽ ജോൺ
സാമ്പത്തികശാസ്ത്രബിരുദം രണ്ടാംവർഷം

അനന്തമായ കടലിലേയ്ക്ക് നോക്കിയിരിക്കാൻ അവൻ എന്നും ആ കടപ്പുറത്ത് വരും. സൂര്യബിംബത്തെ മുക്കുന്ന കടൽജലത്തിന് ചൂടുണ്ടോ എന്നവൻ തൊട്ടുനോക്കി 'ഇല്ല' മനസ്സിന്റെ അത്രയും ചൂടില്ല. ഒരു ചെറിയ തീക്കനൽ ഒതുക്കുവാൻ ശ്രമിച്ച അവന്റെ മനസ്സ് ചുട്ടുപൊള്ളുകയാണ്. അത് തണുപ്പിക്കാൻ പരക്കം പായുന്ന അവൻ അറിയുന്നില്ല, ഇത് വെറും മിഥ്യയാണെന്ന്. യാഥാർത്ഥ്യം ഇപ്പോഴും എവിടെയോ ഒളിച്ചിരിക്കുന്നുണ്ടെന്ന് തണുത്ത കടൽക്കാറ്റ് അവന്റെ മുഖത്തടിച്ചപ്പോൾ അവൻ ഓർത്തു. ഭീമാകാരമായ തീകുണ്ഡത്തെ ഉള്ളിലൊതുക്കികൊണ്ട് എത്ര ശീതളമായി നടിക്കുന്നു ഈ കടൽ. മണൽത്തിട്ടയിലൂടെ അവൻ എവിടേയ്ക്കോ നടന്നു. സർട്ടിഫിക്കറ്റുകളും നോട്ടുകെട്ടുകളുമില്ലാതെ അവൻ യാത്ര തുടർന്നു. നോട്ടുകെട്ടുകൾ കൊണ്ട് തുലാഭാരം നടത്തുന്ന ഈ കപടലോകത്ത് അവൻ ഒറ്റപ്പെടും എന്ന് തീർച്ചയായിരുന്നു. അവന് വിശക്കുമ്പോൾ സ്നേഹത്തോടെ മറ്റുള്ളവരോട് യാചിക്കും. കിട്ടുന്നതോ അറപ്പും വെറുപ്പും നിറഞ്ഞ ചീത്തവിളികൾ. അപ്പോൾ അവൻ പച്ചയായി പ്രതികരിച്ചിരുന്നു. അവന്റെ വസ്ത്രങ്ങൾ കീറി തുടങ്ങിയിരുന്നു. തലമുടി ജട പിടിച്ചിരുന്നു. താടിയും മുടിയും നീണ്ടു. കുട്ടികൾ അവനെ ഭ്രാന്തൻ എന്നു വിളിച്ച് ആക്ഷേപിച്ചു. കല്ലെടുത്ത് എറിഞ്ഞ് അവനെ ഓടിച്ചു. അപ്പോഴും തന്റെ മനസ്സിലെ തീക്കനൽ കെടുത്തുവാൻ അവൻ പണിപ്പെടുകയായിരുന്നു. കാലയവനികയ്ക്കുള്ളിൽ അവനും അടിമപ്പെട്ടുവെങ്കിലും അണയാത്ത ആ തീക്കനൽ ഇന്നും ആകാശത്ത് ഒരു നക്ഷത്രമായി തിളങ്ങുന്നു.

Best Compliments From

**Sharaf Plastics**

**Near Zeenath theatre , Aluva**

MANUFACTURERS OF SUTHALI AND PLASTIC GRANUELS

Best Compliments from

PH: 606169

**VELIYATHUNAD**

**SERVICE CO-OPERATIVE BANK LTD. NO. E 298**

U.C. College P.O. 683 102

President
M. Ravi

Secretary
M. Kaladharan

# THE 7 COMM

Long time ago when God saw man was sad, he gave them the ten commandments to lead a peaceful life without worries and tensions. Later when He saw that man was still sad he felt pity on them and lessened their burden by handing over the seven commandments. We all misinterpret what the holy books say as practice non-violence, do sacrfices and be selfless. But there is also a hidden version which you will understand reading the rest of this which is, to reach at the top always be mean, shrewd and oriented.

1. God saw that the biggest misery for man was comprehending others. So God said change your motto, "Look back to yourself, forget others just think- Me, Me, Me."






2. Guilt is a poison that has no antivenom so don't let guilt overcome you. It's not your fault if your opponent is weak. So even if you are wrong be kind enough to give him a chance - dump it on him - Adopt the motto - You, You, You.

3. Money is a sweet balm that heals all wounds. A man with money and no morals is appreciated to-day rather than a man with morals and no money. It's an old saying " No money, no honey, so sonny a rich man's joke is always funny.




4. There are many more tips to success. To reach at the top avoid two spices, emo-tions and drugs. They make you weak. If your are weakened by emo-tions and can't ignore them then blind your-self for the bible says if an organ does sin de-stroy it and anything interfering with your success is sin.



# ANDMENTS




5. If you want to succeed make sure you lead first in everything except being first to get beaten up but of course you can beat him before he does that's first too - "survival of the fittest" your motto is first first & first.




6. The golden rule of life is to be in the game Don't blame, never be satisfied ask for more because once you settle others will rattle so never stop the race because in life nothing you gather is a waste so be - greedy, greedy, greedy.

7. Last but least never consider your opponent weak always tackle him with care. Asoka the Great said there's only one rule in a war and that's to win. "If you can't beat him you can always cheat him".




There is nothing wrong in anything until it assures your existence. "To kill to survive isn't wrong" - says Lord Krishna and "what the world says violence is self defence to me" - said Bhagat Singh. So if Great men set great morals why shouldn't we follow them?

**TEENA AUGUSTINE**
First Year B.A. Psychology

തെറ്റയിൽ ജ്വല്ലറിയുടെ ഹോൾസെയിൽ
സൂപ്പർമാർക്കറ്റിൽഎല്ലാ പർച്ചേസിനും

# ഹോൾസെയിൽ ആനുകൂല്യം

കല്യാണ പാർട്ടികൾക്കു പുറമെ, ആഭരണങ്ങൾ വാങ്ങുന്നവർക്കും
ഇനി മുതൽ മൊത്ത വിലയുടെ ആനുകൂല്യം നൽകുന്നു.



*ഒരു പവൻ വാങ്ങുമ്പോൾ
പണിക്കൂലിയിൽ
300 രൂപ വരെ ലാഭം

കൂടുതൽ മൂല്യം
കുറഞ്ഞ വിലയിൽ

ഏവരും ആസ്വദിക്കൂ....

നിങ്ങളുടെ വിശ്വസ്ഥത
ഞങ്ങളുടെ മുഖമുദ്ര

*Conditions Apply

Baby's
# തെറ്റയിൽ ജ്വല്ലറി
ഗോൾഡ് ഹോൾസെയിൽ സൂപ്പർമാർക്കറ്റ്

SINCE 1947

ലൂർദ്ദ് സെന്റർ, റെയിൽവേ സ്റ്റേഷനു സമീപം, ആലുവ. ഫോൺ:625405

# Love & Love Only

*LOVE, one and the most*
*important ingredient of life.*
*Your life echoes*
*emptiness without it.*
*With it, your life vibrates meaning and warmth.*
*Love will shine through,*
*even in the gulf of hardships.*
*As you look back upon your life,*
*you will find that the moments*
*that stand out, the moments when you*
*have really lived, are the moments*
*when you have done things*
*in the spirit of love.*
*If you have it,*
*you don't need to have any thing else,*
*and if you don't,*
*it doesn't matter what else you have*
*Treasure the love you receive*
*above every thing else.*
*It will survive long after your wealth*
*and good health have vanished.*
*The way is not in the sky*
*The way is in the heart.*
*Life in abundance comes only through great love.*



ROBIN BABY
Second Year B.A. Malayalam Literature




# കലാവർഷ സ്മരണകൾ

ഒരു വർഷത്തിന്റെ മുഴുവൻ ചരിത്രവും നിങ്ങൾക്ക് സുപരിചിതമായതുകൊണ്ട് വാക്കുകളാൽ അവ കുറിച്ചിടുന്നത് അപ്രസക്തമായിരിക്കാം. എങ്കിലും, ഓർമ്മയുടെ ഓട്ടുപാത്രത്തിൽ ക്ലാവുപിടിക്കാതെ സൂക്ഷിക്കുവാൻ കലാലയമാസികയുടെ ഈ താളുകളിൽ നമുക്കത് അനശ്വരമാക്കിവെയ്ക്കാം.

### വോയ്സ് ഓഫ് യു. സി.

2001 ഒക്ടോബർ 9-ാം തീയതി വി.എം.എച്ച്-ൽ വച്ച് ആർട്ട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വോയ്സ് ഓഫ് യു. സി. ഗാനാലാപന മത്സരം സംഘടിപ്പിച്ചു. കലയുടെ ദേവതമാർ അനുഗ്രഹം ചൊരിഞ്ഞ മത്സരപരിപാടിയിൽ മുന്നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു.

### ആർട്ട്സ് ക്ലബ്ബ് ഉദ്ഘാടനം

2001 ഒക്ടോബർ 17-ാം തീയതി പുതിയ ഓഡിറ്റോറിയത്തിൽ വച്ച് പ്രശസ്ത കാർട്ടൂണിസ്റ്റ് ശ്രീ. സീരി മാസ്റ്റർ ആർട്ട്സ് ക്ലബ്ബിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ചലച്ചിത്ര താരം ഭരത് മോഹൻലാലിന്റെ സാന്നിദ്ധ്യം ചടങ്ങിന് അത്യധികമായ പ്രൗഢിയും ഗാംഭീര്യവും നൽകി. ഉദ്ഘാടന ചടങ്ങുകൾക്കു ശേഷം ഉച്ചക്ക് 2 മണിക്ക് വോയ്സ് ഓഫ് യു. സി. ഗാനാലാപന പരിപാടിയിൽ നിന്നും കണ്ടെടുത്ത സംഗീതത്തിലെ അമൂല്ല്യ രത്നങ്ങൾ അവതരിപ്പിച്ച ഗാനമേള അരങ്ങേറി. യുവകലാകാരന്മാരെ എന്നും അകമഴിഞ്ഞ് പ്രോത്സാഹിപ്പിച്ചിട്ടുള്ള യു.സിയുടെ യുവഹൃദയം നിറഞ്ഞ ഹർഷാരവങ്ങളോടെയാണ് പുതിയ കലാമുകുളങ്ങളെ എതിരേറ്റത്.

### നാടകോത്സവം നിഴൽ 2001

2001 നവംബർ 15-ാം തീയതി വി.എം.എച്ച്-ൽ വച്ചു നടന്നു. നടനകലയുടെ ആഴങ്ങളിൽ നിന്ന് കണ്ടെടുത്ത അപൂർവ്വ മുത്തുച്ചിപ്പികളാൽ അതിമനോഹരവും അനുഗ്രഹീതവുമായിരുന്നു നിഴൽ 2001. വ്യത്യസ്തങ്ങളായ ഏഴു നാടകങ്ങൾ അവതരിപ്പിക്കപ്പെട്ടതിൽ മൂന്നാം വർഷ ബി. ടി. & എസ്. പി. വിദ്യാർത്ഥികൾ അണിയിച്ചൊരുക്കിയ 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകം ഒന്നാം സമ്മാനാർഹമായി, മൂന്നാം വർഷ ബി.ടി.& എസ്. ടി. വിദ്യാർത്ഥി ജോഫി ജോസഫ് മികച്ച നടനായി തിരഞ്ഞെടുക്കപ്പെട്ടു.

### ആർട്ട്സ് ഫെസ്റ്റ് തരംഗ് 2001

2001 നവംബർ 20, 21 തീയതികളിൽ വി.എം.എച്ച്. പുതിയ ഓഡിറ്റോറിയം, എൻ ആർ - 10 എന്നിവിടങ്ങളിൽ വച്ച് ആഘോഷപൂർവ്വം നടത്തപ്പെട്ടു. മൂന്നു വേദികളിലായി അറുപതിലേറെ മത്സരവിഭാഗങ്ങളിൽ അഞ്ഞൂറിലേറെ വിദ്യാർത്ഥികൾ മത്സരപരിപാടികളിൽ പങ്കെടു

ത്തു.

**യൂണിവേഴ്സിറ്റി നാടകോത്സവം**

2002 ജനുവരി 25-ാം തീയതി തലയോലപ്പറമ്പിൽ വച്ചു നടന്ന യൂണിവേഴ്സിറ്റി നാടകോത്സവത്തിൽ യു.സി.യെ പ്രതിനിധീകരിച്ച് കോളേജ് നാടകോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയ 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകം അവതരിപ്പിച്ചു. പ്രൊഫഷണലുകളുടെ സഹായമേതുമില്ലാതെ പൂർണ്ണമായും വിദ്യാർത്ഥികൾ തന്നെ അണിയിച്ചൊരുക്കിയ ഈ നാടകം കാണികളുടെ മുക്തകണ്ഠ പ്രശംസ പിടിച്ചുപറ്റി.

**യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവൽ**

2002 ഫെബ്രുവരി 11-ാം തീയതി മുതൽ 15-ാം തീയതി വരെ തൃപ്പൂണിത്തുറയിൽ വച്ചു നടന്നു. മഹാത്മാഗാന്ധി വാഴ്സിറ്റിയിലെ നൂറോളം കലാലയങ്ങളിൽ നിന്നുള്ള മത്സരാർത്ഥികൾ പങ്കെടുത്ത മേളയിൽ വ്യത്യസ്തത കൊണ്ടും വ്യക്തിഗത, ഗ്രൂപ്പുതല മികവുകൊണ്ടും യു.സി .യുടെ കലാകാരന്മാർ സവിശേഷ ശ്രദ്ധ പിടിച്ചുപറ്റി. യു.സി.കോളേജിന്റെ ചരിത്രത്തിലാദ്യമായി പാശ്ചാത്യ സംഘഗാനത്തിന് നമ്മൾ ഒന്നാം സ്ഥാനം നേടുകയുണ്ടായി. വ്യക്തിഗത ഇനമായ ഫോട്ടോഗ്രാഫിയിൽ മൂന്നാം വർഷ സൈക്കോളജി വിദ്യാർത്ഥി ശ്യാം ബാലകൃഷ്ണനും പ്രഥമ പുരസ്കാരത്തിന് അർഹനായി. ഗ്രൂപ്പ് സോങ്, ഈസ്റ്റേൺ, സ്കിറ്റ്, മൈം, തിരുവാതിര തുടങ്ങിയ മത്സരപരിപാടികളിൽ യു.സിയെ പ്രതിനിധീകരിച്ച പങ്കെടുത്ത ടീമുകൾ മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും കാണികളുടെ പ്രശംസ പിടിച്ചു പറ്റുകയും ചെയ്തു.

മാതൃഭൂമി ഫെസ്റ്റ്, കാവേരി ഫെസ്റ്റ് തുടങ്ങി സ്വകാര്യ സംഘാടകരുടെ നിരവധി മത്സരങ്ങളിൽ യു.സിയിലെ കലാകാരന്മാർ പുരസ്കാരങ്ങൾ കരസ്ഥമാക്കി. കേരള സംസ്ഥാന തലത്തിൽ നടന്ന കാവേരി ഫെസ്റ്റിൽ സിനിമാറ്റിക് ഡാൻസിൽ യു.സി. കോളേജ് ടീം ഒന്നാം സ്ഥാനം നേടിയെടുത്തു. ഗ്രൂപ്പ് സോങ് വെസ്റ്റേൺ നാടോടി നൃത്ത ടീമുകൾ മാതൃഭൂമി കലോത്സവത്തിൽ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

ഒരു വർഷത്തിന്റെ ചുരുങ്ങിയ കാലയളവിനുള്ളിൽ നിന്നുകൊണ്ട് ഇത്രയും ചെയ്യാനായതിൽ ഞങ്ങൾ കൃതാർത്ഥരാണ്. തികച്ചും ബുദ്ധിമുട്ടേറിയതാകുമായിരുന്ന ഈ ഉദ്യമം വളരെ ഭംഗിയായി പൂർത്തീകരിക്കുന്നതിന് എന്നെ സഹായിച്ച എല്ലാവരോടും സർവോപരി ഈശ്വര കടാക്ഷത്തിനുമുള്ള നന്ദി വിദ്യാർത്ഥി സമക്ഷം അവതരിപ്പിച്ചുകൊണ്ടും ഈ റിപ്പോർട്ട് ചുരുക്കുന്നു.

വിശ്വസ്തതയോടെ,

മനു എം. മേനോൻ
ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി


USMANIA

The Card Shoppe Ph: 623405 (Res: 606820)

An exclusive Showroom For Greeting Cards & Gift Articles

A Collection of Cards with An Exotic Flair

R.S. ROAD ALUVA BANK JN. ALUVA

For Excursions, Pilgrimages and Study Tours



Picnic Travels



Madaparambil Tourist Home, Sub-Jail Road, Aluva - 1, Tel : (Off) 630313, (Res) 638310

Daily Trips to Bangalore, Mumbai, Madras, Every Friday Velankanni Trips
All Kinds of Vehicle Buying & Selling

49 Seater Luxury Airbus, 35 Seater Airbus (Pushback), 29 and 19 Seater Minibus
14 Seater Luxury Tempo Traveller, A/c non A/c Sumo, Qualis Luxury Cars etc..



# ഞാൻ കണ്ട ധരണി

കരഞ്ഞ കണ്ണുകളാൽ ഞാൻ ധരണിയെ കണ്ടു
പിറന്ന മണ്ണിന്റെ ചൂട് ഞാനറിഞ്ഞു
ആ നിമിഷത്തിലവളെന്നെ നോക്കി ചിരിച്ചു
നിന്റെ വശ്യമായ പുഞ്ചിരി
എന്റെ നിറഞ്ഞ കണ്ണുകൾക്കാശ്വാസമേകി.
ആ കണ്ണിലൂടെ ഞാൻ ലോകത്തെ കണ്ടറിഞ്ഞു
അന്നു ഞാൻ കണ്ടു നന്മകൾ മാത്രം നിറഞ്ഞ ധരണിയെ
സുഖങ്ങൾ മാത്രം തരുന്ന ധരണിയെ
എന്നാൽ കാലത്തിൻ പോക്കുവരവിൽ
ഈ ഭൂമിയെ ഞാൻ കണ്ടറിഞ്ഞു
കഴിഞ്ഞ കാലങ്ങളിൽ എന്റെ കണ്ണുകൾ കണ്ടതും
കാതുകൾ കേട്ടതും മനസ്സുകൊണ്ടറിഞ്ഞതുമെല്ലാം
എല്ലാം വെറും മിഥ്യയായിരുന്നു എന്നു ഞാൻ കണ്ടു
മർത്യനുള്ള കാലം തുടങ്ങിയതല്ലയോ
അമ്മേ നിൻ ദുരിതം
എന്നു തീരുമമ്മേ നിൻ ദുരിതം
മക്കളെന്നുകരുതി നീയെന്തിനവരോടു ക്ഷമിക്കുന്നു.
നന്മകൾ മാത്രം നീയവർക്കേകിയില്ലല്ലെ
എന്തിനു നീ സ്വയം ദുഃഖങ്ങളേറ്റു വാങ്ങി
നിന്നിൽ നിന്ന് രക്തമൂറ്റിക്കുടിക്കുമ്പോഴും
നീയെന്തിനു മൂകയായ് കണ്ണുനീർ പൊഴിക്കുന്നു
നിന്റെ കണ്ണുനീർ തുള്ളികൾ രക്തമായ് ധരണിയിൽ
വന്നിട്ടും
മക്കളെന്തേ ഈ കണ്ണുനീർ തുള്ളിയെ കണ്ടില്ലെന്നു നടിച്ചു
ഈ ദുഷ്ടവർഗ്ഗം നിന്നെ ചുട്ടുകൊല്ലും
ഇതുതന്നെയാണ് ഈ ഭൂമി
എപ്പോഴും കണ്ണുനീർ പൊഴിച്ചുപറയുന്നത്.

**സിനി പി. വി.**
മലയാളസാഹിത്യബിരുദം ഒന്നാംവർഷം



# അയ്യൻകാളി ദളിതരുടെ ദൈവം

അനൂപ് കെ. കെ.
ജന്തുശാസ്ത്രബിരുദം ഒന്നാംവർഷം

വളരെ വലിയ മഹാന്മാരെ സൃഷ്ടിച്ചിട്ടുള്ള പുണ്യഭൂമിയാണ് ഭാരതം. സാമൂഹ്യപരിഷ്കർത്താക്കൾ, വിപ്ലവകാരികൾ, പുരോഗമന വാദികൾ അങ്ങനെ പല മേഖലകളിലും മഹദ്‌വ്യക്തികൾ ഉദയം ചെയ്തു. ഇവരിൽ സവർണ്ണരായിരുന്നവർ ശ്രദ്ധിക്കപ്പെടുകയും അവരുടെ പ്രവർത്തനങ്ങളെല്ലാം ചരിത്രത്താളുകളിൽ തങ്കലിപിയിൽ ആലേഖനം ചെയ്യപ്പെടുകയും ചെയ്തു. എന്നാൽ ചരിത്രതാളുകളിൽ വെറും പരാമർശം മാത്രമായി ഒതുങ്ങിപ്പോയ അധഃസ്ഥിതരുടെ ദൈവമെന്ന് വിശേഷിപ്പിക്കാവുന്ന ശ്രീമദ് അയ്യൻകാളിയെ കുറിച്ചാണ് ഈ ലേഖനത്തിൽ പറയാൻ ശ്രമിച്ചിട്ടുള്ളത്.

ഏതു ജാതിയിൽ ജനിച്ചു എന്നതായിരുന്നു ഒരുവന്റെ സാമൂഹ്യനില നിശ്ചയിച്ചിരുന്നത്. സവർണ്ണരിൽ നിന്നും ഉയർന്ന് വന്ന സാമൂഹ്യ പരിഷ്കർത്താക്കൾ ചെയ്തത് അവരുടെ വർണ്ണത്തിന്റെ സുരക്ഷ ഉറപ്പാക്കുക എന്നതായിരുന്നു. എന്നാൽ അടിച്ചമർത്തപ്പെട്ടിരുന്ന വിഭാഗങ്ങളിൽനിന്നും ഉയർന്നുവന്ന ജാതിമേധാവിത്വത്തിനെതിരെ സന്ധിയില്ലാസമരം ചെയ്ത ധീരന്മാർ ഉണ്ടായിരുന്നു. തങ്ങളും തങ്ങളുടെ ജാതിയും ചെയ്യാത്ത കുറ്റത്തിന് ക്രൂരമായി ശിക്ഷിക്കപ്പെടുന്നതിലുള്ള അടങ്ങാത്ത വെറുപ്പും, സ്വാതന്ത്ര്യാഭിനിവേശവും ഒന്നിച്ച് സമന്വയിച്ച വ്യക്തികളായിരുന്നു അവർ. ഇവർ യഥാർത്ഥ വിപ്ലവകകാരികളായിരുന്നു. അതിൽ എക്കാലവും പ്രഥമഗണനീയൻ അയ്യൻകാളി തന്നെയാണ്.

എല്ലാവിധ സുഖസൗകര്യങ്ങളും വെളുത്തവന്റെ മാത്രം അവകാശമായിരുന്ന കാലഘട്ടത്തിൽ, പാടത്തും പറമ്പിലും പണിയെടുക്കാൻ മാത്രം ജനിച്ചവനായി കറുത്തവനെ കണ്ടിരുന്ന മേലാളന്മാരുടെ കാലത്ത്, അധഃസ്ഥിതൻ വിദ്യ അഭ്യസിച്ചാൽ മഹാപ്രളയം ഉണ്ടാവും എന്ന് ധരിച്ചിരുന്ന സവർണ്ണ മേധാവികളുടെ ഇടയിൽ, തൊട്ടുകൂടായ്മക്കും, തീണ്ടികൂടായ്മക്കും തലമുറ തലമുറകളായി വിധേയരായിക്കൊണ്ടിരുന്ന ഒരു സമൂഹത്തിലാണ് അയ്യൻകാളി പിറന്ന് വീണത്.

അയ്യൻകാളിയുടെ പ്രവർത്തനം ആരംഭിക്കുന്നത് വിപ്ലവകരമായ ഒരു പ്രവർത്തനത്തിലൂടെയായിരുന്നു. അധഃസ്ഥിതർക്ക് സവർണ്ണരുടെ വഴിയിലൂടെ സഞ്ചരിക്കാൻ കഴിയാതിരുന്ന കാലത്ത് ഒരു വില്ലുവണ്ടി വാങ്ങി ഒരു അരകയ്യൻ ബനിയനും മേൽമുണ്ടും തലയിൽ ഒരു വട്ടകെട്ടുമായി സവർണ്ണർ യാത്രചെയ്യുന്ന വഴിയിലൂടെ കുതിച്ച് പാഞ്ഞു. വെള്ളക്കാളയുടെ കഴുത്തിലെ ഓട്ടുമണി നാദം സവർണ്ണമനസ്സിൽ പെരുമ്പറ മുഴക്കി - വെറും ഇരുപത് വയസ്സ്

മാത്രം പ്രായമായ അയിത്ത ജാതിക്കാരന്റെ ധിക്കാരമായി അതിനെ സവർണ്ണർ കണ്ടു. എന്നാൽ സമരപരമ്പരകളുടെ തുടക്കമായിരുന്നു അത്. അധഃസ്ഥിതവർഗ്ഗത്തിന്റെ സാംസ്കാരിക പുരോഗതി ലക്ഷ്യം വച്ച് അവരെ സംഘടിപ്പിച്ച് അയ്യൻകാളി സാധുജന പരിപാലന സംഘം എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. 1965-ൽ ആണ് ഇത് രജിസ്റ്റർ ചെയ്യപ്പെട്ടത്. ആഴ്ചയിൽ 7 ദിവസം പണിയെടുക്കുന്നതിന് പകരം 6 ദിവസമായി ചുരുക്കാൻ അയ്യൻകാളിക്ക് കഴിഞ്ഞു. സാധുജന പരിപാലിനി എന്ന പേരിൽ ഒരു പത്രവും ചങ്ങനാശ്ശേരിയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നു എന്ന് അറിയുമ്പോഴാണ് എഴുത്തും വായനയും അറിയാൻ കഴിയാതിരുന്ന അദ്ദേഹത്തിന്റെ മഹത്വം നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. 1912-ൽ ശ്രീമൂലം പ്രജാസഭയുടെ 8-ാം സമ്മേളനത്തിൽ അയ്യൻകാളി നോമിനേറ്റ് ചെയ്യപ്പെട്ടു. പുതവൽ ഭൂമി പതിച്ച് കിട്ടുന്നതിനും, സ്കൂൾ പ്രവേശനം നേടുന്നതിനും ആയിരുന്നു അദ്ദേഹം പ്രഥമ പരിഗണന കൊടുത്തിരുന്നത്. തിരുവിതാംകൂറിൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ നടന്ന സമരങ്ങൾ കേരളത്തിലെ ആദ്യത്തെ തൊഴിലാളി സമരങ്ങൾ ആയിരുന്നു. ജീവിത കാലയളവിൽ അനേകം സമരങ്ങൾ അയ്യൻകാളി നടത്തി. ഇതെല്ലാം പുറമെ നിന്ന് നോക്കുന്നവർക്ക് വെറും ലഹളകൾ മാത്രമായിരുന്നു. പെരിനാട് ലഹള, പുല്ലാട്ട് ലഹള, തൊണ്ണൂറാമാണ്ട് ലഹള എന്നിങ്ങനെ - എന്നാൽ അവയെല്ലാം മനുഷ്യാവകാശ പുനസ്ഥാപന സമരങ്ങൾ ആയിരുന്നു എന്നതാണ് വാസ്തവം.

അയ്യൻകാളി എന്നു പറഞ്ഞാൽ ആണോ പെണ്ണോ എന്ന് ചോദിക്കുന്ന അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ഫലമായി നന്മയനുഭവിക്കുന്ന സമുദായങ്ങളിലെ വിദ്യാർത്ഥികളോട് രണ്ട് വാക്ക്. ഐഡന്റിറ്റി കാർഡും മറച്ച് പിടിച്ച് ഞാൻ ഒരു സംവരണാനുകൂല്യം അനുഭവിക്കുന്ന വിദ്യാർത്ഥിയാണ് എന്ന് പറയാൻ നാണക്കേട് തോന്നുന്ന നിങ്ങൾ ഒന്നറിയുക, വർഷങ്ങൾക്ക് മുമ്പ് എന്റെ കുട്ടികളെ പഠിക്കാൻ അനുവദിച്ചില്ലെങ്കിൽ ഈ കാണായ പാടങ്ങളിലെല്ലാം മുട്ടിപ്പുല്ല് കുരുപ്പിക്കും എന്ന് പറഞ്ഞ അയ്യൻ കാളിയുടെ പിൻമുറക്കാരാണ് നമ്മൾ. കേരളത്തിലെ ഭൂമിയെ കാർഷികയോഗ്യമാക്കിയത് തൊണ്ണൂറ്റിയഞ്ച് ശതമാനവും നമ്മുടെ പൂർവ്വികരാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം. നമ്മൾ അനുഭവിക്കുന്ന സംവരണാനുകൂല്യം ആരുടെയും ഔദാര്യമല്ല. നമ്മുടെ അവകാശമാണ് എന്ന് മനസ്സിലാക്കുക.

എതിർപ്പുകളെ ചെറുത്ത് തോല്പിച്ച് തന്റെ ജീവിതം തന്നെ അടിസ്ഥാനവർഗ്ഗങ്ങൾക്കായി നീക്കിവച്ച ശ്രീമദ് അയ്യൻകാളി പുതിയ തലമുറയെ പ്രചോദിപ്പിച്ച ശക്തമായ വ്യക്തിത്വത്തിനുടമയാണ്.



# മഞ്ഞുതുള്ളി

അനന്തമാം സമുദ്രത്തിലേ-
യ്ക്കാഴ്ന്നിറങ്ങും സൂര്യദേവാ...
ഇരുളിൻ തിരശ്ശീലയാൽ
മറഞ്ഞുപോകയോ നീ?
ഇരുട്ടിനെ കീറിമുറിച്ചുനീ
പൊട്ടിവിടരും പ്രഭാതത്തിൽ
നിൻകിരണമേറ്റു തിളങ്ങുമാ-
മഞ്ഞുതുള്ളിക്കെന്തുഭംഗി?
മനസ്സിനെയാർദ്രമാക്കുമാ-
മഞ്ഞുതുള്ളിതൻ മുന്നിൽ
ഒരു പിഞ്ചുപൈതലായ്
നിന്നുപോയ് ഞാൻ.

**ശാരിക വിശ്വനാഥ്**
മലയാളസാഹിത്യബിരുദം ഒന്നാംവർഷം

# College Union Inauguration



കോളേജ് യൂണിയൻ ഉദ്ഘാടനം
പ്രശസ്ത സാഹിത്യകാരൻ
ജോർജ്ജ് ജോസഫ് കെ.
ഭദ്രദീപം കൊളുത്തി
ഉദ്ഘാടനം ചെയ്യുന്നു.



ആർട്ട്സ് ക്ലബ്ബ് ഉദ്ഘാടനം
പ്രശസ്ത കാർട്ടൂണിസ്റ്റ്
സീരി മാസ്റ്റർ
ഭദ്രദീപം കൊളുത്തി
ഉദ്ഘാടനം ചെയ്യുന്നു.




സഹസ്രാബ്ദസ്മാരകമായ
കോളേജ് ഗേയ്റ്റിന്റെ മാതൃക
പത്മശ്രീ മോഹൻലാൽ
അനാച്ഛാദനം ചെയ്യുന്നു



മോഹൻലാൽ വിദ്യാർത്ഥികൾക്ക്
ആശംസകൾ നേരുന്നു.




മോഹൻലാലിന്
കോളേജ് യൂണിയൻ
ഉപഹാരം നൽകുന്നു



സദസ്സ്
ഒരു ദൃശ്യം



# സുഹൃത്ത്

മനസ്സ്,
കടിഞ്ഞാണില്ലാതെ കുതിക്കുന്ന
കുതിരയാണ്.
നടക്കാത്ത സ്വപ്നങ്ങളിലേക്കും
മനോഹര മനക്കോട്ടകളിലേക്കും
നീ കാടുകയറുന്നു.
വഞ്ചകിയുടെ കടക്കണ്ണോടെ
കാമുകി എന്നെ തിരസ്ക്കരിച്ചപ്പോഴും
രോക്ഷാകുലമായ ജനക്കൂട്ടത്തിൽ
ഞാനൊറ്റപ്പെട്ടപ്പോഴും
നീ സുഹൃത്തായിരുന്നു.
ഇവിടെ ഇരുട്ടാണ്
പക്ഷേ,
ജീവിതയാത്രയിൽ വഴിതെളിക്കുന്നത്
നിന്റെ ഒടുങ്ങാത്ത അഭിനിവേശമാണ്.

**അനിൽകുമാർ കെ. കെ.**
രസതന്ത്രബിരുദം രണ്ടാംവർഷം

# ഉത്തരം

**നോബിൾ ജോർജ്ജ്**
ഭൗതീകശാസ്ത്രബിരുദം രണ്ടാംവർഷം

ഒടുവിൽ ആന്ത്രാക്സ് എന്ന വാക്കിന്റെ ഉത്ഭവം കണ്ടുപിടിയ്ക്കാൻ തന്നെ ഞാൻ തീരുമാനിച്ചു അഥവാ മാദ്ധ്യമങ്ങൾ എന്നെ നിർബന്ധിച്ചു.

ഞാനാദ്യം സമീപിച്ചത് ചരിത്രം പഠിപ്പിക്കുന്ന അധ്യാപകനെത്തന്നെയായിരുന്നു. "ഇത്രേയുള്ളോ!" എന്നെ നോക്കി ചെറുതായി മന്ദഹസിച്ച് അദ്ദേഹം തുടർന്നു. "ഈ രോഗം ആദ്യമായി പ്രത്യക്ഷപ്പെട്ടത് ആന്ധ്രയിലായതുകൊണ്ട് ഇതിനെ ആന്ത്രാക്സ് എന്നു പറയുന്നു. ചരിത്രമെടുത്തു പരിശോധിച്ചാൽ ഭാഷാടിസ്ഥാനത്തിൽ രൂപം കൊണ്ട ആദ്യത്തെ സംസ്ഥാനമായ ആന്ധ്ര.....തുടർന്നു കേൾക്കാൻ ത്രാണിയില്ലാത്ത ഞാൻ സ്ഥലം വിട്ടു. ശാസ്ത്ര അദ്ധ്യാപകൻ എന്റെ ചോദ്യം കേട്ട് താടി തടവിയിട്ട് പറഞ്ഞു "ശരീരത്തിലെ തൊറാക്സ് എന്ന ഭാഗത്താണ് ഈ രോഗം പിടിപെടുന്നത്, അതിനാൽ ഇത് ആൻതൊറാക്സ് അഥവാ ആന്ത്രാക്സ് എന്നറിയപ്പെടുന്നു. ഞങ്ങളുടെ ഭാഷയിൽ ഈ പ്രതിഭാസത്തെ ആന്ത്രാക്സിയോ തൈറോക്സിയോ എന്നു വിളിയ്ക്കുന്നു". ശാസ്ത്രീയനാമങ്ങൾക്ക് യാതൊരു പഞ്ഞവുമില്ലാത്ത കാലം. ഞാൻ മനസ്സിൽ പറഞ്ഞു. ഇംഗ്ലീഷദ്ധ്യാപകന്റെ പക്കൽ നിന്നും മറുപടിയ്ക്കു പകരം കിട്ടിയത് ശകാരമായിരുന്നു. "ആൻത്രാക്സ് എന്നു പറയാതെ എത്രാക്സ് എന്നു പറയൂ. കാരണം ത്രാക്സിനു മുൻപിൽ വവ്വൽസ് ചേർക്കേണ്ടതില്ല". ഞാൻ ജീവനും കൊണ്ടോടി. എന്റെ വാടിയ മുഖം കണ്ടിട്ടാവാം മലയാള അദ്ധ്യാപകൻ എന്നെ സൂക്ഷിച്ചു നോക്കിയത്. "സാർ, ആൻന്ത്രാക്സ് എന്ന വാക്ക് രൂപം കൊണ്ടത്.... "ഞാൻ അർദ്ധോക്തിയിൽ നിർത്തി. അന്താക്ഷരി എന്ന പരിപാടി ടി.വി.യിൽ കണ്ടിട്ടുണ്ടോ? അന്താക്ഷരി എന്ന വാക്ക് 'ക്ഷ' കാരവും 'രി' കാരവും ലോപിച്ച് അന്താറാക്സ് എന്നും പിന്നീട് ആന്ത്രാക്സ് എന്നുമായി മാറി. എന്റെ മുഖം ഒന്നുകൂടി വാടി. ഒടുവിൽ കണക്കുപഠിപ്പിക്കുന്ന മാഷിനേയും സമീപച്ചു. "അന്ത്രാക്സിലെ എക്സിന് ഒരു വില കൊടുക്കൂ. അപ്പോൾ ഉത്തരം കിട്ടും." ഇപ്പോഴെനിക്ക് ഉത്തരം കിട്ടി. ഞാൻ കേട്ട ഉത്തരങ്ങളൊന്നും ശരിയായ ഉത്തരങ്ങളായിരുന്നില്ല എന്ന ഉത്തരം.

# RELIGIOUS FUNDAMENTALISM AND GLOBAL TERRORISM

SANIL MATHEW
First Year BA Psychology



The Crusades, Christian persecutions, the genocide of Jews, justified as ethnic cleansing by Hitler, the Palestinians suffering at the hands of Israel, the 'holy war' waged by Muslims in various parts of the world, atrocities against minorities in India......all these instances have got the flavour of religious fanaticism of practically one religion or the other.

One must clearly distinguish between religiosity and religious fundamentalism. All would disagree with and disapprove of fundamentalism while, even non believers would appreciate and think positively of religiosity. Now, what is this religious fundamentalism, towards which people have contempt and disregard? Well, different people understand fundamentalism in different ways. Still, a general explanation may run as follows:

"Religious fundamentalism is characterised by the ardent belief of a follower that one's religion has been pushed out of its glory and it must in some way be reinstated".

The religious elite of every religion in every age has enjoyed the exclusive right to define and direct the religiosity of their people. As it is to be expected, this is done necessarily with a view to reinforcing their own class interests. It is an irresistible temptation for the power wielders of the world to turn their supporters into unthink-

ing and ardent devotees, the substance of whose devotion can be directed at will. Seen from this perspective, the spread of rationality, free thinking and intellectual objectivity are unwelcome intruders. The manipulators and ventriloquists of all religious communities have abhorred the spread of light in various ways. They have had envious success in persuading their followers to believe that this light is nothing but a deceptive form of darkness itself.

One of the perennial traits of the religious outlook, when it is uninformed by spirituality, is the lack of objectivity. The custodians of religions tend to take everyone in their own terms. The Sangh Pariwar's arbitrary assumptions about Ayodhya are a case in point. This has been a perennial problem down the centuries. The Crusades, Christian persecutions, the genocide of Jews, justified as ethnic cleansing by Hitler, the Palestinians suffering at the hands of Israel, the 'holy war' waged by Muslims in various parts of the world, atrocities against minorities in India......all these instances have got the flavour of religious fanaticism of practically one religion or the other.

Terrorism originates where the rights for decent existence is denied, even the most essential needs are crushed down. Long time suppression leads to an eruption and crushed down people end up in violent protest.

Now we shall explore the possibilities of religions playing a key role in global terrorism. Religion always puts forward an idea of compensation to its followers. No political or social movement can do this. This kind of campaigning can be in different ways. One could be monetory benefits. People in their miserable plight are willing to take the bite.

But the most attractive offer may be with regard to the eternal life and the pleasure that follows. No one loves to die unless for a 'holy cause'. Religious fanatics make the best out of this by exhorting the people that they should fight, for their rights in the name of God. And this is, they say pleasing in the eyes of their God. A staunch believer can very easily be carried away for such a holy cause. He will be ready to take up any mission that he is entrusted with because he is convinced that he is making an offering to his God. This explains to us how religion can be the most powerful breeding ground for terrorism.

What is the solution?

The best and the most effective remedy is to impart proper religious information, in a democratic environment because religion is a search for truth and it has to continue to be one, with proper interaction with and among the people.

This dialogue is there at the heart of all religions. But this idea is often hijacked. We must maintain a democratic fabric. Because only in democracy will true dialogue and search for truth take place. Only in democracy can all genders and classes be given equal rights and only there can people hold their heads high and only there can the flower of right living blossom. And we shall sincerely wish for the dawn of such a day.




**LAMA Travels**

Operators of Tourist Vehicles

1/203(Up Stairs) Paravur Jn, UCC Road, Aluva,

Ph: 604457, 607342 , 98460 88855(Mob)

Contact for:

Super Luxury, Tempo Travellers(14 Seater), Luxury Mini Bus(19,29, 23 seats)

Luxury Air bus(49 seats)

Luxury Cars, Tata sumo, Toyota Quallis etc...

# മഹാഗണി ചില്ലകൾ മരിക്കുമ്പോൾ...



റോബിൻ കുര്യാക്കോസ്
മലയാളസാഹിത്യബിരുദം രണ്ടാംവർഷം

ദിനരാത്രങ്ങൾ

തഴയപ്പെട്ട കണ്ണുനീർത്തുള്ളികൾ
ഉരുകിയൊഴുകി
കാവ്യദേവതാ ശില്പമാകുമ്പോൾ
ഭൂമിയിൽ
ചുവന്ന മുഖമുള്ള ഒരാൾ
മഹാഗണിത്തൈകൾ നടുന്നു.
നഷ്ടമാവുന്ന രാപ്പകലുകൾ
നീയെനിക്കു നല്കിയ കളിവഞ്ചി
കൊഴിഞ്ഞ ഇലകൾ
നീയെനിക്കുനല്കിയ
ഉയിർ വാർന്നുവാർന്നുപോവതാം
സ്വപ്നങ്ങൾ
ആത്മാവിന്റെ നിറത്തിനാൽ
നീയെഴുതിയ ചിത്രങ്ങൾ
എനിക്ക്
നിരാശയുടെ നിഴൽച്ചാർത്തുകൾ
അഗ്നിയിൽ വീണുടഞ്ഞ
നിന്റെ ബാഹുക്കളിൽ
തെളിയുന്നതേതു
നീല പ്രാവുകൾ

ചില്ലകളിൽ

മുറിവേറ്റ കൂട്ടുകാരാ,
നിനക്കു പകരമായി
സ്നേഹം പൊഴിക്കുന്നതാര്?
ഇലയും നിന്റെ വിയർപ്പും
ഇഴചേർന്ന്
രക്തമുത്തുകളായി
ഊർന്നു വീഴുമ്പോൾ
ഞാനറവൂ നിന്നിൽ പ്രണയമുണ്ടെന്ന്

ഉച്ച

സമയം
മൂന്നു മണി,
നിന്റെ നെഞ്ചിലേക്ക്
തുളച്ചുകറിയ വെടിയുണ്ടകളേത്?
മുറിവുകൾ ഒഴുകുന്ന
സ്നേഹത്തിൻ കാട്ടരുവിയാൽ
നീ പറവതു
ഞാൻ കേൾപ്പു
എന്റെ അച്ഛൻ കറുത്തിട്ടാണ്
അമ്മ വെളുത്തിട്ടാണ്
എനിക്ക് നിറമില്ല
ഞാൻ എന്റേതുമല്ല.

യു.സി.യുടെ പ്രവേശനകവാടത്തിൽ ദ്വാരപാലകന്മാരെപ്പോലെ നിന്ന ഇരട്ട മഹാഗണികളിലൊന്ന് ഇടിവെട്ടേറ്റ് തകർന്നതിന്റെ പശ്ചാത്തലത്തിലെഴുതിയത്.

## രാഷ്ട്രീയ പകപോക്കലിൽ നിഷ്ഠൂരം വധിക്കപ്പെട്ടവരുടെ സ്മരണയ്ക്ക്........

# കാലനെ ചതിച്ച കാലന്മാർ

**നിഷാദ് വി. എച്ച്.**
മലയാളസാഹിത്യബിരുദം രണ്ടാംവർഷം

അവിടെ... മനുഷ്യന്റെ നഗ്നനേത്രങ്ങൾക്ക് അദൃശ്യമായ യമപുരിയിൽ, മുഖമുയർത്തി നോക്കുവാൻ ആരും ഭയക്കുന്ന യമന്റെ രാജസദസ്സിൽ പിറ്റേദിവസം ജീവൻ അപഹരിക്കേണ്ടവരുടെ കണക്കെടുപ്പ് നടക്കുകയാണ്. ചിത്രഗുപ്തൻ തന്റെ കണക്കുപുസ്തകം നിവർത്തി "1176-ാംമാണ്ട് ധനുമാസം എട്ട്. നാളെ അന്ത്യയാമം ഏഴിനും എട്ടിനും ഇടയ്ക്ക് ഇവിടെ ആഗതരാകേണ്ടവർ.... ഉല്ലന്നൂർ ഗ്രാമത്തിലെ കുന്നിക്കൽ വീട്ടിൽ ഗോപി മാഷ് 42 വയസ്സ്, ചേലപ്പറമ്പ് വീട്ടിൽ ആന്റണി 32 വയസ്സ്" അദ്ഭുതം......ഇന്നേവരെ സംഭവിക്കാത്തത് നാളെ സംഭവിക്കും. മരണം രണ്ടേയുള്ളൂ, വെറും രണ്ട്. കാലൻ ആശ്ചര്യത്തോടെ തന്റെ പാശത്തെ തടവി.

ഉല്ലന്നൂർ ഗ്രാമം.ഒരാഴ്ചയായി ഗ്രാമവീഥികൾ വിശ്രമിച്ചിട്ട്. ബാനറുകൾ, പോസ്റ്ററുകൾ, കൊടികൾ, വാഹനപ്രചരണങ്ങൾ ഇവയെല്ലാം കൊണ്ട് ഗ്രാമവീഥികൾ ശ്വാസം മുട്ടുന്നു. ഒരുഭാഗത്ത് വെളുത്ത കൊടികൾക്കു നടുവിലായി ഗോപിമാഷിന്റെ വലിയ കട്ടൗട്ട് ചുവടെ നമ്മുടെ സ്ഥാനാർത്ഥി എന്ന ലിഖിതവും. മറുഭാഗത്ത് നീലക്കൊടികളാൽ ചുറ്റപ്പെട്ട സ്ഥാനാർത്ഥി ആന്റണിയുടെ ബാനറുകൾ. വരാൻ പോകുന്ന ഇലക്ഷന്റെ തിരക്കിലാണ് ഉല്ലന്നൂർ ഗ്രാമം.

വിദ്യാസമ്പന്നനും മാതൃകാദ്ധ്യാപകനുമായ ഗോപിമാഷിന്റെ വരവും കാത്തിരിക്കുകയാണ് മൂത്തമകൾ മീനുവും ഇളയമകൾ നീനുവും. അച്ഛൻ വരുമ്പോൾ വാങ്ങിക്കൊണ്ടുവരാമെന്നു പറഞ്ഞിരുന്ന ചായപെൻസിലിന്റെ പ്രതീക്ഷയിലാണ് നീനു. പുതിയ നോട്ടുബുക്കിന്റെ പ്രതീക്ഷയിൽ മീനുവും. സമയം അഞ്ചുമണി, അച്ഛൻ സ്കൂൾ വിട്ട് കടയിൽക്കയറി പെൻസിലും ബുക്കും വാങ്ങി ഇപ്പോൾ മെയിൻ റോഡിൽ എത്തിക്കാണും അവർ മനസ്സിൽ കണക്കുകൂട്ടി. പെട്ടന്നാണ് അടുക്കളയിൽ നിന്നും അമ്മ ശാരദയുടെ വരവ്, സ്കൂളിൽ നിന്നും വന്നിട്ട് ഒരേ ഇരുപ്പാ....ആർക്കും ചായ വേണ്ടേ? അച്ഛൻ വരട്ടെ അമ്മയ്ക്കുള്ള മറുപടി അവർ ഒപ്പം പറഞ്ഞു. ഹായ്..അച്ഛൻ വന്നു. നീനു ഗെയിറ്റ് തുറന്നുവരുന്ന ഗോപിമാഷിന്റെ അരികിലേക്കോടി. പക്ഷേ ആ ഓട്ടം ലക്ഷ്യസ്ഥാനത്തെത്തിയില്ല. അച്ഛന്റെ കൈയ്യിൽ പതിവായി കാണാറുള്ള പഴഞ്ചൻ കുടയും, ഡയറിയും അച്ഛൻ ഇന്നും പറ്റിച്ചു. അവളുടെ മുഖം വാടി. പരിഭവം മാറ്റാൻ ഗോപിമാഷ് പോക്കറ്റിൽ നിന്നും രണ്ടു മിഠായി എടുത്തു . നീനു... ദാ... നല്ല ഉഗ്രൻ മിഠായി. പക്ഷെ മാഷിന്റെ നമ്പർ ഇത്തവണ ഏറ്റില്ല. നീനു നിറഞ്ഞ കണ്ണുകളോടെ പറഞ്ഞു. വേണ്ട... ഞാൻ പിണക്കമാ. അവൾ വന്നതിലും വേഗത്തിൽ അകത്തേയ്ക്കോടി. ഛെ... ശമ്പളം കിട്ടിയില്ലെന്നു പറഞ്ഞാൽ മൂത്തവൾക്കു മനസ്സിലാകും...ഇതിപ്പോ എന്താ ചെയ്യാ? മനസ്സിൽ പിറുപിറുത്തുകൊണ്ട് മാഷ് അകത്തേയ്ക്കു കയറി. വാതിൽക്കൽ നിന്നിരുന്ന മീനുവിന്റെ തലയിൽ തലോടിക്കൊണ്ട് അയാൾ പറഞ്ഞു. ഇന്നച്ഛന് ശമ്പളം കിട്ടിയില്ല നാളെ ഉറപ്പാ. അച്ഛന്റെ അവസ്ഥ മനസ്സിലാക്കിയ അവൾ ഒന്നും

മിണ്ടാതെ അകത്തേക്കുകയറി.

ഈ സമയം ഗ്രാമമദ്ധ്യത്തിലുള്ള ഒരു പാർട്ടി ഓഫീസിൽ, നീലക്കൊടികളും തോരണങ്ങളും കൊണ്ട് അലങ്കരിച്ചിരിക്കുന്നു. മനുഷ്യന്റെ ആയുസ്സ് നിശ്ചയിക്കുന്ന പാർട്ടി നേതാക്കന്മാർ എന്തോ കാര്യമായിട്ട ചർച്ച ചെയ്യുന്നു. അവരുടെ ചർച്ച മുഴുവൻ എതിർ പാർട്ടിക്കാരനായ ഗോപിമാഷിനെക്കുറിച്ചായിരുന്നു. അതിൽ കറുത്തുതടിച്ച ഒരാൾ പറഞ്ഞു. നീലയുടെ നിറം മങ്ങി...മങ്ങി...വെളുപ്പിന് ശോഭകൂടുന്നു, ആന്റണിയുടെ കാര്യം എനിക്ക് സംശയമാ... ആന്റണിക്ക് ജനങ്ങളുടെ ഇടയിൽ മതിപ്പുണ്ട് പക്ഷേ മാഷിന്റെ അത്രം വരില്ലെന്നു മാത്രം... കഴിഞ്ഞ വർഷമാണെങ്കിൽ കിട്ടിയില്ല... ഇത്തവണയെങ്കിലും സീറ്റ് ഉറപ്പാക്കണം. അതിന് ഏതുവഴിയും, സ്വീകരിച്ചേ പറ്റൂ... മാഷ് ഈ ഇലക്ഷന് നിൽക്കരുത്. അവരുടെ ചർച്ച ഈവിധം നീണ്ടു. ഒടുവിൽ ആ തടിയൻ എല്ലാവരോടുമായി പറഞ്ഞു. ആന്റണി അറിയണ്ട......അവൻ നല്ലവനാ.

ഒരു സാമൂഹിക പ്രവർത്തകനും അവിവാഹിതനുമാണ് ആന്റണി. രോഗിയായ അമ്മയുടേയും വിവാഹം ഉറപ്പിച്ചിരിക്കുന്ന ഏക സഹോദരി റീനയുടേയും ജീവനാണ് അയാൾ. കുത്തിക്കുത്തിയുള്ള ചുമയ്ക്കിടയിലും അമ്മ റീനയോട് ചോദിക്കും. ആന്റണി വന്നോ? വിളമ്പി വച്ചിരിക്കുന്ന ചോറിനു മുന്നിൽ ഏട്ടന്റെ പ്രതീക്ഷയിലാണ് റീന. സമയം ഒമ്പതടിച്ചു. ഒരു പൊതിയും പിടിച്ച് ആന്റണി കയറിവന്നു. അമ്മയ്ക്ക് കഞ്ഞി കൊടുത്തതിനു ശേഷം അയാൾ ഭക്ഷണം കഴിച്ച് കിടന്നു.



സമയം 12 മണി. ഉല്ലന്നൂർ ഗ്രാമം നിശബ്ദതയിലാണ്ടു. പെട്ടന്ന് വരാൻ പോകുന്ന ഏതോ ദുരന്തത്തിന്റെ മുന്നോടിയെന്നവണ്ണം കൂമന്റെ മൂളലും, കാലൻ കോഴിയുടെ ചിറകടിശബ്ദവുമുയർന്നു. നായകൾ എന്തൊക്കെയോ മനസ്സിലാക്കിയിട്ടെന്നവണ്ണം കൂട്ടത്തോടെ ഓളിയിട്ടു. ആ ഗ്രാമം ഏതോ ക്രൂരനടനത്തിന് തയ്യാറെടുത്തു.

നേരം പുലർന്നു. 1176-ാം ആണ്ട് ധനുമാസം എട്ട്. ഗോപിമാഷ് പതിവുപോലെ സ്കൂളിൽ പോകുവാൻ തയ്യാറെടുത്തു. പിണക്കമെല്ലാം മറന്ന് നീനു അച്ഛന്റെ അടുത്തെത്തി ചോദിച്ചു. ഇന്നു പറ്റിക്കോ? മാഷ് അവളുടെ നെറ്റിയിൽ ഒരു മുത്തം കൊടുത്തുകൊണ്ട് പറഞ്ഞു. ഇല്ല....ഇന്ന് ചായപെൻസിലില്ലാതെ അച്ഛൻ ഇങ്ങോട്ട് വരില്ല. ഉത്തരത്തിലിരുന്ന് ഒരു പല്ലി ചിരിച്ചു. സത്യം നീനുവിന് വിശ്വാസമായി. മാഷ് പടിയിറങ്ങി. "അച്ഛാ... ബുക്ക്" മീനു പുറകിൽ നിന്നും വിളിച്ചുപറഞ്ഞു. നിന്നോട് എത്ര പ്രാവശ്യം പറഞ്ഞാലും മനസ്സിലാവില്ലേ? പുറകിൽ നിന്നും വിളിക്കരുതെന്ന്; അമ്മയുടെ ശകാരം കേട്ട് അവൾ മുഖം താഴ്ത്തി.

സമയം വേഗത്തിൽപ്പോയി, സ്കൂൾ വിട്ടു. മാനേജറിൽ നിന്നും ശമ്പളം കൈപ്പറ്റിയപ്പോൾ നീനുമോൾടെ ചിരിക്കുന്ന മുഖമാണ് മാഷിന്റെ മനസ്സിൽ തെളിഞ്ഞത്. അയാൾ വേഗം അടുത്തുള്ള കടയിൽ കയറി. മാഷ് നിരാശനായി ചായപെൻസിൽ തീർന്നുപോയി. ഒരു നോട്ടുബുക്കും വാങ്ങി നടന്നു നീങ്ങി. എന്തായാലും പെൻസിൽ വാങ്ങണം. ടൗണിലേക്കു പോകുവാൻ അയാൾ തീരുമാനിച്ച് വണ്ടികയറുവാൻ നിന്നു. മാഷേ എന്ന് ആരോ വിളിക്കുന്ന കേട്ട് ഗോപിമാഷ് തിരിഞ്ഞുനോക്കി. പാർട്ടി സഹപ്രവർത്തകൻ ശശിയായിരുന്നു. വേഗം വാ മാഷേ... ഓഫീസിൽ എല്ലാവരും കാത്തിരിക്കുകയായിരുന്നു. ശശിയുടെ നിർബന്ധത്തിനു വഴങ്ങി. ഗോപിമാഷ് പാർട്ടി ഓഫീസിലേക്കു മടങ്ങി. ദീർഘനേരത്തെ ചർച്ചയ്ക്കുശേഷം അയാൾ വീട്ടിലേയ്ക്കു നടന്നു. റോഡരുകിൽ നിന്ന പട്ടി ഏതോ സൂചന

നൽകുന്നതുപോലെ മുകളിലേക്ക് നോക്കി ഓളിയിട്ടു. നെഞ്ചിടിപ്പ് വർദ്ധിക്കുന്നതുപോലെ അയാൾക്കു തോന്നി. ചുറ്റും നോക്കി... എന്തോ... വീട്ടുഗെയ്റ്റിനു മുൻപിലെത്തിയ മാഷിന് കാലുകൾ ചലിപ്പിക്കുവാൻ പറ്റുന്നില്ല. കറുത്തു തടിച്ച പോത്തിൻ പുറത്തിരുന്ന് അട്ടഹസിച്ചു കൊണ്ട് കാലൻ പാശം മാഷിന്റെ കഴുത്തിലേക്കെറിഞ്ഞു. ശ്വാസം മുട്ടുന്നതുപോലെ അയാൾക്കു തോന്നി...പെട്ടെന്ന് അവിടേയ്ക്ക് ചീറിപ്പാഞ്ഞുവന്ന വാനിന്റെ ഹെഡ്ലൈറ്റിൽ യമവാഹനത്തിന്റെ കണ്ണുചിമ്മി. കാലപാശത്തെ നാണിപ്പിക്കുന്ന ആയുധങ്ങൾ ഏന്തി ആറുപേർ ആ വാനിൽ നിന്നും ചാടി ഇറങ്ങി. എല്ലാം പെട്ടെന്ന്-വേഗത്തിലുള്ള വെട്ടേറ്റ് പാശം പൊട്ടി കാലൻ പോത്തിൻ പുറത്തുനിന്നും താഴെ പതിച്ചു. ആ രംഗം കണ്ട് കാലൻ സ്തബ്ദനായി : ആറ് കാലന്മാരുടെ തുരുതുരെന്നുള്ള വെട്ടിൽ മാഷിന്റെ അവയവങ്ങളെല്ലാം ചിന്നി ചിതറി. പുറത്തെ അപശബ്ദങ്ങൾ കേട്ട് ശാരദയും മക്കളും ഓടി എത്തി. ചോരയിൽ കുളിച്ച മാംസപിണ്ഡങ്ങൾ മുഖത്ത് മുറിവേൽക്കാതെ തല വേറിട്ട് നോട്ടുബുക്കിനരുകിൽ കിടക്കുന്നു. കാഴ്ച കണ്ട് ശാരദയുടെ ശബ്ദം നിലച്ചു. മീനുവിന് ബോധം നഷ്ടമായി. തന്റെ കണ്ണുകളെ വിശ്വസിക്കാതെ നീനു അച്ഛന്റെ വരവും കാത്ത് നിശ്ചലയായി നിന്നു.

ആ വാർത്ത വേഗത്തിൽ പരന്നു. പോലീസ് ജീപ്പ് മാഷിന്റെ വീട് ലക്ഷ്യമാക്കി പാഞ്ഞു. ഈ ക്രൂരത ചെയ്തത് അവരാണ്..... ചോരയ്ക്കു ചോര.....വിടരുതവനെ മാഷിന്റെ സഹപ്രവർത്തകർ എന്തൊക്കെയോ തീരുമാനിച്ച് പരക്കം പാഞ്ഞു.

സമയം എട്ടോടടുക്കുന്നു. ആന്റണി അമ്മയ്ക്ക് മരുന്നു കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു. കാലൻ ഒരു പാഴ്ശ്രമത്തിനായി അവിടെയും എത്തി. വീടിനു പുറകിൽ റീനയുടെ കരച്ചിൽ കേട്ട് ആന്റണി ചാടി എഴുന്നേറ്റു. ശക്തി ക്ഷയിച്ച കാലപാശം അയാളുടെ കഴുത്തിൽ വീണു. പെട്ടന്ന് ആയുധധാരകളായ എട്ടുപേർ. യമൻ ഞെട്ടി. അതാ.... കാലന്മാർ.....വീണ്ടും. അദൃശ്യകാലനെ പിന്നിലേക്ക് തള്ളി ദൃശ്യകാലന്മാർ മുന്നേറി. ആന്റണിയുടെ ദീനരോദനം ഉയർന്നു. യമൻ കർണ്ണങ്ങൾ പൊത്തി പുറത്തു കടന്നു. മകനെ വെട്ടിനുറുക്കുന്ന കാഴ്ച കണ്ട് ഹൃദയം തകർന്ന അമ്മ നിശ്ചലയായി. കടം വീട്ടിയ ആഹ്ലാദത്തിൽ മതിമറന്ന് കാലന്മാർ പുറത്തു കടന്നു. യമൻ പാശം ദൂരെയെറിഞ്ഞ് പോത്തിൻപുറത്തുനിന്നും ഇറങ്ങി സർവ്വേശ്വരനോട് പ്രാർത്ഥിച്ചു. ഹേ....പ്രഭോ.....ഭൂമിയിൽ സമർത്ഥരായ കാലാന്മാരുള്ളപ്പോൾ എന്റെ ഈ പദവി വ്യർത്ഥമാണ്.

പരാജിതനായ യമനെകണ്ട് നിശബ്ദരായ പട്ടികൾ, ചീറിവരുന്ന ആ കറുത്ത വാൻ കണ്ട് കൂട്ടത്തോടെ ഓളിയിട്ടു. അതെ.....കാലന്മാർ ഇവർ തന്നെ.


**BLOOMERS** **Ready Wears**

Kayanat Shopping Complex, Opp: RMS, Rail way Station Road, Aluva., Ph: 625347

READY MADES, COSMETICS, ELECTRONICS, DUTY PAID GOODS ETC.

**പുഴ ഡോട്ട് കോം**
മലയാള വെബ് മാഗസിൻ

**സൃഷ്ടികൾ ക്ഷണിക്കുന്നു.**

വെബ് രംഗത്ത് മലയാള ഭാഷയുടെ വരവറിയിച്ച പുഴ ഡോട്ട് കോമിലേക്ക് കഥകൾ, കവിതകൾ, ലേഖനങ്ങൾ, പുസ്തക-സിനിമാ നിരൂപണങ്ങൾ, അഭിമുഖങ്ങൾ, ബാല സാഹിത്യകൃതികൾ, കാർട്ടൂണുകൾ തുടങ്ങിയവ ക്ഷണിക്കുന്നു.

*പ്രസിദ്ധീകരണ യോഗ്യമായ കൃതികൾക്ക് പ്രതിഫലം ലഭിക്കുന്നതാണ്.*

അയയ്ക്കേണ്ട വിലാസം: കെ.എൽ. മോഹനവർമ്മ (ചീഫ് എഡിറ്റർ)
പുഴ ഡോട്ട് കോം, പി.ബി. നമ്പർ : 76, ആലുവ - 1.
ഫോൺ : 0484 629729
Visit - www.dcbookstore.com

# ദൈവത്തിന്റെ മകൻ



അവന്റെ മനസ്സിൽ അവ്യക്തമായ ചിന്തകൾ-
മണ്ണിരകളെപ്പോലെ കെട്ടുപിണഞ്ഞു.
അവന്റെ കണ്ണുകൾക്ക് കടലിന്റെ നീലിമയായിരുന്നു
അവന്റെ ഹൃദയത്തിന് ചോരയുടെ ചുവപ്പായിരുന്നു
പർവ്വതത്തിന്റെ ഏകാന്തതയിൽ ഒറ്റയ്ക്കായ
അവനെ ഞാൻ നിങ്ങൾക്കു പരിചയപ്പെടുത്താം
ഒരു പക്ഷെ, എന്നല്ല തീർച്ചയായും-
നിങ്ങൾക്കവനെ പരിചയമുണ്ടാവും.
അവൻ ലോകത്തിന്റെ പ്രിയപുത്രൻ
മനുഷ്യൻ ഒറ്റിക്കൊടുത്ത ദൈവപുത്രൻ,
നാലുദിക്കിലും മുഴങ്ങുന്ന കർണ്ണം തകർക്കുന്നൊരട്ടഹാസം-
കൊലച്ചിരി,
മക്കളെയെല്ലാം നഷ്ടമായ ഒരമ്മയുടെ ദീനവിലാപം-
അവന്റെ തിരുഹൃദയം വീണ്ടും പിളർക്കുന്നു
പിളരുന്ന ഹൃദയത്തിൽ യൂദാസിന്റെ മക്കൾ
വഞ്ചനതൻ കുന്തമുനകൊണ്ടാഞ്ഞാഞ്ഞു കുത്തുന്നു
തിരുരക്തം ഭൂമിയിൽ വീണ് കറപിടിയ്ക്കുമ്പോൾ
ഒരു കച്ചിത്തുരുമ്പായ് ദൈവത്തോട് കേണു...
ദൈവമേ, നീയെന്തിനെന്നെ പുനരുജ്ജീവിപ്പിച്ചു
ദിവ്യാനുഭവത്തിന്റെ മറവിൽ നീയെന്തിനെന്നെ ദൈവമാക്കി...
മറക്കാൻ ശ്രമിച്ച ഈ ലോകത്തിൽ-
നീയെന്തിനെനിക്കു വീണ്ടും പിറവി തന്നു.
ദൈവമേ, നീയെന്നെ തിരിച്ചു വിളിയ്ക്കുക
അപ്പോഴവന്റെ കണ്ണിൽ നിന്നും ഭൂമിയിൽ വീണ-
ജീവ ചേതനയിലലിഞ്ഞ കണ്ണീരിന്
പൂജിതമൊരായിരം പകലിന്റെ നിറമായിരുന്നു.

**രാജേഷ് വി. ആർ.**
ചരിത്രബിരുദം രണ്ടാംവർഷം

Ph: 0484 604725 (O)
426117, 524935 (R)

**PERIYAR**
**GRANITES & MARBLE**
PARUR JN., ALUVA - 683 108

Ph: 0484 - 342952 (O)

NEW
**PERIYAR**
**GRANITES PALACE**
N.H. BYE PASS, PADIVATTAM, EDAPALLY

# സ്പീഷ്യസുകളുടെ ഉദ്ഭവത്തെക്കുറിച്ച്

പി.എസ്. സുസൺ
ജന്തുശാസ്ത്ര ബിരുദം ഒന്നാം വർഷം



ആധുനിക പരിണാമ ശാസ്ത്രം വളരെയധികം വികാസം പ്രാപിച്ചിരിക്കുന്നു. പരിണാമം എങ്ങനെ? എന്ന വിഷയത്തെക്കുറിച്ചു ചിന്തിക്കുന്നവരെല്ലാം തന്നെ സ്പീഷ്യസ് എന്ന പദത്തെക്കുറിച്ചും എങ്ങനെ പുതിയ സ്പീഷ്യസുകൾ ഉത്ഭവിക്കുന്നു എന്നതിനെക്കുറിച്ചും ചിന്തിച്ചിരിക്കും. വിരാമയുക്തമായ സന്തുലനാവസ്ഥ, സ്പീഷ്യസ് നിർദ്ധാരണം തുടങ്ങി ആധുനികമായ പല ചിന്താധാരകളും പരിണാമശാസ്ത്രലോകത്ത് ചർച്ചചെയ്യപ്പെട്ടു രൂക്ഷമായ വിമർശനങ്ങൾക്കും ഈ ചിന്താധാരകൾ വിധേയമായി. എന്നാൽ ഡാർവിന്റെ സിദ്ധാന്തങ്ങൾക്ക് ഇന്നും പ്രസ്ക്തി നഷ്ടമായിട്ടില്ല. ഡാർവിന്റെ 'വൈവിധ്യ'ത്തിൽ നിന്നു തുടങ്ങി സ്പീസിയേഷനു (പുതിയ സ്പീഷ്യസുകളുടെ ഉൽപത്തി) കാരണമായ കുറച്ചു കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഒരു ലേഖനമാണിത്.

ലിംഗപ്രായഭേദങ്ങൾ ഒഴിച്ച് ഒരു സ്പീഷ്യസിലെ അംഗങ്ങൾക്കിടയിലുള്ള വ്യത്യാസങ്ങളെ ഡാർവിൻ വൈവിധ്യമെന്നു വിളിച്ചു. ഇത്തരത്തിലുള്ള വ്യത്യാസങ്ങളാണ് പരിണാമത്തിന്റെ മൂലകാരണങ്ങൾ എന്നും ഡാർവിൻ വിശ്വസിച്ചു. സന്തതിപരമ്പരകളിൽ ഉണ്ടാകുന്ന ചെറിയ ചെറിയ വ്യതിയാനങ്ങൾ കൂടിച്ചേർന്ന് പുതിയ തരങ്ങളുടേയും, അതു പിന്നീട് ഉപസ്പീഷ്യസുകളുടേയും, സ്പീഷ്യസുകളുടേയും പരിണാമത്തിന് കാരണമാകുന്നു. ഇത്തരത്തിലുള്ള പ്രക്രിയയിലൂടെ വളരെ വർഷങ്ങൾക്കുശേഷമേ ഒരു പുതിയ സ്പീഷ്യസ് ഉദയം ചെയ്യുന്നുള്ളു.

ഡാർവിന്റെ സിദ്ധാന്തങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു ഡീവ്രിഡിന്റെ മ്യൂട്ടേഷൻ തിയറി. സ്പീഷ്യസിലെ അംഗങ്ങൾക്കിടയിലുണ്ടാകുന്ന മ്യൂട്ടേഷനുകൾ വഴിയാണ് പുതിയ സ്പീഷ്യസുകൾ ഉണ്ടാകുന്നതെന്ന് ഡീവ്രീഡ് വാദിച്ചു. ഒരു ചാട്ടത്തിലൂടെ ഇത്തരത്തിൽ ധാരാളം പുതിയ സ്പീഷ്യസുകൾ ഉത്ഭവിക്കുന്നുണ്ടെന്നും പ്രകൃതി നിർദ്ധാരണം വഴി അതിൽ ചിലതു നിലനിൽക്കുന്നുവെന്നും അദ്ദേഹം കണ്ടെത്തി.

എന്നാൽ ജനിതക ശാസ്ത്രത്തിലെ അതികായനായ പി. എച്ച്. മോർഗന്റെ പരീക്ഷണ നിരീക്ഷണങ്ങൾ ഡാർവിൻ തിയറിയേയും മ്യൂട്ടേഷൻ തിയറിയേയും ഒരു ഒത്തുതീർപ്പിലെത്തിച്ചു. മോർഗന്റെ പരീക്ഷണ വസ്തുക്കൾ പഴയീച്ചകൾ ആയിരുന്നു. പരീക്ഷണത്തി

നിടയ്ക്ക് അദ്ദേഹത്തിന് ധാരാളം മ്യൂട്ടന്റ് വെറയിറ്റികളെ ലഭിച്ചു. എന്നാൽ അത്തരം മ്യൂട്ടേഷനുകളെല്ലാം തന്നെ അവയെ ഒരു പുത്തൻ സ്പീഷ്യസിലേക്ക് നയിച്ചിരുന്നില്ല. മോർഗന്റെ അഭിപ്രായത്തിൽ മ്യൂട്ടേഷനുകൾ ചാട്ടങ്ങളല്ലായിരുന്നു, വ്യതിയാനത്തിനായുള്ള വിപരീത സ്വഭാവങ്ങളായിരുന്നു.

ജനിതകദ്രവ്യങ്ങളിൽ ഉണ്ടാകുന്ന പെട്ടെന്നുള്ള മാറ്റങ്ങളെയാണ് മ്യൂട്ടേഷനുകൾ എന്നു പറയുന്നത്. ജീനിന്റെ തലത്തിലും ക്രോമസോമിന്റെ തലത്തിലും ഇത്തരത്തിലുള്ള മാറ്റങ്ങൾ സംഭവിക്കാം. ഇത്തരം മാറ്റങ്ങൾ പുതിയ വൈവിധ്യങ്ങൾക്കു കാരണമാകുന്നു. മിയോസിസിന്റെ താളപ്പിഴകളിൽ സംഭവിക്കുന്ന ക്രോമസോം മ്യൂട്ടേഷനുകൾ പെട്ടെന്നുതന്നെ വൈവിധ്യത്തിന് കാരണമാകുന്നു.

ഒരു സ്പീഷ്യസിലെ അംഗങ്ങൾ പരസ്പരം നടത്തുന്ന ജീൻ കൈമാറ്റത്തിലൂടെ ആ സ്പീഷ്യസിന് പൊതുവായ ഒരു ജീൻ സമുച്ചയത്തെ ലഭിക്കുകയും, ആ സ്പീഷ്യസിന്റെ തന്നെ തനതായ ഒരു ഐഡന്റിറ്റിക്ക് കാരണമാകുന്ന ഒരു ജീൻ പൂൾ അതിന് സ്വായത്തമാകുകയും ചെയ്യുന്നു. ഒരു സ്പീഷ്യസിലെതന്നെ ഉപസ്പീഷ്യസുകൾ ചില പ്രത്യേക സ്ഥാനങ്ങളിൽ ഒറ്റപ്പെടുന്നതുകൊണ്ടോ ചിലപ്പോൾ മറ്റു പ്രതികൂല സാഹചര്യങ്ങളിൽ പെടുന്നതുകൊണ്ടോ ഈ പൊതു ജീൻ സമുച്ചയത്തിൽ നിന്നും ഒറ്റപ്പെടുകയും, അവ തങ്ങളുടേതായ ഒരു ജീൻ സമുച്ചയത്തെ വളരെ പതുക്കെ രൂപീകരിക്കുകയും ചെയ്യുന്നു. ചില സാഹചര്യങ്ങളിൽ സംഭവിക്കുന്ന മ്യൂട്ടേഷനുകൾ വഴി ഇവ ഒരു പൊതു മാറ്റത്തിന് കാരണമാവുകയും, ജനിതകപരമായ പുത്തൻ ഐഡന്റിറ്റിയിൽ കൂടി പുതിയൊരു സ്പീഷ്യസിലേക്ക് പരിണമിക്കുകയും ചെയ്യുന്നു.

സഹവാസികളായിരുന്നിട്ടും പ്രത്യുൽപാദനത്തിനു കഴിയാതെ വരുമ്പോൾ സമൂഹങ്ങൾ പുതിയ സ്പീഷ്യസിലേക്കു തിരിയുന്നു. ജീവികൾ പുലർത്തിപോരുന്ന ചില ജൈവീക പ്രവർത്തനങ്ങളുടെ പ്രത്യേകതകൊണ്ടും, സ്വഭാവ വ്യതിയാനങ്ങൾ കൊണ്ടും അവയ്ക്ക് ലൈംഗീക പ്രത്യുൽപാദനത്തിൽ ഏർപ്പെടാൻ കഴിയാതെ വരുന്നു. ഉദാഹരണമായി നമുക്കു മിന്നാമിനുങ്ങുകളെ എടുക്കാം. ഈ സമൂഹങ്ങളിലെ എല്ലാ അംഗങ്ങൾക്കും അന്യോന്യം പ്രത്യുൽപാദനത്തിൽ ഏർപ്പെടുവാൻ കഴിയുന്നില്ല. ഒരേ സ്പീഷ്യസിലെ മിന്നാമിനുങ്ങുകൾ പുറപ്പെടുവിക്കുന്ന പ്രകാശത്തിന്റെ പ്രത്യേകതകളെ തിരിച്ചറിയാനും, അതിലേക്കാകൃഷ്ടരാകാനും അതേ സ്പീഷ്യസിലെ ഫീമെയിൽ മിന്നാമിനുങ്ങുകൾക്കുമാത്രമേ കഴിയുന്നുള്ളു.

അതല്ല ലൈംഗീകബന്ധം നടന്നാൽ തന്നെ ഉണ്ടാകുന്ന സന്തതികൾ പിന്നീടൊരു തലമുറ ഉണ്ടാകുന്നതിനു പ്രാപ്തരല്ലാത്ത ബലഹീനരോ, വന്ധ്യരോ ആയിരിക്കാം. പഴയീച്ചകളിലും മറ്റും നടത്തിയ പല പരീക്ഷണങ്ങളും ഈ വസ്തുതകൾ സത്യമാണെന്ന് തെളിയിച്ചിട്ടുണ്ട്.

അപ്പോൾ ഒരു സ്പീഷ്യസിനുള്ളിലുള്ള ഉപസ്പീഷ്യസുകളാണ് പിന്നീട് സ്പീഷ്യസുകളായി രൂപമെടുക്കുന്നത്. എന്നാൽ ഈ വർണ്ണങ്ങൾ വർഷങ്ങളോളം നിലനിന്ന് പാരിസ്ഥിതിക വൈവിധ്യങ്ങളേയും അതിജീവിച്ച് മൂലസ്പീഷ്യസുമായി ലയിച്ചു ചേരുകയും ആവാം. ഉപസ്പീഷ്യസ് മൂലസ്പീഷ്യസിൽ നിന്നകന്ന് പുതിയ സ്പീഷ്യസായി രൂപമെടുക്കുവാനുള്ള കാതലായ മാറ്റമാണ് പ്രത്യുൽപാദന വിച്ഛേദം. ബീജങ്ങൾ തമ്മിൽ കൂടിച്ചേർന്ന് ഭ്രൂണമുണ്ടാകുവാനുള്ള സാധ്യത വിരളമാവുകയും പുതിയ സ്പീഷ്യസ് പിറക്കുന്നതിലൂടെ മൂലസ്പീഷ്യസുമായുള്ള പ്രത്യുൽപാദനം നടക്കാതെ വരുകയും ചെയ്യുന്നു.

ക്രോമസോമുകളിൽ സംഭവിക്കുന്ന വ്യത്യാസമാണ് ഇത്തരത്തിലുണ്ടാകുന്ന സ്പീഷീകരണത്തിന്റെ മുഖ്യകാരണം.അത് Deletion, duplica-



tion, inversion, translocation എന്നിവയിൽ ഏതെങ്കിലുമാവാം. അതുമല്ലെങ്കിൽ സൂപ്പർ ജീനുകളിലുണ്ടാകുന്ന മ്യൂട്ടേഷനുകളുമാവാം. ഇത്തരത്തിലുള്ള മ്യൂട്ടേഷൻ പരിസ്ഥിതികളുമായി അഭേദ്യമായ ബന്ധം പുലർത്തുന്നു. അതോടെ ജനിതകഘടനയിലും മറ്റും വ്യത്യസ്തമായ മറ്റൊരു സ്പീഷ്യസ് ഉത്ഭവിക്കുന്നതിനുള്ള അടിത്തറ ഉണ്ടാകുകയും ചെയ്യുന്നു.

ഇത്തരത്തിലുള്ള മ്യൂട്ടേഷനുകൾ നടന്ന് പുതിയ സ്പീഷിസുകൾ ഉണ്ടാകുന്നതിൽ ഘടനാപരമായ ജീനുകൾക്ക് വലിയ വ്യത്യാസമൊന്നുമുണ്ടാകുന്നില്ല. പ്രത്യുൽപാദന വിച്ഛേദത്തിലും അവയ്ക്ക് വലിയ പങ്കില്ല എന്നു കാണാം.

പെട്ടെന്നുണ്ടാകുന്ന ജനിതക മാറ്റങ്ങളിലൂടെ മാത്രം പുതിയൊരു സ്പീഷ്യസ് ഉത്ഭവിക്കുന്നില്ല. ജനിതക ദ്രവ്യങ്ങളിൽ അനുകൂലവും പ്രതികൂലവുമായ അതായത് നല്ലതും ചീത്തയുമായ മ്യൂട്ടേഷനുകൾ ഉണ്ടാകുന്നു. ഒരു സ്പീഷ്യസിന് നിലനിൽക്കാൻ ബുദ്ധിമുട്ടുള്ള പാരിസ്ഥിതീക സാഹചര്യത്തിൽ പ്രകൃതിനിർദ്ധാരണം വഴി ആ സാഹചര്യങ്ങൾക്ക് അനുകൂലമായ ഗുണമുള്ളവയെ മാത്രം പ്രകൃതി നിലനിർത്തുന്നു. അതായത് അനേകം വിപരീത മ്യൂട്ടേഷനുകൾ ജനിതക ദ്രവ്യത്തിൽ സംഭവിച്ചാലും പരിസ്ഥിതികൾക്കനുസരിച്ച് നിലനിൽക്കാൻ ഉതകുന്ന അനുകൂലമുള്ള മ്യൂട്ടേഷൻ സംഭവിച്ച വ്യക്തികൾ പ്രകൃതിയിൽ നിലനിൽക്കുന്നു. പുതിയതായി ഉണ്ടായ ജനിതകവ്യത്യാസം പാരമ്പര്യമായി പ്രേഷണം ചെയ്യുകയും ചെയ്യുന്നു. അങ്ങനെ പ്രകൃതിനിർദ്ധാരണം വഴി നിലനിൽക്കുന്നതിനാവശ്യമായ ഒരു പുതിയ ജനിതക വ്യവസ്ത ആ സമൂഹത്തിന് ലഭിക്കുകയും ചെയ്യുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ നിന്നും, ജനിതകമായി സവിശേഷതയുള്ള ഒരു കൂട്ടം സമൂഹങ്ങളെ വാർത്തെടുക്കുന്നതിനുള്ള പ്രധാന പങ്ക് പ്രകൃതി നിർദ്ധാരണത്തിനു തന്നെയാണെന്നു പറയാം.

ഒരു സ്പീഷ്യസിന്റെ ഉത്ഭവം അടിസ്ഥാനപരമായി ഇങ്ങനെ ലഭിക്കുന്ന ജനിതക സവിശേഷതകളിൽ നിന്നാണ്. ഇങ്ങനെ നോക്കുമ്പോൾ കാണ്ഡം സ്പീഷീകരണം, സഹവാസ സ്പീഷീകരണം, ഒരു സ്പീഷീസ് പുരോഗമിച്ച് മറ്റൊരു സ്പീഷ്യസായി പരിണമിക്കുന്ന സ്പീഷീകരണം, എന്നിങ്ങനെയുള്ള എല്ലാ പരിണാമപ്രക്രിയകളുടേയും അടിസ്ഥാനപരമായ സംവിധാനങ്ങൾ ഒന്നാണെന്നും നമുക്കു കണ്ടെത്താം.

ആധുനികമായ പഠനങ്ങളുടെ പിൻബലത്തോടെ (പാലിയന്റോളജിക്കൽ സ്റ്റഡി ഉൾപ്പെടെ) സ്റ്റീഫൻ ജയ് ഗുൾഡിനെപ്പോലുള്ള ശാസ്ത്രജ്ഞൻമാരെല്ലാം തന്നെ പുതിയ അറിവുകളുമായി സ്പീസിയേഷനെയും , പരിണാമശാസ്ത്രത്തിനെയും സമീപിച്ചിരിക്കുന്നു. സ്പീഷ്യസുകളുടെ ഉത്ഭവത്തെക്കുറിച്ചുള്ള ഡാർവിൻ ചിന്തകൾക്കെതിരെ പല ശാസ്ത്രജ്ഞൻമാരും വെല്ലുവിളികളും ഉയർത്തുന്നുണ്ട്. എന്നാൽ ഇപ്പോഴും ശക്തിയോടെ തിളങ്ങി നിൽക്കുവാൻ ഡാർവിയൻ സിദ്ധാന്തങ്ങൾക്കും ചിന്തകൾക്കും കഴിയുന്നു.

വികസിതവും വിശാലവുമായ അറിവുകളാൽ സങ്കീർണ്ണമാണ് ഇന്ന് പരിണാമശാസ്ത്രം. അതിലെ ഏറ്റവും പ്രധാന പഠനവുമാണ് സ്പീഷ്യസുകളുടെ ഉത്ഭവവും. ഈ വിഷയത്തെക്കുറിച്ചുള്ള ഒരു ചെറുകുറിപ്പുമാത്രമാകുന്നുള്ളു ഈ ലേഖനം.

കടപ്പാട് : പരിണാമം എന്നാൽ - ശങ്കുണ്ണി വർമ്മ
പരിണാമത്തിന്റെ പരിണാമം - എൻ. എം. നമ്പൂതിരി

For Office Stationary
**MASTER BOOKS**
ST. GEORGE SHOPPING COMPLEX
PUMP JN. ALUVA

**PULSE FITNESS**
**YESHUS Complex, near UC College, Aluva**



ജനസേവ ശിശുഭവന്റെ ലക്ഷ്യംതെരുവിൽ അലയുന്ന ഭാരതത്തിലെ മുഴുവൻ കുഞ്ഞുങ്ങളേയും രക്ഷിച്ച് ഉത്തമ പൗരന്മാരായി വളർത്തുക. ഈ പുണ്യകർമ്മം നടത്തുന്നതിന് ഞങ്ങളെ സഹായിക്കുക, ഞങ്ങളോട് സഹകരിക്കുക. കുട്ടികളുടെ പഠനം, ഭക്ഷണം എന്നിവക്കായി ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സൗകര്യങ്ങൾ വഴിയും, ആജീവനാന്ത അംഗങ്ങളായും ഈ സംരംഭം വിജയിപ്പിക്കുക.

**കുഞ്ഞുങ്ങളെ ശിശുഭവനിലെത്തിക്കുന്നവരും സഹായങ്ങൾ ചെയ്യുന്നവരും**

**താല്പര്യമുള്ളവർ സദയം ബന്ധപ്പെടുക.**

പ്രസിഡന്റ്,

# ജനസേവ ശിശുഭവൻ

**പി.ബി. നമ്പർ 107, ആലുവ - 1, കേരള**

**ഫോൺ : 0484 623736, 606079, 603379.**




സംഗീത രവീന്ദ്രൻ
മലയാളസാഹിത്യബിരുദം ഒന്നാംവർഷം


എന്നെന്നും ഓർമ്മയിൽ കാണുവാൻ
നീയെനിക്കേകിയത് ഒരു നല്ലവസന്തം
ബാല്യമെന്ന വസന്തം
ബാല്യമെന്ന വസന്തകാലത്തിൽ
നീയെനിക്കായ് പൂങ്കാവനമൊരുക്കിയില്ലേ
ആ പൂങ്കാവനമെനിക്കേകിയത് സ്വർഗ്ഗമല്ലയോ
ഒരുനാൾ ഉല്ലാസവേളയിൽ ഞാനറിഞ്ഞു
ആ വസന്തമെന്നിൽനിന്നകലുകയാണെന്ന്
മതിമറന്നുല്ലസിച്ച ആ നാളുകളിൽ
ആ പൂങ്കാവനമൊന്നൊന്നായ്
ഒഴിഞ്ഞതായ് ഞാൻ കണ്ടു
അപ്പോഴും എൻ മനസ്സിലൊരാശ്വാസം
ആ വസന്തമെനിക്കായ് കാത്തുനിൽക്കുമെന്ന്
പെട്ടെന്നൊരു നിമിഷത്തിൽ ഞാനറിഞ്ഞു
ആ വസന്തം എന്നിൽ നിന്നും വിടപറയുകയാണെന്ന്
ആ പൂങ്കാവനത്തിലിരുന്നു ഞാൻ കാണുന്നു
വാടിക്കരിഞ്ഞ കൊമ്പുകൾ
ആ വാടിക്കരിഞ്ഞ കൊമ്പുകൾ എന്നെ നോക്കി പറയുന്നു
ഇനിയിതു പൂങ്കാവനമല്ല മരുഭൂമിയാണെന്ന്
ഇനിയൊരിക്കലുമിതൊരു പൂങ്കാവനമാകില്ല
അതിന്റെ നാളുകൾ കടന്നുപോയ്
ഇനിയുമീ വസന്തം ഓർമ്മയിൽ മാത്രം.

# REFLECTIONS

(A Collection of Contemporary Thoughts)

**Jubin Joseph Kurian**
Second Year BA Psychology

Humans have a history that goes back thousands of years; *what we are today is said to be the residue of what we have been all these years*. Over the years, our fathers, forefathers, their forefathers and so on have experienced life and have amassed for us a wealth of experience on which we thrive. We on our part do the same and so will our children, grandchildren, their grandchildren and so on, *if life still happens to exist* .The human "Collective Unconscious," to quote Jung, is growing by the generation, but have we ever asked the question; *'Where are we going to with all this experience and for what?'*

Each generation brings with it a higher degree of sophistication in almost everything from birth to death; it is hep to be complicated — easily visible in the way we eat, dress, walk and presumably anything and everything. But deep within, aren't we still "*Human*"; are we losing our human identity while being mechanical? Human nature is basically that of a weakling with a host of innate, primitive drives that one possibly gets to see only at moments of desperation for food, rest, sex, etc...

Once born, a person will have to die. It pains us much when our near and dear ones breathe their last; but could we have stopped that? — remotely yes (we could prolong that), but possibly no. Anything and everything created begins its great journey to the end, when it ceases to be what it was and begins a new process to be transformed and to be created into something else. This means that every moment from the time of our birth or our creation we are travelling through time or space to the end. *In short, with every passing minute we are getting closer to our end. Thus, instead of living we are in fact dying*. Death has indeed been man's unconquerable, unexplainable challenge

The big bang brought about the beginning of life and it is said that the world has been expanding since then till there will come a time when it will all return to the single dot where it all started from. *Entropy* being the law of nature demands that anything constructed has a tendency to deconstruct or destroy itself and to disintegrate to the elements out of which it was made up. We in our circle of life have begun our

construction, and will soon reach the point here we cant construct ourselves anymore and will begin to disintegrate into what we came from. Then the question is *"what do we or what can we do, in the little time between the beginning of our construction and the end of our destruction?"*

Everything from the very basic structure of the atom to the complex structure of the universe has a life and potential of its own .In fact everything that we see has a *basic nature* of its own. In the larger context, groups or the universe itself has a basic nature of its own. There is an effort on the part of the structures to follow a smooth path and continue their natural course — that is, a smooth and orderly flow of events. But when there is a disturbance to any of its components it affects the structure on the whole, setting up a chain of actions and reactions to regain the balance but which again in turn brings similar, smaller chain reactions, such as is seen in a nuclear reaction.

The world itself is beginning to move at a faster pace. Even the meaning that we ascribe to things are ever changing and often we find it hard to differentiate one from another in the sense that what we term good or positive and bad or negative now, would be later termed as just the opposite, *since we make these distinctions based on our personal experience. It is also liable to change again with our passing experience.* We possibly would not be able to label as we do now if we look at an experience from another's point of view. Again the labeling itself is an effort on our part to make our world manageable in our own sense. But better to say that when in common a label is stuck it sticks on till another is given. Again the question is, *"indeed is it right to label for our own convenience?"*

We often quote our world or things as perfect but the fact is that in all perfection there is an element of imperfection, which means that things are only near perfect or presently perfect because closeness to perfection can always be attained later with another stroke of the brush. Such is the contradiction that it can be compared to half a glass of water, which can be called half a glass full or half a glass empty.

The dawn of the computer age has brought in a host of new words to our vocabulary. Presently almost everything of one context or the other is fitted with the prefix such as *cyber, hyper or virtual*. This has had a very detrimental effect on our own life such that today we are represented as living in a virtual or hyper world with virtually real concepts. However much we try to deny, it is an inevitable reality – our virtually real life. Haven't we been talked of by elders as people living in a virtual world? True that it is presently a virtual reality in which we are living, with powers such as were not there before to make or make believe ourselves that most of our whims and fantasies are fulfilled, *from where it is only occasionally that we have sudden short bouts of reality* per se; but since this is such a short duration and since the unreal world is much more convenient a dream fulfilling ecstatic state, we wish to remain in such a state.

*Utopia* has been for long a dream; many of us unconsciously strive or outwardly hope to achieve it, as we often say for a better world or a better tomorrow, where all the wants of all the people would be satisfied. However, this concept has been challenged that such a Utopia is just a myth but the truth is that we haven't even tried so as to put us in a halfway position. The utopian concept has been an ideal in most societies, just like we talk of the reign of *Mahabali*, when there were no wants for anyone

*Man is a social animal left on his own, in isolation. Lest he find a society that accepts him, he will cease to be.* Man and society thrive on each other, and since many men make up the larger society it can be said that the social norms, goals, and values are the result of the norms, goals, and values of the individual who makes up this society. What the human society is today is due to what we all as individuals have wanted it to be today. If there has to be a change we all have to want it to be that way but the fact is that we are all so engrossed in what we all want and since our wants are all different we don't arrive at a consensus on what we all should be wanting, and that is the reason why we cant possibly work towards a solution for our greater problems as a whole. Most of us are stuck to our basic problems and only when we solve these can we possibly move to others' problems. And again we are all basically programmed with the notion of *survival of the fittest*, i.e. each one for himself; but only if we do arise above all these and put ourselves in the other's place can we be in a position to at least think or try to think of a solution for another's problem. Again a realization that *we are all like the parts of a jigsaw puzzle* would be helpful, *only when put together would it bring about a whole picture*, i.e. a consorted effort on each one's part would bring about an *ultimate solution* to all our problems.

Economic materialism has rooted itself deeply into our societies, that today everything is a *market commodity*, which can be bought at a price. It has already been predicted that with such a rate of pollution there once will come a time when even the fresh air that we breathe will have a price of its own, which will be available in *consumer friendly, ecofriendly packages*, which we could always get from our very friendly supermarket. So also anything would command a price — *even our freedom*. All said and done most of us realize that even in a democratic country like ours we are still slaves, or why then would we be called the *underdogs* or the third world nations? Aren't all the nations equal? In fact we are in a worldly setup much like slaves of the much more developed nations, dancing to their tunes. Wake up people. What are you waiting for? Wake up for your rights.

*Rights are just the other side of the coin. Duty is the first side.* When one is given rights it is expected that he discharge his duties. Such is their functional relationship. Rights are the remuneration for the duties you perform. It is the right of everyone, man and animal alike to have a dignified life and why can't we, when we ourselves are the *supposed masters of our destiny?* Why cant we? It's time our social conscience woke up.

Arise, Comrades. Let's play our little part in this great drama of life and do whatever little we can. Don't we owe it to ourselves ...?






# ഇത് എന്റെ ക്യാംപസ് ഡയറിയിലെ അവസാന കുറിപ്പ്

ജെബിൻ ജെ. ബി.
മലയാളസാഹിത്യബിരുദം മൂന്നാംവർഷം

ഇവിടെ നിറങ്ങളെല്ലാം ഒന്നായിത്തീർന്നിരിക്കുന്നു. വഴിപോക്കന് ലഭിച്ച വഴിയമ്പലം പോലെ, ഒരുപാട് സ്നേഹബന്ധങ്ങളാൽ ഊടും പാവും തീർത്ത ഇടത്താവളമായിരുന്നു ഈ കലാലയം.

ഈ മഹാഗണിത്തലപ്പുകൾക്കു കീഴെ....നിത്യസ്നേഹത്തിന്റെ അമൃതുമുണ്ട്..... മോഹങ്ങൾക്ക് സ്വപ്നങ്ങളുടെ നിറം പകർന്ന്...വിപ്ലവത്തിന്റെ വാക്കുകളായി പരസ്പരം തർക്കിച്ച്... അകൽച്ചകളെ ഏറെ അടുപ്പങ്ങളാക്കി മാറ്റി.

മലയിടുക്കിലൂടെ ചൂളം വിളിച്ചകന്ന് പോകുന്ന തീവണ്ടിയുടെ നേർത്ത ശബ്ദം പോലെ കാലമകന്നു പോയി. നമ്മുടെ കാല്പാടുകൾ കാണാൻ മാത്രമായി ഞാൻ തിരിഞ്ഞുനോക്കി. പക്ഷെ...നമ്മൾ കൈപിടിച്ചു നടന്ന ഇടനാഴികളിൽ കാല്പാടുകൾ മാഞ്ഞുതുടങ്ങിയിരിക്കുന്നു.

ഓർമ്മകൾ...പാതിയുറക്കത്തിന്റെ വഴിത്താരയിലെങ്ങോ അവ്യക്തത നിറഞ്ഞുനിൽക്കുന്ന എന്റെ ക്ലാസ്സ്റൂം....ലൈബ്രറിയിലെ തിരക്കൊഴിഞ്ഞ ദിവസങ്ങളിൽ ദസ്തയോവ്സ്കിയും തുർഗ്ഗനോവും നെരൂദയും എന്നോട് നിറം മങ്ങാത്ത ചോദ്യങ്ങൾ ചോദിച്ചു.... ജനാലക്കമ്പികൾക്കപ്പുറത്ത് തിരിച്ചറിയപ്പെടാത്ത ഭാവപ്പകർച്ചകളുമായി ബദ്റു. കോളേജ് നിയമസംഹിതകളോട് കൊഞ്ഞനം കാണിക്കുന്ന മാമാ ബദ്റു... ഇവൻ എന്തിന്റെ ഇമേജാണ്?

ആ നീണ്ട ക്ലാസ്മുറിയിൽ താടിയുള്ള, കണ്ണടവച്ച, ഏകാധിപതി കവിത പഠിപ്പിക്കുന്നു.... enjoy life to the last drop.

ഇലക്ഷൻ, യുവജനോത്സവ വേദികൾ.... പ്രകമ്പനം കൊള്ളിക്കുന്ന പ്രകടനങ്ങൾ.. സമരങ്ങൾ. ആർപ്പുവിളികളും, കൂവലും, കയ്യടിയും കൊണ്ട് മുഖരിതമായ വി.എച്ച്. ഇവയ്ക്കിടയിൽ ഒരിക്കലും ഉയരാത്ത കർട്ടൺ വീണിരിക്കുന്നു.

കാന്റീനിലെ ഒഴിഞ്ഞ അലമാര....സമയം നീളുന്നതിന്റെ മറ്റൊരു സൂചിക.

കാന്റീനിൽ നിന്ന് കട്ടനടിച്ച്, കല്ലുളിയിൽ നിന്ന് കമ്പ്യൂട്ടറിലേക്കുള്ള നേർരേഖ വരക്കുന്ന രാമേട്ടനോടൊപ്പം കയ്യിലൊരു സിഗരറ്റുമായി നടക്കുമ്പോൾ; ഞങ്ങളെ ഭൂമിയിൽ ബാക്കിനിർത്തി ആകാശത്തേക്കു പറന്നുപോകുന്ന പുകച്ചുരുളുകൾക്ക് രൂപങ്ങളുണ്ടായിരുന്നില്ല.

പ്രണയത്തിന്റെ മാധുര്യവും കയ്പുമറിഞ്ഞ നാളുകൾ... ഒടുവിൽ വഞ്ചിതനായത് ഞാനോ എന്റെ കാമുകിയോ?

ഹോസ്റ്റലിലെ നിറം മങ്ങാത്ത അനുഭവങ്ങൾ...ആർത്തുല്ലസിച്ചിരുന്ന രാത്രികൾ....അവസാനം യാത്രയയപ്പ്

ഇനി നന്ദി ചൊല്ലുകയാണ്... മുട്ടിയുരുമ്മി ഇത്തിരി ചൂട് കടം തന്നവരോട്...സ്വപ്നങ്ങൾ പങ്കുവച്ച സതീർത്ഥരോട്... വിപ്ലവതത്വങ്ങളിൽ വിള്ളലുകൾ വീണപ്പോൾ മുഴങ്ങുന്ന സ്വരത്തിൽ അടിസ്ഥാനസിദ്ധാന്തങ്ങളോതി തന്നവരോട്...എല്ലാ ദിവസവും നേരം പുലരാൻ കൊതിച്ചു കാത്തിരുന്ന എന്റെ കലാലയത്തോട്... ഈ കുറിപ്പ് ഞാനിവിടെ ഉപേക്ഷിക്കുന്നു.

# ജീവിക്കാൻ മറന്ന പക്ഷി



രതീഷ് ടി. എസ്.
മലയാളസാഹിത്യബിരുദം രണ്ടാംവർഷം

"ആത്മാവിൻ അകത്തളങ്ങളിൽ ആയിരം നോവുകൾ...
അകലെ എവിടെയോ നീ പാടുന്നു....."

ഹൃദയസ്പർശിയായ ആ വിലാപം കേട്ട് കാറ്റിനിണയായി നീങ്ങിയിരുന്ന മഴമേഘങ്ങൾ, ഉണങ്ങിവരണ്ട പുഞ്ചപ്പാടത്തിനു മുകളിൽ നിന്നു. സംഭവിച്ചത് എന്താണെന്നറിയാൻ, ആ ദീനവിലാപം എവിടെനിന്നുയർന്നുവെന്നറിയാൻ പുഞ്ചപ്പാടത്തിന്റെ നാലു ദിക്കും അവർ കണ്ണോടിച്ചു. ഇലകൾ കൊഴിഞ്ഞ് നിൽക്കുന്ന ഒരു പടുവൃദ്ധൻ പേരാല്, അതിന്റെ തുഞ്ചത്തായി ചിതലരിച്ചു തുടങ്ങിയ ഒരു പക്ഷിക്കൂട്. ആ കാഴ്ച കണ്ട് മഴമേഘങ്ങളുടെ കണ്ണുകൾ നിറഞ്ഞു. തൂവൽ കൊഴിഞ്ഞ്, കണ്ണുകൾ തൂങ്ങി മരണത്തോട് മല്ലിട്ട് കഴിയുന്ന ചെമ്പൻ കിളി. ശരീരത്തിന്റെ നല്ലൊരു ഭാഗം കട്ടുറുമ്പുകൾ കാർന്നുതിന്നുകൊണ്ടിരിക്കുന്നു. അസഹ്യമായ വേദനയിൽപ്പോലും കരയുവാൻ കണ്ണുനീർ ശേഷിക്കുന്നില്ല. ആ മിഴിനീർ സാഗരം വറ്റിവരണ്ടിട്ട് നാളുകൾ ഏറെയാകുന്നു. ജീവന്റെ ഒരു നാമ്പുമാത്രം ശേഷിക്കുന്ന പക്ഷിയുടെ കൊക്കിൽ നിറം മങ്ങാത്ത ഒരു വെള്ളരിതൂവൽ. ഇന്നാ ജീവൻ ശേഷിക്കുന്നത് ആ തൂവലിനുവേണ്ടി മാത്രമാണ്. ചെമ്പൻ കിളിയുടെ ഹൃദയത്തിൽ നിന്നും വീണ്ടും ആ വിലാപം ഉയർന്നു.

"ആത്മാവിൻ അകത്തളങ്ങളിൽ ആയിരം നോവുകൾ
അകലെ എവിടെയോ നീ പാടുന്നു."

ചെമ്പന്റെ ദുരവസ്ഥ കണ്ട് മഴമേഘങ്ങൾ കണ്ണുനീർ പൊഴിച്ചു. മഴത്തുള്ളികൾ ചെമ്പൻ കിളിയുടെ ജീവശ്വാസത്തിനുമേൽ പതിച്ചു. ജലത്തിന്റെ കുളിർമയാൽ മിഴിനീർ വറ്റിയ കണ്ണുകൾ മെല്ലെ തുറന്നു. ശരീരം കാറുന്ന അസഹ്യമായ വേദന. അതിൽ നിന്നും രക്ഷനേടാൻ മഴമേഘങ്ങൾക്കൊപ്പം, ഓർമ്മകളുടെ തേരിലേറി വർണ്ണശഭളമായ ഭൂതകാലത്തിലേക്ക് ചെമ്പൻ കിളി യാത്രയായി.

ഗ്രാമസൗന്ദര്യത്തിന്റെ തിലകച്ചാർത്തണിഞ്ഞ പുഞ്ചപ്പാടം. വിശ്രമമില്ലാതെ നെൽകതിരുകളെ തഴുകി നടക്കുന്ന ഇളംകാറ്റ്. കതിർകവർച്ചക്കാരായ പക്ഷികൾക്ക് വിശ്രമകേന്ദ്രമായി പടർന്നു പന്തലിച്ചുനിൽക്കുന്ന വലിയ പേരാൽ വൃക്ഷം. അതിലായിരുന്നു ചെമ്പൻകിളിയും പാർത്തിരുന്നത്.

പുഞ്ചപ്പാടത്തെ സ്ഥിരം കവർച്ചക്കാരായ ചെമ്പനും കൂട്ടരും അന്ന് പതിവിലും നേരത്തെ പുഞ്ചയിലെത്തി. വേഗത്തിൽ കതിരുകൾ കൊറിക്കുന്ന ചെമ്പൻ മറ്റുപക്ഷികൾക്ക് ഒരു ഹരമായിരുന്നു. അന്ന് ഒരു പ്രാവിൻകട്ടം പുഞ്ചപ്പാടത്തെത്തി. പുതുതായി എത്തിയ പ്രാവിൻകൂട്ടത്തെ ചെമ്പനും കൂട്ടരും തടഞ്ഞു. "പുഞ്ചപ്പാടത്തിന്റെ മക്കളാണ് ഞങ്ങൾ ഇവിടെ വിളയുന്ന കതിരുകൾ ഞങ്ങൾക്കുള്ളതാണ്." അഹങ്കാര ചുവയുള്ള അവരുടെ വാക്കുകൾ കേട്ട് പ്രാവിൻ കൂട്ടം നിരാശയോടെ മടങ്ങുവാൻ ഒരുങ്ങി. അവരുടെ ദീനഭാവം കണ്ട് ചെമ്പന്റെയും കൂട്ടരുടേയും മനസ്സു മാറി. അവർ പ്രാവിൻകൂട്ടത്തെ പുഞ്ചയിലേക്ക് സ്വാഗതം ചെയ്തു. കതിരുകൾ ആർത്തിയോടെ കൊത്തിവിഴുങ്ങുന്ന പ്രാവിൻകൂട്ടത്തിൽ ഒരു വെള്ളരിപ്രാവ്, അവൾ മാത്രം രണ്ടു കതിർക്കുല കൊറിച്ച് പുഞ്ചവരമ്പിൽ ചെന്നിരുന്നു. മറ്റു പക്ഷികളെ സശ്രദ്ധം വീക്ഷിക്കുന്ന ആ വെള്ളരിപ്രാവ് ചെമ്പനൊരു കൗതുകമായി. മറ്റു പ്രാവുകളിൽ നിന്നുമൊരു പ്രത്യേകത അവളുടെ ഓരോ പ്രവൃത്തിയിലും ചെമ്പൻ കണ്ടു. ആരെയും ആകർഷിക്കുന്ന കുസൃതിയുള്ള കണ്ണുകളിൽ ഭയത്തിന്റെ നിഴലാട്ടവും ചെമ്പൻ തിരിച്ചറിഞ്ഞു. അവൻ അവളുടെ ചാരെയെത്തി പുഞ്ചപ്പാടത്തെക്കുറിച്ചുള്ള ചെമ്പന്റെ തോരെത്തോരെയുള്ള വർത്തമാനം ആ വെള്ളരിപ്രാവിനും കൗതുകമായി. അവൾ ചെമ്പനോടൊപ്പം പറന്നു. പുഞ്ച

പ്പാടത്തിന്റെ നാലുദിക്കും അവൻ അവൾക്കു പരിചയപ്പെടുത്തി.

സൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിൽ മുഖം മറയ്ക്കാൻ തുടങ്ങിയപ്പോൾ പ്രാവിൻകൂട്ടം ചെമ്പനോടും കൂട്ടരോടും യാത്ര പറഞ്ഞു. അവർ കണ്ണിൽ നിന്നും മറഞ്ഞപ്പോൾ ചെമ്പൻ പേരാലിലേക്ക് ചേക്കേറി. അന്നു രാത്രി അവന്റെ സ്വപ്നങ്ങൾക്ക് നിറം പകരുവാൻ പുതിയൊരു കൂട്ടുകാരിയുമുണ്ടായിരുന്നു. ആ വെള്ളരി പ്രാവ്.

പിറ്റേന്ന് പുലർച്ചതന്നെ ചെമ്പൻ പുഞ്ചയിലെത്തി. ഒരു നെൻമണിപോലും കൊറിക്കാതെ പ്രാവിൻകൂട്ടത്തിന്റെ വരവും കാത്തിരുന്നു. വൈകാതെ തന്നെ അവരും പുഞ്ചയിലെത്തി. ചെമ്പനെ കണ്ടമാത്രയിൽ ആ വെള്ളരിപ്രാവ് അവന്റെ ചാരെയെത്തി. അവർ ഒരുമിച്ച് പുഞ്ചപ്പാടത്ത് പറന്നു നടന്നു. വേഗത്തിൽ കതിരുകൾ കൊറിക്കാൻ ചെമ്പൻ അവളെ പഠിപ്പിച്ചു. പേരാലിലിരുന്നു വിശ്രമിച്ചതിനുശേഷമേ അവൾ ചെമ്പനോട് യാത്ര പറയാറൊള്ളു. പിന്നീട് അതൊരു പതിവായി. എന്നും പുഞ്ചപ്പാടത്ത് അവർ നേരത്തെ എത്തും ഒരുമിച്ച് കതിരുകൾ കൊറിച്ച് പായാരങ്ങൾ പറഞ്ഞ് യാത്രയാകും.

അവരുടെ അടുപ്പം വളർന്നു. പുഞ്ചപ്പാടവും വെള്ളരിപ്രാവും ചെമ്പന്റെ ജീവന്റെ ഭാഗമായി. ആ വെള്ളരിപ്രാവിനുമുണ്ടായിരുന്നു ചെമ്പനോട് ഒത്തിരി കഥകൾ പറയുവാൻ. ചെമ്പൻ തനിക്കുവന്ന മാറ്റം തിരിച്ചറിഞ്ഞില്ല. അവന്റെ സ്നേഹം ആ വെള്ളരിപ്രാവിലൊതുങ്ങി. അവന്റെ പായാരങ്ങൾ കൂട്ടുകാർക്ക് അന്യമായി.

ഒരു ദിവസം ആ കാഴ്ച കണ്ട് പക്ഷിക്കൂട്ടങ്ങൾ ഞെട്ടി. അരിവാളുകൾ ഏന്തിയ മനുഷ്യർ പുഞ്ചപാടത്തെ വിവസ്ത്രയാക്കുന്നു. നിറമിഴികളോടെ നോക്കിനിൽക്കുവാനേ പക്ഷികൾക്ക് കഴിഞ്ഞുവൊള്ളു.

ചെമ്പനും വെള്ളരിപ്രാവും പേരാലിലിരുന്ന് പൊട്ടിക്കരഞ്ഞു. സമയം കളയാതെ പ്രാവിൻകൂട്ടം ചെമ്പനോട് യാത്ര പറഞ്ഞു. പോകുന്നതിനു മുൻപ് അവൾ തന്റെയൊരു വെള്ളരിതൂവൽ ചെമ്പന് സമ്മാനിച്ചു. അത് അവന് താങ്ങാവുന്നതിലുമധികമായിരുന്നു. ഹൃദയം തകരുന്ന വേദനയോടെ ആ തൂവലും കൊക്കിലൊതുക്കി ചെമ്പൻ വെള്ളരിപ്രാവിനു പിന്നാലെ പറന്നു. ഒടുവിൽ മുളംകാട്ടിൽ എത്തിയ പ്രാവിൻകൂട്ടം ചെമ്പന് പ്രവേശനം നിഷേധിച്ചു. അവന്റെ ചിറകുകൾ കുഴഞ്ഞു, കണ്ണുകളിൽ ഇരുട്ട് പടർന്നു, തല കറങ്ങി ചെമ്പൻ താഴേക്കു പതിച്ചു. അപ്പോഴും കൊക്കിലൊതുക്കിയ തൂവൽ നഷ്ടപ്പെടാതെ മുറുകെ പിടിച്ചിരുന്നു. ചെമ്പന്റെ പതനം നിസ്സഹായയായ് നോക്കി നിൽക്കുവാനെ വെള്ളരിപ്രാവിന് കഴിഞ്ഞുവൊള്ളു.

കൂട്ടിൽ തിരിച്ചെത്തിയ ചെമ്പൻകിളി ഒന്നും കഴിക്കാതെ, ഉറങ്ങാതെ, അരയാലിൻ ശിഖിരത്തിൽ തന്റെ കൂട്ടുകാരിയുടെ വരവും പ്രതീക്ഷിച്ചിരിന്നു. പക്ഷെ ഉണങ്ങിവരണ്ട പുഞ്ചപ്പാടത്തിലേക്ക് ആ പ്രാവിൻകൂട്ടം തിരിഞ്ഞു നോക്കിയില്ല.

നാളുകൾ കടന്നുപോയ് പുഞ്ചപ്പാടത്ത് വീണ്ടും കതിരുകൾ വിളഞ്ഞു. അന്നും ആദ്യമെത്തിയത് ചെമ്പനായിരുന്നു. അവന്റെ പ്രതീക്ഷകൾ പോലെ ആ പ്രാവിൻകൂട്ടവും പുഞ്ചയിലെത്തിയെങ്കിലും അവന്റെ ജീവനായ വെള്ളരിപ്രാവ് മാത്രം ഇല്ലായിരുന്നു. അവൻ മറ്റുപ്രാവുകളോടന്വേഷിച്ചു. പക്ഷെ കതിരുകൾ കൊറിക്കുന്നതിനിടയിൽ മറുപടി പറയാൻ അവർക്കു സമയമില്ലായിരുന്നു. നിരാശനായ ചെമ്പൻ തന്റെ കൂട്ടിലെത്തി ഭദ്രമായി സൂക്ഷിച്ചിരുന്ന തൂവൽ കൊക്കിലെടുത്ത് ഓർമ്മകൾക്ക് തിളക്കമേകിയിരുന്നു.

പിറ്റേദിവസം പേരാലിന്റെ കൊമ്പത്തിരുന്ന് ചെമ്പൻ ആ കാഴ്ച കണ്ടു. രണ്ടു പ്രാവുകൾ പതിവില്ലാതെ പുഞ്ചപാടത്ത്. ചാരപ്രാവിന്റെ കൂടെ ഇരിക്കുന്ന വെള്ളരിപ്രാവിനെ ചെമ്പൻ തിരിച്ചറിഞ്ഞു. തന്റെ ജീവന്റെ ജീവനായ കൂട്ടുകാരി. ചെമ്പൻ വേഗം അവളുടെ ചാരെയെത്താൻ ഒരുങ്ങിയെങ്കിലും അത് കണ്ട് ചിറകുകൾ മടക്കി. ചാരപ്രാവ് ഒരു കതിർക്കുല കൊത്തിയെടുത്ത് വെള്ളരിപ്രാവിനു പകർന്നു. അവർ ഒരുമിച്ച് പുഞ്ചപ്പാടത്ത് വട്ടമിട്ട് പറന്നു. പെട്ടെന്നാണ് വെള്ളരിപ്രാവ് പേരാലിലിരിക്കുന്ന ചെമ്പനെ കണ്ടത്. അവൾ തന്റെ തോഴനോടൊപ്പം ചെമ്പന്റെ അടുത്തെത്തി കുശലമന്വേഷിച്ചു. ചെമ്പൻ പുഞ്ചയിൽ നിന്നും രണ്ടു കതിർക്കുലകൾ കൊത്തിയെടുത്ത് അവർക്കു സമ്മാനിച്ചു. അവർ അതും സ്വീകരിച്ച് യാത്രയായ്. അവന്റെ മിഴികൾ നിറഞ്ഞു. പേരാലിൽ ചെമ്പന് കൂട്ടിനായ് ശേഷിച്ചത് ഒരുപിടി ഓർമ്മകളും പിന്നെ അവന്റെ ജീവനായ വെള്ളരിതൂവലും. പുഞ്ചപാടത്ത് വീണ്ടും വിളവെടുപ്പ് നടന്നു.

പക്ഷെ ചെമ്പനിന്നും ആ ഇരിപ്പ് തുടരുകയാണ്. ഇന്ന് അവന് കൂട്ടിനായ് ശരീരം കാർന്നു തിന്നുന്ന കട്ടുറുമ്പിൻ കൂട്ടവും ഉണ്ട്.

കതിരുകൾ വിളഞ്ഞ പുഞ്ചപാടത്തേക്ക് വീണ്ടും ആ പ്രാവിൻ കൂട്ടവും എത്തി. ആ കൂട്ടത്തിൽ അവരും ഉണ്ടായിരുന്നു. ചെമ്പന്റെ വെള്ളരിപ്രാവും, ചാരപ്രാവും. കതിരുകൾ കൊറിച്ച് വയറുനിറഞ്ഞപ്പോൾ അവരാ പേരാലിലേക്ക് നോക്കി. ഇലകൾ കൊഴിഞ്ഞ് ഉണങ്ങി നിൽക്കുന്ന ആ വൃക്ഷം കണ്ട് ചെമ്പന്റെ സ്മരണകൾ വെള്ളരിപ്രാവിലുണർന്നു. അവൾ വേഗം ആ വൃക്ഷശിഖരത്തിൽ എത്തി. ചിതലരിച്ച കൂട്ടിലെ കാഴ്ച കണ്ട് അവൾ പൊട്ടിക്കരഞ്ഞു. കട്ടുറുമ്പുകൾ തിന്നു തീർത്ത ചെമ്പന്റെ ശരീരം. ശേഷിച്ചത് കുറച്ചു തൂവലും, താൻ അന്ന് സമ്മാനിച്ച വെള്ളരിതൂവൽ മുറുകെ പിടിച്ചിരിക്കുന്ന ചെമ്പൻകിളിയുടെ കൊക്കുകൾ. കാലത്തിന്റെ മടിത്തട്ടിൽ തന്റെ കൂട്ടുകാരൻ മയങ്ങിയത് തിരിച്ചറിഞ്ഞ വെള്ളരിപ്രാവനെ ആശ്വസിപ്പിക്കാൻ ചാരപ്രാവിന് കഴിഞ്ഞില്ല. പെട്ടന്നായിരുന്നു അവളാപാട്ടു കേട്ടത്. അങ്ങ് അകലെ കാർമേഘങ്ങൾക്കപ്പുറത്തുനിന്ന് ഉയർന്ന ആ സംഗീതം വെള്ളരിപ്രാവിന്റെ മിഴിനീർ തുടച്ചു. പണ്ട് തന്നെ ആശ്വസിപ്പിച്ചിരുന്ന ചെമ്പൻകിളിയുടെ ആത്മഗീതം അവൾ തിരിച്ചറിഞ്ഞു.

ജീവിക്കാൻ മറന്ന തന്റെ കൂട്ടുകാരന്റെ കഥയും പേറി അവൾ ചാരപ്രാവിനൊപ്പം പറന്നുയർന്നു.

# GIRLS, ARE YOU THERE ???

They say only Young Blood can fight back the evil problems of the world. But, Are they turning up??? Dowry, Eve teasing, Tortures both mental and physical, rapes etc., are prevailing in the society inspite of laws against them. Why??? There is no Feminism in these words, only Frustration. don't you think atleast something could be done if a small lot of us turn up? Many of us ignore or forget (purposely) all such issues which come our way to get rid of problems. One person cannot change the society and wipe off the problems of the society. Only through influence you can change people. So try to change people around you by telling the importance of fighting for our rights.

The main cause for such problems is Discrimination between boys and girls right from the school level. They are not allowed to sit together, walk together and talk together in some schools. There are even different schools made for them. This will create curiosity in the minds of both which when they grow up will turn out to be lust. Pornographic films and magazines have got a big market which is a result of this. Kerala being a 100% literate state, is facing such a shameful condition.

It's high time to change the present people. We can strive hard to create a better future by creating awareness in the minds of pople right from the school level. We can do it to save our future.

Yes! lets turn up Gals!

To wipe away these problems and live together in this most beautiful planet with love prosperity and happiness.

**Shilpa Mohan**
First Year BA English Literature



# MOTHER LAND

Oh ! Mother land I am proud of you,
You had a glorious history
Of a great freedom war
Great Indians won freedom,
By giving their own life
They fought with their golden weapons,
Ahimsa and non-violence
Oh! mother, you have a great culture;
where Hindu, Islam and all others,
Live holding their hands together
But, now I see your weeping heart,
And the dull gloomy face of you,
Seeing the fight of your own sons,
In the names of their Gods.
Oh! brothers think a while;
for whom are you fighting?
Are you fighting for the Gods?
So stop your fight for Gods,
And hold your hands together,
To make a strong new India.

**PRIDHVI RAJ**
Second Year BA History

Air Ticket, Emigration, Passport, Consulate Attestation and Visa Servicing

We Arrange All Kinds of Tourist Vehicles

Daily Trips to
Bangalore, Mumbai, Coimbatore, Chennai, Selam, Madurai, Dindigal, Palani, Sivakasi, Mangalore, Manipal, Udipi, Velankanni (Every Friday)

Vintage Travel & Tours

Near Express Bus Stop, N.H. Bye-pass Jn., Aluva, Kerala, Pin - 683 101
Phone : 0484 - 620222, 620777, 628189



# ടിപ്പുസുൽത്താന്റെ തിരുശേഷിപ്പ്

**സുജി എ. എസ്.**
സാമ്പത്തികശാസ്ത്രബിരുദം രണ്ടാംവർഷം

**18**-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് കേരളത്തിനെതിരെ മൈസൂരിന്റെ ആക്രമണം ഉണ്ടായത്. മൈസൂരിന്റെ സുൽത്താനായ ഹൈദർ അലിയാണ് പടയോട്ടം നയിച്ചത്. 1782-ൽ ഹൈദർഅലിയുടെ മരണശേഷം അദ്ദേഹത്തിന്റെ മകനായ ടിപ്പുവിനെ ഭരണം ഏൽപ്പിച്ചു. പിന്നീട് 1783ൽ ടിപ്പുസുൽത്താൻ പാലക്കാട് ആക്രമിച്ചുകൊണ്ട് ആക്രമണപരമ്പര പുനരാരംഭിച്ചു.

1790 ഏപ്രിൽ 15-ാം തീയ്യതി സൈന്യം തിരുവിതാംകൂറിനെ ആക്രമിച്ചു. പറവൂർ, ആലങ്ങാട്, കൊടുങ്ങല്ലൂർ, പള്ളിപ്പുറം, മാഞ്ഞാലി എന്നീ പ്രദേശങ്ങൾ കീഴടക്കിക്കൊണ്ട് ആലുവായിൽ താവളമടിച്ചു. കാലവർഷം ആരംഭിച്ചതിനാൽ ആലുവാപ്പുഴയിൽ വെള്ളപ്പൊക്കം വന്നു. അതിനാൽ തെക്കോട്ടുള്ള ആക്രമണം അസാധ്യമായിരുന്നു. ഈ സമയത്ത് ബ്രിട്ടീഷുകാർ ശ്രീരംഗപട്ടണം ആക്രമിച്ചതുകാരണം യുദ്ധം അവസാനിപ്പിച്ചു. അതിനുശേഷം മൈസൂർ സൈന്യം കേരളത്തിൽ നിന്ന് പൂർണ്ണമായി പിൻമാറി.

പടയോട്ടക്കാലത്ത് കേരളത്തിലെ പല പള്ളികൾ ആക്രമിക്കപ്പെട്ടപ്പോൾ അവിടത്തെ പണവും മറ്റുപല സാധനങ്ങളും മോഷ്ടിക്കപ്പെടുകയും പിന്നീട് അവിടം സൈനീകത്താവളമാക്കുകയും ചെയ്യപ്പെട്ടു. കൊടുങ്ങല്ലൂരിനടുത്തുള്ള കിഴ്ത്തോളി വളവിലെ അമ്പലം ടിപ്പുവിന്റെ ആക്രമണത്തിൽ ഇപ്പോഴും നശിച്ചു കിടക്കുകയാണ്. കൊടുങ്ങല്ലൂരിലെ ചേരമാൻ പള്ളി, ആലങ്ങാട് പള്ളി എന്നീ മുസ്ലീം പള്ളികൾക്കെതിരെയും ആക്രമണം ഉണ്ടായിട്ടുണ്ട്.

എറണാകുളം ജില്ലയുടെ വടക്കേ അറ്റത്തായിട്ടാണ് കരുമാലൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ഈ പഞ്ചായത്തിൽ 'മാഞ്ഞാലി' എന്ന കുന്നിനു മുകളിൽ ടിപ്പുവിനെക്കുറിച്ചുള്ള ചരിത്രം കാടുപിടിച്ചു കിടക്കുന്നു. 'മൈസൂർ സിംഹം' എന്നറിയപ്പെടുന്ന ടിപ്പുവിന്റെ മാഞ്ഞാലിയിലെ കോട്ടയ്ക്ക് ആറുവശങ്ങളും മറ്റനവധി പ്രത്യേകതകളും ഉണ്ട്. കോട്ടയുടെ മൂന്നു വശങ്ങളിലേയ്ക്കായി ഭൂമിയുടെ അടിയിലേയ്ക്ക് ആഴത്തിൽ തുരങ്കങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഈ തുരങ്കം അവസാനിക്കുന്നത് മാഞ്ഞാലിയ്ക്കടുത്തുള്ള പെരിയാറിലേയ്ക്കാണ്. ശത്രുക്കളിൽ നിന്ന് രക്ഷനേടാൻ വേണ്ടിയാണ് ഈ തുരങ്കം നിർമ്മിച്ചിരിക്കുന്നതെന്ന് വിശ്വസിക്കപ്പെടുന്നു.

എന്നാൽ ഇതിന്റെ രണ്ടു തുരങ്കങ്ങൾ സ്വാർത്ഥ താൽപര്യങ്ങൾക്കായി ജനങ്ങൾ നശിപ്പിച്ചു. അവശേഷിക്കുന്ന ഒരെണ്ണം കൂറ്റൻ പാറകൊണ്ട് മൂടി വച്ചിരിക്കുകയാണ്. മാഞ്ഞാലിയ്ക്കടുത്തുള്ള പെരിയാറിലൂടെ സഞ്ചരിക്കുമ്പോൾ ഈ തുരങ്കത്തിനെ പാറകൊണ്ട് മൂടിവച്ചിരിക്കുന്നത് കാണാൻ സാധിക്കും. കോട്ടയുടെ എല്ലാ വശങ്ങളിലും സമചതുരത്തിലുള്ള വലിയ വിടവുകൾ ഇട്ടിട്ടുണ്ട്. അതുപോലെതന്നെ എല്ലാ വശങ്ങളിലും ചെറുതായി

ധാരാളം ദ്വാരങ്ങളും ഉണ്ട്. പുറത്ത് നിന്ന് നോക്കിയാൽ അല്പം വലുതായി ചതുരത്തിലുള്ള ആകൃതിയാണെ ങ്കിലും അതിന്റെ നടുക്കായി വളരെ ചെറിയ സുഷിരങ്ങ ളുണ്ട്. ഇത് ശത്രുക്കളെ ആക്രമിക്കുമ്പോൾ തോക്കുവ യ്ക്കാനുള്ള സ്ഥലമാണെന്ന് കരുതപ്പെടുന്നു. മുകളി ലേയ്ക്ക് പണിയുമ്പോൾ ഉറപ്പുകിട്ടുന്നതിനുവേണ്ടി എല്ലാ വശങ്ങളിലും സമചതുരത്തിലുള്ള കരിങ്കൽ പാറകൊണ്ട് ഇടയ്ക്ക് പണിതിരിക്കുന്നു.

ഏകദേശം 12 അടി ഉയരത്തിൽ 4 1/2 സെന്റ് ഭൂമിയിലാണ് ഈ അതിമനോഹരമായ പണിതീരാത്ത കോട്ട നിർമ്മിച്ചിരിക്കുന്നത്. പല കോളേജുകളിൽ നിന്നും അദ്ധ്യാപകരും ചരിത്ര ഗവേഷക വിദ്യാർത്ഥികളും ഈ കോട്ട സന്ദർശിക്കാറുണ്ട്. ഇത്രയധികം പ്രത്യേകത നിറഞ്ഞ ഈ കോട്ട കാടുപിടിച്ച് സ്വകാര്യവ്യക്തികളുടെ ചൂഷണത്തിനു വിധേയമായി നശിച്ചുകൊണ്ടിരിക്കുകയാ ണ്. സാമൂഹ്യ പ്രവർത്തകരോ സർക്കാരോ ഇതിന്റെ സംര ക്ഷണത്തിനു മുൻകൈയ്യെടുക്കുന്നില്ലയെന്നത് മറ്റൊരു പ്രത്യേകത കൂടിയാവുന്നു.



# പ്രഹേളിക

കറുത്തരാവുകളിലൊന്നിലാണ്
നീ വേണുവുമായ് ചാരത്തണഞ്ഞത്.
നിന്റെ ഈറത്തണ്ടിന്റെ സുഷിരങ്ങളിലന്നാണ്
ഞാൻ കാറ്റായ് ചിതറി നാദമുതിർത്തത്.
ഹൃദയം തുറക്കുന്ന ഈണങ്ങളിൽ നമ്മൾ
നേരിന്റെ പുലരികൾ കിനാവു കണ്ടു.
നോവിന്റെ തീരത്തൊരുമിച്ചിരുന്നുനാം
തിരകൾക്കുനേരേ കയർത്തതല്ലേ?
ഇടനെഞ്ചിലഗ്നിയാൽ ഞാൻ വെന്തുരുകവെ
വർഷമായ് നീയന്നു പെയ്തതല്ലേ?
വെയിൽതിന്ന പക്ഷിയായ് കാലം പറന്നപ്പോൾ
എൻ കരൾ കൊത്തും കഴുകനായ് നീ
സ്മൃതിപഥങ്ങളിൽ അപഥസഞ്ചാരിയായ്
എൻ മനപ്രാവിന്റെ ചിറകുമരിഞ്ഞു നീ
ഞാനേകനായെന്റെ യാത്ര തുടർന്നപ്പോൾ
വഴിവിളക്കണച്ചുനീ വിധിയെപഴിച്ചു ഞാൻ.

**മാർട്ടിൻ ജോർജ്**
മലയാളസാഹിത്യബിരുദം മൂന്നാംവർഷം

# UNION CHRISTIAN COLLEGE, ALWAYE

## PRINCIPAL'S REPORT APRIL 2001 - MARCH 2002

**Analysis of results of University Examination April/May 2001**

| Class & Group | No. of Students Presented | No. of Students Appeared | Rank | Dist | 1st | 2nd | 3rd | Total | Percent |
|---|---|---|---|---|---|---|---|---|---|
| **P.D.C** | | | | | | | | | |
| Ist Group | 176 | 174 | | 53 | 88 | 18 | 6 | 165 | 94.82% |
| IInd Group | 80 | 80 | | 8 | 40 | 19 | 8 | 75 | 93.75% |
| IIIrd Group | 81 | 79 | | | 8 | 12 | 50 | 70 | 88.60% |
| **B.A.Degree** | | | | | | | | | |
| History | 28 | 27 | | | 11 | 6 | 2 | 19 | 70.37% |
| Economics | 53 | 52 | | | 23 | 14 | 10 | 47 | 90.38% |
| Psychology | 28 | 28 | 1st 2nd & 3rd | | 19 | 5 | | 24 | 85.71% |
| English | 45 | 32 | | | 11 | 10 | 8 | 29 | 90.62% |
| Malayalam | 55 | 38 | | | 26 | 6 | 2 | 34 | 89.47% |
| **B.Sc Degree** | | | | | | | | | |
| Mathematics | 39 | 31 | | | 26 | 3 | 2 | 31 | 100% |
| Physics | 44 | 31 | 1st | | 29 | 1 | | 30 | 96.60% |
| Chemistry | 45 | 34 | | | 33 | | | 33 | 97.5% |
| Botany | 27 | 25 | | | 17 | 5 | 1 | 23 | 92% |
| Zoology | 28 | 28 | | | 20 | 7 | | 27 | 96.42% |
| BT&SP | 18 | 16 | 1st | | 15 | 1 | | 16 | 100% |
| **M.A Degree** | | | | | | | | | |
| History | 14 | 14 | | | 1 | 9 | 2 | 12 | 85.17% |
| Economics | 16 | 16 | | | 1 | 3 | 7 | 11 | 68.75% |
| Psychology | 14 | 12 | 1st | | 5 | 5 | 1 | 11 | 91.66% |
| English | 16 | 15 | | | 2 | 10 | 2 | 14 | 93.33% |
| Malayalam | 18 | 14 | 3rd | | 2 | 6 | 2 | 10 | 71.42% |
| **M.Sc Degree** | | | | | | | | | |
| Mathematics | 15 | 12 | 2nd | 3 | 2 | 4 | 1 | 10 | 83.33% |
| Physics | 15 | 15 | 3rd | 2 | 9 | 2 | | 13 | 86.66% |
| Chemistry | 13 | 13 | | | 10 | 1 | 1 | 12 | 92%+ |
| Botany | 12 | 12 | 1st | 1 | 8 | 1 | | 10 | 83.33% |

**Rank Holders:**

1. Miss.Bindu K.K.,Second Rank,M.A.History(1998-2000)
2. Miss.Seena M.S,Third Rank,M.A.History(1998-2000)
3. Miss.Sheeja T.K.,First Rank,M.Sc.Mathematics(1998-2000)
4. Mr.Sreejith S.Pillai,First Rank,B.Sc.Physics(1998-2001)
5. Miss.Mamatha K.,First Rank,B.A.Psychology(1998-2001)
6. Miss.Niss Joseph,Second Rank,B.A.Psychology(1998-2001)
7. Miss.Sharon Antony,Third Rank,B.A.Psychology(1998-2001)
8. Fr.Jose Thelekkatt,First Rank,M.A.Psychology(1999-2001)
9. Miss.Samitha K,Third Rank,M.Sc.Physics(1999-2001)
10. Miss.Archana Kishore,First Rank,M.Sc Botany(1999-2001)
11. Sr.Biji M.P,Third Rank,M.A. Malayalam(1999-2001)
12. Miss.Manjusha R,Second Rank,M.Sc.Mathematics(1999-2001)
13. Miss.Jolly Paul,First Rank,B.T&S.P(1998-2001)

**AWARD OF PH.D DEGREES**

Smt.Susan Gorge,Dept. of English,Marthoma College Perumbavoor under the supervision of Dr.K.R.Joseph.

**RETIREMENTS**

The following members of staff have either retired or are due for retirement during the period of the report.

a) Teaching Staff

| | Name | Department | Date |
|---|---|---|---|
| 1. | Prof.Suseela P.George | English | 31-10-2001 |
| 2. | Prof.K.Thomas George | English | 31-03-2002 |
| 3. | Prof.K.K.Abraham | Malayalam | 31-03-2002 |
| 4. | Prof.O.Abraham | Malayalam | 31-03-2002 |
| 5. | Prof.D.Johnson | Hindi | 31-05-2001 |
| 6. | Prof.K.George | Chemistry | 31-05-2001 |
| 7. | Prof.Joy.J.Kulavelil | Botany | 31-05-2001 |
| 8. | Prof.P.Jacob Kurien | Zoology | 31-03-2002 |

b) Non-Teaching Staff

| | | | |
|---|---|---|---|
| 1. | Mrs.Leelamma Jacob | Senior Superintendent | 31-06-2001 |
| 2. | Sri.N.F.Jose | Accountant | 31-09-2001 |
| 3. | Mr.P.T.Subramanium | Peon | 31-06-2001 |
| 4. | Mr.A.Velayudhan | U.D.Clerk | 31-03-2002 |

College places on record its appreciation for their valuable services to the College and the community at large.

c) Guest Lectures

There are at present 31 guest lectures working in the College.

**New Heads of Departments**

| | | |
|---|---|---|
| 1. | Prof. V.M.Johnappa | English |
| 2. | Prof.K.K.Abraham | Malayalam |
| 3. | Prof.Usha Rani | Hindi |
| 4. | Dr.C.G.Ramankutty | Chemistry |
| 5. | Prof.Santha.M.Mathew | Botany |
| 6. | Dr.Tomy Varghese | Economics (Professor-in-charge of Head of Department from April1, 2001 to March 31,2002) |

**M.Phil**

Prof..Thomas P.Zacharaiah Lecturer,Selection Grade,Dept.of Physics has secured First Rank in the M.Phil degree examination in Physics conducted by Cochin University of Science and Technology in 2001.

**Obituary**

Prof.T.R.Anantha Raman,former Head of the Dept.of Chemistry passed away on Nov 25,2001 at the age of 99.
Prof.T.B.Thomas,former Principal and Manager of the college passed away on December 25,2001.
Sri.N.Balakrishnan,U.D.Clerk passed away on March 8,2001
Joseph Chettan,Hostel Boy of East and West hostels passed away on March 10,2001.
Mr.T.N.Gopalakrishnan,Canteen Contractor passed away on June 7,2001.
May their souls rest in peace.

## ACTIVITIES OF THE TEACHING DEPARTMENT

**Dept.of English**

1. One day workshop on Girish Karnad's Hayavadhana and Naga-Mandala
2. Dr.D.Babu Paul, I.A.S, Ombudsman released a commemorative volume on Prof.C.T.Benjamin,former Head of the Department of English, Principal and Manager ,published by the Dept.of English
3. Prof.Deborah Cordonier,Rider University,U.S.A inaugurated the English Association for the year 2001-02
4. The noted film actor Mohan lal inaugurated the 'Centre for Film Studies and the proposed resource center ' in the English Department.

**Dept.of Malayalam**

1. As part of the U.G.C extension program a three-day workshop was organized for High School teachers in

Ernakulam District.

2. P.V.Narayanan Namboothiri Endowment lecture in Malayalam was delivered by Prof. A. P. Andrewskutty, Professor of Linguistics, Kerala University.
3. A two-day Drama workshop was organized with financial Assistance from AIACHE.

**Dept.of History**

1. Extension programs on Personality Development for College students from Ernakulam District.

**Dept.of Economics**

1. This year's Dr. M. V. Kurien Memorial Lecture in Economics was delivered by Dr.Susan Thomas, Assistant Professor, Indira Gandhi Institute of Development Research,Mumbai.

**Dept.of Psychology**

1. Middents Endowment Lecture in Psychology was delivered by Dr.G.G.Prabhu, former Head of the Dept. of Clinical Psychology,NIMHANS,Banglore.
2. Dr.V.K.Alexander Memorial Lecture was given by Dr.Sugathan,noted Clinical Psycologist.

**Dept.of Maths**

1. One-day workshop on ' Improving Mathematics teaching Ability '.
2. Dr.M.P.Bhamini Nayar,Professor of Mathematics Morgan University gave a lecture on 'Alternate Aproach to Contraction Mapping Theorem and its Applications.
3. Seminar on 'Water Resource Management '
4. A seminar on Differential Geometry,Coding theory and History of Graph Theory was organized jointly by Dept.of Mathematics,U.C.College and Cochin chapter of the Kerala Mathematical Association.

**Dept.of Physics**

1. Dr.T.K.Avirah Endowment lecture was delivered by Dr.C.S.Unnikrishnan from TIFR, Mumbai.

**Dept.of Chemistry**

1. Dr.A.Padmakumar of the Dept. of Chemical Sciences,M.G.University and Dr.K.P.Kannan of the Calicut University respectively delivered the Dr.A.M.Chacko Endowement lectures in Chemistry for the years 2000-01 and 2001-02.
2. Dr.S.Chandhrasekaran,Bhatnagar award winning scientist from Indian Institute of Science,Banglore delivered the Prof.T.R.Anaantharaman Endowment lecture in Chemistry
3. As part of the U.G.C extension programme,Dept.of Chemistry organized Demonstration of Chemistry Experiments to High School students in and around Alwaye.

**Dept.of Botany**

1. Dept. of Botany organized a lecture on 'Flower and Environment' by Dr.P.K.K.Nair,Advisor RCC Trivandrum and former Director of the Institute of Palinology, Lucknow.

**Other Programmes**

1. Teach to the Future programme organized by Intel in collaboration with Microsoft.
2. Mr.Alphonse Kannanthanam, IAS, Secretary, Higher Education and Commissioner,Entrance Examination visited the college and delivered a lecture on the 'Changing trends in Higher Education'
3. Dr.P.Narendran,Professor of Computer Science at the University at Albany gave a lecture on 'Automated Reasoning'.
4. Women's Cell organized seminars on Women's Empowerment, AIDS awareness and on status and Rights of Women in Society.

**New Courses**

1. Master of Computer Applications (M.C.A) recognized by the AICTE
2. U.G.C sponsored Vocational B.Sc Course in Computer Maintenance and Electronics
3. B.Sc(Computer Science)

- Principal Dr.Raju.K.John visited, Edinsburgh, Scotland in June 2001 to attend the annual APCU Symposium
- Dr.P.Thomas Mathew of the Dept.of Botany has been recognized as Research Guide by the M.G.University, Kottayam.
- A Committee with Prof.K.K.Abraham as Convener and Rev.Thomas John and Prof.Santha M.Mathew as members was setup for redressel of Grievances of students.
- Mr.C.Jacob George was attached to the New School University,New York from June 1 to July 11,2001 under the Fulbright American Studies Programme .

**Project Under taken by the College**

- A major research project was sanctioned in the Dept. of Mathematics by U.G.C.Dr. A.Sunny Kuriakose is the Pricipal Investigator.
- Dr.Rajan Varghese,Dept.of Econimics has been sanctioned Rs.One lakh for a project under the 'Kerala Research Programme on Local Level Development' of the Centre for development studies,Trivandrum.
- Indian Council for Historical Research has granted financial assistance to Dept.of History for holding a seminar on 'Maritime History of

Malabar Coast and Kunjali Marakkar IV'.

Rev.K.C.Mathew completed his second term as Manager of Union Christian College on March 31,2001 and Dr.C.Poonoose Mathew, former Associate Director of Christian Medical College and Hospital, Vellore took charge as Manager on April, 2001.I take this opportunity to thank Rev.K.C.Mathew for the leadership role he played in the affairs of the college during his term of eight years as Manager.

**Works Department**

Dr.Thomas Mathew P, Superintendent of works gave leadership in the successful planning as well as timely completion of the construction works.East Hostel Annexe was completed under the supervision of Prof.K.E.John and Prof.N.I.Thomas.Renovation work of the Chacko Hostel is being carried out in a phased manner.

**N.C.C.**

Lt.E.I.Anila and Lt. (Dr.) David Saj Mathew.

CUO Sreedevi Warrier and SCUO Nino Baby secured Chief Ministers Gold and Silver medal respectively for the Best Cadet and participated in the Republic Day Celebrations in NewDelhi.Sgt.George V.Markose attended the Thall Sainik Camp held in New Delhi during October 2001.

**N.S.S.**

Sri.K.S.Narayanan,Prof.M.I.Punnoose and Dr.V.P.Sheela are the program officers of the three N.S.S units functioning in the college .The N.S.S units of the college had their extension work camp during Christmas holidays at Kunnukara which was inaugurated by Mr.M.A.Chandrasekharan M.L.A .The Students participated in the community development programmes.

**Orientation Programmes**

Orientation Programmes for I B.A/B.Sc and I M.A/ M.Sc were organized under the auspices of the PTA.

**Staff Advisor**

Prof.V.P.Markose is the staff advisor to the College Union.Mr.K.S.Nrayanan is the staff advisor to the Arts Club and Dr.Rajan Varghese is the staff advisor for the College Magazine.

**SCF**

Smt.Muse Mary George and Mr.Anil Thomas Koshy are in charge.The activities of the SCF for the year was inaugurated by Smt.Elizabeth Joy, General Secretary of the SCM of India. This year's Christmas Carol Srvice was held on December 9,2001.Miss Simi Paulose ,III B.A.Malayalam was elected Secretary of SCM,Kerala .

**Sports and Games**

The Annual Athletic meet of the college was held on 5-12-02.S.H.College, Thevara and assumption College, Chenganacherry were the winners in the Men's and Women's section respectively of the U.C.College Basketball tournament held from 23-1-02 to 25-1-02. Jamal Muhammed College, Trichy andY.M.C.A College of Physical Education were the winners in the Men's and Women's section respectively of the Dr.A.K.Baby Memorial Hockey tournament held from 9-1-02 to 12-1-02.The Men's and Women's Hockey team won the University Championships this year. The Women's Hockey team won YMCA Trophy in the Inter Collegiate Hockey Tournament held in Chennai.

**Founders Day Address**

The noted Malayalam writer Paul Zachariah delivered this year's Founder's day Address on 22 November 2001.The topic was 'Kerala Christian Life, Today'.

U.C.College Home page on the World Wide Web: http/ /www.icbs.com/uccollege)

The college has three Internet connections

College E-mail Address: uccicit@md2.vsnl.net.in - uccpta@md4.vsnl.net.in - ucc@md4.vsnl.net.in

**Alumni Association (OSA)**

The Reunion day of the Association of Old students and Friends was celebrated on 10th November, 2001.Padmasree (Dr.) C.G.KrishnadasNair,an old student of the College and former Chairman, HAL, Banglore was the Chief guest.Prof.E.Narayanan Nambiar memorial Elocution competition and Prof.A.KAbdul Kareem memorial quiz competitions were organized by the Old Students Association.Prof.P.M.Varkey continues as the new Joint Secretary of the Old Students Association.

Institute of Communication and Information Technology (ICIT): is offering various computer courses for the students and public and is participating in the Distant Education Programme by the M.G.University by conducting the B.C.A. Course.

**CCES**

Centre for Cultural Ecological Studies is offering this year a Diploma Programme in 'Archaeology and Museaology'

**CHPCD**

Centre for Human Potentials and Community Development offers Courses in French.The Young Adult Volunteer Programme of the Presbyterian Church,USA.in India is being organized by CHP&CD.

**PTA**

The Parent Teacher Association Prof.K.E.John is the Secretary of the P.T.A.

**Open House Programmes**

Open House Programmes were arranged for B.A/B.Sc classes during Nov-Dec'2001.

**Tutorial Groups**

Tutorial Groups were formed for degree classes and the groups meet on regular basis.

**Dean**

Rev.Thomas John is the Dean,Academic and Prof.K.K.Abraham is the Dean,Administration.

**Staff Association**

Prof.K.P.Unnikrishnan is the Secretary of the Staff Association.

**Staff Recreation Club**

Dr.Sunny.A.Kuriakose is the Convener.

**Fund Raising Committee**

Prof.Mathew Koshy is the Convener of the Fund Raising Committee.

**Guidance Bureau**

Prof.N.Geethakumari is in charge of the Guidance Bureau.

**Inter Church Fellowship(ICF)**

Dr.Thomas Philip is the Secretary of the ICF.

**Committee for Religious Activities**

Prof.Abraham Mathew is the Convener.Ecumenical worship is held on weekday mornings and Sunday evenings.Other activities include Vacation Bible School for children and the activities of the Student Christian Fellowship.

**Women's Cell**

Dr.K.E.Leelamma is in charge of the Women's Cell.

**Hostels**

| | | |
|---|---|---|
| Skinner Hostel | Smt.Sheela Kumari Issac | (Nonresident Warden) |
| West Hostel | Dr.Thara.K.Simon | -do- |
| East Hostel | Dr.P.Thomas Mathew | -do- |
| Chacko Hostel Wardens | Dr.P.M.Kuriachen and Mr.Cherian.K.George | -do- |

**Committee for Rubber Plantation: Dr.P.M.Kuriachen (Convener)**

**Nodal Centre for Consultancy and Extension Services (NCCES): Dr.C.A.Antony is in charge of the NCCES**

## CONCLUSION

I express my gratitude to God Almighty for His wonderful care and guidance during this period.I am grateful to the Manager Dr.C.Poonnoose Mathew,the Standing Council,the Governing Body, the Executive Committee,the College Coucil,the Inter Church Fellowship,the staff and students of the College for their cooperation.

Alwaye - 2,
9/03/2002.

Dr. RAJU K. JOHN
Principal

ആലുവ ദേശാഭിവർദ്ധിനി സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപം നം. 946 ആലുവ – 1
Ph. Head Office : 630350 Main Branch : 626285 Town Branch : 624278
സ്വർണ്ണ പണയം വായ്പ കുറഞ്ഞ പലിശനിരക്കിൽ
● സേഫ് ഡെപ്പോസിറ്റ് സൗകര്യം ● ഡിമാന്റ് ഡ്രാഫ്റ്റ് കുറഞ്ഞ കമ്മീഷൻ നിരക്കിൽ
● വിവിധയിനം വായ്പാ പദ്ധതികൾ ● നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ ● നീതി മെഡിക്കൽ സ്റ്റോർ
കെ.സി. പൗലോസ് (പ്രസിഡന്റ്)
എം.എൻ. ദാസപ്പൻ (സെക്രട്ടറി)

# COLLEGE DAY CELEBRATIONS




കോളേജ് ദിനാഘോഷം ഉദ്ഘാടനം പ്രശസ്ത എഴുത്തുകാരൻ ശ്രീ. സി. വി. ശ്രീരാമൻ നിർവ്വഹിക്കുന്നു.

ഗാനമേള
ശ്രീ. നിഷാന്ത് സാഗർ
ഉദ്ഘടനം ചെയ്യുന്നു.





വിശിഷ്ടാതിഥി
നവ്യാനായർ
ആശംസകളർപ്പിക്കുന്നു.

# COLLEGE DAY CELEBRATIONS



അദ്ധ്യക്ഷപ്രസംഗം
ദിൽജിത്ത് കെ. എൻ
ചെയർമാൻ




കോളേജ് റിപ്പോർട്ട്
ഡോ. രാജു കെ. ജോൺ
പ്രിൻസിപ്പാൾ



യൂണിയൻ റിപ്പോർട്ട്
അരുൺ ടി. എ.
ജനറൽ സെക്രട്ടറി



നന്ദി
മനു എം. മേനോൻ
ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി



# യൂദാസിന്റെ സംശയങ്ങൾ

ശ്രീകേഷ്
രസതന്ത്രബിരുദം രണ്ടാംവർഷം

ഭൂരിഭാഗം ജനങ്ങൾക്കും അവനോട് ദേഷ്യമായിരുന്നു. ഒടുങ്ങാത്ത പകയായിരുന്നു. അതുകൊണ്ടുതന്നെ ഭ്രാന്തനായ യൂദാസ് മരിച്ചു എന്ന വാർത്ത കേട്ടപ്പോൾ ചോരയല്ല, ലഹരിയുള്ള വീഞ്ഞാണവരുടെ സിരകളിലൂടെ ഒഴുകിക്കൊണ്ടിരുന്നത്. യൂദാസ് ഇന്നവൻ യാത്ര പോകുകയാണ്. എങ്ങോട്ടെന്നറിയാത്ത യാത്ര. അവന് ഭാവിയെപ്പറ്റി ഉത്കണ്ഠയില്ല. ദുഃഖമില്ല, വികാരമില്ല. മനസ്സില്ല എന്നതുകൊണ്ടുതന്നെ നിർവ്വികാരതയുമില്ല. അങ്ങകലെ സൂര്യൻ ചക്രവാളത്തിൽ അസ്തമിക്കുമ്പോൾ അവൻ ഇരുട്ടിൽ ശൂന്യതയുടെ കനത്ത പാളികൾ കീറിമുറിക്കുകയായിരുന്നു. സഞ്ചരിക്കുകയായിരുന്നില്ല ഒഴുകുകയായിരുന്നു അവൻ. സ്വന്തം ഇഷ്ടത്തിനല്ല പ്രപഞ്ചത്തിന്റെ ആജ്ഞക്കനുസരിച്ച്. യൂദാസിന് തല കറങ്ങുന്നതുപോലെ തോന്നി. ദീർഘമായ ഈ സഞ്ചാരം അവനെ ക്ഷീണിപ്പിച്ചിരിക്കുന്നു. അവന്റെ പ്രജ്ഞ മരവിച്ചു തുടങ്ങിയിരിക്കുന്നു. ഓർമ്മയും ബോധവും അവനിൽ നിന്നെങ്ങോട്ടോ ഒളിച്ചോടിത്തുടങ്ങിയിരിക്കുന്നു.

യൂദാസ് ഇന്നവൻ സ്വർഗ്ഗത്തിന്റെ പടിവാതിക്കലെത്തിയിരുന്നു. അവന് സംശയം തോന്നി. എന്തിനാണ് താൻ ഇവിടെ നിൽക്കുന്നത്? മഹാപാപം ചെയ്ത തനിക്കിവിടെ എന്തുകാര്യം? ജീവിതത്തെ നേരിടാനുള്ള കരുത്തവൻ നേരത്തേ ആർജ്ജിച്ചിരുന്നു. അതുകൊണ്ട് നരകം ലഭിച്ചാലും നേരിടാനുള്ള കരുത്ത് അവനിലുണ്ടായിരുന്നു. സമയം അവനെ കാത്തുനിൽക്കാതെ പറക്കുകയായിരുന്നു. പറന്നു പറന്ന് അതുവന്നവന്റെ മൂക്കിൻ തുമ്പിൽ വിശ്രമിച്ചു.

യൂദാസ്.... ദൈവം നീട്ടിയൊരു വിളിവിളിച്ചു. അതെ അവന്റെ പേര് അവന്റെ കർണ്ണ ദ്വാരങ്ങളിലൂടെ സംഗീതം പോലൊഴുകിയപ്പോൾ അവൻ മനസ്സിലാക്കി ദൈവം തന്നെ വിളിക്കുന്നു. ആ വിളിക്കുമുമ്പിൽ മാതൃത്വവും പിതൃത്വവും തോറ്റുപോകുമായിരുന്നു. അതിനാൽ യൂദാ പറന്നു. അവന്റെ പുറകെ സമയവും പറന്നു. ഇപ്പോളവൻ ദൈവത്തിന്റെ മുന്നിലാണ്. സ്വർണ്ണസിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ കണ്ടപ്പോൾ മുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ച് തന്നോടുകൂടെ നടന്നിരുന്ന ഗുരുവിനെ യൂദാസ് ഓർത്തു. ഇപ്പോളവന് ദൈവത്തിന്റെ തലക്കൊരടി കൊടുക്കണമെന്ന് തോന്നി. "യൂദാസ് നീ

ഇവിടെ വിശ്രമിച്ചാലും., ഇനി നിന്റെ സ്ഥാനം ഇവിടെയാണ്." തൊട്ടടുത്ത ഒഴിഞ്ഞ ഇരിപ്പിടം ചൂണ്ടിക്കാണിച്ച് ദൈവം പറഞ്ഞപ്പോൾ യൂദാസിന്റെ മനസ്സിൽ സംശയങ്ങൾ കുമിഞ്ഞു കൂടുകയായിരുന്നു. അതു മനസ്സിലാക്കിയെന്നവണ്ണം ദൈവം പറഞ്ഞു. യൂദാസ് നീ ഒരു തെറ്റും ചെയ്തിട്ടില്ല. വിധിയുടെ നാടകത്തിൽ നീ നിന്റെ ഭാഗം ഭംഗിയായി ചെയ്തു. എന്നാൽ പതിനൊന്നു പേരെ അവിടെ കാണാത്തതിനു കാരണം അവരുടെ മനസ്സിൽ സ്വർഗ്ഗം മാത്രമായിരുന്നു എന്നും. അതുകൊണ്ടാണ് അവർ തന്നെ സ്നേഹിച്ചതെന്നുമായിരുന്നു ദൈവത്തിന്റെ മറുപടി. യൂദാസിന് ഇത് തികച്ചും വിരോധാഭാസമായി തോന്നി. നിങ്ങളൊരു പരാജയമാണ്, ഈ നാടകത്തിൽ നിന്ന് നിങ്ങളെന്തു നേടി? യൂദാ യുക്തിപൂർവ്വം ചോദിച്ചു. ഏദനിൽ നിന്നും പുറത്താക്കുന്നതിനു പകരം ക്ഷമിച്ചിരുന്നെങ്കിൽ ഈ കുഴപ്പം വല്ലതും വരുമായിരുന്നോ? യൂദാസ് നീ ക്ഷമയുടെ അതിർവരമ്പുകൾ ഖണ്ഡിക്കുന്നു. ദൈവം പ്രതിഷേധത്തിന്റെ ഭാഷയിൽ പറഞ്ഞു. മനുഷ്യനെ സൃഷ്ടിച്ചത് ദൈവമാണെങ്കിൽ സകല വൈകല്യങ്ങൾക്കും കാരണം ദൈവം തന്നെയാണ്. കുറ്റങ്ങളും കുറവുകളും പരിഹരിക്കാൻ കഴിയാതെ പോയത് ദൈവത്തിന്റെ കഴിവുകേട്. യൂദാ വാദിച്ചു, ഇന്നു നിങ്ങൾ എന്തിനുവേണ്ടിയാണ് എല്ലാ തെറ്റുകളും ക്ഷമിക്കുന്നത്. യൂദാ പ്രതികരിച്ചു. നിങ്ങളൊരു സേച്ഛാധിപതിയാണ്. ഒരു സേച്ഛാധിപതിയുടെ ദാസനായിരിക്കാനാണോ ഞാൻ ഇവിടെ വന്നത്. യൂദാ സ്വയം ചോദിച്ചു. അതുകൊണ്ടു തന്നെ യൂദാ പറഞ്ഞു "താങ്കളുടെ സ്വർഗ്ഗവും നരകവും എനിക്കു വേണ്ട. ഒരു കർഷകന് വിത്തുവിതക്കാൻ മാത്രമല്ല അതിനെ സംരക്ഷിക്കാനും കടമയുണ്ട്." എന്നാൽ ദൈവം തന്റെ കടമ ചെയ്തിട്ടില്ലെന്നായി യൂദാസ്. ദൈവത്തിന്റെ ക്ഷമയുടെ വരമ്പുകൾ യൂദാ മനഃപൂർവ്വം കടന്നിരിക്കുന്നു. ദൈവം കോപിച്ചു. അതെ ദയവാനായ ദൈവം കോപിക്കുന്നു. ദൈവത്തിന്റെ കോപത്തെ വഹിക്കാനുള്ള കഴിവില്ലാത്തതിനാൽ യൂദാ ഓടി. ഓടി ഓടി യൂദാ ഇരുട്ടിൽ പതിച്ചു. അങ്ങകലെ ശക്തനായ ഒരു വാൽനക്ഷത്രം ഭൂമിയിലേക്ക് വരുന്നതുകണ്ട് ജനം പരിഭ്രമിച്ചു. യൂദാസ് തിരിച്ചുവരുകയായിരുന്നു. വന്നു വന്നവൻ ഭൂമിയിൽ പതിച്ചു. ജറുസലേമിൽ ഭൂമി കുലുങ്ങി. കുലുക്കത്തിൽ വീടുകൾ നിലംപൊത്തി. അതുകണ്ട് ഈജിപ്തിലെ മമ്മികൾ പുഞ്ചിരിച്ചു. യൂദാസ് ഇന്ന് ഭൂമിയുടെ അധിപനാണ്. ജനം ഇന്നവന്റെ ദാസനാണ്. യൂദാസിന്റെ ഇഷ്ടത്തിനനുസരിച്ച് ഇരുളും വെളിച്ചവും കാലാവസ്ഥയും ചലിക്കുന്നു. എപ്പോൾ വേണമെങ്കിലും അവന് നിങ്ങളുടെ ജീവിതത്തിലേക്ക് കടന്നുവരാം. യൂദാസിന്റെ സഞ്ചാരപഥങ്ങൾ വ്യത്യസ്തങ്ങളാണ്. അവന്റെ സഞ്ചാരത്തിനനുസരിച്ച് "സമയം" അവന്റെ തോളിലിരുന്ന് സഞ്ചരിക്കുന്നുണ്ടായിരുന്നു.


DAILY VOLVO A/C AIR BUSSES
TO BANGALORE,MUMBAI



Domestic and International Air tickets ,
Passport ,Emigration clearences
and Visa stamping

Velankanni Holy Trips Every Friday

TOURIST BUSSES MINI BUSSES,TEMPO TRAVELLERS ,TATA SUMO ,QUALIS & CARS

DAILY SEMI SLEEPER & AIR SUSPENSION COACHES TO : BANGALORE, MANGALORE,MUMBAI,MADURAI,MANIPAL,SALEM,PUNE,COIMBATORE & MOOKAMBIKA

Sona Travels
Tour Operators & Travel Agents ,

H.O: Santo Complex
P.B.No.70 ,R.S Road , Aluva,
Ph:629099,623984,
Fax:631414

Branch :Opposite Apollo Tyres
Near Kalamassery Service Co-operative Bank ,
North Kalamassery
Ph:542072

YOUR PERFECT TRAVEL PARTNER

# ACTIVITIES AND ACHIEVEMENTS

## DURING THE YEAR 2001 -2002

### DEPARTMENT OF PHYSICAL EDUCATION

**M.G.UNIVERSITY**

**INTER COLLEGIATE CHAMPIONSHIPS:**

1. Inter Collegiate Hockey Men - Winners
2. Inter Collegiate Hockey Women - Winners
3. Inter Collegiate Football Women - Runners up

**THE FOLLOWING PLAYERS REPRESENTED THE UNIVERSITY TEAM AND KERALA STATE TEAM**

I. HOCKEY (MEN)

1. Mr. Abhilash M.B. ( State and University)
2. Mr. Radhkrishnan T.S. (( State and University)
3. Mr. Suresh Babu T.R. ( State and University)
4. Mr. Midhun Mohan ( State and University)
5. Mr. Krishna Raj ( State and University)
6. Mr. Harshad V.K. ( State and University)

II. HOCKEY (WOMEN)

1. Miss Sandhya P.D.( State and University)
2. Miss Kavitha C.( State and University)
3. Miss Raji K.C.( State and University)
4. Miss Viji Mathew( State and University)
5. Miss. Susan Abraham ( State and University)
6. Miss Treesa Jose P. ( State and University)
7. Miss Libi P.T. ( State and University)
8. Miss SiniVarghese ( State and University)
9. Misss Anitha T.P. ( State and University)
10. Miss Shakkeela O.C. ( State only)

III. FOOTBALL (WOMEN)

1. Miss Sandhya P.D. (University)
2. Miss Susan Abraham (University)

IV. SOFT BALL (MEN)

1. Mr. Ashgar A.A. ( University and State)

V. BASKET BALL (MEN)

1. Mr. Bejith Raj D. (University)

VI. CRICKET (MEN)

1. Mr. Anuroop R.S. ( University)

**U.C. COLLEGE INTER COLLEGIATE TOURNAMENTS**

1. Dr. A.K. Baby Memorial Intercollegiate Hockey Tournament held from 9th to 12th January 2002

MEN SECTION

1. Jamal Mohammed College Trichy - Winners
2. Y.M.C.A. College of Physical Education, Madras- Runners up

WOMEN SECTION

1. Y.M.C.A. College of Physical Education, Madras - Winners
2. U.C. College Alwaye-Runners up




**INTER COLLEGIATE BASKETBALL TOURNAMENT HELD FROM 23RD TO 25TH JANUARY 2002**

IN MEN SECTION

1. S.H. CollegeThevara - winners
2. S.B. College Changanachery - Runners up

WOMEN

1. Assumption college Chenganacherry - Winners
2. Providance College Kozhikode - Runners up

**ANNUAL ATHELTIC MEET HELD ON 5TH FEBRUARY 2002**

WHITE HOUSE : ( Physics Dept + History Dept. + Electronics and Computer Science)

Declared as overall champions for the year 2001 - 2002

Mr. Pradeep K.S. Mr. Jojo M. Daniel and Miss. Kavitha C. awarded as Individual champions

**AWARDS**

1. Miss Libi P.T. awarded as Best Defender of Junior State Hockey Women championship
2. Miss Sandhya P.D. selected as Best goalkeeper of U.C. college Inter collegiate Hockey tournament and also awarded as Best player of the Buck Hockey tourament conducted by Y.M.C.A. College of Physical Education Madras.
3. Mr. Prasanth P.R. secured a gold medal for South zone state judo championship.
4. U.C College Women Hockey team won the Buck Memorial Inter collegiate South zone Hockey tournament held at Y.M.C.A. College of Physical Education, Madras .

# COLLEGE TEAMS



MEN HOCKEY TEAM



WOMEN HOCKEY TEAM



DANCE TEAM



# നഷ്ടപ്പെട്ട വഴികൾ

ഹിരൺ യു.
സാമ്പത്തികശാസ്ത്രബിരുദം രണ്ടാംവർഷം

ഓർക്കാപ്പുറത്ത് മുന്നിൽ മീരയെ കണ്ടപ്പോൾ ഒരു വേനൽ മഴ വീണതുപോലെ തോന്നി. ഉരുകുന്ന ചൂടിൽ തീരെ പ്രതീക്ഷിക്കാതെ മഞ്ഞുകാലം കഴിയാറായ നഗരത്തിൽ നിന്നും രാവിലെ തിരിച്ചുപോരേണ്ടതുകൊണ്ട് ചുറ്റുപാടുകളെ തീരെ അവഗണിച്ചുകൊണ്ട് നടക്കുകയായിരുന്നു അയാൾ. എന്നിട്ടും അവൾ അടുത്തേയ്ക്കു വരികയാണ്. കൈയ്യിലുണ്ടായിരുന്ന പ്ലാസ്റ്റിക് ബാഗിലെ കോളഫ്ളവറും ഉള്ളിയുമെല്ലാം പുറത്തുകാണാമായിരുന്നു. തിരക്കുനിറഞ്ഞ ഫുട്പാത്തിൽ പോക്കുവെയിൽ തിളങ്ങി. തീരെ ശ്രദ്ധയില്ലാതെ ഞൊറിഞ്ഞുടുത്ത കഞ്ഞിപ്പശപോയ ഇളം മഞ്ഞ നിറത്തിലുള്ള സാരിയുടെ കസവുകര ഒരു മങ്ങിയ പൂവിനെ ഓർമ്മിപ്പിച്ചു. ഉലച്ചിൽ തട്ടാത്ത വസ്ത്രത്തുമ്പുകളും മുടിയിലെ എണ്ണമിനുമിനുപ്പും, തിളങ്ങുന്ന കണ്ണുകളും മനസ്സിൽക്കണ്ട് അവൻ പകച്ചു നിൽക്കുമ്പോൾ അവൾ തൊട്ടടുത്തുവന്നു. സീമന്തരേഖയിലെ സിന്ദൂരത്തിളക്കം അപ്പോഴാണവൻ ശ്രദ്ധിച്ചത്. എന്തുകൊണ്ടോ അവൻ വല്ലാതായി.

എവിടെയോ നഷ്ടപ്പെട്ടുപോയ വഴികൾ, പഴയൊരു സായം സന്ധ്യ, വഴിയിലൂടെ

നടന്നുപോയ രണ്ടു കുട്ടികൾ...... പെൺകുട്ടി ദുഃഖങ്ങളെല്ലാം മനസ്സിലൊളിപ്പിച്ച് എല്ലാവരിലേയ്ക്കും തന്റെ ചിരിപടർത്തിയിരുന്നു. ആൺകുട്ടി തന്നിലേയ്ക്കുതന്നെ മുഖമൊളിപ്പിച്ച്..... മറ്റുള്ളവരുടെ ശ്രദ്ധയ്ക്കായ് അവൻ ഒന്നും തന്നെ ചെയ്തിരുന്നില്ല.

തപൻ നീ എന്നെ ഓർക്കുന്നുവോ? അവൾ ചോദിച്ചു. നിരത്തിലേക്ക് കണ്ണോടിച്ച് "നമുക്കിത്തിരി മാറി നടക്കാം"എന്നു പറഞ്ഞുകൊണ്ട് നടക്കാൻ തുടങ്ങുകയായിരുന്നു അവൾ.

തെരുവ് അവസാനിക്കുന്നിടമായിരുന്നു അത്. വഴിവക്കിലെ മരച്ചില്ലയുടെ നിഴലുകൾ വീതികുറഞ്ഞ പാതയിൽ നീണ്ടുകിടന്നിരുന്നു.

പിന്നെയവൾ ചോദ്യം ആവർത്തിച്ചില്ല. ഋതുക്കളിൽ നിന്നും ഋതുക്കളിലേയ്ക്ക് ദിനരാത്രങ്ങൾ നീളുമ്പോൾ കാലത്തിന്റെ മൺകലങ്ങളിൽ ഒരു കല്ലുകൂടി. പഴയൊരു കളിയായിരുന്നു അത്. ഓരോ ഉത്സവം കഴിയുമ്പോഴും മൺകുടത്തിൽ ഒരു കല്ലിട്ടുവയ്ക്കും. കല്ലുകളുടെ എണ്ണം കൂടുന്തോറും കളിയുടെ താൽപര്യവും നശിച്ചിരുന്നു.

അവൾ നടത്തം നിറുത്തിയുരുന്നില്ല. നഗരം പിന്നിലെവിടെയോ നേർത്തു നേർത്ത് ഇല്ലാതായിക്കൊണ്ടിരുന്നു. ഒഴിഞ്ഞുകിടക്കുന്ന ഒറ്റയടിപ്പാതയ്ക്കപ്പുറം തടാകത്തിലൂടെ ചുറ്റിത്തിരിയുന്ന കളിയോടം കാണാം. അതിൽ ഒരു പെൺകുട്ടിയും കൂട്ടുകാരനും......അവർക്ക് പരിചയമുള്ള മുഖങ്ങളുടെ ഛായയായിരുന്നു.

സ്നേഹത്തിന്റെ നിറങ്ങൾക്കു മഴവില്ലിനേക്കാൾ തിളക്കമുണ്ടെന്ന അറിവിൽ അവൻ ഒന്നു നിശ്വസിച്ചു. അവൾ മുഖം കുനിച്ച് മുന്നിൽ നടക്കുകയായിരുന്നു. കാറ്റിൽ സാരിത്തുമ്പ് ഇടയ്ക്കിടെ പാറിപ്പറന്ന് അവന്റെ മുഖത്തു വീണുകൊണ്ടിരുന്നു.

"താനിവിടെ ഉണ്ടാകുമെന്ന് ഞാൻ കരുതിയിരുന്നില്ല"- വളരെ നേരത്തെ ആലോചനകൾക്കുശേഷം അയാൾ പണിതെടുത്ത മൗനത്തിന്റെ ചില്ലുഗോപുരം പെട്ടെന്നു തകർന്നു വീണു. അവളുടെ പാദങ്ങൾ പൊടുന്നനെ നിശ്ചലമായി. മുഖത്തേയ്ക്ക് "സിന്ദൂരത്തിരികൾ" വീണുകിടന്നിരുന്നു. അപ്പോൾ എന്തുകൊണ്ടോ അവൻ അസ്വസ്ഥനായി.

അവൾ ഒരുനിമിഷം അവനെത്തന്നെ നോക്കിനിന്നു. പിന്നെ എവിടെ വച്ച്? എങ്ങനെ കാണുമെന്നാണ്? അവൾ അങ്ങനെ ചോദിച്ചില്ല. കണ്ണുകളിൽ ആ ചോദ്യം നിറഞ്ഞു നിന്നെങ്കിലും അവളുടെ കണ്ണുകൾ അയാളെ ഭയപ്പെടുത്തി. പതർച്ചയോടെ അയാൾ മുഖം കുനിച്ചു. കണ്ണുകളിലൂടെ അവൾ തന്റെ മനസ്സ് വായിച്ചെടുക്കുന്നതുപോലെ.

ആർക്കും പിടികൊടുക്കാതെ ഒളിച്ചുകളിക്കുന്ന പയ്യൻ വിവർണ്ണമായ മുഖത്തോടെ നിന്നു. അപ്പോൾ ഉള്ളിലിരുന്ന് ആരോ അടക്കം പറഞ്ഞു. 'തപൻ, നീയൊരു വിഡ്ഢിപ്പയ്യനാണ്... വികാരങ്ങൾ ഉള്ളിലൊതുക്കി അഹംഭാവത്തിന്റെ പിന്നിലൊളിച്ച...' ഒരിക്കൽ അവധിക്കു ചെന്നപ്പോൾ അമ്മ പറഞ്ഞു : 'മീരയുടെ വിവാഹമാണ്... ദൂരെയെവിടേക്കോ...' നിറങ്ങൾ നഷ്ടമായ ഒരുത്സവസന്ധ്യയായിരുന്നു അത്.

സ്നേഹത്തിന്റെ ഇഴയടുപ്പം, ബന്ധങ്ങളുടെ ഊഷ്മളത, നിനക്കിതൊന്നും വിധിച്ചിട്ടില്ല തപൻ. വഴികൾക്കു നീളമേറുമ്പോൾ പിരിഞ്ഞുപോകുന്ന സഹയാത്രികർ... ഉള്ളംകൈനിവർത്തി നോക്കുമ്പോൾ ശൂന്യത മാത്രമാണ് ഒടുവിൽ. ഉള്ളിൽ ഒരുപാട് ചോദ്യങ്ങൾ കുഴഞ്ഞുമറിയുന്നു. "നിനക്കു സുഖമാണോ?"-"ഭർത്താവ്", "കുടുംബം" - അവൾക്ക് ഒരു മകൾ ഉണ്ടായിരിക്കുമോ. വിടർന്ന കണ്ണുകളും നെറുകയിൽ കെട്ടിവച്ച ചുരുണ്ട മുടിയുമുള്ള ഒരു മകൾ.

ഹൃദയത്തിൽ മുറിവേറ്റ പക്ഷിക്കുഞ്ഞിനേപ്പോലെ നെറ്റിയിൽ സിന്ദൂരച്ചുവപ്പ്. എങ്ങനെയുള്ള ഒരു പെൺകുട്ടിയായിരുന്നു ഇവൾ? അവൾ വടിവൊത്ത അക്ഷരത്തിൽ ആർദ്രമായ കവിതകൾ എഴുതിയിരുന്നു.

ഇപ്പോളെഴുതാറില്ലേ? വെറുതേ ഒരു ചിരിമാത്രം അവളുടെ മുഖത്തു നിറഞ്ഞുനിന്നു.

സാബ് ഒരെണ്ണം വാങ്ങു...എതിരെ വന്ന പയ്യൻ വേവിച്ച ചോളക്കുലകൾ കൈയ്യിലെടുത്തു നിന്നു. കനലിൽ ചുട്ടെടുത്ത ഉപ്പും നാരങ്ങനീരും പുരട്ടിയ ചോളക്കുലകൾ. വാങ്ങിത്തരട്ടേ! ഒരുപാടിഷ്ടമുള്ളതായിരുന്നല്ലോ പണ്ട്....

വേണ്ട....... വല്ലാതെ നേർത്തുപോയിരുന്നു അവളുടെ സ്വരം. പഴയത്തെ ഓരോ നേരംപോക്കുകൾ.

ഒരുതരം വേദനയും കുറ്റബോധവും അയാളിൽ നിറഞ്ഞു. ആത്മക്ഷതങ്ങളുടെ ഉണങ്ങിയ പൊറ്റൽ അടർന്നുവീഴുകയാണ്. ഉൾത്തടങ്ങളിൽ പഴ നോവുകളിരമ്പി.

നാളെ ഞാൻ മടങ്ങും, നിശ്വസിക്കും പോലെ ആയാൾ പറഞ്ഞു.അവൾ അത് കേട്ടില്ലെന്നു തോന്നി. സന്ധ്യവീണ നിരത്തുകളിൽ തിരക്കൊഴിയുന്നു. തടാകത്തിൽ ചുറ്റിത്തിരിഞ്ഞിരുന്ന കളിവഞ്ചി കാണാതായിരിക്കുന്നു.

അവൾ അയാളുടെ പിന്നിലായിരിക്കുന്നു. വെളിച്ചം മങ്ങിത്തുടങ്ങിയ നിരത്തുകളിൽ വഴിവിളക്കുകൾ തെളിഞ്ഞുതുടങ്ങി. ടൗണിലേയ്ക്ക് ബസ്സുണ്ടാവും ചിലപ്പോൾ. മന്ത്രിക്കും പോലെയാണവൾ പറഞ്ഞത്.

അവളുടെ കണ്ണുകൾ വയലിനപ്പുറം കരിമ്പിൻ കാടുകളിലേയ്ക്കുപടർന്നു നിൽക്കുന്ന ഇരുട്ടിലായിരുന്നു... വയലിനപ്പുറം കറുക്കുന്ന ഒറ്റയടിപ്പാത നേർത്ത ഇരുളിൽ കണ്ടു. ഇതിലൂടെ നടന്നാൽ റെയിൽവേ പാളങ്ങൾ കൂടിച്ചേരുന്നിടമാണ്. അതിനു വലതുവശത്തായിട്ടുള്ള ഒരു വീട്ടിലാണു ഞാൻ.......

അവൾ അത്രയും പറയുന്നതാദ്യമായിട്ടായിരുന്നു. സൗഹൃദത്തോടെ അവന്റെ വിരലിലൊന്ന്തൊട്ട് അവൾ നടന്നു. അയാൾ ഉണരുമ്പോൾ അവൾ അൽപ്പം ദൂരെ എത്തിക്കഴിഞ്ഞു. തൊണ്ടയിലെ വേദനിക്കുന്ന മുഴയുമായി ഉമിനീരിറക്കാൻ മറന്നുനിന്നു അവൻ. ഉണങ്ങിയ കരിമ്പോലകൾക്കപ്പുറം മറയുന്ന മഞ്ഞനിറം കാറ്റിലുലഞ്ഞു. വിരൽതുമ്പിൽ ഒരു സ്പർശനത്തിന്റെ തണുപ്പുമാത്രം ബാക്കിനിന്നു. അവൻ ആ വിരൽത്തുമ്പിൽ നെറ്റി ചേർത്തു. ഒരു കണ്ണുനീർത്തുള്ളിയുടെ ആർദ്രമായ ഓർമ്മ ചെവികളിലൂടെ അപ്പോൾ ഒരു പാടു തീവണ്ടികൾ ഇരമ്പിക്കടന്നുപോയി.

റെയിൽപ്പാളങ്ങൾക്കരികിലൂടെ കടന്നുപോകുന്ന തീവണ്ടികളുടെ അലർച്ചയിൽ ഭയവിഹ്വലയായി ഒരു പെൺകുട്ടി അവന്റെ കൈകളിൽ ഇറുക്കിപ്പിടിച്ചുനിന്നിരുന്നു. അവൾ നനഞ്ഞ കണ്ണുകളോടെ പറഞ്ഞു.

എനിക്കു റെയിൽപാളങ്ങളെ പേടിയാണ് തപൻ. തീവണ്ടികളുടെ അലർച്ച കേൾക്കുമ്പോൾ ഞാൻ മരണത്തെ സ്വപ്നം കാണുന്നു.


For Excursions, Study Tours And Prilgrimages
Hightech Air Bus(49 seats), Luxury Mini Bus(30, 19 seats)
Tempo Travellers, Tata Sumo, Qualis



**PEE GEE travels**
Paravur, Ph: 446155



Best Compliments from

**THE MUPPATHADAM SERVICE CO-OP: BANK LTD; NO. E 216**

Muppathadam P.O. , Alwaye - 683 110
Phone : 555149

K. M. Alikunju
President

S. Purushothaman Nair
Secretary

# RETIREMENTS



**Prof. K. K. Abraham**
Retd. Head of the
Department of Malayalam



**Prof. Jacob Kurian**
Retd. Head of the
Department of Zoology



**Leelamma Jacob**
Retd. Senior Superintend



**T. P. Alias**
Retd. Senior Superintend



**A. Velayudhan**
Retd. U.D. Clerk



**P. T. Subramanian**
Peon - Senior Grade



**G. Premaji**
Retd. Library Assistant

# OUR NEW SUPERINTEND



T. C. Jose
New Superintend

# എന്റെ കാൽപാദങ്ങളുടെ തിരിച്ചറിവ്

എന്നെ തനിച്ചാക്കി
നീയും പോകയോ?
പിച്ചവെച്ചന്നുമുതൽ നാമൊരുമിച്ചതല്ലേ?
ആറ്റുവക്കത്തു കളിവീട് തീർത്തതും
ആറ്റിലെ താമരകളിറുത്തതും
നീ ഓർക്കുന്നുവോ?
നിൻകൈ പിടിച്ചു ഞാൻ നടന്നനേരങ്ങളിൽ
നീയെന്റേതാണെന്നാരോ കളിപറഞ്ഞു.
ഞാനൊരു വിഡ്ഢി,
ഏതോ നിമിഷാർദ്ധങ്ങളിൽ നീയെന്നെ മറന്നു.
എന്നും,
മനസ്സിൻ കതിർമണ്ഡപത്തിൽ
വധു 'നീ' മാത്രം
ഒരായിരം സ്വപ്നങ്ങൾ കൊണ്ട്
നെയ്തെടുത്ത വർണ്ണകുടീരങ്ങൾ
കാറ്റിൽ പറന്നുപോകുന്നത് നീയറിയുന്നുവോ?
നമ്മുടെ സ്നേഹത്തിന്റെ സാക്ഷികളാകുന്നത്
അനുരാഗത്തിന്റെ ശിലാലേഖനങ്ങൾ മാത്രം.

**ധന്യ പി. ബി.**
എം. എ. മലയാളം ഒന്നാംവർഷം

# വൈകുന്ന വസന്തം

ഇനിയും വസന്തം വന്നില്ല
നിലാവിന്റെ സ്വപ്നങ്ങൾ അസ്തമിച്ചു
ഇലകൾ കൊഴിഞ്ഞൊരു ചില്ലയിൽ നിന്നേതൊ-
കുയിലിന്റെ നാദം വിതുമ്പലായി
അറിയാതെ നീയെന്ന വീണയെ സ്നേഹിച്ച
പാട്ടറിയാത്തൊരാട്ടിടയൻ ഞാൻ
ഒന്നു ശ്രുതി ചേർക്കുവാൻ പോലുമറിയാത്ത
ഞാനെന്തൊരപരാധിയെന്നോർത്തുപോയ്
കപടസ്നേഹത്തിൻ വഞ്ചനയിൽ വഴി-
യറിയാതെയുഴറുന്നു ഞാൻ
അടുക്കുവാൻ വയ്യ, അടരുവാൻ വയ്യ, വസന്തത്തിൻ
കിരണേന്ദു എന്നിൽ പ്രകാശിക്കണേ ലോകനാഥാ!

**വിനു തോമസ്**
ചരിത്രബിരുദം രണ്ടാംവർഷം

# UNIVERSITY PLAYERS



**Anroop R.S.**
Cricket



**Bejith Raj D.**
Basket Ball



**Ashgar A. A.**
Soft Ball



**Abhilash M. B.**
Hockey



**Suresh Babu T. R**
Hockey



**Harshad V. K.**
Hockey



**Midhun Mohan**
Hockey



**Radhakrishnan T. S.**
Hockey



**Krishna Raj**
Hockey



**Sooraj Jose**
Judo



**Nagendran M. N.**
Judo



**Prasath P. R.**
Judo

# UNIVERSITY PLAYERS


**Kavitha C.**
Hockey


**Sandhya P. D.**
Hockey


**Treesa Jose P.**
Hockey


**Susan Abraham**
Hockey


**Raji K. C.**
Hockey


**Sini Varghese**
Hockey


**Viji Mathew**
Hockey


**Libi P. T.**
Hockey


**Anitha T. P.**
Hockey

College
Athletic Champion
**Jojo M. Daniel**



# നാഷണൽ സർവീസ് സ്കീം 2001–2002 –ലെ പ്രവർത്തന റിപ്പോർട്ട്

വോളണ്ടിയർ സെക്രട്ടറിമാർ



ലിഷ ജോസ്



പൃഥ്വിരാജ്



ജോബി

ഭാരതീയ യുവാക്കൾക്ക് ശക്തിയും പ്രചോദനവുമായ വിവേകാനന്ദ സ്വാമികളുടെ ' Not me but thou' എന്ന ആശയത്തെ പ്രാവർത്തികമാക്കിക്കൊണ്ട് വ്യക്തിത്വ വികസനം സാദ്ധ്യമാക്കാൻ യത്നിക്കുന്ന നാഷണൽ സർവ്വീസ് സ്കീം ഒരു പ്രവർത്തനവർഷം കൂടി പിന്നിട്ടു. ആകർഷകവും അർത്ഥപൂർണ്ണവുമായ മേഖലകൾ വോളണ്ടിയേഴ്സിനു തുറന്നുകൊടുക്കാൻ ഈ പ്രവർത്തന വർഷത്തിൽ എൻ.എസ്.എസ്സിനു സാധിച്ചു.10.08.2001ൽ പ്രിൻസിപ്പാൾ ഡോ. രാജു കെ.ജോൺ ഔപചാരികമായ ഉത്ഘാടനം നിർവ്വഹിച്ചു.

**സ്വാതന്ത്ര്യദിനാഘോഷം:**

NSS ന്റേയും NCC യുടേയും സംയുക്ത ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തപ്പെട്ടു. ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ ഡോ. രാജു കെ. ജോൺ പതാക ഉയർത്തി. ദേശീയത നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. വിൻസെന്റ് കുണ്ടുകുളം സംസാരിച്ചു. ബോധവത്ക്കരണ ക്ലാസ്സുകൾ, വിവിധ കലാപരിപാടികൾ, മധുരവിതരണം എന്നിവ സംഘടിപ്പിച്ചു.

**ഗാന്ധിജയന്തി ദിനാഘോഷം:**

ആലുവ നഗരസഭ സംഘടിപ്പിച്ച മാലിന്യ നിർമ്മാർജ്ജന - ബോധവത്ക്കരണ റാലിയിലും സർവേയിലും യു.സി. കോളേജിൽ നിന്നും അൻപതോളം വിദ്യാർത്ഥികൾ പങ്കെടുത്തു. അന്നുതന്നെ ആലുവ ആയുർവേദ ആശുപത്രി പരിസരം വൃത്തിയാക്കുകയും ചെയ്തുകൊണ്ട് ആ സുദിനത്തെ അന്വർത്ഥമാക്കി.

**മിനി ക്യാമ്പ്:**

ഒക്ടോബറിൽ സംഘടിപ്പിച്ച മിനിക്യമ്പ് ശ്രദ്ധേയമായ മറ്റൊന്നാണ്. കാമ്പസിനകത്ത് അഗ്രികൾച്ചർ ഫാം രൂപീകരിക്കുകയും പ്ലാസ്റ്റിക് നിർമ്മാർജ്ജന യത്നം നടപ്പാക്കുകയും ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തു.

**ചേതന ചലച്ചിത്ര ശില്പശാല:**

യു.സി. കോളേജ് എൻ. എസ്. എസ്. യൂണിറ്റ് നവംബറിൽ ഒരു ഇന്റർ കോളേജിയറ്റ് ക്യാമ്പ് സംഘടിപ്പിച്ചു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ വിവിധ കോളേജുകളിൽ നിന്നായ നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്ത ക്യാമ്പിൽ സിനിമാരംഗത്തെ പ്രഗത്ഭരുമായുള്ള സംവാദവും സിനിമാ പ്രദർശനവും നടത്തി.

**ദശദിന ക്യാമ്പ്:**

ക്രിസ്തുമസ് അവധിക്കാലത്ത് എൻ.എസ്.എസ്. കുടുംബാംഗങ്ങൾ പ്രവർത്തന നിരതമായ പത്തു ദിവസങ്ങൾ കുന്നുകര പ്രദേശത്ത് ചിലവഴിച്ചു. കഠിനാദ്ധ്വാനത്തിന്റെയും കൂട്ടായ്മയുടേതുമായ ഈ 10 ദിവസങ്ങൾ ഒരു NSS വോളണ്ടിയറിനും മറക്കാൻ കഴിയാത്തതാണ്. ഡിസംബർ 22-ാം തീയതി കുന്നുകര പഞ്ചായത്ത് പ്രസിഡന്റ് ഭദ്രദീപം കൊളുത്തി ഉത്ഘാടനം ചെയ്ത ക്യാമ്പിൽ റോഡുവെട്ടൽ, ശുചീകരണ പ്രവർത്തനങ്ങൾ, സമകാലിക-സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകൾ എന്നിവ സംഘടിക്കപ്പെട്ടു. മതസൗഹാർദ്ദ സമ്മേളനം, കലാപരിപാടികൾ, എന്നിവ നാട്ടുകാരുടെ പങ്കാളിത്തത്തോടെ നടത്തപ്പെട്ടു.

**ഇന്റർ കോളേജിയേറ്റ് ക്യാമ്പുകൾ:-**

മഹാത്മാഗാന്ധി സർവകലാശാല, സർവകലാശാലാതലത്തിൽ എല്ലാ യൂണിറ്റുകളേയും പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ച ക്യാമ്പുകളിലെല്ലാം യു.സി. കോളേജിന്റെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തി.

**മറ്റു പ്രവർത്തനങ്ങൾ:-**

N.S.S.ന്റെ 'Dream project' ആയ ഭവന നിർമ്മാണ പദ്ധതിയുടെ ഉത്ഘാടനം പത്മശ്രീ മോഹൻലാൽ നിർവ്വഹിച്ചു. N.S.S.ന്റെ ആഭിമുഖ്യത്തിൽ യു.സി. കോളേജിന




ടുത്ത് പ്രവർത്തിക്കുന്ന ജനസേവ ശിശുഭവൻ കുട്ടികളുടെ തളിര് എന്ന നാടകം കോളേജിൽ അവതരിപ്പിക്കുകയുണ്ടായി. അതോടൊപ്പം ഗ്രാമീണ വായനശാലയിലേക്കുള്ള പുസ്തക സമാഹരണം ഉത്ഘാടനം ചെയ്യപ്പെട്ടു. കാമ്പസ് ക്ലീനിംഗും ബോധവത്ക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കപ്പെട്ടു. യു.സി. കോളേജ് N.S.S.ന്റെ അഡോപ്റ്റഡ് കോളനികളായ കണിയാംകുന്ന്, വെളിയത്തുനാട് എന്നിവിടങ്ങളിലെ സാമൂഹിക വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ഈ കാലയളവിൽ നൂറോളം വോളണ്ടിയർമാർ രക്തദാനം നിർവ്വഹിച്ചു. 2002 ഫെബ്രുവരിയിൽ ക്യാമ്പേഴ്സ് മീറ്റോടെ ഈ വർഷത്തെ കർമ്മനിരതമായ N.S.S.പ്രവർത്തനങ്ങൾക്ക് ഔപചാരികമായ സമാപനം കുറിച്ചു.

എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ ജനസേവ ശിശുഭവനിലെ കുട്ടികൾ അവതരിപ്പിച്ച തളിര് എന്ന നാടകം




O.S.A Travels
OPERATORS OF TOURIST VEHICLES
PUMP JUNCTION, ALUVA-683 101

Sightseeing, at its best, is what we offer, Comfort, is just another

Contact for 49,29,27,17 Seater Luxury Buses,Tempo Traveller
Phone: 623363(off:), 604949, 608878 (Res), Mobile: 98460 84166

KURIAN'S COMPUTERISED EYE CLINIC
DISPENSING OPTICIANS
CATHOLIC CENTRE, ALUVA,PHONE: 623911

# REALITY

Elezabeth Jacob
First Year BA English Literature

Let me narrate you a story. A story about a small little girl. She was innocent. Yes, her heart was as clear as *a piece of blank* paper. But she didn't know, she had to write someone's name in it. With an innocent heart, like other girls, she too had entered the college to get vast knowledge.

